III. ധനകാര്യം

1979-80 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ): സർ, മെഡിക്കൽ എന്ന 18-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 43,73,25,600 രൂപ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കുടുംബാസൂത്രണം എന്ന 19-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,06,27,000 രൂപ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുജനാരോഗ്യം എന്ന 20-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,13,96,100 രൂപ അനുവദിക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഈ പ്രമേയങ്ങളെ എല്ലാം ഞാൻ പിന്താങ്ങുന്നു.

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി): സാമൂഹ്യ വികസനം എന്ന 36-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,44,64,300 രൂപ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എസ്. ജോൺ): ഞാൻ ഈ ഡിമാൻറിനെ പിന്താങ്ങുന്നു.

Demand No. XVIII—Medical

Shri N. I. Devassykutty: Sir, I move that the total allotment of Rs. 43,73,25,600 under Demand XVIII—Medical be reduced by Rs. 100.

Shri E. Narayanan Nair: Sir, I move that the total allotment of Rs. 43,73,25,600 under Demand XVIII—Medical be reduced by Rs. 100.

Shri M. K. Krishnan: Sir, I move that the total allotment of Rs. 43,73,25,600 under Demand XVIII—be reduced by Rs. 100.

Shri V. Eacharan: Sir, I move that the total allotment of Rs. 43,73,25,600 under Demand XVIII—Medical be reduced by Rs. 100.

Shri Thundathil Kunjukrishna Pillai: Sir, I move that the total allotment of Rs 43,73,25,600 under Demand XVIII— be reduced by Rs. 100.

Shri C. Vasudeva Menon: Sir, I move that the total allotment of Rs. 43,73,25,600 under Demand XVIII—be reduced by Rs. 100. (To discuss in general.)

LIBRARY ARCHIVES Kerala Legislative Assembly

Shri P. P. Esthose: Sir, I move that the total allotment of Rs. 43,73,25,600 under Demand XVIII—be reduced by Rs. 100. (To discuss in general).

Demand XIX—Family Planning

Shri N. I. Devassykutty: Sir, I move that the total allotment of Rs. 5,06,27,000 under Demand XIX—Family Planning be reduced by Rs. 100.

Shri E. Narayanan Nair: Sir, I move that the total allotment of Rs. 5,06,27,000 under Demand XIX—Family Planning be reduced by Rs. 100.

Shri M. K. Krishnan: Sir, I move that the total allotment of Rs. 5,06,27,000 under Demand XIX—Family Planning be reduced by Rs. 100.

Shri Thundathil Kunjukrishna Pillai: Sir, I move that the total allotment of Rs. 5,06,27,000 under Demand XIX—Family Planning be reduced by Rs. 100.

Shri C. Vasudeva Menon: Sir, I move that the total amount of Rs. 5,06,27,000 under Demand XIX Family Planning be reduced by Rs. 100.

Shri P. P. Esthose: Sir, I move that the total amount of Rs. 5,06,27,000 under Demand XIX—Family Planning be reduced by Rs. 100.

Demand No. XX—Public Health

Shri N. I. Devassykutty: Sir, I move that the total allotment of Rs. 5,13,96,100 under Demand XX—Public Health be reduced by Rs. 100.

Shri E. Narayanan Nair: Sir, I move that the total allotment of Rs. 5,13,96,100 under Demand XX—Public Health be reduced by Rs. 100.

Shri M. K. Krishnan: Sir, I move that the total allotment of Rs. 5,13,96,100 under Demand XX—Public Health be reduced by Rs. 100.

Shri V. Eacharan: Sir, I move that the total allotment of Rs. 5,13,96,100 under Demand XX—Public Health be reduced by Rs. 100.

Shri Thundathil Kunjukrishna Pillai: Sir, I move that the total allotment of Rs. 5,13,96,100 under Demand XX—Public Health be reduced by Rs. 100.

Shri P. P. Esthose: Sir, I move that the total allotment of Rs. 5,13,96,100 under Demand XX—Public Health be reduced by Rs. 100.

LIBRARY ARCHIVES Kerala Legislative Assembly

Shri C. Vasudeva Menon: Sir, I move that the total allotment of Rs. 5,13,96,100 under Demand XX—Public Health be reduced by Rs. 100.

Demand No. XXXVI—Community Development

Shri N. I. Devassykutty: Sir, I move that the total allotment of Rs. 23,44,64,300 under Demand XXXVI—Community Development be reduced by Rs. 100.

Shri M. K. Krishnan: Sir, I move that the total allotment of Rs. 23,44,64,300 under Demand XXXVI—Community Development be reduced by Rs. 100.

Shri V. Eacharan: Sir, I move that the total allotment of Rs. 23,44,64,300 under Demand XXXVI—Community Development be reduced by Rs. 100.

Shri E. Narayanan Nair: Sir, I move that the total allotment of Rs. 23,44,64,300 under Demand XXXVI—Community Development be reduced by Rs. 100.

Shri Thundathil Kunjukrishna Pillai: Sir, I move that the total allotment of Rs. 23,44,64,300 under Demand XXXVI—Community Development be reduced by Rs. 100.

Shri P. P. Esthose: Sir, I move that the total allotment of Rs. 23,44,64,300 under Demand XXXVI—Community Development be reduced by Rs. 100. (To discuss in general)

Shri C. Vasudeva Menon: Sir, I move that the total allotment of Rs. 23,44,64,300 under Demand XXXVI—Community Development be reduced by Rs. 100. (To discuss in general)

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഭരണകക്ഷിയിൽപെട്ട ചില പാർട്ടികാർ പല അവസരത്തിലും കഴിഞ്ഞ 30 വർഷക്കാലത്തെ ഭരണത്തെ സംബന്ധിച്ച് വിമർശിച്ചിട്ടുണ്ട്. മന്ത്രിമാർതന്നെ, മുഖ്യമന്ത്രി തന്നെ, എൻെറ സുഹൃത്ത് ശ്രീ. പി.എസ്. ശ്രീനിവാസൻ തന്നെ, പലപ്പോഴും പറഞ്ഞിട്ടുണ്ട് 30 വർഷക്കാലത്തെ മുതലാളിത്തഭരണത്തിൻെറ കോട്ടങ്ങളാണ് ഈ രാജ്യത്തെ തകരാറിന് മുഴുവൻ കാരണമെന്ന്. കഴിഞ്ഞ ഗവൺമെൻറ് ആറരവർഷക്കാലം ശ്രീ. സി. അച്യുതമേനോൻെറ നേതൃത്വത്തിൽ ഈ സംസ്ഥാനം ഭരിച്ചു. ആ ആറരവർഷക്കാലത്തിനിടയിൽ ഒരു പ്രാവശ്യം പോലും അന്നത്തെ ഒരു മന്ത്രിയും ഇത്തരത്തിലുള്ള ഒരു പ്രസ്താവന നടത്തുവാൻ ധൈര്യപ്പെട്ടില്ല. എന്നാൽ ഇന്ന് കോൺഗ്രസ്സിൻെറ ലേബലുമായി എൻെറ പഴയ സുഹൃത്തുക്കൾ അപ്പുറത്തിരുന്ന് മന്ത്രിമാരടക്കം കോൺഗ്രസ്സിൻെറ കഴിഞ്ഞകാല ഭരണത്തെ സംബന്ധിച്ച് വിമർശിക്കുമ്പോൾ അവർക്കു ഉളുപ്പ് തോന്നുന്നില്ലേയെന്നു ഞാൻ സംശയിക്കുകയാണ്. അവർക്ക് ഉളുപ്പ് തോന്നുന്നില്ലെങ്കിൽ ഞാൻ അവരോട് സഹതപിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഈ രാജ്യത്ത് പൊതുജനാരോഗ്യ രംഗത്ത് വമ്പിച്ച നേട്ടം കൈവരിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ലേ? ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ ഒരു ഇൻഡ്യാക്കാരന്റെ ശരാശരി ആയുർദൈർഘ്യം 28 വയസ്സ് മാത്രമായിരുന്നു. ഇന്ന് ഒരു ഇൻഡ്യാക്കാരന്റെ ശരാശരി ആയുർദൈർഘ്യം 54 വയസ്സായി വർദ്ധിച്ചിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷം നാം ആഗ്രഹിച്ച രീതിയിൽ അത്ര വേഗത്തിൽ ഈ രാജ്യത്ത് പരിവർത്തനംവരുത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ള അഭിപ്രായമുള്ള ഒരാളാണ് ഞാൻ. ഈ കാലഘട്ടത്തിലുണ്ടായ അത്ഭുതകരമായ നേട്ടം വിസ്മരിച്ചിട്ട് കാര്യമില്ല. കേരളത്തിൽ പൊതുജനാരോഗ്യരംഗത്ത് കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. അന്നത്തെ സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രിയെ ഞാൻ സ്മരിക്കുന്നു. എങ്കിലും ഈ അത്ഭുതകരമായ നേട്ടം കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് ഉണ്ടാക്കാൻകഴിഞ്ഞു. മഹാരാജാക്കൻമാർ ഈ സംസ്ഥാനം ഭരിച്ചിരുന്നകാലത്തു തൊട്ട് ചികിൽസാലയങ്ങൾ സ്ഥാപിച്ചുതുടങ്ങി. സ്വാതന്ത്ര്യം ലഭിച്ചതിനുശേഷവും അത് തുടർന്നു. 1970 വരെ ഈ സംസ്ഥാനത്തു ഉണ്ടായിരുന്ന ചികിൽസാലയങ്ങൾ എത്രയാണോ ഏതാണ്ട് അത്രയും ചികിൽസാലയം കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് കേരളത്തിൽ സ്ഥാപിക്കാൻ കഴിഞ്ഞു. അത് എങ്ങനെ സ്ഥാപിക്കാൻ കഴിഞ്ഞു? ശ്രീമതി ഇന്ദിരാഗാന്ധി ഭരിച്ചിരുന്ന കാലത്ത് നടപ്പാക്കാൻ ശ്രമിച്ച Half a Million Job Programme സ്പെഷ്യൽ എംപ്ലോയ്മെൻറ് പ്രോഗ്രാം ഇതനുസരിച്ച് കേരളത്തിലുള്ള എല്ലാ പഞ്ചായത്തുകളിലും ഒരു ചികിൽസാലയമെങ്കിലും നടപ്പാക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തതിന്റെ ഫലമായി ആ കാലഘട്ടത്തിൽ കേരളത്തിൽ 301 അലോപ്പതി ഡിസ്പെൻസറികൾ പുതിയതായി ആരംഭിക്കാൻ കഴിഞ്ഞു. അതിനുമുമ്പ് ഡിസ്പെൻസറികൾ ഒരു ജില്ലയിൽ ഒന്ന് എന്നു നടപ്പാക്കിക്കൊണ്ടിരിക്കുകയായിരുന്നു. അലോപ്പതി ഡിസ്പെൻസറി മാത്രം ആ കാലഘട്ടത്തിൽ 301 സ്ഥാപിക്കാനും ആയുർവേദ ആശുപത്രി, ഹോമിയോ ആശുപത്രി ഇവയെല്ലാം വളരെയധികം സ്ഥാപിക്കാനും ആ കാലഘട്ടത്തിൽ കഴിഞ്ഞു. മററു പല സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ കേരളത്തിൽ ചികിൽസാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യം ലഭിച്ച കാലഘട്ടത്തിൽ നാൽപ്പത്തേഴായിരത്തോളം മെഡിക്കൽ പ്രാക്ടീഷണേഴ്സ് മാത്രമാണ് ഇൻഡ്യയിൽ ഉണ്ടായിരുന്നത്. ബിരുദധാരികളും അല്ലാത്തവരുമാണെങ്കിൽ അഞ്ചുലക്ഷത്തിലധികം മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഇൻഡ്യയിലുണ്ട്. ആ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. കേരളത്തിൽ അതിന്റേതായ പ്രത്യേക നേട്ടം കൈവരിക്കാൻ കഴിഞ്ഞു. പക്ഷേ ഗ്രാമപ്രദേശങ്ങളിൽ പഞ്ചായത്തുതോറും ചികിൽസാലയങ്ങളുണ്ടെങ്കിലും ഇന്ന് അവയുടെ സ്ഥിതി എന്താണ്? ഓരോ ആശുപത്രിയിലും ആവശ്യത്തിന് മരുന്നില്ല. പുതിയതായി ചികിൽസാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കഴിഞ്ഞെങ്കിലും അതിനനുസരണമായി ആ ചികിൽസാ കേന്ദ്രങ്ങളിൽ മരുന്ന് എത്തിക്കാൻ കഴിയുന്നില്ല. നാട്ടിൻപുറത്തെ ആശുപത്രികളിൽ ചെന്നാൽ ഒരു പ്രസ്ക്രിപ്ഷൻ കൊടുക്കും. അതുംകൊണ്ട് രോഗികൾ എവിടെ പോകും. നാം ആരംഭിച്ച ചികിൽസാ കേന്ദ്രങ്ങളിൽനിന്ന് നാം പ്രതീക്ഷിച്ച രീതിയിൽ ജനങ്ങൾക്കു പ്രയോജനം ഉണ്ടാകുന്നില്ല. ആനുകൂല്യങ്ങൾ കിട്ടുന്നില്ല. ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരില്ല. എന്താണ് അതിന്റെ തകരാറ്? ഡോക്ടർമാരെ പോസ്ററ് ചെയ്താൽ അവർ പോവുകയില്ല. അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

നിമിഷംതൊട്ട് കുറെ രാഷ്ട്രീയക്കാരെ സ്വാധീനിച്ച് ട്രാൻസ്ഫർ വാങ്ങിക്കാനായിട്ട് ലീവ് എടുത്തുനിൽക്കും. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ആശുപത്രിയിൽ ലേഡീഡോക്ടറുടെ പോസ്റ്റ് ഉണ്ട്. അവിടെ ലേഡീ ഡോക്ടർമാരില്ല. എന്റെ നിയോജകമണ്ഡലത്തിൽപെട്ട ചിറയിൻകീഴ് ആശുപത്രിയിലേയും ആററിങ്ങൽ ആശുപത്രിയിലേയും സ്ഥിതി വളരെ ദയനീയമാണ്. എന്റെ നിയോജകമണ്ഡലത്തിലെ പ്രത്യേകതയല്ല. എല്ലായിടത്തും അതാണ് സ്ഥിതി. വളരെയധികം ചികിൽസാ സൗകര്യങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞെങ്കിലും നല്ലരീതിയിൽ മരുന്ന് എത്തിക്കാൻ, ഡോക്ടറെ എത്തിക്കാൻ മാറു രീതിയിൽ സൗകര്യം ചെയ്തുകൊടുക്കാൻ കഴിയുന്നില്ല. ഇന്നു തിരുവനന്തപുരത്തുള്ള ഒരു സുഹൃത്ത് പറഞ്ഞു പൂജപ്പുര ആയുർവേദ പ്രസവാശുപത്രിയിൽ 114 ലൈററ് പോയൻറുണ്ട് പക്ഷെ എട്ട് ബൾബു മാത്രമാണ് ഉള്ളതെന്ന്. ആശുപത്രികളുടെ സ്ഥിതി എന്താണ്? ഈവക കാര്യങ്ങളെ കുറിച്ച് ഗവൺമെൻറ് ശരിയായി പഠിച്ചിട്ട് ഇന്നുള്ള ഫെസിലിറ്റീസ് സ്ററിപ്പുലൈസ് ചെയ്തു ഗ്രാമപ്രദേശങ്ങളിൽ ചെയ്തിട്ടുള്ള സൗകര്യങ്ങൾ ജനങ്ങൾക്ക് പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. അവിടെ ചികിത്സയുടെ ക്വാളിററി മോശമാണ്. ചികിൽസാകേന്ദ്രത്തിൽനിന്ന് നല്ല ചികിൽസ കിട്ടുന്നതിനുള്ള പ്രവർത്തനമാണ് നാം സംഘടിപ്പിക്കേണ്ടത്. മെഡിക്കൽ കോളേജ് ആശുപത്രിയുടേയും ഡിസ്ട്രിക്ട് ആശുപത്രിയുടേയും കാര്യം പറയുകയാണെങ്കിൽ വളരെ ശോചനീയമായ ഒരു സ്ഥിതിവിശേഷമാണ്. മാതൃകാചികിൽസാ കേന്ദ്രമെന്ന് അവകാശപ്പെടുന്ന മെഡിക്കൽകോളേജ് ആശുപത്രിയിൽ തന്നെ ആവശ്യത്തിനുള്ള എക്യുപ്പ്മെൻറ്സുണ്ടോ? ഇല്ല. ആവശ്യത്തിനുള്ള ഇൻസ്ട്രുമെൻറ്സ് ഇല്ല. രണ്ടു ദിവസത്തിനുമുമ്പ് വെല്ലൂർ സി.എം.സി. ആശുപത്രിയിൽ ഒരു ബന്ധുവിനെ കാണാൻ പോയിരുന്നു. കേരളത്തിലുള്ള വിദഗ്ദ്ധൻമാരേക്കാൾ വലിയ വിദഗ്ദ്ധ ഡോക്ടർമാരൊന്നും അവിടെ ഉണ്ടെന്ന് എനിക്ക് അഭിപ്രായമില്ല. അവിടെയുള്ളത് എക്യുപ്പ്മെൻറ്സാണ്. ആവശ്യത്തിനുള്ള സർവ്വ എക്യുപ്പ്മെൻറ്സുമുണ്ട്. വിദേശത്തുനിന്ന് രോഗികൾ അവിടെ വന്ന് ചികിൽസിക്കത്തക്ക വണ്ണമുള്ള ചികിൽസാസൗകര്യങ്ങളും ഇൻസ്ട്രുമെൻറ്സും ഒരു സ്വകാര്യ സ്ഥാപനമാണെങ്കിൽക്കൂടി അവിടെയുണ്ട്. രോഗം കണ്ടുപിടിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്. രോഗം എന്താണെന്ന് ടെസ്ററ് ചെയ്യുന്നതിനുള്ള സൗകര്യം അവിടെയുണ്ട്. നമ്മുടെ ആശുപത്രികളിൽ അതിനുള്ള സൗകര്യമില്ല. മെഡിക്കൽ കോളേജ് ഹോസ്പ്പിററലിൽ ടെസ്ററ് നടത്തുന്നതിനുവേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാക്കണം. അതിന് ഗവൺമെൻറ് ശ്രമിക്കണം. വെല്ലൂർ സി.എം.സി. ആശുപത്രിയിലുള്ളതുപോലെയുള്ള എക്യുപ്പ്മെൻറ്സ് ഇവിടെയുള്ള ആശുപത്രികളിലും ഉണ്ടായിരിക്കണം. അതിനുള്ള ശ്രമം ഗവൺമെൻറ് നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിലുള്ള എക്യുപ്പ്മെൻറ്സിന്റെ കഥ എടുത്തു നോക്കുകയാണെങ്കിൽ ഒന്നും ഫംഗ്ഷൻ ചെയ്യുന്നില്ല, അപൂർവ്വം ചില മെഷീൻസ് മാത്രമാണ് വർക്ക് ചെയ്യുന്നത്. ഇത് വർക്ക് ചെയ്യാതായാൽ പിന്നെ തിരിഞ്ഞുനോക്കുന്ന പ്രശ്നമേയില്ല. എന്താണ് തകരാറ്? ആരുടെ തകരാറാണ്? ഡോക്ടർമാരുടെ തകരാറാണോ, ഗവൺമെൻറിന്റെ തകരാറാണോ? എക്സ്റേ പ്ലാൻറ് വർക്ക് ചെയ്യാതായാൽ മാസങ്ങളോളം

LIBRARY ARCHIVES Kerala Legislative Assembly

നന്നാക്കുന്നതിനുള്ള ഏർപ്പാടില്ല. എക്സറേ ഫെസിലിററീസ് ഉണ്ടായിരുന്നെങ്കിൽ ഈ കഴിഞ്ഞ ദിവസത്തെ ബസ്സ് അപകടത്തിൽകുറെ ആളുകൾക്ക് ആശ്വാസം ഉണ്ടാകുമായിരുന്നു. എക്സ്റേ പ്ലാൻറുകളെല്ലാം പ്രവർത്തിക്കാതിരിക്കുകയാണ്. ഓപ്പറേഷൻ തിയേററിൽ മാസങ്ങളായിട്ട് ഓപ്പറേഷൻ നടത്തുന്നില്ല. 24 മണിക്കൂറിനകം വർക്ക് ചെയ്യാനുള്ള ഏർപ്പാട് ഉണ്ടാക്കണം. ഇൻസ്ട്രുമെൻറ്സ് കേടായാൽ ദീർഘകാലം നന്നാക്കാതെ ഇട്ടിരിക്കുന്നതിന് ഉത്തരവാദി ആരാണെന്ന് ഗവൺമെൻറ് കണ്ടുപിടിക്കണം. ആശുപത്രിയിലുള്ള ആളുകളാണെങ്കിൽ അവരെ ശിക്ഷിക്കണം. ഗവൺമെൻറിൻെറ തകരാറാണെങ്കിൽ അതിന് പരിഹാരമാർഗ്ഗം കണ്ടുപിടിക്കണം.

എത്ര ആശുപത്രികളിൽ റഫ്റിജറേറ്റർ ഉണ്ട്? ഏതെങ്കിലും വർക്ക് ചെയ്യുന്നുണ്ടോ? ഒററയെണ്ണം വർക്ക് ചെയ്യുന്നില്ല. എത്ര ദയനീയമായ സ്ഥിതിയാണുള്ളത്. അതിനൊക്കെ പരിഹാരം കാണണം. മെഡിക്കൽ കോളേജാശുപത്രിയിൽ ഒ. പി. വിഭാഗമുണ്ട്. അവിടെ എന്തൊരു ചന്തയാണ്. ഒ. പി. കളോട് ഇത്ര അശ്രദ്ധയും അവരെ അവഗണിക്കപ്പെടുന്നതിൻെറയും കാരണം എന്താണ്? മന്ത്രിമാരോ അതുപോലുള്ള ആളുകളോ ആരെങ്കിലും ആശുപത്രിയിൽ പോയാൽ ഒ.പി. യിൽ പോകാറുണ്ടോ? നേരെ ഡോക്ടർമാരുടെ മുറിയിൽ ചെല്ലും, ചികിൽസ നടത്തും. ആ മാതിരി വി.ഐ.പി. കളാരും ഒ.പി.യിൽ പോകുകയില്ല. ആദ്യം മെഡിക്കൽ കാളേജാശുപത്രി തുടങ്ങിയ കാലഘട്ടത്തിൽ ഒ. പി. യിൽ മൈനർ ഓപ്പറേഷൻ ചെയ്യാൻവരെ സൗകര്യമുണ്ടായിരുന്നു. എക്സ്റേ ഉണ്ടായിരുന്നു, മററു എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടായിരുന്നു. അവിടെവച്ച് വിദഗ്ദ്ധമായ പരിശോധന നടത്തി അഡ്മിററ് ചെയ്യേണ്ടതാണെങ്കിൽ അഡ്മിററു ചെയ്യുകയും അല്ലാത്തത് മരുന്നുനൽകി പറഞ്ഞയക്കുകയും ചെയ്യുമായിരുന്നു. ഇപ്പോൾ ധാരാളം ആക്സിഡൻറുകൾ ഉണ്ടാകുന്ന കാലഘട്ടമാണ്. അതുകൊണ്ട് കാഷ്വാലിററി ബ്ലോക്ക് പ്രത്യേകമായ വിപുലമായ സജ്ജീകരണങ്ങളോടുകൂടി നം ഉണ്ടാക്കണം. പത്തൻപതുപേരെ മരണവുമായി മല്ലിടുന്ന രീതിയിൽ കൊണ്ടുവന്നാൽ നോക്കാൻ അവിടെ സൗകര്യമില്ലെങ്കിൽ സ്ഥിതി എന്തു ദയനീയമാണ്? അതുപോലെ ഈ സ്ഥാപനങ്ങളിലെ ശുചിത്വം എന്തുമാത്രം മോശമായിരിക്കുന്നു. പണ്ടു ഞാൻ ഓർക്കുന്നു, മെഡിക്കൽ കോളേജു തുടങ്ങിയ കാലഘട്ടത്തിൽ ഡോക്ടർ കേശവൻ നായർ മെഡിക്കൽകോളേജാശുപത്രി സൂപ്രണ്ടായിരുന്നപ്പോൾ ജനറൽ റൗണ്ടിനു വരുമ്പോൾ ഒരു കറുപ്പെങ്കിലും കണ്ണിൽപ്പെട്ടുപോയാൽ ഉടൻ എക്സ്പ്ലനേഷൻ ചോദിക്കും. ഇന്നത്തെ അവസ്ഥ എന്താണ്? സിംപിൾ ഫ്രാക്ച്ചറുമായി ബാത്തുറൂമിൽ കയറിയാൽ തിരിച്ച് കാമ്പൗണ്ട് ഫ്രാക്ച്ചറുമായി വരുന്ന ദയനീയസ്ഥിതിയാണുള്ളത്. എന്താണ് ഇതിന് കാരണം? വൃത്തിയില്ലാത്തതുകൊണ്ട് സംഭവിക്കുന്നു. ഇൻഫക്ഷൻ ആയാലും ബാക്ടീരിയാ ഇൻഫക്ഷൻ ആയാലും അതു കാമൺ ആയി മാറിയിരിക്കുകയാണ്. ഇതിന് എന്തെങ്കിലും പരിഹാരം കാണണം. ചിറയിൻകീഴ് ആശുപത്രിയിൽ ടെററനസ് ഉണ്ടായി. ഇതു എല്ലായിടത്തും ഉണ്ടാകുന്നു. ഇതു അവസാനിപ്പിക്കാനുള്ള നടപടിയെടുക്കണം. മെനിൻജെററിസ് ലേബർ റൂമിൽ നിന്നുണ്ടാകുന്നു. കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ ഈ അടുത്തകാലത്തുണ്ടായി. ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽകോളേജാശുപത്രിയിലും ഉണ്ടെന്നു പറയുന്നു. ഓരോരുത്തർ ചെയ്യേണ്ട ജോലി ക്ലിപ്തപ്പെടുത്തിക്കൊടുത്താൽ അതുതന്നെ പലരും ചെയ്യുന്നില്ല. തിരുവനന്തപുരം എസ്. എ. ററി.യിൽ ഒരു ടവ്വർക്ലോക്കുണ്ട്. അത് ഓടുന്നില്ല. ആരു പ്രൈവറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണമെന്നു തീരുമാനിക്കാൻ കഴിയാത്തതുകൊണ്ട് ഓടുന്നില്ല തൂപ്പുകാരുടെ കാര്യമാണെങ്കിൽ വരാന്ത തൂക്കുന്നവർ മുറിക്കകം തൂകാൻ ആളില്ലെങ്കിൽ അവിടം തൂക്കുകയില്ല. കട്ടിലിൽ ഒരു രോഗി ഛർദ്ദിച്ചു കിടന്നാൽ പുറത്തു വൃത്തിയാക്കുന്നവർ അതു വൃത്തിയാക്കുകയില്ല. മണിക്കൂറോളം അതു കട്ടിലിൽ കിടക്കും. അകം വൃത്തിയാക്കുന്നവർ വന്നാലേ അതു ചെയ്യുകയുള്ളു. ഇത്ര ദയനീയമായ സ്ഥിതിയാണ് ആശുപത്രികളിലുള്ളത്. ചെറിയ കാര്യങ്ങളാണെങ്കിലും ആശുപത്രികളെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായ കാര്യങ്ങളായതുകൊണ്ടാണ് ഞാനിതു പറയുന്നത്. ഫാമിലി പ്ലാനിംഗിനെക്കുറിച്ച് പറയുന്നുണ്ട്. ഫാമിലി പ്ലാനിംഗ് മോശമാണെന്ന് ഗവൺമെൻറിന് അഭിപ്രായമുണ്ടോ? ഈ രാജ്യത്ത് വളരെയധികം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെങ്കിലും ആ നേട്ടങ്ങൾ കൊണ്ടുള്ള പ്രയോജനം ജനങ്ങൾക്ക് അനുഭവപ്പെടാതിരിക്കാനുള്ള പ്രധാന കാരണം ജനപ്പെരുപ്പമല്ലേ? അതു തടയേണ്ടതല്ലേ? കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് 1975-76-ൽ 252 ലക്ഷം രൂപ ചെലവാക്കിയിരുന്നെങ്കിൽ 1976-77-ൽ അത് 686 ലക്ഷം രൂപയായി വർദ്ധിച്ചു. 1977-78-ൽ 610 ലക്ഷം രൂപ ചെലവാക്കിയെങ്കിലും എനിക്ക് അൽഭുതകരമായി കാണാൻ കഴിഞ്ഞത് 1976-77-ൽ 1,29,829 വാസക്ടമി ഓപ്പറേഷൻ നടന്നുവെങ്കിൽ 1977-78 ആയപ്പോൾ ഈ രാജ്യത്ത് പല സംഭവവികാസങ്ങളും നടന്നു കഴിഞ്ഞിട്ട് അതു കേരളത്തിൽ 15,188 ആയി കുറഞ്ഞു എന്നുള്ളതാണ്. എന്താണ് ഈ ഗവൺമെൻറിന്റെ നയം? ഇത്രയും കുറയാൻ കാരണമെന്താണ്? ആലോചിക്കേണ്ടതാണ്. ഗവൺമെൻറിന്റെ നയമാണെങ്കിൽ അതു പറയണം. ഫാമിലിപ്ലാനിംഗ് എന്ന പേരുതന്നെ മാററി. കാരണം എന്താണ്? പുതിയ മന്ത്രിമാർ വന്നപ്പോൾ ഫാമിലി പ്ലാനിംഗിനോടുള്ള എതിർപ്പുകൊണ്ട് അത് ഫാമിലി വെൽഫയർ എന്നാക്കി മാററി. അതുപോലെതന്നെ മെഡിക്കൽ കോളേജ് അഡ്മിഷന്റെ കാര്യത്തെക്കുറിച്ച് ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. രണ്ടു പോംവഴിയേയുള്ളു. ഒന്നുകിൽ ടെസ്ററ് നടത്തുക അല്ലെങ്കിൽ ക്വാളിഫൈയിംഗ് എക്സാമിനേഷൻ കാമൺ എക്സാമിനേഷനായി നടത്തുക. ഈ എൻട്രൻസ് എക്സാമിനേഷൻ നല്ലതാണ്. പക്ഷേ അഴിമതിക്ക് വളരെയധികം സാദ്ധ്യതയുണ്ട്. അടുത്ത സംസ്ഥാനത്തിൽത്തന്നെ ഒരു അനൗദ്യോഗിക കമ്മീഷൻ പരിശോധിച്ചപ്പോൾ എൻട്രൻസ് എക്സാമിനേഷനിൽ അഴിമതി നടന്നതായി കണ്ടുപിടിച്ചിട്ടുണ്ട്. അതുകൊണ്ട് ക്വാളിഫൈയിംഗ് എക്സാമിനേഷൻ നടത്തണം. ബഹുമാനപ്പെട്ട മന്ത്രി മെഡിക്കൽവിദ്യാഭ്യാസം മലയാളത്തിലാക്കുമെന്നു പറയുന്നു. എനിക്ക് മലയാളത്തോട് സ്നേഹമുണ്ട്, ബഹുമാനമുണ്ട്. പക്ഷേ ഈ നിലപാട് ഒന്നു പുനഃപരിശോധിക്കണം. അതൊരു ഭ്രാന്തായ തീരുമാനമാണ്, അതു വിഡ്ഢിത്തമാണ്. മാതൃഭാഷയോട് എല്ലാവർക്കും സ്നേഹമുണ്ട്. മാതൃഭാഷക്കെതിരായി സംസാരിച്ചാൽ രാജ്യദ്രോഹം എന്നുപോലും ചിലപ്പോൾ ചിത്രീകരിച്ചു എന്നുവരും. പക്ഷേ മെഡിക്കൽ വിദ്യാഭ്യാസം അടുത്ത കാലത്തെങ്ങും മലയാളത്തിലാക്കാൻ സാദ്ധ്യമല്ല. പല രാഷ്ട്രങ്ങളിലും സോവ്യററ് റഷ്യയിലും ചൈനയിലുമൊക്കെ ഇല്ലേ എന്നു ചോദിക്കുന്നു. ചൈനയിലും റഷ്യയിലുമൊക്കെ സംസ്ഥാനത്തെ പ്രാദേശിക ഭാഷയിലാണ് മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്നതെന്നു എനിക്ക് അഭിപ്രായമില്ല. നേരേമറിച്ച് റഷ്യൻ ഭാഷയിൽ പഠിപ്പിക്കുന്നുണ്ടായിരിക്കാം. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഒരു ദേശീയഭാഷ വളർന്നു കഴിഞ്ഞാൽ ആ ദേശീയ ഭാഷയിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്താൻ കഴിഞ്ഞു എന്നു വരാം. അതല്ലാതെ രണ്ടേകാൽ കോടി ആളുകൾ നില

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളുന്ന ഈ കൊച്ചുസംസ്ഥാനത്ത് ഇവിടെ മരുന്നു വാങ്ങാൻ കാശി ല്ലാത്തപ്പോൾ ഇവിടെ അനേകം കോടി രൂപ ചെലവാക്കി വിദേശത്തു നിന്നുള്ള എല്ലാ പുതിയ കണ്ടുപിടുത്തങ്ങളും പെട്ടെന്നു മലയാളത്തിൽ തർജ്ജിമ ചെയ്തു പഠിപ്പിച്ചുകൊടുക്കാൻ അത്ര എളുപ്പത്തിൽ സാദ്ധ്യ മല്ല. അതു തുഗ്ലക്കിന്റെ ഭരണപരിഷ്കാരമായി ചിത്രീകരിക്കും. സിലോണിൽ ഇതു പരീക്ഷിച്ചുനോക്കി. സിലോണിൽ പ്രൊഫഷണൽ വിദ്യാഭ്യാസം ദേശീയ ഭാഷയിൽ ആരംഭിച്ച് അതു പരാജയമാണെന്നു കണ്ട് മാററി. അതുകൊണ്ട് ഇതു പുനഃപരിശോധിക്കണം. ഒരുപക്ഷേ ഒരു ദേശീയ ഭാഷ വളർന്നുവന്നാൽ ആ ഭാഷയിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്താൻ കഴിയും. അന്നു ഇതു പരിശോധിക്കാമെന്നല്ലാതെ ഇന്നു പ്രായോ ഗികമായി സാദ്ധ്യമല്ല. ഒരു കാശിനും കൊള്ളരുതാത്ത പിച്ചണിക്കാ പരിഷ്കാരമായി അധഃപതിക്കുമെന്നുള്ളതുകൊണ്ട് ഈ പദ്ധതി തൽക്കാലം സ്വീകരിക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാ ഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. ടി.എം. ജേക്കബ്:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. പൊതുജനാരോഗ്യവകുപ്പിനെക്കുറിച്ച് ഞാൻ എന്തെങ്കിലും പറയണമെന്നു ആഗ്രഹിക്കുന്നില്ല. കാരണം ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെയേറെ മുൻപിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. അതുപോലെതന്നെ എല്ലാ കാര്യങ്ങളും എടുത്തു പരിശോധിച്ചാൽ നമുക്ക് വളരെയേറെ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. പരിമിതികൾ ഇല്ലെന്നു പറയുന്നില്ല. ബഹുമാന പ്പെട്ട വക്കം പുരുഷോത്തമൻ ഇവിടെ സംസാരിച്ച അവസരത്തിൽ അദ്ദേഹം നമ്മുടെ നേട്ടങ്ങളെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. അതുകൊണ്ട് ഞാൻ പൊതുജനാരോഗ്യവകുപ്പിലേക്ക് കൂടുതലായി കടക്കാൻ ആഗ്രഹിക്കുന്നില്ല.

നമ്മുടെ ഇൻഡ്യയുടെ വികസനം പ്രധാനമായി നിലകൊള്ളുന്നത് ഗ്രാമങ്ങളിലാണെന്ന് രാഷ്ട്രപിതാവ് പറഞ്ഞു. ഗ്രാമങ്ങളുടെ ഉദ്ധാ രണം, അതാണ് ഇൻഡ്യക്ക് ആവശ്യം. ഗ്രാമങ്ങളുടെ ഉദ്ധാരണത്തിൽ കൂടി മാത്രമേ ഇൻഡ്യക്ക് വികസിക്കാൻ സാധിക്കുകയുള്ളു. അതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യയിൽ വികസനബ്ലോക്കുകൾ ഉണ്ടാക്കി. 144 വികസന ബ്ലോക്കുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഗ്രാമങ്ങളുടെ വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ജനങ്ങളുടെ പങ്കാളിത്ത ത്തോടുകൂടി നിരവധി പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഈ കാര്യത്തിൽ എനിക്ക് ഇന്നു വളരെയേറെ സങ്കടമുണ്ട്. കാരണം ഈ ധനാഭ്യർത്ഥന പാസായതിനുശേഷം ഈ പണം ജനങ്ങളിലേക്ക് എത്തിച്ചു കൊടുക്കാനുള്ള നടപടികളിലേക്ക് വരുമ്പോൾ ഇതു നമ്മുടെ സംസ്ഥാന ത്തിലെ ഒരുപററം ഉദ്യോഗസ്ഥൻമാരുടെ പോക്കററിൽ പോകുന്ന സാഹചര്യം നിലനിൽക്കുന്നു എന്നു പറയേണ്ടിവന്നതിൽ വളരെയേറെ വ്യസനമുണ്ട്. നമ്മുടെ സംസ്ഥാനത്തെ സ്ഥിതിഗതികൾ പരിശോധി ക്കുമ്പോൾ കഴിഞ്ഞ 1978.79 സാമ്പത്തിക വർഷത്തിൽ 28 കോടി രൂപയുടെ പരിപാടികൾ ഈ വികസനബ്ലോക്കുകളിൽകൂടി നടപ്പാക്കിയെന്നാണ് മനസ്സിലാക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് കെയറിന്റെ സഹായ ത്തോടുകൂടിയും ഇൻഡ്യാഗവൺമെൻറിന്റെ സഹായത്തോടുകൂടിയും 28 കോടി രൂപയുടെ പദ്ധതി ഈ കഴിഞ്ഞ ഒരു വർഷക്കാലം നമ്മുടെ വിക സനബ്ലോക്കുകളിൽകൂടി നടത്തിയിട്ടുണ്ട്. ഈ 28 കോടി രൂപയിൽ എന്റെ അഭിപ്രായത്തിൽ പത്തുകോടി രൂപയിൽ കൂടുതലായി

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. സ്ഥിതി വിവരകണക്കുകൾ പരിശോധിക്കുമ്പോൾ ഇതിന്റെ പ്രവർത്തനം പരിശോധിക്കുമ്പോൾ അങ്ങനെ ചിന്തിക്കുന്നതിനാണ് ഇട നൽകിയിട്ടുള്ളത്. അതേപ്പററി ദീർഘമായി പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഇന്ന് ഈ വികസനബ്ലോക്കുകളെക്കുറിച്ച് പറയുമ്പോൾ പകൽകൊള്ള നടത്തുന്ന സ്ഥാപനങ്ങളായി മാറിയിരിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു തീവെട്ടി കൊള്ളകൾ നടത്തിയിട്ടുണ്ട്. തീവെട്ടി കൊള്ള നടത്തുന്ന സ്ഥാപനം ഏതാണെന്നു ചോദിച്ചാൽവികസന ബ്ലോക്കുകളാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഗവൺമെൻറുകൾ പണം മുടക്കുന്നു, ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാനുള്ള പരിപാടി തയ്യാറാക്കുന്നു, അത് ആളുകൾക്ക് എത്തിച്ചുകൊടുക്കാനുള്ള സാഹചര്യം കേരളത്തിൽ ഇന്നു നിലനിൽക്കുന്നുണ്ടോ എന്നുള്ളത് വളരെ ഗൗരവതരമായി സഭ വീക്ഷിക്കണം, മന്ത്രി വീക്ഷിക്കണം, ഗവൺമെൻറ് വീക്ഷിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

സർ, നമ്മുടെ ഈ സംസ്ഥാനത്ത് കഴിഞ്ഞവർഷം ഫാമിൻ റിലീഫിൽ കുറേ വർക്കുകൾ നടത്തി. അത് റവന്യൂ ഡിപ്പാർട്ടുമെൻറും പി.ഡബ്ലിയു. ഡി.യും കൂടിയാണ് നടത്തിയത്. പക്ഷേ നമ്മുടെ

10 A.M.] സംസ്ഥാനത്ത് മൂന്നു ജില്ലകളിൽ, തിരുവനന്തപുരം. എറണാകുളം, തൃശ്ശൂർ ഈ ജില്ലകളിൽ വികസന ബ്ലോക്കുകളുക്കൂടി ബന്ധിപ്പിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞവർഷം 360-ഓളം രൂപയാണ് ഫാമിൻ റിലീഫ് വർക്കുകൾക്കുവേണ്ടി ചെലവഴിച്ചത്. മാർച്ച് 31-ാം തീയതിവരെ ചെലവായിരിക്കുന്ന തുകയുടെ കണക്കു ലഭിച്ചിരിക്കുന്നത് 349.80 ലക്ഷമാണ്. 11 ലക്ഷം രൂപ സറണ്ടർ ചെയ്തിട്ടുണ്ട്. ബാക്കിപണം മുഴുവൻ ചെലവാക്കിയതായി കണക്കാക്കപ്പെടുന്നു. 31-ാംതീയതിയോടെ പ്രവർത്തനം അവസാനിച്ചതായി മനസ്സിലാക്കാൻ സാധിക്കും. എന്നാൽ 349 ലക്ഷം രൂപ ചെലവാക്കി എന്നു പറയുന്ന സ്ഥാനത്ത് 150 ലക്ഷം രൂപപോലും ഈ റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി ചെലവാക്കിയിട്ടില്ലെന്നു, സമഗ്രമായ ഒരന്വേഷണം നടത്തുമെങ്കിൽ വ്യക്തമാക്കാൻ സാധിക്കും. ഞാൻ ഒരുദാഹരണം പറയാം. എറണാകുളം ജില്ലയിലെ ചില കാര്യങ്ങൾ എനിക്കറിയാം. ഞാൻ ഇന്നലെ ഇവിടെ വന്നതിനുശേഷം പല എം.എൽ.എ. മാരോടും സംസാരിക്കുകയുണ്ടായി; ഓരോ സ്ഥലങ്ങളിലെയും പ്രവർത്തനങ്ങളെക്കുറിച്ച്. എല്ലാ സ്ഥലങ്ങളിലും പരാതിയുണ്ട്. ഫെബ്രുവരി മാസത്തിൽ പ്രവൃത്തി ആരംഭിച്ച് മാർച്ച് 31-ാം തീയതിക്കകം അവസാനിപ്പിക്കണം. ആദ്യമേ തർക്കമായി, ബ്ലോക്ക് നടത്തണമോ പി.ഡബ്ലിയു.ഡി. നടത്തണമോ, റവന്യൂ നടത്തണമോ എന്ന്? അവസാനം തർക്കങ്ങളൊക്കെ പരിഹരിച്ച് കുറച്ച് ബ്ലോക്കുകൾ നടത്തി, കുറച്ചു പി.ഡബ്ലിയു.ഡി. ക്കാർ നടത്തി. അവസാനം എന്താണ് ഉണ്ടായിരിക്കുന്നത്. 349 ലക്ഷം രൂപ നാം ചെലവാക്കി, അങ്ങനെ രേഖ വന്നിരിക്കുന്നു. പക്ഷേ ഇതിന്റെ പ്രയോജനം ജനങ്ങൾക്കു ലഭിക്കാത്ത സാഹചര്യം ഉണ്ടായിരിക്കുകയാണ്. പാമ്പാക്കുട ബ്ലോക്കിൽ നാലഞ്ചു വർക്കുകൾക്കായിട്ട് നാലേകാൽ ലക്ഷം രൂപ ചെലവായി. നാലേകാൽ ലക്ഷം രൂപ നാലു പ്രവൃത്തികൾക്കുവേണ്ടി കൊടുത്തിട്ടുണ്ട്. അതിനകത്ത് രണ്ടേകാൽലക്ഷം രൂപ മുടക്കിയിരിക്കുന്ന രണ്ടു റോഡുകളുടെ ഫൈനൽ ബില്ല് ഒപ്പിടാൻ മൂവാററുപുഴ ടി.ബി.യിൽ കഴിഞ്ഞ 30-ാംതീയതി ഇഞ്ചിനീയർമാർ ബാർഗൈനിംഗ് നടത്തിയ സാഹചര്യം ഉണ്ടായി. നോമിനികളെ വിളിച്ചിരുത്തി ഈ രണ്ടേകാൽലക്ഷം രൂപ അനുവദിച്ചുതരണമെങ്കിൽ അൻപതിനായിരംരൂപ ഞങ്ങൾക്കു തരണമെന്ന് പി.ഡബ്ലിയു.ഡി. യിലെ ഉദ്യോഗസ്ഥൻമാർ, അസിസ്റ്റൻറ്

LIBRARY ARCHIVES Kerala Legislative Assembly

ഇഞ്ചിനീയർമാർ അടക്കമുള്ള ആളുകൾ മൂവാറ്റുപുഴ ടി.ബി.യിൽവച്ച് അവിടത്തെ വർക്കുനടത്തിയ നോമിനികളെ വിളിച്ചുപറഞ്ഞിരിക്കുന്നു. അവസാനം കുറേനേരം തർക്കം നടത്തി മുപ്പത്തയ്യായിരംരൂപയ്ക്ക് പ്രശ്നം സെററിൽ ചെയ്തു. കുറേ തുക ബ്ലോക്കാഫീസർക്കു കൊടുത്തു. എന്നാണ് പറയുന്നത്. ഈ നിലയിൽ സംസ്ഥാനത്തെ സ്ഥിതിഗതികൾ പോയാൽ നമ്മൾ എവിടെ ചെന്നെത്തുമെന്നുള്ള കാര്യം സമഗ്രമായി പരിശോധിക്കണം. ഭീമമായ നിലയിൽ വെട്ടിപ്പു നടന്നിരിക്കുന്നു. ഞാൻ ഒരുദാഹരണം പറഞ്ഞു എന്നേയുള്ളു. ബാക്കി എറണാകുളം ജില്ലയിൽ ഇതിനുവേണ്ടി ചെലവാക്കിയിരിക്കുന്നത് 33 ലക്ഷമാണ്. ബാക്കിയുള്ള തുക എങ്ങനെ ചെലവാക്കിയെന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കണം. ഗവൺമെൻറ് അടിയന്തിരമായിട്ട് ഈ കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടതായിട്ടുണ്ട്.

അതുപോലെ നമ്മുടെ സംസ്ഥാനത്തെ വികസന ബ്ലോക്കുകളിൽക്കൂടി പ്രധാനമായും മൂന്നുനാലു പരിപാടികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സാധാരണ നടപ്പിലാക്കുന്ന സാമൂഹ്യ വികസന പരിപാടിയുണ്ട്, അതുപോലെ സ്പെഷ്യൽ പ്രോഗ്രാം ഉണ്ട്. സാമൂഹ്യ വികസന ബ്ലോക്കുകളെ ജനങ്ങളുടെ ഇടയിൽ പ്രവൃത്തിക്കാനുള്ള ഏററവും വലിയ ഏജൻസിയായി അംഗീകരിച്ചുകൊണ്ട് മററു വകുപ്പുകൾ അവരുടെ പരിപാടികൾ ബ്ലോക്ക് ഏജൻസിവഴി നടപ്പാക്കുന്ന സ്കീം ഉണ്ട്. അതുപോലെതന്നെ ബഡ്ജററിൽ ഉൾപ്പെടുത്താത്ത പരിപാടികളും ഇന്ന് ബ്ലോക്കിൽ കൂടി നടപ്പിലാക്കുന്നുണ്ട്. നമ്മുടെ ഈ ബ്ലോക്കുകളിൽക്കൂടി ഓരോ വർഷത്തിലും കോടിക്കണക്കിനു രൂപയുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇതു ഫലപ്രദമായി നടപ്പാക്കാൻ എന്തു സംവിധാനം ഇന്ന് ബ്ലോക്കുകളിൽ ഉണ്ട്. ബ്ലോക്കുകളെക്കുറിച്ചു പറയുമ്പോൾ വർഷങ്ങൾക്കുമുൻപ് ഉണ്ടായിരുന്ന പാറേറൺ ആണ് ഇന്ന് അവിടെ ഉള്ളത്. മുമ്പുണ്ടായിരുന്ന സ്ഥിതി എങ്ങനെയാണെന്നു ചോദിച്ചാൽ 12 ലക്ഷം രൂപ അഞ്ചുവർഷക്കാലംകൊണ്ട് ചെലവാക്കുകയെന്ന തത്വമാണ് ഉണ്ടായിരുന്നത്. അതു പിന്നീട് അഞ്ചുലക്ഷം രൂപ അഞ്ചുവർഷക്കാലംകൊണ്ട് ചെലവാക്കുമെന്നു പറഞ്ഞു. ഇന്ന് ഒരു ബ്ലോക്കാഫീസർ ഏതാനും യു.ഡി. ക്ലാർക്കുമാർ, എൽ.ഡി. ക്ലാർക്കുമാർ പിന്നെ ഒരു ഇഞ്ചിനീയർ, ഒരു ഓവർസീയർ ഇങ്ങനെ ചില പാറേറണാണ് അവിടെ നിലനിൽക്കുന്നത്. പക്ഷേ ഇന്ന് ലക്ഷക്കണക്കിനു രൂപ ഐ.ആർ.ഡി.പി. നടപ്പിലാക്കിയിരിക്കുന്ന ബ്ലോക്കുകളിൽ മുപ്പത്തഞ്ചു ലക്ഷമോ നാൽപ്പതു ലക്ഷമോ രൂപയുടെ ചില വർക്കുകൾ നടക്കുന്ന ബ്ലോക്കുകൾ ഉണ്ട്. ഈ ബ്ലോക്കുകളുടെ പ്രവൃത്തി നോക്കാനായിട്ട് ഒരു ജൂനിയർ ഇഞ്ചിനീയറേയും ഒരു ഓവർസീയറേയും നിയമിച്ചിരിക്കുന്ന സാഹചര്യം ഇന്ന് നമ്മുടെ നാട്ടിൽ നിലനിൽക്കുകയാണ്. സ്റാഫിൻെറ പാറേറണിൽ മാററം ഉണ്ടാക്കിയില്ല എങ്കിൽ ഫലപ്രദമായി പല കാര്യങ്ങളും ഇവിടെ നടപ്പിലാക്കാൻ സാധിക്കുകയില്ല. യഥാർത്ഥത്തിൽ ജനങ്ങൾ ഇന്ന് അവിടെ പല കാര്യങ്ങളും വേണമെന്ന് ആഗ്രഹിക്കുന്നു. റോഡുകൾ വേണമെന്നു പറയുന്നു, അതുപോലെ മററു സൗകര്യങ്ങൾ വേണമെന്നു പറയുന്നു. ഇതൊക്കെ നടപ്പിലാക്കാൻവേണ്ടി ഗവൺമെൻറ് പണം അനുവദിച്ചു കൊടുക്കുന്നു. ഇങ്ങനെ കൊടുക്കുന്ന തുക വീതം വച്ച് എടുക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. പാവപ്പെട്ടവൻെറ പിച്ചച്ചട്ടിയിൽനിന്നും കൈയിട്ടു വാരുന്ന സാഹചര്യം ഇന്ന് വികസന ബ്ലോക്കുകളിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന് അടിയന്തിരമായ

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരം ഉണ്ടാക്കണം. നമ്മുടെ സംസ്ഥാനത്ത് 144 ബ്ലോക്കുകളാണ് ഉള്ളത്. അവയൊക്കെയൊന്നു പരിശോധിക്കാൻ വേണ്ടിയിട്ട് രണ്ടോ മൂന്നോ സോണായിട്ട് തിരിച്ചുകൊണ്ട് പ്രത്യേകം ചെക്കിംഗ് സെൽസ് രൂപീകരിച്ചാൽ വേണ്ടില്ല. പ്രത്യേകമായ ഉദ്യോഗസ്ഥൻമാരെ വിട്ടുകൊണ്ട് മൂന്നു സോണായി തിരിച്ചുകൊണ്ട് അവിടെ ചെക്കിംഗ് നടത്തിയില്ലെങ്കിൽ ഇത്തരത്തിലുളള അഴിമതികാം വളരെയേറെ വർദ്ധിച്ചു വരുമെന്നുളള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനത്തെ സ്ഥിതിഗതികാം ഗൗരവപൂർവ്വം പരിഗണിക്കേണ്ട കാലംതന്നെ അതിക്രമിച്ചുകഴിഞ്ഞിട്ടുണ്ട്. പല ബ്ലോക്കുകളെ സംബന്ധിച്ചും പറയുമ്പോഠം അവിടെ നടക്കുന്ന വികസന പ്രവർത്തനങ്ങഠം പലതും നോമിനികളെ വച്ചാണ് നടത്തുന്നത്. പക്ഷേ ഈ നോമിനികളെപ്പോലും അറിയിക്കാതെ അവിടെ കാര്യങ്ങഠം നടന്നു പോകുന്നുണ്ട്. കിണറുകഠം കുഴിക്കാൻവേണ്ടി ചില തീരുമാനങ്ങഠം എടുത്തിട്ടുണ്ട്. കിണറുകഠം കുഴിക്കുന്നതിനുവേണ്ടിയിട്ട് കഴിഞ്ഞവർഷം ഭീമമായ തുക നമ്മുടെ ബ്ലോക്കുകഠം വഴി ചെലവാക്കിയിട്ടുണ്ട്. കഴിഞ്ഞവർഷം ചെലവാക്കിയ തുകയെന്നു പറയുന്നത് 30 ലക്ഷം രൂപയാണ്. ഈ 30 ലക്ഷം രൂപ പ്രധാനമായും നമ്മുടെ ലക്ഷംവീടു കാളനികളിലും അതുപോലെ തന്നെ ഹരിജൻ കാളനികളിലും കിണറുകഠം നിർമ്മിക്കാൻ എന്നാണ് പറയുന്നത്. ചില ബ്ലോക്കാഫീസർമാർക്ക് സൗകര്യപ്രദമായ ചില സ്ഥലങ്ങഠം തിരഞ്ഞെടുക്കും, അവിടെ കിണർ കുത്തും. അവസാനം അവിടെ വെളളമില്ല. ഗവൺമെൻറിൻെറ കണക്കനുസരിച്ച് 600 കിണറുകഠം 1978–79 കാലഘട്ടത്തിൽ കുഴിച്ചിട്ടുണ്ട്. 28 ലക്ഷം രൂപ അതിന് ചെലവാക്കി എന്നാണ് പറയുന്നത്. 1979–80-ൽ കിണറുകഠം കുഴിക്കാൻ വേണ്ടിമാത്രം മുപ്പതുലക്ഷം രൂപ വകകൊളളിച്ചിട്ടുണ്ട്. ഇങ്ങനെ ആളുകഠംക്കു വെളളം ലഭിക്കുന്നതിനുവേണ്ടി കിണറുകഠം കുഴിക്കണമെന്നു പറയുമ്പോഠം വെളളമില്ലാത്ത സ്ഥലങ്ങളിൽപ്പോയി കിണറുകഠം കുഴിക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. ഇതുപോലെ മററു പ്രധാനപ്പെട്ട വർക്കുകഠം ഇന്ന് ബ്ലോക്കുകളിൽക്കൂടി നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. റൂറൽ മാൻപവ്വർ പ്രോഗ്രാം അനുസരിച്ചുളള വർക്കുകളാണ്. അതനുസരിച്ച് സാധാരണഗതിയിൽ ഗവൺമെൻറ് സ്കൂളുകളുടെ ബിൽഡിംഗ്സ് അതുപോലെ റോഡുകളും ഗവൺമെൻറാണ് കൺസ്ട്രക്ട് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൻെറ നോമിനികഠം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ സമീപിക്കുന്ന അവസരത്തിൽ അവർ ആദ്യം പറയുന്നത് ആ വർക്കിൻെറ ഇത്ര ശതമാനം ഞങ്ങഠംക്കുതന്നെങ്കിൽമാത്രമേ വർക്ക് സാദ്ധ്യമാകു എന്നാണ്. നമുക്കറിയാം പളളിക്കൂടങ്ങഠം ഇടിഞ്ഞു വീഴുന്ന സാഹചര്യം ഉണ്ടാവുന്നു. കോടിക്കണക്കിനു രൂപ വേണമെന്നാണ് ഗവൺമെൻറുതന്നെ കണക്കാക്കിയിരിക്കുന്നത്. ഈ കോടിക്കണക്കിനു രൂപ ഗവൺമെൻറ് കണക്കാക്കുമ്പോഠം ഓരോ ഭാഗത്തും കുറേ പണമെങ്കിലും സമാഹരിച്ച് കുറേ വർക്കുകളെങ്കിലും ചെയ്യാമെന്നു പറയുമ്പോഠം അങ്ങനെ കിട്ടുന്ന വർക്കുകഠംക്കുപോലും പണം വീതംവയ്ക്കുന്ന സാഹചര്യമാണുളളത്. 1978-79-ൽ സ്കൂളുകളുടെ നിർമ്മാണത്തിനുവേണ്ടി ഇരുപതു ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ടെന്നാണ് കണക്കുകഠം കാണിക്കുന്നത്. അതുപോലെ റോഡുകളുടെ നിർമ്മാണത്തിന് 16 ലക്ഷം രൂപ ചെലവാക്കിയെന്നു പറയുന്നു. കഴിഞ്ഞവർഷം 36 ലക്ഷം രൂപ റോഡുകളുടെയും ബിൽഡിംഗ്സിൻെറയും കാര്യത്തിൽ നാം ആർ. എം. പി. സ്കീമിൽ ചെലവാക്കിയിട്ടുണ്ട്. ഈ 36 ലക്ഷം രൂപയിൽ ഒരു പതിനാറുലക്ഷം രൂപപോലും ഈ ബ്ലോക്കുകഠംക്കുവേണ്ടി യഥാർത്ഥത്തിൽ ചെലവഴിച്ചിട്ടില്ലെന്ന് നിഷ്പക്ഷമായ ഒരന്വേഷണം നടത്തുമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

തെളിയിക്കാൻ സാധിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്തൊട്ടാകെയുള്ള സ്ഥിതി ഇതാണ്. ഇതിനൊരു മാററം ഉണ്ടായില്ലെങ്കിൽ നമ്മുടെ രാജ്യം എവിടെപ്പോയി നിൽക്കുമെന്നറിഞ്ഞുകൂടാ.

അതുപോലെ റൂറൽ റോഡ്സിന്റെ ഒരു പ്രോഗ്രാം ഉണ്ടാക്കിയിട്ടുണ്ട്. അതിനകത്ത് ഇന്നു ഗോതമ്പു കൊടുക്കുന്നു. അല്ലെങ്കിൽ ഭക്ഷ്യധാന്യം കൊടുക്കുന്നു, ബാക്കിയുള്ളത് തുകയായിട്ടു കൊടുക്കുന്നു. ഈ രണ്ടു കാര്യങ്ങളിലും ഈ ലഭിക്കുന്ന ഭക്ഷ്യധാന്യം ഒരിക്കലും ഈ റോഡിനുവേണ്ടി, പ്രവൃത്തിക്കുവേണ്ടി വിനിയോഗിക്കാറില്ല. അത് പ്രധാനമായും ഏതാനും ആളുകൾ വീതിച്ചെടുക്കുന്നു. എവിടെയെങ്കിലും ഒരു ബേക്കറിയിൽ കൊണ്ടുപോയി വിൽക്കുന്ന സാഹചര്യമാണുള്ളത്. വിൽക്കുന്ന കാര്യത്തെപ്പററിയല്ല. അങ്ങനെ വിററാൽ അത് ഈ പ്രവൃത്തി കൾക്കുവേണ്ടി മുടക്കുന്നതാണെന്നു സമ്മതിക്കാം. പക്ഷേ ആ ഒരു സാഹചര്യമല്ല നിലനിൽക്കുന്നത്. അവിടെ ലഭിക്കുന്ന പണം വീതിച്ചെടുക്കാനുള്ള പരിപാടികളുമായി മുന്നോട്ടുപോകുന്നു. 78-79-ൽ ഒൻപതിനായിരം ടൺ ഗോതമ്പു ലഭിച്ചിട്ടുണ്ട്. അതിനുപുറമേ പതിമൂവായിരം ടൺ അരിയും പതിമൂവായിരം ടൺ ഗോതമ്പും ലഭിച്ചു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇത്രയും ഫുഡ് ഗ്രെയിൻസ് നമുക്കു ലഭിച്ചുകഴിഞ്ഞിട്ട് അത് ജനങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്താൻ സാധിക്കാത്ത ഒരു സാഹചര്യം ഇവിടെ നിലനിൽക്കുന്നു. ഒരു കോടിയോളം രൂപ റൂറൽ റോഡിന്റെ നിർമ്മാണത്തിന്, വികസന ചെലവുകൾക്ക് ചെലവാക്കാമെന്നാണ് പറയുന്നത്. ആകെക്കൂടി നോക്കുമ്പോൾ നമ്മുടെ ഈ സംസ്ഥാനത്ത് വളരെയേറെ പണം കോടിക്കണക്കിനു രൂപ (കഴിഞ്ഞ വർഷം 28 കോടി രൂപ എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 28 കോടിയിലധികം രൂപ) ചെലവാക്കാൻ പോകുന്നു. ഇങ്ങനെ ചെലവാക്കുന്ന ഈ പണം കുറേ ആളുകളുടെ പോക്കററിലേക്ക് പോകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

അതുപോലെതന്നെ സ്ററാഫ് പാറേറണിൽ മാററങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇന്ന് നമുക്കറിയാം കാർഷിക വികസനത്തിനുവേണ്ടി പലപരിപാടികളും ബ്ലോക്കുമുഖാന്തിരം നടപ്പിലാക്കുന്നുണ്ട്. പക്ഷേ ഇവിടെ അഗ്രിക്കൾച്ചറൽ ആഫീസേഴ്സില്ല. നാലു ബ്ലോക്കുകളിൽ മാത്രമാണ് എ.ഇ.ഒ. വർക്കു ചെയ്യുന്നത്. ബാക്കി 100 ബ്ലോക്കുകളിൽ ഇല്ല. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു ഇതിന് സഹായം എത്തിക്കണമെങ്കിൽ, ഈ കാര്യങ്ങൾ പറഞ്ഞ് അവരെ മനസ്സിലാക്കിക്കൊടുക്കണമെങ്കിൽ ആവശ്യമായ സ്ററാഫിനെ നിയമിച്ചേ പററുകയുള്ളു.

അതുപോലെതന്നെ മൃഗസംരക്ഷണത്തിന്റെ കാര്യത്തിൽ ബ്ലോക്കുകൾ വഴി വളരെയേറെ പണം ചെലവഴിക്കുന്നുണ്ട്. പക്ഷേ വെററിനറി ഡോക്ടർമാർ ഉള്ള ബ്ലോക്കുകൾ 37 എണ്ണമാണ്. എന്തുകൊണ്ട് വെററിനറി ഡോക്ടർമാരെ നിയമിച്ചുകൂടാ? വെററിനറി ബിരുദധാരികളായ ആളുകൾ ധാരാളമുണ്ട്. അതുകൊണ്ട് സ്ററാഫ് പാറേറണിൽ കുറെ മാററം വരുത്തണം. ക്ലറിക്കൽ സ്ററാഫിലും മാററം വരുത്തണം.

ക്ലാസ് 2 മൈനർ ഇറിഗേഷൻ വർക്കുകൾ മൈനർ ഇറിഗേഷന്റെ ഹെഡ്ഡിലാണു വരുന്നതെങ്കിലും ബ്ലോക്കുകൾ മുഖാന്തിരമാണു നടപ്പിലാക്കുന്നത്. പല ബ്ലോക്കുകളിലും ക്ലാസ് 2 വർക്കുകളിൽ പണം ലാപ്സായി പോകുന്നുണ്ട്. അതു സ്ററാഫില്ലാത്തതുകൊണ്ടാണ്.

2/468—7

LIBRARY ARCHIVES Kerala Legislative Assembly

അതിനു മാററമുണ്ടാകണം. ഈ വികസനബ്ലോക്കുകൾ നടത്തിക്കൊണ്ടിരിക്കുന്ന പകൽക്കൊള്ള അവസാനിപ്പിക്കുവാൻ സമഗ്രമായ നടപടി യെടുക്കണം.

ഞാൻ ഹെൽത്ത് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് ഒരു വാക്കു കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. നമ്മുടെ സംസ്ഥാനത്ത് ഈ ഹെൽത്തുഡിപ്പാർട്ടുമെൻറിൽ വളരെ പുരോഗമനപരമായ നടപടികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തു കുറെ ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും ജില്ലാ ആശുപത്രി കളിൽ ബ്ലഡ് ബാങ്കുണ്ട്. താലൂക്കാശുപത്രികളിൽവരെ ബ്ലഡ് ബാങ്കു കളുണ്ടെന്നാണു പറയുന്നത്. പക്ഷേ ബ്ലഡ് ബാങ്കുകളിൽ റഫ്രിജ റേററർ ഇല്ല. ജില്ലാ ആശുപത്രികളിൽ ബ്ലഡ് ബാങ്കിൽ അതു സൂക്ഷി ക്കുവാനുള്ള സൗകര്യങ്ങളില്ല. കോാംഡ് സ്റേറാറേജുകൾ ഇന്നു ജില്ലാ ആശുപത്രികളിൽ ഇല്ലെന്നാണു മനസ്സിലാക്കുന്നത്. നമ്മുടെ മെഡിക്കൽ കോളേജുകളിലുള്ള കോാംഡ് സ്റേറാറേജുകളിൽപോലും കറൻറു പോയാൽ അതു നടത്തിക്കൊണ്ടുപോകാനുള്ള സഹചര്യം ഇല്ലെ ന്നാണു മനസ്സിലാക്കുന്നത്. അതുകൊണ്ട് ബ്ലഡ്ബാങ്കിൻെറ കാര്യ ത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കണം. ഒരുവാക്കുകൂടി പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. പബ്ലിക് ഹെൽത്ത് ലാബ റട്ടറീസ് ഈ രാജ്യത്തുണ്ട്. സാധാരണക്കാരനു ഇന്നവിടേയ്ക്കു കടന്നു ചെല്ലാൻ സാധ്യമല്ല. എനിക്കുണ്ടായ അനുഭവം ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്കു നേരിട്ടു എഴുതിക്കൊടുത്തിട്ടുള്ളതുകൊണ്ട് വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നില്ല. സാധാരണക്കാരൻ പബ്ലിക് ഹെൽത്തു ലബോറട്ടറി യിലേക്കു ചെന്നാൽ അവനെ തിരിഞ്ഞുനോക്കാൻ തയ്യാറാകാത്ത കുറെ ആളുകളാണ് അവിടെ ഭരണം നടത്തുന്നത്. അതിനു എന്തെങ്കിലും മാററം വരുത്താൻ മന്ത്രിക്കു കഴിയണം. അങ്ങനെ ചില കാര്യങ്ങൾ നടപ്പാക്കണം. ഡോക്ടർമാർ തമ്മിൽ ആശുപത്രികളിലുള്ള സ്പർദ്ധയും വഴക്കും അവസാനിപ്പിക്കുവാനുള്ള നടപടിയെടുക്കണം. അങ്ങനെ കുറെ മാററങ്ങൾ വരുത്തിയാൽ കുറേക്കൂടി ഫലപ്രദമായി ഹെൽത്തു ഡിപ്പാർട്ടുമെൻറിനെ മുന്നോട്ടു കൊണ്ടുപോകാൻകഴിയും. ഈ വികസന ബ്ലോക്കുകൾ നടത്തിക്കൊണ്ടിരിക്കുന്ന പകൽക്കൊള്ള അവസാനിപ്പിക്കാ നുള്ള കർശനമായ നടപടി, സത്വരമായ നടപടി, ദയാദാക്ഷിണ്യമില്ലാത്ത നടപടി കുറെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ ഡിസിപ്ലിനറി ആക്ഷൻ എടുത്തുകൊണ്ട് നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായി ല്ലെങ്കിൽ കോടിക്കണക്കിനു രൂപ വെള്ളത്തിലാകുന്ന കാര്യം ഉണ്ടാകുമെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്.

ശ്രീ. സി.പി. ഗോവിന്ദൻ നമ്പ്യാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥ നകളെ പിന്താങ്ങുകയാണ്. അഭിവന്ദ്യനായ മഹാത്മജി ഒരിക്കൽ പറയുകയുണ്ടായി, ''ഇൻഡ്യ ഒരു ദരിദ്ര രാജ്യമാണ്. ഇൻഡ്യ ജീവിക്കു ന്നതു ഗ്രാമങ്ങളിലാണ്, ഗ്രാമങ്ങളാണ് ഭാരതത്തിൻെറ ജീവനാഡി, അവിടെ സുഭിക്ഷത ഉണ്ടാകണം, എല്ലാവർക്കും തൊഴിൽ ലഭിക്കുന്ന വിധ ത്തിൽ ഗ്രാമീണവ്യവസായങ്ങൾ വളരണം, ഗ്രാമങ്ങളിലെ തൊഴിലി ല്ലായ്മയും പട്ടിണിയും മൂലം ഗ്രാമീണർ പട്ടണങ്ങളിലേക്കു പായുന്നത് തടഞ്ഞുനിർത്താൻ നമുക്കു കഴിയണം, അങ്ങനെ സ്വയം സമ്പൂർണ്ണമായ ഗ്രാമങ്ങൾ നമ്മുടെ ഭാരതത്തിൽ ഉണ്ടാകണമെന്ന്.'' അദ്ദേഹത്തിൻെറ ആ ഇംഗിതം ഇൻഡ്യയിലുടനീളം നടപ്പിലാക്കാൻവേണ്ടി അദ്ദേഹത്തിൻെറ സന്തതസഹചാരിയും മഹാനുമായ പണ്ഡിററ് ജവഹർലാൽനെഹ്റു

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിംഗിനു രൂപം കൊടുത്തപ്പോഠം ഗ്രാമപ്രദേശങ്ങളെ സമുദ്ധരിക്കുവാൻവേണ്ടി ആവിഷ്കരിച്ച മഹത്തായ പരിപാടികഠം മൂന്നെണ്ണമാണ്. ഒന്ന് വികസന ബ്ലോക്കുകഠം, രണ്ട് പഞ്ചായത്തു രാജ്, മൂന്നാമതു സഹകരണപ്രസ്ഥാനം. പഞ്ചായത്തു രാജ് കേരളത്തിൽ പ്രായോഗികമായി നടപ്പിലാക്കിയില്ലെങ്കിലും ജില്ലാവികസനസമിതി നേരത്തേതന്നെയുണ്ട്, ഇപ്പോഠം ജില്ലാ ഭരണസമിതിയും ഉണ്ടാക്കാൻപോകുന്നുണ്ട്. അതുപോലെ തന്നെ സഹകരണപ്രസ്ഥാനം. ഒരു ജനാധിപത്യ സംവിധാനത്തിൽ സഹകരണപ്രസ്ഥാനം, വികസനബ്ലോക്ക്, പഞ്ചായത്തുകഠം ഇവമൂന്നും ഒരേ കുടുംബത്തിലുള്ള അംഗങ്ങളെപ്പോലെയാണ്. മൂന്നുവിഭാഗങ്ങളും ഒരുമിച്ചുകൊണ്ടുപോയാൽ മാത്രമേ ഗ്രാമങ്ങളെ സമുദ്ധരിക്കുവാൻ സാധിക്കുകയുള്ളു എന്ന വിശ്വാസത്തിലാണ് ഈ പരിപാടികഠം സാർവ്വത്രികമായി 1954-ൽ ആരംഭിച്ചത്. അന്നു നമ്മുടെ ഭാരതത്തിൽ 36 കോടി ജനങ്ങളാണുണ്ടായിരുന്നത്. ഇപ്പോഠം അതിന്റെ ഇരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. അന്നും ഇന്നും നമ്മുടെ വികസന ബ്ലോക്കുകഠം തമ്മിൽ തുലനം ചെയ്യുമ്പോഠം എത്രമാത്രം മാററം ഉണ്ടാകണമെന്നു സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. 1954-ൽ വികസനബ്ലോക്കുകഠം ആരംഭിച്ചപ്പോഠം അന്നു ഇൻഡ്യാ ഗവൺമെൻറും പ്ലാനിംഗ് കമ്മീഷനും പറഞ്ഞിരുന്നത് ഒരുലക്ഷം ആളുകഠംക്ക് ഒരു വികസനബ്ലോക്ക് എന്നുള്ളതാണ്. അതോടൊപ്പംതന്നെ ഈ വികസനബ്ലോക്കുകളുടെ കേന്ദ്രങ്ങളായിരിക്കണം ഭാവിയിൽ താലൂക്കുകളെന്നും സൂചിപ്പിക്കുകയുണ്ടായി. വികസന ബ്ലോക്കുകളുടെ അടിസ്ഥാനത്തിൽ തന്നെ താലൂക്കുകളും പുനഃസംവിധാനം ചെയ്യണമെന്നു പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. പക്ഷേ അന്നു ഒരുലക്ഷം ആളുകളുള്ള വികസനബ്ലോക്കുകഠം തന്നെയാണു ഇന്നുമുള്ളത്. അതുകൊണ്ട് വികസനബ്ലോക്കുകഠം അടിയന്തിരമായി പുനഃസംഘടിപ്പിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഏകദേശം 800 കുടുംബങ്ങഠം അല്ലെങ്കിൽ 4000 ആളുകഠംക്കു ഒരു ഗ്രാമസേവകൻ എന്നാണ് അന്നു ഉദ്ദേശിച്ചിരുന്നത്. ഇപ്പോഠം ഗ്രാമസേവകരുടെ പേരുമാററി വില്ലേജ് എക്സ്ററൻഷൻ ഓഫീസർ എന്നാക്കിയിട്ടുണ്ട്. 800 കുടുംബങ്ങഠംക്കു അല്ലെങ്കിൽ 4000 ജനസംഖ്യയ്ക്കു ഒരു ഗ്രാമസേവകൻ എന്നാണ്. അങ്ങനെവരുമ്പോഠം ചുരുങ്ങിയത് 20 ഗ്രാമസേവകരെങ്കിലും ഒരു ബ്ലോക്കിൽ ഉണ്ടായിരിക്കണം. പക്ഷേ ഈ തോത് നമ്മുടെ കേരള സംസ്ഥാനത്തിൽ പൂർണ്ണമായി നടപ്പിലാക്കുവാൻ നമുക്കു ഇതേവരെ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. നാലഞ്ചുഗ്രാമസേവകർ മാത്രമുള്ള ബ്ലോക്കുകളുണ്ട്. 9 ഗ്രാമസേവകർ ഉള്ള ബ്ലോക്കുകളുണ്ട്, ചുരുക്കം ചില ഗ്രാമസേവകർമാത്രമുള്ള ബ്ലോക്കുകളുമുണ്ട്. അതിന്റെ അർത്ഥം അവർക്കു ജോലി വളരെ കൂടുതലാണെന്നാണ്. ഐ.ആർ.ഡി.പി. സംബന്ധിച്ച് ഒരു സുഹൃത്ത് ഇവിടെ സൂചിപ്പിച്ചു. കണ്ണൂരും, തിരുവനന്തപുരവും, കൊല്ലവും, തൃശ്ശൂരും ജില്ലകളിൽ 58 ബ്ലോക്കുകളിലാണ് ഐ.ആർ.ഡി.പി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഒന്നാമത്തെ സ്റേറജിൽ അന്നു 12 ലക്ഷം രൂപയാണു ചെലവഴിച്ചിരുന്നതെങ്കിൽ ഇന്നു അതിന്റെ എത്രയോ ഇരട്ടിയായി. ഉദാഹരണമായി ഐ. ആർ. ഡി. പി. യുള്ള ഒരു ബ്ലോക്കിൽ ഇന്ന് 5 ലക്ഷം രൂപ ചെലവഴിക്കേണ്ടതുണ്ട്. അതിന്റെ അർത്ഥം 5 ലക്ഷം രൂപ സബ്സിഡി കൊടുക്കുമ്പോഠം അതിനേക്കാഠം എത്രയോ കൂടുതൽ ചെലവഴിക്കണം. പരിമിതകർഷകർ, ചെറുകിട കർഷകർ, കർഷകത്തൊഴിലാളികഠം ഈ മൂന്നുവിഭാഗത്തിനും ആനുകൂല്യങ്ങഠം കൊടുക്കുന്ന പദ്ധതിയാണ് സമഗ്ര ഗ്രാമവികസന പരിപാടി. ഈ പരിപാടിയനുസരിച്ച് 5 ലക്ഷം രൂപ സബ്സിഡി കൊടുക്കണം. അതുകൊടുക്കണമെങ്കിൽ അതിന്റെ നാലിരട്ടി സംഖ്യ ചെലവഴിക്കണം. 5 ലക്ഷം രൂപയാണ് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്കിനു സബ്സിഡി കൊടുക്കുന്നതെങ്കിൽ അതിന്റെ നാലിരട്ടി ദേശസാൽക്കൃത ബാങ്കുകളിൽ നിന്നോ സഹകരണസ്ഥാപനങ്ങളിൽനിന്നോ ചെലവഴിക്കേണ്ടതുണ്ട്. ആ വഴിക്കു 20 ലക്ഷം രൂപയാണ് ഒരു ബ്ലോക്കിൽ വരുന്നത്. അങ്ങനെ പലരീതിയിലായി 220 ലക്ഷം രൂപ ചെലവഴിക്കേണ്ടതായിട്ടുണ്ട്. പഴയ ബ്ലോക്കിന്റെ സംവിധാനം തന്നെയാണ് ഇന്നുമുള്ളത്. ഇന്നും അതിനു ഒരു മാററവുമില്ല. ഹർജികൾ പരിശോധിച്ചുകൊണ്ട് ഈ പാവപ്പെട്ട പരിമിതകർഷകർക്കും, ചെറുകിട കർഷകർക്കും, കർഷകത്തൊഴിലാളികൾക്കും ആനുകൂല്യങ്ങൾ കൊടുക്കണമെങ്കിൽ അതിനാവശ്യമായ സ്ററാഫില്ലാത്തതുകൊണ്ട് ഇന്നു പല വിഷമങ്ങളും ഉണ്ടാകുന്നുണ്ടെന്നുള്ളതാണു വസ്തുത. നന്നായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർ ഇല്ലെന്നല്ല ഞാൻ പറയുന്നത്. ഉദാഹരണമായി തളിപ്പറമ്പു ബ്ലോക്കിലെ ബി.ഡി.ഒ.യും സ്ററാഫും അവിടെ 18.75 ലക്ഷം രൂപ ചെലവഴിക്കുവാൻ ആവശ്യമായ സ്ററാഫ് ഇല്ലെങ്കിലും അവരുടെ അത്യദ്ധ്വാനത്തിന്റെ ഫലമായി കഠിനമായി ജോലി ചെയ്തതുകൊണ്ടാണ് ഈ സംഖ്യ മുഴുവൻ ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഇത്തരം ഉദ്യോഗസ്ഥൻമാർക്ക് പ്രോൽസാഹനം നൽകുന്ന നടപടികളുണ്ടാകണം. നല്ലനിലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാർക്കു അർഹതാ സർട്ടിഫിക്കററോ മറെറന്തെങ്കിലും പ്രോൽസാഹനമോ കൊടുക്കുവാൻ കഴിയണം. എങ്കിൽ മററുള്ളവർക്കും ജോലി ചെയ്യാൻ പ്രചോദനം കിട്ടി മുന്നോട്ടു വരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അപ്പോൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഇത്തരം ആളുകളെ സമുദ്ധരിക്കുവാനുള്ള പരിപാടികൾ നടപ്പിലാക്കാൻ എല്ലാ ഏർപ്പാടുകളും വേണം. ഇന്നു ഐ.ആർ.ഡി.പി. അനുസരിച്ചു പല പരിപാടികളും നടപ്പിലാക്കുന്നുണ്ട്. പശു, ആട്, എരുമ ഇവയെല്ലാം കൊടുക്കുന്നുണ്ട്. പക്ഷേ ഈ പശു, ആട്, എരുമ എല്ലാം കൊടുക്കുമ്പോൾ അതു കോയമ്പത്തൂരിൽനിന്നും കൊണ്ടുവരണമെന്നാണു പറയുന്നത്. കോഴിക്കോടുതന്നെ നല്ല പശുക്കളെ കിട്ടിയാൽ വാങ്ങിക്കുവാൻ കഴിയണം. ഇന്നു സബ്സിഡിയുടെ നല്ലൊരു ഭാഗം സാധാരണക്കാരനു ലഭിക്കുന്നില്ല. യാത്രച്ചെലവും മററുമായി ചോർന്നുപോകുകയാണ്. നല്ല കന്നുകാലികൾ അടുത്ത പ്രദേശങ്ങളിൽ ഉണ്ടെങ്കിൽ വാങ്ങിക്കുവാനുള്ള സംവിധാനം ഉണ്ടാകണം. അതു ലാഭകരമായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

മറെറാരുകാര്യം, ബ്ലോക്കിലുള്ളത് ഒരു ജൂനിയർ എഞ്ചിനീയറും ഒരു സൂപ്പർവൈസറും ആണ്. ഏതാനും വർഷങ്ങൾക്കുമുമ്പു ഒരു ജൂനിയർ എഞ്ചിനീയർക്കു കൊടുത്തിട്ടുള്ളതിന്റെ 9 ഇരട്ടി ജോലി ഇപ്പോൾ കൊടുത്തിരിക്കുകയാണ്. മൈനർ ഇറിഗേഷൻ വർക്കിന്റെ എസ്ററിമേററ്, ഫുഡ് ഫോർ വർക്കിന്റെ എസ്ററിമേററ്, വില്ലേജു റോഡുകളുടെ എസ്ററിമേററ്, ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൽനിന്നും കുഴിക്കുന്ന കിണറുകളുടെയും വീടുകളുടെയും എസ്ററിമേററ്, സഹകരണസ്ഥാപനങ്ങളുടെ വീടുകളുടെ എസ്ററിമേററ് ഇങ്ങനെയുള്ള 9 വിവിധ വർക്കുകളുടെ എസ്ററിമേററ് ഒരു ജൂനിയർ എഞ്ചിനീയർ ചെയ്യണം. ഈ 9 വർക്കുകൾ ഒരു ജൂനിയർ എഞ്ചിനീയർ ചെയ്യുകയെന്നു പറഞ്ഞാൽ ശരിയായി ചെയ്യാൻ ഒക്കുകയില്ലായെന്നുള്ളതാണ് പരമാർത്ഥം. അതുകൊണ്ട് ഓരോ ബ്ലോക്കിലും ഓരോ അഡീഷണൽ ജൂനിയർ എഞ്ചിനീയറുടെയും സൂപ്പർവൈസറുടെയും തസ്തിക ഉണ്ടാക്കിയാൽ മാത്രമേ കാര്യങ്ങൾ ഭംഗിയായി ചെയ്യാൻകഴിയൂ. അതുകൊണ്ട് എല്ലാ വികസന ബ്ലോക്കുകളിലും, അടിയന്തിരമായി ഈ പദ്ധതി പ്രദേശത്തെങ്കിലും ഓരോ ജൂനിയർ എഞ്ചിനീയറെയും ഓവർസിയറെയും നിയമിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നു ബ്ലോക്കുകളിൽ മരാമത്തു പണികളുടെ മേൽനോട്ടം വഹിക്കുന്നത് പി.ഡബ്ലിയു.ഡി. വിഭാഗമാണ്. പി.ഡബ്ലിയു.ഡി. ക്കുതന്നെ ഇന്നു ധാരാളം ജോലിയുണ്ട്. 2 ലക്ഷത്തിൽ താഴെവരുന്ന എല്ലാ സംഖ്യകളുടെയും പ്രവൃത്തി നടത്തുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. അവർക്കു കൂടുതൽ വർക്കുള്ളതുകൊണ്ട് തക്കസമയത്തു ജോലി ചെയ്തു തീർക്കുവാൻ സാധിച്ചു എന്നു വരികയില്ല. അതുകൊണ്ട് ജില്ലാ കളക്ടറുടെ ഓഫീസിൽതന്നെ വികസനബ്ലോക്കുകളുടെ ആവശ്യത്തിനുവേണ്ടി പ്രത്യേകമായ ഒരു എഞ്ചിനീയറിംഗ് വിംഗ് ഉണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം. എന്നാൽ തക്കസമയത്ത് നമുക്ക് ഈകാര്യങ്ങളൊക്കെ ചെയ്തുകൊടുക്കാൻ കഴിയും. അതുകൊണ്ട് ഒരു എഞ്ചിനീയറിംഗ് വിംഗ് വികസന ബ്ലോക്കുകളുടെ പ്രവർത്തനത്തിനു ചുമതലവഹിക്കുന്നതിന് കളക്ടറേററുകളിൽ ഉണ്ടാക്കണമെന്നാണ് എനിക്കുപറയാനുള്ളത്.

അതുപോലെതന്നെ ഐ.ആർ.ഡി.പി. യിൽ ഇപ്പോഴും തന്നെ മൃഗസംരക്ഷണത്തിനുള്ള സംവിധാനമുണ്ട്. മിക്ക ബ്ലോക്കുകളിലും ഇതു നടപ്പാക്കാനുള്ള സർജൻമാരില്ല. കണ്ണൂരിൽ പയ്യന്നൂർ, കാസർകോട്, തളിപ്പറമ്പ് ഈ ബ്ലോക്കുകളിൽമാത്രമേ സർജൻമാരുള്ളു. മറെറാരു ബ്ലോക്കിലും സർജൻമാരില്ല. അതുകൊണ്ട് ഇതെല്ലാം പരിശോധിച്ച് സബ്സിഡി കൊടുക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് സർജൻമാരെ നിയമിക്കാൻ മൃഗസംരക്ഷണ ഡിപ്പാർട്ടുമെൻറിനോടു അടിയന്തിരമായി മന്ത്രി ആവശ്യപ്പെടണം. ഐ.ആർ.ഡി.പി. ഉള്ള സ്ഥലത്തെല്ലാം ഇവരെ നിയമിക്കാനുള്ള സംവിധാനമുണ്ടാകണം.

ഇപ്പോഴംതന്നെ 1500 ബാലവാടികഠം തുറന്നുകഴിഞ്ഞു. ഈ ബാലവാടികഠംക്ക് കെയറിൽനിന്ന് കൊടുക്കുന്നത് മൂവായിരം രൂപയും ഗവൺമെൻറിൽനിന്നു കൊടുക്കുന്നത് ആയിരം രൂപയുമാണ്. ബാക്കിയുള്ളത് മഹിളാസമാജങ്ങഠം ഉണ്ടാക്കണമെന്നാണ് പറയുന്നത്. മഹിളാസമാജങ്ങഠംക്ക് നമ്മുടെ രാജ്യത്ത് ഈ സംഖ്യ പിരിച്ചുണ്ടാക്കാൻ ബുദ്ധിമുട്ടാണ്. അപ്പോഠം പഞ്ചായത്തുകളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. പഞ്ചായത്തുകളാണ് സഹായിക്കേണ്ടത്. എന്നാൽ ഒരു പഞ്ചായത്തും ഈ കാര്യത്തിൽ സഹകരിക്കുന്നില്ല. അതിനു ചില പ്രത്യേക കാരണങ്ങളുമുണ്ട്. ഇന്നു ഇവിടെ നടക്കുന്ന പ്രവർത്തനങ്ങഠം ശരിയായ രീതിയിലുള്ള പ്രവർത്തനങ്ങഠം അല്ലെന്നു വിശ്വസിക്കുന്ന ആളുകഠം ഈ രാജ്യത്തുണ്ട്. അതുകൊണ്ട് ഈ വിഭാഗത്തിന് യാതൊരു സഹായവും അവർ കൊടുക്കുന്നില്ല. അപ്പോഠം ഏകദേശം, എണ്ണായിരം പതിനായിരം രൂപവരെ വരുന്ന ഈ കെട്ടിടങ്ങളുടെ ചെലവു നിർവ്വഹിക്കാൻ അതാതു പ്രദേശങ്ങളിലെ മഹിളാസമാജങ്ങഠംക്കു കഴിയാത്തതുകൊണ്ട് ഗവൺമെൻറ് കൊടുക്കുന്ന ആയിരംരൂപ രണ്ടായിരം രൂപയായി വർദ്ധിപ്പിക്കണം. അതു ചെയ്യേണ്ട ഒരു കാര്യമാണ്.

അതോടൊപ്പംതന്നെ ഈ ബാലവാടികളിൽ ജോലി ചെയ്യുന്ന അദ്ധ്യാപികമാരുണ്ട്. കാലത്തു പത്തുമണിക്ക് അവർ വന്നു കഴിഞ്ഞാൽ അഞ്ചുമണിക്കാണ് തിരിച്ചുപോകുന്നത്. ആളുകഠംവന്ന് അതാതു കുട്ടികളെ കൊണ്ടുപോയാൽ മാത്രമേ അവർക്കും പോകാൻ പററുകയുള്ളു. അവർക്കു കൊടുക്കുന്ന സംഖ്യ 25 രൂപയാണ്. ഈ 25 രൂപയിൽ കുറച്ചുകൂടി മാററം വരുത്തണം. ചുരുങ്ങിയത് 100 രൂപയെങ്കിലും കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. അടുത്ത നാലുവർഷംകൊണ്ട് ഏതാണ്ട് നാന്നൂറു

LIBRARY ARCHIVES Kerala Legislative Assembly

ബാലവാടികൾ ഇനിയും തുറക്കാൻ പോകുന്നതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്.

മറെറാരുകാര്യം ഗതാഗതത്തിന്റെ കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് വിവിധ ബ്ലോക്കുകളിലായി 400 കിലോ മീററിലധികം റോഡുകൾ ക്രാഷ് പ്രോഗ്രാമനുസരിച്ചു നിർമ്മിച്ചിരിക്കുകയാണ്. ആ റോഡുകൾ എല്ലാംതന്നെ 28 അടിവീതിയിലുള്ളതാണ്. ഇത്തരം റോഡുകൾ ഒന്നുകിൽ അടിയന്തിരമായി പി.ഡബ്ലിയു.ഡി. ഏറെറടുക്കണം. അല്ലെങ്കിൽ ബ്ലോക്കുകളിൽക്കൂടി ഈ റോഡുകളുടെ മെയിൻറനൻസ് നടത്താനുള്ള സംവിധാനമുണ്ടാക്കണം. അതുപോലെതന്നെ നമ്മുടെ ഗ്രാമപ്രദേശങ്ങളുടെ റോഡുകൾക്കുവേണ്ടി കഴിഞ്ഞ സാമ്പത്തികവർഷത്തിൽ നീക്കിവച്ചിരുന്ന തുകയേക്കാൾ കുറഞ്ഞ തുകമാത്രമാണ് ഈ തവണത്തെ ബഡ്ജററിൽ നീക്കിവച്ചിരിക്കുന്നത്. ഇത് എങ്ങനെ വന്നു എന്ന് നിശ്ചയമില്ല. ഗ്രാമപ്രദേശങ്ങളിൽ ഗതാഗതസൗകര്യം ഏററവും അത്യാവശ്യമായ ഒരു കാര്യമാണ്. എന്നാൽ ഈ വർഷം വളരെ കുറച്ചു സംഖ്യ മാത്രമേ നീക്കിവച്ചിട്ടുള്ളു. കൂടുതൽ സംഖ്യ ഇതിലേക്ക് നീക്കിവയ്ക്കാൻ തയ്യാറാകണമെന്നാണ് എനിക്കു പറയാനുള്ളത്.

ഗിരിവർഗ്ഗ ക്ഷേമനിധിയിൽനിന്ന് ഗിരിവർഗ്ഗക്കാർക്ക് നിരവധി ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. കിണ്ടി, വിളക്ക് മുതലായവയെല്ലാം കൊടുക്കുന്നുണ്ട്. പക്ഷെ, അത് ഒരു വിഭാഗം ഗിരിവർഗ്ഗക്കാർക്കു മാത്രമേ കിട്ടുന്നുള്ളു. മാവിലൻമാർ, കരിമ്പാലൻമാർ എന്നിവർക്കു ഈ ആനുകൂല്യങ്ങൾ കിട്ടുന്നില്ല. അതിനു പറയുന്ന കാരണം അവർ ട്രൈബിന്റെ പട്ടികയിൽ വരുന്നില്ലെന്നുള്ളതാണ്. അതുകൊണ്ട് ഈ വിഭാഗങ്ങളെക്കൂടി ട്രൈബ്സിന്റെ പട്ടികയിൽപെടുത്താൻ ഗവൺമെൻറ് ആത്മാർത്ഥമായി പരിശ്രമിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്ത് ചികിൽസാസൗകര്യം കൂടുതൽ ഉണ്ടെന്നകാര്യത്തിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്. ഒരു പഞ്ചായത്തിൽ ഒരു ഡിസ്പെൻസറി എന്ന തത്വം അംഗീകരിച്ചു നടപ്പാക്കിയിട്ടുള്ള ഈ സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ ആയിരം ജനസംഖ്യയാണെങ്കിൽ മറെറാരു പഞ്ചായത്തിൽ അമ്പതിനായിരം ജനസംഖ്യയുണ്ട്. അപ്പോൾ ആ തത്വം മാററിവച്ചുകൊണ്ട് പഞ്ചായത്തടിസ്ഥാനത്തിൽ അല്ലാതെതന്നെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഡിസ്പെൻസറികൾ അനുവദിക്കണം. അതുപോലെതന്നെ 100 ഡിസ്പെൻസറികളിൽ പത്തുവീതം ബഡ്ഡുകൾ പുതുതായി അനുവദിക്കുന്നതാണെന്നു പറയുകയുണ്ടായി. സ്വാഗതാർഹമായ കാര്യമാണ്. ആ പദ്ധതി കഴിയുന്നത്രവേഗത്തിൽ നടപ്പിലാക്കാൻ ഗവൺമെൻറ് ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം കണ്ണൂർ ജില്ലാ ആശുപത്രി പരിശോധിക്കുകയാണെങ്കിൽ സർജിക്കൽ വാർഡിൽ ഈ ഉഷ്ണകാലത്തുപോലും ഫാൻ സൗകര്യമില്ല. മന്ത്രിക്കും അറിയാവുന്നകാര്യമാണ്. ഇത്. അതുകൊണ്ട് അടിയന്തിരമായി ഈ കാര്യങ്ങളിൽ പ്രായോഗികമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പി.ഡബ്ലിയു.ഡി.യെക്കൊണ്ടു ചെയ്യിക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഡിമാൻറുകളെല്ലാം ഒരിക്കൽകൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വാസുദേവമേനോൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നത്, കോടിക്കണക്കിന് രൂപാ ചെലവാക്കുന്ന ഈ വകുപ്പ് സർക്കാർ കാര്യംമുറപോലെ എന്നരീതിയിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ്. ഈ മെഡിക്കൽ വകുപ്പിന്റെ പ്രവർത്തനത്തെസംബന്ധിച്ച അനുഭവം ഈ സഭയിലെ തന്നെ അംഗങ്ങൾക്കുണ്ട്. ഇത് ഇന്നുണ്ടായതാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണെന്ന് പറയുന്നത് സാഹസമാണ്. കഴിഞ്ഞകാലത്ത് ഈ വകുപ്പ്, ആളുകൾ കുറവായതുകൊണ്ട് അവരുടെകൂടി സഹായം വേണ്ടതുകൊണ്ട് ചില പ്രത്യേക കക്ഷികൾക്ക് ചാർത്തിക്കൊടുത്തതായിരുന്നു. അതുകൊണ്ട് അതിന്റെ തുടർച്ചയാണ് ഈ ഗവൺമെന്റ് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയാൻ തയ്യാറാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

സർ, ഈ സഭയിലെ തന്നെ അന്തരിച്ചുപോയ ബഹുമാനപ്പെട്ട കാസർകോടു മെമ്പർ ഇബ്രാഹിം അവസാനമായി പറഞ്ഞത് ''എന്നെ ഈ മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നു മാററണം, ഇവിടെകിടന്നു മരിക്കാൻ അനുവദിക്കരുത്'' എന്നതായിരുന്നു. സർ, ബഹുമാനപ്പെട്ട എം.കെ. കൃഷ്ണൻ ഓപ്പറേഷൻ ചെയ്യപ്പെട്ടു കിടന്നസമയത്ത് ഞാൻ കണ്ടിരുന്നു. അദ്ദേഹത്തിന്റെ സ്ഥിതി വളരെ ഗുരുതരമായിരുന്നു. അദ്ദേഹത്തെ പരിശോധിക്കേണ്ടത് ഏതു ഡോക്ടറാണ് എന്ന തർക്കം കൊണ്ട് വളരെയധികം വിഷമങ്ങൾ അനുഭവിക്കേണ്ടതായിട്ടുവന്നു. അദ്ദേഹം ജീവിച്ചുപോകുന്നത് ആയുസ്സിന്റെ ബലംകൊണ്ടെന്നേ പറയേണ്ടതുള്ളു. അതുപോലെതന്നെ ഈ സഭയിലെ, അന്തരിച്ചുപോയ ടി.വി. തോമസ് മന്ത്രിസ്ഥാനം രാജിവയ്ക്കാതിരുന്നത്, ആ മെഡിക്കൽ കോളേജ് ആശുപത്രിയിൽ രാജിവച്ചു കിടന്നിരുന്നെങ്കിൽ അതിനു എത്രയോ മുമ്പ് അദ്ദേഹം മരിക്കുമായിരുന്നു. സർ, അതാണ് അനുഭവം. ഇതിന് വലിയ സ്ഥിതിവിവരക്കണക്കുകളെല്ലാം ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കാം. ഇൻഡ്യയിൽ മറെറാരു സംസ്ഥാനത്തും, ഇല്ലാത്ത വിധത്തിൽ സൗകര്യം വർദ്ധിപ്പിച്ചിരിക്കുന്നു, വിദഗ്ദ്ധൻമാരുടെ കാര്യത്തിൽ കുറവില്ല, എക്യുപ്മെൻറിന്റെ കാര്യത്തിൽ കുറവില്ല, സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. എന്നാൽ ബഹുമാനപ്പെട്ട ആരോഗ്യ മന്ത്രി തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിച്ചിട്ടുള്ള ആളാണ്, സാധാരണജനങ്ങളുമായി ബന്ധമുള്ള ആളാണ്. നമ്മുടെ രാജ്യത്തെ സാധാരണ ജനങ്ങൾക്ക്, അറുപതു ശതമാനത്തിലധികം വരുന്ന ജനങ്ങൾക്ക് ഇത് പ്രയോജനപ്പെടുത്തുന്നുണ്ടോ? യഥാർത്ഥത്തിൽ ഇതു പ്രയോജനപ്പെടുന്നുണ്ടോ? ഇത് അവർക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഈ ഡിപ്പാർട്ടുമെൻറിൽ എന്തെങ്കിലും പുനസംവിധാനമോ പുനഃസംഘടനയോ വരുത്താൻ ബഹുമാനപ്പെട്ട മന്ത്രിക്കു സാധിക്കുമോ? സർ, അതാണ ഈ വകുപ്പുകൈകാര്യം ചെയ്യുന്ന ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അതിന്റെ വിജയം.

ആധുനികരീതിയിലുള്ള പല കണ്ടുപിടിത്തങ്ങളെക്കുറിച്ചുമൊക്കെ പത്രത്തിൽ വാർത്തകളും വിദഗ്ദ്ധൻമാരുടെ ലേഖനവുമൊക്കെ വരുന്നുണ്ടെങ്കിലും അതെന്താണെന്ന് ഒന്നു തിരിഞ്ഞുനോക്കാൻപോലും സാധിക്കുകയില്ല. പ്രത്യേകിച്ചും ഇനി ഈ രാജ്യത്തു രോഗംവർദ്ധിക്കാൻ പോകുകയാണ്. 65 ശതമാനം ജനങ്ങളും ദാരിദ്ര്യരേഖയ്ക്കുതാഴെ കഴിയുന്ന സ്ഥിതിക്ക് രോഗങ്ങൾ വർദ്ധിക്കുമെന്നുള്ളതിൽ മന്ത്രിക്കുപോലും സംശയമുണ്ടായിരിക്കുകയില്ല. കൂടുതലും സാധാരണജനങ്ങൾക്കായി

LIBRARY ARCHIVES Kerala Legislative Assembly

രിക്കും രോഗം വർദ്ധിക്കുക. അതുകൊണ്ട് അവർക്ക് ആധുനിക രീതിയിലുള്ള വൈദ്യസഹായം കിട്ടത്തക്കവിധത്തിൽ ഒരു പുനഃസംഘടന നടത്താൻ തയ്യാറാകണം. ഈ കാര്യത്തിനുവേണ്ടി ഡോക്ടർപൈയുടെ നേതൃത്വത്തിൽ ഒരു കമ്മിററിയെ നിയമിച്ചിരുന്നു. അതിന്റെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നാണു കേൾക്കുന്നത്. ആ റിപ്പോർട്ടു പൂർണ്ണമായി ലഭിച്ചുകഴിഞ്ഞാൽ ഈ സഭയിൽവച്ചു ചർച്ചചെയ്യാനുള്ള ഒരവസരംകൂടി ഉണ്ടാക്കിത്തരണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

സർ, അടുത്തതായി രണ്ടുവാക്കു പറയാനുള്ളത് അത്യാഹിത വിഭാഗത്തിനെക്കുറിച്ചാണ്. അത്യാഹിതകേസുംകൊണ്ട് ഞാനും പലതവണ ആശുപത്രിയിൽ പോയിട്ടുണ്ട്. ഏററവും അടിയന്തിരമായി ചികിൽസ ലഭിക്കേണ്ട വിഭാഗമാണ് അത്യാഹിതവിഭാഗം. പക്ഷേ സ്ഥിതിമറിച്ചാണ്. പാവപ്പെട്ട ആളുകളാണു ചെല്ലുന്നതെങ്കിൽ പത്തെഴുപതു രൂപയുടെ പ്ലാസ്ററർ അടക്കമുള്ള സാധനങ്ങൾ വെളിയിൽനിന്നു വാങ്ങണം. എങ്കിൽമാത്രമേ ഗുരുതരമായ പരിക്കുപററിവയർക്ക് അടിയന്തിരചികിൽസ ലഭിക്കുകയുള്ളു. ഈ ആശുപത്രികളൊക്കെ ബഹുമാനപ്പെട്ട മന്ത്രി സന്ദർശിക്കുകയും അവിടത്തെ അഡ്വൈസറികമ്മിററികളും ഡോക്ടർമാരുമായി പ്രശ്നങ്ങൾ ആലോചിച്ച് അവയ്ക്കൊരുപരിഹാരമുണ്ടാക്കുകയുംവേണം. അതുപോലെതന്നെ ഉള്ള മരുന്നും ഉള്ള സംഖ്യയും കൊണ്ട് എങ്ങനെ ഫലപ്രദമായി മുന്നോട്ടുപോകാമെന്നുള്ളതിനെക്കുറിച്ചും ആലോചിച്ച് ഒരു സംവിധാനമുണ്ടാക്കണം.

സർ, നമ്മുടെ രാജ്യത്തു നല്ലനല്ല ഡോക്ടർമാരുണ്ട്. പക്ഷേ അതിൽ ബഹുഭൂരിപക്ഷംവരുന്ന ഡോക്ടർമാർക്കും മനുഷ്യസ്നേഹം തൊട്ടുതെറിച്ചിട്ടില്ല. അവർക്ക് പണത്തിനല്ലാതെ മററു യാതൊന്നിലും ശ്രദ്ധയില്ല. പണമുണ്ടെങ്കിൽമാത്രമേ അവരുടെ കണ്ണുതുറക്കുകയുള്ളു. മിസാക്കാലത്ത് അബ്ദുള്ള മരിക്കാൻ ഇതും ഒരു കാരണമാണ്. അന്നു ഡ്യൂട്ടിയിലായിരുന്ന ഡോക്ടറുടെ അനാസ്ഥകൊണ്ടും അവഗണനകൊണ്ടുമാണ് അബ്ദുള്ള മരിച്ചത്. അദ്ദേഹത്തിന്റെ രക്തംപരിശോധിക്കാനും മററും വേണ്ട ഏർപ്പാടുകൾ തക്കസമയത്തു ചെയ്തിരുന്നെങ്കിൽ അങ്ങനെയൊരു മരണം സംഭവിക്കുകയില്ലായിരുന്നു. അതുപോലെതന്നെ അടുത്ത കാലത്ത് മിച്ചഭൂമി സമരത്തെത്തുടർന്ന് ആളുകളെ ആശുപത്രിയിൽ കൊണ്ടുചെന്നപ്പോഴും ഇതേ ഡോക്ടറായിരുന്നു ഡ്യൂട്ടിയിലുണ്ടായിരുന്നത്. ജയിലിൽനിന്നും കൊണ്ടുപോയ ആളുകളോട് അദ്ദേഹം മിച്ചഭൂമിസമരത്തെക്കുറിച്ചും മററുമാണ് ചോദിച്ചത്. അതാണദ്ദേഹത്തിനറിയേണ്ടത്. അല്ലാതെ രോഗമെന്താണെന്നൊന്നുമല്ല. അതുപോലെയുള്ള ഡോക്ടർമാർ ധാരാളമുണ്ട്. പത്തുലക്ഷത്തോളം രൂപ വിലപിടിപ്പുള്ള കെട്ടിടങ്ങളും മററുമാണ് കെട്ടിയിട്ടിട്ടുള്ളത്. ഇതുപോലെയുള്ള ഡോക്ടർമാരുടെ വരുമാനത്തിന്റെ കാര്യം പരിശോധിച്ചാൽ അറിയാം സ്ഥിതി. സർവ്വീസിൽ കയറുന്നതിനുമുൻപുള്ള സ്ഥിതിയെന്തായിരുന്നു പിന്നീടുള്ള സ്ഥിതിയെന്താണ് എന്നുള്ളതെല്ലാം വ്യക്തമായി നമുക്കു മനസ്സിലാക്കാൻസാധിക്കും. ചികിൽസിക്കുന്നതിനു പകരം ഇതൊരവസരമായി ഉപയോഗിച്ച് കൊള്ളനടത്തുകയാണ്. ചില ഡോക്ടർമാരാണെങ്കിൽ ലീവെടുത്ത് വിദേശങ്ങളിൽ പോകും. തിരിച്ചുവരുമ്പോൾ വീണ്ടും അവർക്കിവിടെ ഉദ്യോഗമുണ്ട്. വിദേശങ്ങളിൽ പോയി വൈദഗ്ദ്ധ്യം പ്രകടിപ്പിക്കലാണ് ആവശ്യമെങ്കിൽ അവരെ ഈ സർവ്വീസിൽനിന്നു പോകാൻ പറയണം. അവിടെപോയി പണം സമ്പാദിക്കുകയും തിരിച്ചിവിടെവന്നു സർവ്വീസിലിരിക്കുകയും വേണമെന്നു പറയുന്നത് വളരെ കഷ്ടമാണ്. അവർക്ക് ഇവിടത്തെ രോഗികളെയോ ജനങ്ങളെയോ ശ്രദ്ധിക്കുന്നതിൽ യാതൊരു താൽപ്പര്യവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ പ്രൈവററ് പ്രാക്ടീസ് നിറുത്തുന്നതിനെപ്പററി ഇവിടെ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. പല ആലോചനകളും നടന്നു. ഇപ്പോഠം അനക്കമില്ല. ഡോക്ടർമാർക്ക് ന്യായമായ ശമ്പളം കൊടുക്കണം. ഇനിയും വർദ്ധിപ്പിക്കണമെങ്കിൽ വർദ്ധിപ്പിക്കണം. പക്ഷേ പ്രൈവററ് പ്രാക്ടീസ് നിലനിൽക്കുന്നിടത്തോളംകാലം ആശുപത്രിയിലെ രോഗികളെ സംരക്ഷിക്കാൻ പണത്തിനാഗ്രഹമുള്ള ഡോക്ടർമാർക്കു കഴിയുകയില്ല. സർ, പണത്തിന് എല്ലാവർക്കും ആഗ്രഹമുണ്ട്. പക്ഷേ അത്യാഗ്രഹമുള്ളവർ ഇതിനു തയ്യാറാകുകയില്ല. സർവ്വീസിന്റെ കാര്യത്തിൽ ഇതുപോലെയുള്ള ഇൻസ്ററിററ്യൂഷൻസെല്ലാം വർദ്ധിച്ചിട്ടുണ്ടെങ്കിലും ഇതനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിച്ചിട്ടില്ലെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. അഞ്ചുകൊല്ലംമുൻപുള്ള സ്ററാഫ് തന്നെയാണ് ഇന്നും. ഈ യന്ത്രത്തിൽകൂടിവേണം ഈ കടലാസുകളെല്ലാം നീങ്ങേണ്ടത്. എന്തുസംഗതിവേണമെങ്കിലും ഈ ഡിപ്പാർട്ടുമെൻറിൽ കൂടി നടപ്പിലാക്കണം. പക്ഷേ ഡിപ്പാർട്ടുമെൻറിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് യാതൊന്നും ചെയ്തിട്ടില്ലെന്നാണെനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുപോലെതന്നെ സീനിയോറിട്ടിയും ഗ്രേഡും ഇതുവരെ നിശ്ചയിക്കാത്ത ഒരു ഡിപ്പാർട്ടുമെൻറുണ്ടെങ്കിൽ അത് ഇതാണ്. താൽപ്പര്യമുള്ള ആളുകളെ സൗകര്യമുള്ള സ്ഥലത്തു കയററിയിരുത്താനുള്ള ശ്രമങ്ങഠം ഇന്നും ഇവിടെ നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ ജീവനക്കാർ ഗവൺമെൻറിനു നിവേദനം കൊടുത്തിട്ട് അവരുമായി ഒരു കൂടിയാലോചന നടത്താൻപോലും ഗവൺമെൻറ് ഇന്നുവരെ തയ്യാറായിട്ടില്ല. നൂറനാട് ആശുപത്രിയിലെ ലെപ്രസി സൂപ്രണ്ട് ഇപ്പോഠം ഡെപ്യൂട്ടി ഡയറക്ടർകൂടി ആണെന്നാണ് പറയുന്നത്. ഇതുപോലെയുള്ള അഡീഷണൽ ചാർജ് അനുവദിക്കുകയില്ലെന്നു സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനുശേഷവും ഇങ്ങനെ പ്രത്യേകം ചില ആളുകളെ ഇരുത്തുന്നതെന്തിനാണ്? ചില ആളുകഠക്ക് ഇങ്ങനെ പ്രൊമോഷൻ കൊടുക്കുകയും മററുള്ളവരുടെ പ്രൊമോഷൻ തടയുകയും ചെയ്യുന്ന ഏർപ്പാട് ശരിയല്ല. ഇതുപോലെ അവിഹിതമായി എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ അതു ശ്രദ്ധിക്കണം.

സർ, മെഡിക്കൽ വിദ്യാഭ്യാസത്തിന് ഒരു പ്രത്യേക ഡയറക്ടറേററു രൂപീകരിക്കണമെന്നുള്ള അഭിപ്രായം ഗവൺമെൻറിന്റെ പരിഗണനയിൽ ഉണ്ടായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്ന് അതു മാററി. സെക്രട്ടേറിയററിനകത്തുനിന്നുണ്ടാകുന്ന പ്രൊപ്പോസൽ അതിനകത്തുനിന്നു പുറത്തുകടക്കാതിരിക്കാനുള്ള ശ്രമം നടത്തുകയാണ്. സെക്രട്ടേറിയററിനകത്തുതന്നെയുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും മററുള്ള ആളുകളും ചേർന്നുള്ള ഒരു സെൽ മതി എന്നുള്ള അഭിപ്രായത്തിലെത്തിയിട്ടുണ്ടെന്നാണു ഞാൻ മനസ്സിലാക്കുന്നത്. ഇതു കൈകാര്യംചെയ്യുന്നതു വിദഗ്ദ്ധൻമാരായ ആളുകഠംതന്നെയായിരിക്കണം. അതിനുവേണ്ടി ഒരു പ്രത്യേക ഡയറക്ടറേററ് തന്നെ ഉണ്ടാക്കുന്നതാണ് അഭികാമ്യം. അതായിരിക്കും മെഡിക്കൽവിദ്യാഭ്യാസം ശരിക്കും മുന്നോട്ടു കൊണ്ടുപോകാൻ സഹായകമാകുക.

സർ, ആലപ്പുഴ മെഡിക്കൽകോളേജിന് ഇക്കഴിഞ്ഞ കൊല്ലംതന്നെ തറക്കല്ലിടുമെന്ന് മുൻആരോഗ്യമന്ത്രി പ്രഖ്യാപിച്ചിരുന്നു. നൂറോളം ഏക്കർ സ്ഥലം അതിനുവേണ്ടി അവിടെ എടുത്തിട്ടുണ്ടായിരുന്നു അതെല്ലാം ഇന്നു തരിശായികിടക്കുകയാണ്. 37 ഏക്കറോ മറേറാ ഇനി

LIBRARY ARCHIVES Kerala Legislative Assembly

എടുക്കാൻ ബാക്കിയുണ്ട്. അങ്ങനെ പൂർണ്ണമായ അകപിസിഷനും നടന്നിട്ടില്ല, തറക്കല്ലിടലും നടന്നിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലമായ ആ പ്രദേശത്തുനിന്നും ആളുകൾ ഇതെപ്പറ്റി പരാതിപ്പെട്ടിട്ടുണ്ട്. അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

സർ, അടിയന്തിരാവസ്ഥക്കാലത്ത് ചില ആളുകളുടെ അവകാശങ്ങളൊക്കെ എടുത്തുകളഞ്ഞിരുന്നു. ഫാർമസിസ്റ്റ്, ലാബ്രട്ടറി ടെക്നീഷ്യൻ ഇവരുടെയെല്ലാം വീക്ക്ലി ഓഫ് എടുത്തുകളഞ്ഞിരുന്നു. അതിൽ ഫാർമസിസ്റ്റിന്റെ വീക്ക്ലി ഓഫ് പുനഃസ്ഥാപിച്ചിട്ടുണ്ട്. ലാബ്രട്ടറി ടെക്നീഷ്യന്റെ വീക്ക്ലി ഓഫ് ഇനിയും പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ല. അവർക്കും ഈ ആനുകൂല്യം അനുവദിച്ചു കൊടുക്കണമെന്നും അവരോടുമാത്രം ഈ വിവേചനം കാണിക്കരുതെന്നുമാണെന്റെ അഭ്യർത്ഥന.

അതുപോലെതന്നെ ഒരു പഞ്ചായത്തിന് ഒരു ഡിസ്പെൻസറി എന്ന ഗവൺമെൻറിന്റെ തത്വം വളരെ ശരിയാണ്. പക്ഷേ ചില പഞ്ചായത്തുകൾക്ക് വളരെയേറെ ബുദ്ധിമുട്ടനുഭവിക്കേണ്ടിവരുന്നുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ഓർക്കണം. തമിഴ്നാട്ടിന്റെ അതിർത്തിയോടു തൊട്ടുകിടക്കുന്ന മുതലമട പഞ്ചായത്തിന്റെ ഒരു ഭാഗം ഈ പഞ്ചായത്തിൽ നിന്നും പത്തറുപതുമൈൽ അകലെയാണ്. അതുപോലെതന്നെ പറമ്പിക്കുളം എന്നുപറയുന്ന പ്രദേശവും മുതലമട പഞ്ചായത്തിൽനിന്നും പത്തമ്പത്തഞ്ചു മൈൽ അകലെയാണ്. അവിടെയുള്ള ആളുകൾക്ക് ആശുപത്രിയിൽ പോകണമെങ്കിൽ പൊള്ളാച്ചിവഴി മുപ്പത്തിനാലുമൈൽ സഞ്ചരിക്കണം. ഇതുപോലെതന്നെയാണ് നെല്ലിയാമ്പതി പഞ്ചായത്തിലെയും സ്ഥിതി. ഈ പ്രദേശങ്ങളിലെ ആളുകളും ഇവിടത്തെ പൗരൻമാരാണെന്ന കാര്യം പരിഗണിച്ച് അവർക്കുംകൂടി ചികിൽസാസൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. കെ. കേശവൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ജനസഹകരണത്തോടുകൂടി വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനുള്ള പദ്ധതികളാണ് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ബഡ്ജററു പ്രസംഗത്തിലൂടെ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളത്. ജനപങ്കാളിത്തത്തോടുകൂടി വികസന പ്രവർത്തനങ്ങൾ തിട്ടപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ ജനങ്ങളോടു സഹകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ജനങ്ങളുമായി സഹകരിക്കാൻ തയ്യാറാകുകയുംകൂടി ചെയ്താൽ മാത്രമേ സഹകരണം പൂർത്തിയാകൂ. നിർഭാഗ്യമെന്നു പറയട്ടെ, അതിന് ആധാരമായി നാം എടുത്ത എൻ.ഇ.എസ്. ബ്ലോക്കുകളുടെ പ്രവർത്തനം പരിശോധിച്ചാൽ അവിടെ നടപ്പാക്കുന്ന പ്രവർത്തനങ്ങളും ജനങ്ങളുമായി വളരെയേറെ അകലം ഉണ്ടായിട്ടുണ്ട്. അവിടെ വളരെയേറെ ഉദ്യോഗസ്ഥൻമാരുണ്ട്. എക്സ്റ്റൻഷൻ ഓഫീസർമാർതന്നെ രണ്ടു വിഭാഗം ഉണ്ട്. കൃഷി ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ട എക്സ്റ്റൻഷൻ ആഫീസർമാരും അല്ലാതെയുള്ള എക്സ്റ്റൻഷൻ ആഫീസർമാരും ഉണ്ട്. കൃഷി ഡിപ്പാർട്ടുമെൻറിലെ എക്സ്റ്റൻഷൻ ആഫീസർമാർ എൻ.ഇ.എസ്. ബ്ലോക്കിലെ പ്രവർത്തനവുമായി സഹകരിക്കാത്തതിന്റെ ഫലമായി ഗ്രാമപ്രദേശങ്ങളിൽ കൃഷിക്കാർക്കു കിട്ടേണ്ട ആനുകൂല്യങ്ങൾ യഥാസമയം കിട്ടാതെ പോകുന്ന ഒട്ടേറെ കഥകൾ നിരത്തിവയ്ക്കാൻ കഴിയും. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിന് തയ്യാറാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ സംസാരിച്ചപ്പോൾ ഒരു കാര്യം ഊന്നിപ്പറഞ്ഞു. ഗ്രാമീണ ഭാരതത്തിന്റെ മുഖ്യമായ ലക്ഷ്യം ഗ്രാമവികസനമാണെന്ന്. എൻ.ഇ.എസ്. ബ്ലോക്കുകൾ ഉണ്ടാക്കിയ കാലത്തു ഈ ബ്ലോക്കുകളിലെ ഈ ഉദ്യോഗസ്ഥൻമാർക്കു സുന്ദരമായ ഒരു പേര് നൽകിയിരുന്നു. ഗ്രാമസേവകർ. ആ പേരിനു പ്രതിഷേധമുള്ളവർ ദീർഘകാലം സമരം ചെയ്തു അവരുടെ പേരിൽ മാററംവരുത്തി. ഇപ്പോൾ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാർ എന്ന പേരിലാണ് അവർ അറിയപ്പെടുന്നത്. ജനങ്ങളുമായി ബന്ധപ്പെട്ടു ജനങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കേണ്ട ഈ ഉദ്യോഗസ്ഥൻമാർ പേരു മാററിയിട്ട് ഇപ്പോൾ എന്തു കാര്യമാണ് ചെയ്യുന്നതെന്നു മഷിയിട്ടു നോക്കിയാൽ പോലും കാണാൻ വയ്യാത്ത വിധത്തിൽ ആയിട്ടുണ്ട് അവരുടെ പ്രവർത്തനം. എൻ.ഇ.എസ്. ബ്ലോക്കുകളിൽ ജനസഹകരണത്തോടുകൂടി ഗ്രാമവികസനമാണ് ലക്ഷ്യം എങ്കിൽ ഈ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനം ഏകീകരിച്ചു ജനങ്ങൾക്കും ഗ്രാമത്തിനും ഗുണകരമായിത്തീരത്തക്കവിധത്തിൽ മുന്നോട്ടു കൊണ്ടുപോകാൻ ഗവൺമെൻറ് ശ്രമിക്കേണ്ടതായി ഉണ്ട്. എൻ.ഇ.എസ്. ബ്ലോക്കുകളുടെ ഇന്നത്തെ മുഖ്യമായ പ്രവർത്തനം ഗോതമ്പു കച്ചവടമാണ്. 'കെയറി'ന്റെ കുറെ ഗോതമ്പു കിട്ടും. അതു പങ്കിടലും വിൽക്കലും ഷെയർ വാങ്ങിക്കലും മുഖ്യമായ തൊഴിലായിത്തീർന്നിട്ടുണ്ട്. അത് ചില കോൺട്രാക്ടർമാർ മുഖേനയാണ് കച്ചവടം നടത്തുന്നത്. ഇങ്ങനെ കൊടുക്കുന്ന കോൺട്രാക്ടർമാർ മൂന്നിലൊന്നോ നാലിലൊന്നോ ആണ് ഈ ഉദ്യോഗസ്ഥൻമാർക്കു കൊടുക്കുന്നത്. ലിഖിതമായ നിയമമല്ലെങ്കിൽ പോലും അലിഖിതമായ ഒരു നിയമമായിരിക്കുകയാണ് ഇത്. ബ്ലോക്കുകളിലൂടെ ഗവൺമെൻറു വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. കിണറുകൾ കുത്തിക്കൊടുക്കുക, ആളുകൾക്കു ടി$\times$ഡി തെങ്ങിൻ തൈകൾ കൊടുക്കുക, ആടുമാടുകൾ വിതരണം ചെയ്യുക, കോഴിവിതരണംചെയ്യുക, ഇത്തരം പരിപാടികളിലെല്ലാം പങ്കുവഹിക്കേണ്ട ഉദ്യോഗസ്ഥൻമാർ അതിൽ നിന്നെല്ലാം മാറിയിട്ട് ഗോതമ്പു കച്ചവടത്തിന്റെ കോൺട്രാക്ടുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ് എന്നുള്ളതുകൊണ്ടു ബ്ലോക്കുകൾ വഴിയുള്ള വികസന പ്രവർത്തനങ്ങൾ എങ്ങനെ നടക്കും എന്നുള്ള കാര്യം ആലോചിക്കണം. ഇത്തരത്തിലാണ് ബ്ലോക്കുകളുടെ പ്രവർത്തനവും ജനങ്ങളും തമ്മിലുള്ള ബന്ധം.

ആർ.എം.പി. വർക്കിന്റെ കാര്യം എടുക്കാം. 20 ലക്ഷം രൂപ റോഡു പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. അതിന്റെ വ്യവസ്ഥകൾ പറയുന്നത് 8 മീററർ വീതി റോഡിന് ഉണ്ടാക്കണമെന്നാണ്. ഗ്രാമപ്രദേശങ്ങളിൽ റോഡുവക്കിൽ അഞ്ചും പത്തും സെൻറ് കുടികിടപ്പു കിട്ടിയ ആളുകൾ ഉണ്ട്. അതിൽ നിന്നും കുറെ സ്ഥലം റോഡിനു വേണ്ടി പൊന്നുംവിലയ്ക്കു ചോദിച്ചാൽ എല്ലാ ആളുകളും കൊടുത്തു എന്നു വരികയില്ല. അങ്ങനെവരുമ്പോൾ തീർച്ചയായും എട്ടു മീററർ വീതി വേണമെന്നു നിർബന്ധിക്കുകയാണെങ്കിൽ ആ സ്ഥലത്ത് റോഡ് ഉണ്ടാക്കാൻ സാദ്ധ്യമല്ല. അപ്പോൾ ആ റോഡ് നിർമ്മിക്കാൻ പൊന്നുംവിലയ്ക്കു സ്ഥലം എടുക്കാൻ കാലതാമസം ഉണ്ടാകും. അതുകൊണ്ടു എട്ടുമീററർ വേണമെന്ന ആ പരിപാടിക്ക് മാററം വരുത്തേണ്ടതാണ്.

നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ സ്കൂളുകൾക്കു കെട്ടിടം കെട്ടിക്കൊടുക്കാൻവേണ്ടി 16 ലക്ഷം രൂപ നീക്കിവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി കഴിഞ്ഞ വർഷം 65 ലക്ഷത്തോളം ഉറുപ്പിക ചെലവാക്കാൻ കഴിഞ്ഞു. സെൻട്രൽ ഗവൺമെൻറിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നായാലും സംസ്ഥാന ഗവൺമെൻറിൽ നിന്നായാലും കിട്ടുന്ന ധനസഹായം ഉപയോഗപ്പെടുത്തി ആ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ടി ഉദ്യോഗസ്ഥൻമാരെയും ജനങ്ങളെയും സഹകരിപ്പിക്കുക എന്നുള്ള നിലപാടു പുനഃസ്ഥാപിക്കാൻ നടപടി എടുത്താലേ ഗ്രാമവികസനത്തിന് നാം ഉദ്ദേശിക്കുന്ന രീതിയിൽ അത്രയും കാര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളു. എൻ.ഇ.എസ്. ബ്ലോക്കുകളുടെ സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന രണ്ടായിരത്തിഅറുന്നൂറിലേറെ മഹിളാ സംഘടനകൾ ഈ രാജ്യത്തുണ്ട്. ഇത്തരം സംഘടനകളിൽ ഭൂരിഭാഗവും ഇന്നു ഫാഷൻ പരേഡുകാരുടെ കൈവശം ആണ് ഇരിക്കുന്നത്. ഫാഷൻ പരേഡുകാരുടെ കയ്യിൽ നിന്ന് വാങ്ങി കർഷകത്തൊഴിലാളികളുടെയും കൃഷിക്കാരുടെയും വീടുകളിൽ ഉള്ള പെൺകുട്ടികളെക്കൂടി പങ്കെടുപ്പിക്കത്തക്ക തരത്തിൽ ബാലവാടികളും മഹിളാ സംഘടനകളും പുനഃസംഘടിപ്പിക്കേണ്ടതാണ്. വർഷങ്ങൾക്കു മുമ്പു രൂപീകരിച്ച ബ്ലോക്ക് അഡ്വൈസറി കമ്മിററികളാണ് ഇപ്പോൾ നിലവിലുള്ളത് ബ്ലോക്ക് അഡ്വൈസറി കമ്മിററികൾ പുനഃസംഘടിപ്പിച്ച് അതിൻെറ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുകയാണെങ്കിൽ ഗവൺമെൻറു ആഗ്രഹിക്കുന്ന തരത്തിൽ ഉദ്യോഗസ്ഥൻമാരെ വികസനപ്രവർത്തനങ്ങളിൽ സഹകരിപ്പിക്കാൻ കഴിയും. അത്തരം കാര്യങ്ങൾ ചെയ്യണം.

മററൊന്ന് സംയോജിത ഗ്രാമവികസന പരിപാടി നടപ്പാക്കാൻ ഇവിടെ ബ്ലോക്കുകളിൽനിന്നും 500 കുടുംബങ്ങളെ തെരഞ്ഞെടുത്തു, ആ കുടുംബങ്ങളിൽനിന്ന് കൃഷിക്കാർക്കും, ഹരിജനങ്ങൾക്കും, തൊഴിലാളികൾക്കും പ്രയോജനം ചെയ്യത്തക്ക രീതിയിൽ ചില പരിപാടികൾ ആവിഷ്കരിക്കാൻ ഗവൺമെൻറു തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ എടുക്കുന്ന പ്രദേശങ്ങൾ ഹരിജനങ്ങളും കർഷകത്തൊഴിലാളികളും ചെറിയ കർഷകരും ഉള്ള പ്രദേശങ്ങൾ ആയിരിക്കണം എന്നുനിർബന്ധവും ഉണ്ട്. അങ്ങനെയാണെങ്കിൽ കോട്ടയം ജില്ലയിൽ ഇതിനുവേണ്ടി വൈക്കവും ഈരാററുപേട്ടയും തിരഞ്ഞെടുക്കേണ്ടതായിരുന്നു. അവസാനനിമിഷത്തിൽ വൈക്കം ഇല്ലാതെ വന്നു. ഇനിയെങ്കിലും ഇത്തരം അപാകതകൾ വരരുതെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മപ്പെടുത്തുകയാണ്.

മററൊന്ന് ഐ.ആർ.ഡി.പി. യുടെ പ്രവർത്തനം. കഴിഞ്ഞവർഷം 35 ലക്ഷം ഉറുപ്പിക ചെലവാക്കി. കർഷകർക്കും കർഷകത്തൊഴിലാളികൾക്കും പ്രയോജനം ലഭിക്കുമെന്നു പറഞ്ഞു നടപ്പാക്കുന്നതാണ് ഇത്. അതിന് ഒരു ഉദാഹരണം പറയാം സർ. ബ്ലോക്കുകൾ വഴി പമ്പുസെററുകൾ വാങ്ങിക്കൊടുക്കുന്നു. സാധാരണയായി പമ്പുസെററുകൾ വാങ്ങിക്കുന്ന കൃഷിക്കാർ അതു വാങ്ങുന്നതിൻെറ ബില്ല് കൊടുത്താൽ മതി എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ബ്ലോക്കുകളിലെ ഉദ്യോഗസ്ഥൻമാർ പറയുന്ന ഏജൻറിൻെറ കൈവശത്തുനിന്നു വാങ്ങിയില്ലായെങ്കിൽ സബ്സിഡി നൽകാൻ സാധ്യമല്ല എന്നാണ് അറിയുന്നത്. ഡി.ഡി.സി. യിൽ ഇതു ഗൗരവതരമായി ചർച്ച ചെയ്തിട്ടുള്ളകാര്യമാണ്. അതുകൊണ്ട് ഈ ഇടത്തട്ടുകാരെ ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനുവേണ്ടി പ്രത്യേകം നൽകുന്ന പണം കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും ഹരിജനങ്ങൾക്കും ലഭിക്കണമെങ്കിൽ അതിനു വേണ്ട സംവിധാനം അടിയന്തിരമായി ഉണ്ടാക്കാൻ കഴിഞ്ഞാലേ സാധിക്കുകയുള്ളു. എങ്കിൽമാത്രമേ ഗവൺമെൻറ് ഉദ്ദേശിക്കുന്ന തരത്തിലുള്ള പ്രയോജനം ഗ്രാമീണ ജനങ്ങൾക്ക് ഉണ്ടാകുകയുള്ളു. ഗ്രാമവികസനം എന്ന ലക്ഷ്യം നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമീണ ജനതയുടെ ഉന്നതിക്കുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ആർ. എം. പി. പ്രവർത്തനങ്ങൾക്കും മററും ഉപയോഗിക്കുന്ന തുക ശരിക്ക് വിനിയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതാണ്. അതിനുവേണ്ടി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ കാര്യം ഇവിടെ പറഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. എൻ. ഇ. എസ്. ബ്ലോക്കുകൾവഴി നടത്തുന്ന പ്രവർത്തനങ്ങൾ, കിണർ കുത്തുന്നകാര്യമായാലും, കെട്ടിടം കെട്ടുന്ന കാര്യമായിരുന്നാലും, തൈ വിതരണം ചെയ്യുന്ന കാര്യമായിരുന്നാലും, കോഴിവളർത്തലായിരുന്നാലും, കന്നുകാലി വിതരണമായിരുന്നാലും അതിന് അനുവദിക്കുന്ന തുകയുടെ നല്ലൊരുഭാഗം അതിനുവേണ്ടി വിനിയോഗിച്ചുവെങ്കിൽ മാത്രമേ ആ പരിപാടികൾ വിജയിപ്പിക്കാൻ സാധിക്കുകയുള്ളു. ബ്ലോക്കുകൾ വഴി നടത്തേണ്ട പ്രവർത്തനങ്ങളിലൂടെ ജനങ്ങൾക്കു കൊടുക്കേണ്ട ഈ സഹായം ചില കൺട്രാക്ടർമാരുമായി കൂട്ടുപിടിച്ചു പങ്കിട്ടെടുക്കുന്ന ഉദ്യോഗസ്ഥൻമാരെ നിലയ്ക്കു നിറുത്താൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ, ഈ ഗ്രാമീണ വികസനം, ജനങ്ങളെ സഹകരിപ്പിക്കൽ, ജനപങ്കാളിത്തം ഇതിനൊന്നും യാതൊരു അർത്ഥവും ഉണ്ടാകാൻ പോകുന്നില്ല സർ. അതുകൊണ്ടു ഗ്രാമവികസനത്തിനുവേണ്ടി നീക്കിവയ്ക്കുന്ന തുക യഥാകാലം ചെലവാക്കുന്നുണ്ടോ, അർഹിക്കുന്ന ആളുകൾക്കു കിട്ടുന്നുണ്ടോ എന്നതിനെക്കുറിച്ചു പരിശോധിക്കാൻ ബന്ധപ്പെട്ട അധികാരികൾ മാസാമാസം ചെക്കിംഗ് നടത്തണം. ഇല്ലെങ്കിൽ ഗ്രാമവികസന പ്രവർത്തനത്തിനുവേണ്ടി നീക്കിവെയ്ക്കുന്ന തുക മററാളുകളുടെ കൈകളിലേക്കു ചെന്നെത്തുമെന്നകാര്യം ഓർമ്മപ്പെടുത്തുകയാണ്.

ഒരുകാര്യംകൂടി പറയാനുള്ളത് ആരോഗ്യവകുപ്പിനെക്കുറിച്ചാണ്. ആരോഗ്യവകുപ്പു മന്ത്രി ഒരു നല്ലകാര്യം ചെയ്തു. അതിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. പത്രങ്ങളിൽ വായിച്ചു, വർക്കിങ്ങ് അറേഞ്ച്മെൻറ് നിർത്തലാക്കി എന്ന്. ഗ്രാമപ്രദേശങ്ങളിൽ ഇന്ന് ഡോക്ടർമാരെ കാണാൻകൊതിക്കുന്ന പാവപ്പെട്ട ആളുകളുണ്ട്. ഗ്രാമപ്രദേശങ്ങളിൽ താമസസൗകര്യങ്ങളില്ലാത്തതുകൊണ്ടോ എന്തുകൊണ്ടോ ഡോക്ടർമാർ പട്ടണങ്ങളിൽ പോകുവാൻ വെമ്പൽകൂട്ടുന്നതു കാണാൻകഴിയും. അത്തരം ആളുകളെ കണ്ണൂരിലേക്കോ മാനന്തവാടിയിലേക്കോ പോസ്ററുചെയ്താൽ പോകുകയില്ല. വർക്കിംഗ് അറേഞ്ച്മെൻറിന്റെ മേൽവിലാസത്തിൽ, സ്വാധീനമുപയോഗിച്ചുകൊണ്ട്, പലയിടങ്ങളിലും പററിക്കൂടി വർഷങ്ങളോളം ഇരിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. അതവസാനിപ്പിച്ചുകൊണ്ട്, ഏതു സ്ഥലത്തേക്കു പോസ്ററുചെയ്യുന്നുവോ ആ സ്ഥലത്ത് ആ ഉദ്യോഗസ്ഥൻ ഇരിക്കണമെന്നു തീരുമാനിച്ച ഗവൺമെൻറിന്റെയും മന്ത്രിയുടെയും ധീരമായ നടപടിക്കു പിന്നിൽ ഈ നാട്ടിലെ സാധാരണക്കാർ ഉണ്ടാകും.

നമ്മുടെ ഡോക്ടർമാർ മനശ്ശാസ്ത്രംകൂടി പഠിച്ചിട്ടുണ്ടെന്നാണു നാം ധരിച്ചുവച്ചിട്ടുള്ളത്. പക്ഷേ അവർ പലപ്പോഴും മനുഷ്യത്വരഹിതമായി പെരുമാറുന്നു. കഴുത്തററ ഒരു രോഗിയോട് ഇരുപത്തിനാലു മണിക്കൂറും കടന്നുകഴിഞ്ഞപ്പോൾ ഇരുപത്തഞ്ചാം മണിക്കൂറിൽ പറഞ്ഞു മെഡിക്കൽകോളേജിലേക്കു പോകാൻ. കൊച്ചുകുട്ടിയുടെ മൂക്കിൽ പുളിങ്കുരു കയറിയിട്ട് എട്ടാംദിവസം കൈച്ചീട്ടു മേടിച്ച് 'റിപ്പീററ്' എന്ന് എഴുതിക്കൊടുത്തു. ഇത്തരം ആളുകളാണ് ജനങ്ങളെ സേവിക്കുന്നത്. കണ്ടാൽ മാലാഖമാരെപ്പോലെ തോന്നുന്ന ആളുകൾ മനുഷ്യത്വരഹിതമായി പെരുമാറുന്നു. എനിക്കുതന്നെ ഒട്ടേറെ അനുഭവങ്ങളുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. ഞാന്‍ അതൊന്നും വിശദീകരിക്കുന്നില്ല. ആശുപത്രികളിലെ ഡോക്ടര്‍മാര്‍ക്ക് പോരായ്മകളുണ്ടെങ്കില്‍ അതെല്ലാം പരിഹരിക്കാന്‍ ഗവണ്‍മെന്റു തയ്യാറാകണം; അതുവേറെ കാര്യം. എന്നാല്‍ ഗ്രാമങ്ങളിലെ പാവപ്പെട്ട ആളുകള്‍ക്കു വൈദ്യസഹായം കിട്ടണം. അതിന് അവരെ ഗ്രാമങ്ങളിലേക്കു പറഞ്ഞയക്കണം. ഗവണ്‍മെന്റ് ഗ്രാമീണ ഡിസ്പെന്‍സറികളിലൂടെയും മററും കൊടുക്കുന്ന വൈദ്യസഹായം ഗ്രാമങ്ങളിലെ പാവപ്പെട്ടവര്‍ക്ക് യഥാകാലം ലഭിക്കുന്നതിന് ഡോക്ടര്‍മാരേയും മെഡിക്കല്‍ ഡിപ്പാര്‍ട്ടുമെന്റിലെ ഉദ്യോഗസ്ഥന്‍മാരേയും ഗ്രാമങ്ങളിലേക്കു പറഞ്ഞയക്കണം. നഗ്നപാദ ഡോക്ടര്‍മാരെക്കുറിച്ചു പത്രങ്ങളില്‍ വായിച്ചു. അവര്‍ നഗ്നപാദരായിരിക്കണമെന്നൊന്നും അഭിപ്രായമില്ല; അവര്‍ ചെരിപ്പിട്ടുകൊള്ളട്ടെ. പക്ഷെ അവര്‍ ഗവണ്‍മെന്റ് തീരുമാനിക്കുന്ന ആശുപത്രികളിലേക്കുപോകാന്‍ തയ്യാറാകണം. എന്നാലേ പാവപ്പെട്ടവര്‍ക്കു പ്രയോജനമുണ്ടാവുകയുള്ളൂ.

മറെറാന്നു മരുന്നിന്റെ കാര്യമാണ്. ആസ്പിരിന്‍ വെളിയില്‍ നിന്നു വാങ്ങിക്കൊള്ളണമെന്നുപറഞ്ഞ് എഴുതിക്കൊടുക്കും. എനിക്കറിയാന്‍ കഴിഞ്ഞിട്ടുള്ളത് ആശുപത്രികളിലെ മരുന്നുമായി ബന്ധപ്പെട്ട് ഒട്ടേറെ അഴിമതികളുണ്ടെന്നാണ്. സര്‍, കുറുന്തോട്ടി വാതസംഹാരിയാണെന്നാണു പറയാറുള്ളത്. ആ കുറുന്തോട്ടിക്കുതന്നെ വാതം പിടിച്ചാലോ? ജില്ലാ മെഡിക്കല്‍ സ്റേറാറില്‍നിന്നു മരുന്നു വാങ്ങാന്‍ ചെല്ലുന്ന ഡോക്ടര്‍ ജില്ലാ മെഡിക്കല്‍ സ്റേറാറിലെ ഉദ്യോഗസ്ഥന്‍മാര്‍ക്ക് കൈക്കൂലി കൊടുക്കണം. താലൂക്കാശുപത്രിയിലെയും ഡിസ്പെന്‍സറികളിലെയും ഡോക്ടര്‍മാര്‍ ജില്ലാ മെഡിക്കല്‍ സ്റേറാറിലെ ഉദ്യോഗസ്ഥന്‍മാര്‍ക്ക് കൈക്കൂലി കൊടുത്താലേ മരുന്നു കിട്ടുകയുള്ളൂ. ഇങ്ങനെ കൈക്കൂലി ഈ സമൂഹമദ്ധ്യത്തില്‍ കടന്നുകൂടി പാവപ്പെട്ടവരുടെ ആരോഗ്യത്തെക്കൂടി കാര്‍ന്നുതിന്നുന്നതരത്തില്‍ നാനാവിധമായിക്കൊണ്ടിരിക്കുകയാണ്. സര്‍, ഇതു മാററുന്നതിനുവേണ്ടി, ഇന്‍ഡെന്റ് അയച്ചുകൊടുത്താല്‍ ജില്ലാ സ്റേറാറുകളില്‍നിന്ന് ആശുപത്രികളില്‍ മരുന്ന് എത്തിച്ചുകൊടുക്കുന്ന സംവിധാനമുണ്ടാക്കണം. ഡോക്ടര്‍ ചെന്നാല്‍മാത്രമേ കൈക്കൂലി ചോദിക്കുകയുള്ളൂ. അത് ഒഴിവാക്കണം. മറെറാന്ന് ആശുപത്രികളിലെ ചില മരുന്നുകളെക്കുറിച്ചാണ്. വിലകൂടിയ മരുന്നുകള്‍ ഉണ്ട്; സാധാരണ രോഗങ്ങള്‍ വന്നാല്‍ ചികില്‍സിക്കാന്‍ പെന്‍സിലിന്‍ കിട്ടാറില്ല. വിലകൂടിയ മരുന്നുകള്‍ ധാരാളം വാങ്ങി സൂക്ഷിക്കുന്നു. മററുള്ളവയ്ക്കു കുറിപ്പാണ്. കുറിക്കുന്നതിന് ഉപയോഗിക്കുന്നത് മെഡിക്കല്‍ സ്റേറാറുകാരുടെ ലെററര്‍പാഡുകളാണ്. ഏതു ഡോക്ടര്‍ എങ്ങോട്ടു കുറിച്ചുകൊടുക്കുന്നു എന്നു വളരെവേഗം മനസ്സിലാക്കാന്‍ കഴിയും. ഈ മേല്‍വിലാസം അച്ചടിച്ച കടലാസുകളില്‍ നമ്മുടെ ഡോക്ടര്‍മാര്‍ കുറിക്കരുതെന്നു നിര്‍ദ്ദേശം കൊടുക്കണം. രക്തവും മലവും മററും പരിശോധിക്കുന്ന ലാബ്രട്ടറിക്കാരും മേല്‍വിലാസം അച്ചടിച്ച തുണ്ടുകള്‍ കൊടുത്തിട്ടുണ്ട്. ഈ മേല്‍വിലാസം അച്ചടിച്ച തുണ്ടുകളില്‍ നമ്മുടെ ഡോക്ടര്‍മാര്‍ എഴുതുന്ന സമ്പ്രദായം നിര്‍ത്തണം.

ആയുര്‍വ്വേദം അവഗണിക്കപ്പെട്ട സ്ഥിതിയിലാണ്. അതു പുനരുദ്ധരിക്കണം. ചോദ്യോത്തരസമയത്തു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അതു പുനരുദ്ധരിക്കുമെന്ന്. വളരെയേറെ സാദ്ധ്യതകളുള്ള, സിദ്ധികളുള്ള, ഒരു വിഭാഗമായതുകൊണ്ട്, കിരിയാത്തുകഷായമെന്നുള്ള പേര് മാററിയെടുത്ത് ആയുര്‍വ്വേദത്തിന്റെ പ്രയോജനം വേഗം ജനങ്ങളില്‍ എത്തിച്ചുകൊടുക്കാന്‍ നടപടിസ്വീകരിക്കണം എന്നു പറഞ്ഞുകൊണ്ട് ഡിമാന്‍ഡുകളെ ഒരിക്കല്‍കൂടി പിന്‍താങ്ങിക്കൊണ്ട് എന്റെ വാക്കുകള്‍ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. പൊതുജനാരോഗ്യ പ്രവർത്തനങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോഴായാലും സാമൂഹ്യവികസനപ്രവർത്തനങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോഴായാലും ഏററവുംകൂടുതൽ ശ്രദ്ധിക്കപ്പെടേണ്ട രംഗം നമ്മുടെ ഗ്രാമങ്ങളാണ്. ഗ്രാമങ്ങളാം പൊതുവേയും തീരപ്രദേശങ്ങളാം പ്രത്യേകിച്ചും ഈ കാര്യങ്ങളിൽ ഏററവും കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ട പ്രദേശങ്ങളാണ്. സ്വാതന്ത്ര്യത്തിനുശേഷം മുപ്പതുമുപ്പത്തൊന്നു വർഷങ്ങളായി രാജ്യത്താകെ നടന്നിട്ടുള്ള പൊതുജനാരോഗ്യപ്രവർത്തനങ്ങളെക്കുറിച്ചു പല അംഗങ്ങളും അഭിമാനത്തോടുകൂടി സംസാരിച്ചു. അതിനോടൊക്കെ ഒരു പരിധിവരെ ഞാനും യോജിക്കുന്നു. എങ്കിലും തീരപ്രദേശങ്ങളിൽ കടലിനോടും തിരമാലകളോടും മല്ലടിച്ച് രാജ്യത്തിനു വിദേശനാണ്യം നേടിത്തരുന്ന മൽസ്യത്തൊഴിലാളികാംക്കും അവരുടെ കുടുംബങ്ങാംക്കും വൈദ്യസഹായം എത്തിക്കാനും അവരുടെ ആരോഗ്യം ഉറപ്പുവരുത്താനും പര്യാപ്തമായ സംവിധാനം നമ്മുടെ രാജ്യത്തില്ല. തീരപ്രദേശങ്ങളിൽ വൈദ്യസഹായമെത്തിക്കാനും അവരുടെ ആരോഗ്യം ഉറപ്പുവരുത്താനും പര്യാപ്തമായ രീതിയിൽ ഒരു പദ്ധതിതന്നെ തയ്യാറാക്കണമെന്നാണ് ഞാനാവശ്യപ്പെടുന്നത്. ഈ തിരുവനന്തപുരം ജില്ലയുടെ തെക്കൻ തീരപ്രദേശങ്ങളിലെ സ്ഥിതിഗതികാം പലപ്പോഴും ഈ സഭയുടെ ശ്രദ്ധക്കു വിഷയീഭവിച്ചിട്ടുള്ളതാണ്. പലപ്പോഴും അവിടെ പകർച്ചവ്യാധികാം പടർന്നുപിടിക്കുകയും നിരവധി തൊഴിലാളികളുടെ മരണത്തിനിടയാവുകയും ചെയ്തിട്ടുണ്ട്. തെക്കൻ തീരപ്രദേശങ്ങളായ വിഴിഞ്ഞം, പുല്ലുവിള, പൂവാർ എന്നിവിടങ്ങളിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങാം ശ്രദ്ധിക്കപ്പെട്ടിട്ടില്ല. അതുപോലെതന്നെ തിരുവല്ലാ ഗ്രാമീണ ഡിസ്പെൻസറിയുടെ വികസനത്തിനു പരിപാടികളാവിഷ്കരിക്കുവാൻ കഴിഞ്ഞിട്ടില്ല. അവിടെ പകർച്ചവ്യാധികാം കാരണം നിരവധി ആളുകളുടെ മരണത്തിനിടയായ സാഹചര്യങ്ങാം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും ഈ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനുവേണ്ടിയും തിരുവല്ലയിലെ ഗ്രാമീണ ഡിസ്പെൻസറിയുടെ വികസനത്തിനുവേണ്ടിയും, പരിപാടികളാവിഷ്കരിച്ചു മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. ഇതിൽ ഏററവും പ്രധാനമായത് പുല്ലുവിളയിലെ പ്രാഥമികാരോഗ്യകേന്ദ്രമാണ്. ആ പ്രാഥമികാരോഗ്യ കേന്ദ്രത്തിനടുത്തുള്ള പ്രദേശത്താണ് എപ്പോഴും പകർച്ചവ്യാധികാം പടർന്നുപിടിക്കുകയും ആയിരക്കണക്കിനാളുകാം മരണമടയുകയും ചെയ്യുന്നത്. എന്നാൽ ആ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മാത്രമല്ല, അവിടത്തെ ഇടവകയും നാട്ടുകാരും ചേർന്ന് ഒരു പ്രസവവാർഡ് ആ പ്രാഥമികാരോഗ്യ കേന്ദ്രത്തിനുവേണ്ടി നിർമ്മിച്ചു; എന്നാൽ ആ പ്രസവവാർഡുകൊണ്ട് പാവപ്പെട്ട മൽസ്യത്തൊഴിലാളിസ്ത്രീകാംക്ക് പ്രയോജനമില്ല; കാരണം ലേഡി ഡോക്ടറെ പോസ്ററുചെയ്തിട്ടില്ല. ആശുപത്രിയോടനുബന്ധിച്ച് ക്വാർട്ടേഴ്സ് പണിയാൻ കഴിഞ്ഞിട്ടില്ല. വിഴിഞ്ഞം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന് ഒരു വാർഡു കെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും ഗവൺമെൻറിന്റെ സ്ററാർഡർ കാരണം അതു പഴയ രീതിയിൽ തുടരുന്നു. പൊതുജനാരോഗ്യ പ്രവർത്തനങ്ങാം ഗ്രാമപ്രദേശങ്ങളിൽ പൊതുവേയും തീരപ്രദേശങ്ങളിൽ പ്രത്യേകിച്ചും എത്തിക്കാൻ ഒരു സമഗ്രമായ പരിപാടിയാവിഷ്കരിക്കണമെന്നു ഞാനാവശ്യപ്പെടുന്നു.

തിരുവനന്തപുരം നഗരത്തിൽ സ്ഥിതിചെയ്യുന്ന മാനസികരോഗാശുപത്രിയുടെ ദയനീയമായ സ്ഥിതി ഇതിനകം പൊതുജനങ്ങളുടെയും ഈ സഭയുടെയും ശ്രദ്ധയിൽ വന്നിട്ടുണ്ട്. അടുത്തകാലത്ത്

തിരുവനന്തപുരം ആർച്ച് ബിഷപ്പ് മാർഗ്രിഗോറിയസ് തിരുമേനി പ്രസ്താവിക്കുകയുണ്ടായി, ഡൽഹിയിലെ മാനസികരോഗാശുപത്രിയും തിരുവനന്തപുരത്തെ മാനസികരോഗാശുപത്രിയും തമ്മിൽ താരതമ്യപഠനം നടത്തിയാൽ സ്വർഗ്ഗനരക വ്യത്യാസം കാണാൻകഴിയും എന്ന്.

സർ, ഈ മാനസികരോഗാശുപത്രിക്ക് 100-ൽ അധികം വർഷത്തെ
11 a.m.] പഴക്കമുള്ളതാണ്. പക്ഷെ അത് തുടങ്ങിയസ്ഥാനത്ത് തന്നെ നിൽക്കുകയാണ്. ഇതിന്റെ വികസനത്തിൽ ആർക്കും താൽപ്പര്യമില്ല. സാധാരണ ദേശീയവും അന്തർദ്ദേശീയവുമായ മെഡിക്കൽ വിദഗ്ദ്ധൻമാരുടെ കണക്കനുസരിച്ച് മാനസിക രോഗികളുടെ മരണ നിരക്ക് കുറവ് ആണെന്നാണ് വയ്പ്പ്. പക്ഷേ നമ്മുടെ തിരുവനന്തപുരം മാനസികരോഗാശുപത്രിയിൽ വർഷംതോറും 200-ൽ അധികം പേർ മരിക്കുന്നതായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അവിടത്തെ രോഗികൾക്ക് ആവശ്യമായ മരുന്നു കിട്ടുന്നില്ല. ഉള്ള മരുന്നുതന്നെ സൂപ്രണ്ട് തൊട്ട് താഴോട്ടുള്ളവർ പ്രൈവററ് പ്രാക്ടീസിനുവേണ്ടി ഉപയോഗിക്കുന്നതായിട്ടാണ് പരാതി ഉണ്ടായിട്ടുള്ളത്. ഈ അടുത്ത കാലത്ത് നടത്തിയ ഒരു വിജിലൻസ് അന്വേഷണത്തിൽ രോഗികൾക്ക് നൽകേണ്ട 350-ൽ ഏറെ കിലോഗ്രാം ഗോതമ്പും ഭക്ഷണ പദാർത്ഥങ്ങളും കണക്കനുസരിച്ച് കാണാൻ ഇല്ല. ഈ സമൂഹത്തിന്റെ ദയമാത്രം അർഹിക്കുന്ന, സഹതാപം മാത്രം അർഹിക്കുന്ന ഈ പാവപ്പെട്ട രോഗികളെ പോലും ചൂഷണം ചെയ്യുന്ന, അവരുടെ രക്തം ഊററികുടിക്കുന്ന സൂപ്രണ്ട് തൊട്ട് ഉള്ള ആളുകൾ നയിക്കുന്ന ഒരു ഭരണ സംവിധാനവുമായി ഈ മാനസികരോഗാശുപത്രി മുമ്പോട്ട് പോവുകയാണെങ്കിൽ അതുകൊണ്ട് യാതൊരു ഗുണവും ഉണ്ടാവുകയില്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

സർ, 1978 ജൂലൈ മാസത്തിൽ നമ്മുടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒരു സൈക്കിയാട്രിക് എം.ഡി. കോഴ്സ് തുടങ്ങുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ആരായാൻവേണ്ടി ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ ഒരു പഠനസംഘം ഇവിടം സന്ദർശിക്കുകയുണ്ടായി. യഥാർത്ഥത്തിൽ തിരുവനന്തപുരം മെഡിക്കൽകോളേജിൽ സൈക്കിയാട്രിക് വിഭാഗം ഇല്ല. പക്ഷേ മെഡിക്കൽ സംഘത്തെ തെററിദ്ധരിപ്പിക്കാൻവേണ്ടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒരു മുറി ഒഴിച്ചെടുത്ത് പേരൂർക്കടയിലുള്ള മാനസികരോഗാശുപത്രിയിൽ നിന്നും കുറെ രോഗികളെ അവിടെ കൊണ്ടുവന്ന് ആക്കുകയുണ്ടായി. രാവിലെ പഠന സംഘം അവിടം സന്ദർശിച്ച അവസരത്തിൽ വളരെ രോഗികൾ ഉണ്ടായിരുന്നു. ഇനി ഉച്ച കഴിഞ്ഞ് വരികയില്ലെന്ന് ഉള്ള ധാരണയിൽ വീണ്ടും അവരെ പേരൂർക്കടയിൽ ഉള്ള മാനസികരോഗാശുപത്രിയിലേക്ക് മാററുകയുണ്ടായി. ഉച്ച കഴിഞ്ഞും ഈ പഠനസംഘം വന്നപ്പോൾ രോഗികളൊന്നും അവിടെ ഇല്ലായിരുന്നു. അങ്ങനെ അവിടെ എം.ഡി. കോഴ്സ് തുടങ്ങാനുള്ള അനുമതി നിഷേധിക്കപ്പെട്ടു.

സർ, നമ്മുടെ മാനസിക രോഗാശുപത്രിയിലെ സൂപ്രണ്ട് 12-ൽ അധികം സ്ഥാനമാനങ്ങൾ കൊണ്ടുനടക്കുകയാണ്. അദ്ദേഹത്തിന ഈ കാര്യങ്ങളൊന്നും ശരിക്ക് നടത്തുന്നതിന് താൽപ്പര്യമില്ല. പ്രൈവററ് പ്രാക്ടീസിലാണ് അദ്ദേഹത്തിന് താൽപ്പര്യം. ഇപ്പോൾ 50 ലക്ഷത്തിൽ പരം രൂപ ചെലവ് ചെയ്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മെൻറൽ ഹെൽത്ത് ഇൻസ്ററിററ്യൂട്ടിന്റെ സ്പെഷ്യൽ ഓഫീസറായും

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തെ തന്നെ നിയോഗിച്ചിരിക്കുകയാണ്. ഈ സ്ഥിതിവിശേഷം മാററിയിട്ട് നമ്മുടെ മാനസികരോഗാശുപത്രിയെ സംസ്ഥാന ആരോഗ്യ വകുപ്പിൻെറ കീഴിൽ കൊണ്ടുവരികയും സംസ്ഥാന ആരോഗ്യ വകുപ്പിൻെറ കീഴിലുള്ള വിദഗ്ദ്ധരായ മാനസികരോഗ വിദഗ്ദ്ധമാരെ അവിടെ നിയമിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും വേണം. അതുപോലെ നമ്മുടെ ഡിപ്പാർട്ടുമെൻറിൽ സൈക്കിയാട്രിക് ഡിപ്പാർട്ടുമെൻറ് തുടങ്ങാനുള്ള നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്.

സർ, നമ്മുടെ രാജ്യത്ത് ഇൻസുലിൻ എന്ന മരുന്ന് ലഭിക്കാതെ ആയിരക്കണക്കിന് പ്രമേഹ രോഗികൾ പരക്കം പായുന്ന സ്ഥിതിവിശേഷം ഉണ്ട്. എന്നാൽ തിരുവനന്തപുരം മാനസിക രോഗാശുപത്രിയിൽ 2 ലക്ഷത്തിലേറെ വിലപിടിപ്പുള്ള ഇൻസുലിൻ മരുന്നുകൾ കാലാവധി കഴിഞ്ഞതുകൊണ്ട് ഉപയോഗശൂന്യമായി കിടക്കുകയാണ്. അന്വേഷണം നടത്തിയാൽ അതിനെപ്പററി മനസ്സിലാക്കാൻ സാധിക്കും.

സർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഓപ്പറേഷൻ തിയേററിലും സ്കോളിൻ, ട്യൂബറൈൻ തുടങ്ങിയ മരുന്നുകൾ കാലാവധി കഴിഞ്ഞിട്ടും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. കാലാവധി കഴിഞ്ഞതിനുശേഷമുള്ള മരുന്നുകൾ ഉപയോഗിക്കുകയെന്നുള്ളത് വിഷത്തിന് തുല്യമാണ്. ആ മരുന്നുകൾ ഉപയോഗിച്ചുകൊണ്ട് ചികിത്സ നടത്തുന്നത് കൊലയ്ക്കു തുല്യമാണ്. ഇന്ന് ഈ നിയമസഭയിൽതന്നെ ഉള്ള ഡോക്ടർമാർ ആയ നിയമസഭാംഗങ്ങൾ ഉൾപ്പെടെയുള്ള ഒരു ടീമിനെ അയച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അതിനെപ്പററി അന്വേഷണം നടത്തുകയാണെങ്കിൽ ആ വസ്തുത ബോധ്യപ്പെടുമെന്നുള്ള കാര്യം ഞാൻ ഒരു വെല്ലുവിളിയോടെ അറിയിക്കുകയാണ്.

മരുന്നുകൾ വാങ്ങിച്ച് സൂക്ഷിക്കുന്നതിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ കോൺട്രാക്ററടിസ്ഥാനത്തിൽ ചില സ്വകാര്യ കമ്പനികളുമായി ധാരണയിൽ എത്തിയിട്ട് ആവശ്യത്തിൽ കവിഞ്ഞ മരുന്നുകൾ വാങ്ങിച്ച് സ്റേറാക്ക് ചെയ്യുകയും കാലാവധി കഴിയുകയുമാണ് ചെയ്യുന്നത്. ഈ സാഹചര്യം ഒഴിവാക്കാൻവേണ്ടി മാസത്തിലൊരിക്കൽ ആവശ്യത്തിനനുസരിച്ച് ഉള്ള മരുന്നുകൾ സപ്ലൈ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, മെയിൻറനൻസിനുവേണ്ടി വർഷംതോറും ഭീമമായ തുക ചെലവഴിക്കുന്നു എന്നാണ് വയ്പ്പ്. പക്ഷെ നമ്മുടെ മെഡിക്കൽ ആശുപത്രിയിലെ ത്വക്ക് രോഗ വിഭാഗത്തിനും മരുന്നുമുറിക്കും ഇടയിലുള്ള ഇടനാഴിയിൽ ചിലന്തിവല പിടിച്ചിരിക്കുകയാണ്. അവിടെ ചെന്നാൽ അത് ആർക്കും മനസ്സിലാക്കാൻ കഴിയും. ഇങ്ങനെയുള്ള സ്ഥിതിവിശേഷം ഇല്ലായ്മ ചെയ്യുന്നതിന് ഈ രംഗത്ത് അഴിച്ചുപണി നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ വൈദ്യശാസ്ത്രരംഗത്ത് നമ്മുടെ ഗവേഷണ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതായിട്ടുണ്ട്. ആരെങ്കിലും ഗവേഷണങ്ങൾക്കുവേണ്ടി മുമ്പോട്ടു വന്നാൽ അവരെ പ്രോൽസാഹിപ്പിക്കാതെ അവരെ നിരുൽസാഹപ്പെടുത്തുന്ന നടപടികളാണ് മെഡിക്കൽ കോളേജിൻെറ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻമാർ അടക്കമുള്ള ചില ഉദ്യോഗസ്ഥ മേധാവികൾ ജാതി ചിന്തകളുടെയും മററും അടിസ്ഥാനത്തിൽ നടത്തുന്നത്. 1975 ന് ശേഷം ഗവേഷണരംഗത്ത് വ്യാപകമായ വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചുകൊണ്ട് മുമ്പോട്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്ന മെഡിക്കൽ കോളേജിലെ ഡോക്ടർ തങ്കയ്യൻ ഇതിനകം ഈ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 9-ൽ ഏറെ കണ്ടുപിടിത്തങ്ങൾ നടത്തിയിട്ടുള്ളതായ വിവരം ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാവുന്നതാണ്. അദ്ദേഹം നടത്തിയ 12 കണ്ടുപിടിത്തങ്ങൾക്ക് ഇനിയും അംഗീകാരം കിട്ടിയിട്ടില്ല. അദ്ദേഹത്തെ പ്രോൽസാഹിപ്പിക്കാൻ കാര്യമായ നടപടികൾ ആരോഗ്യ വകുപ്പോ മെഡിക്കൽ കോളേജോ സ്വീകരിച്ചിട്ടില്ല.

ശ്രീ. കെ. സി. വാമദേവൻ: എന്ത് വിഷയത്തെപ്പററിയാണ് അദ്ദേഹം ഗവേഷണം നടത്തിയത്?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: അദ്ദേഹം മെഡിക്കൽ വിഭാഗത്തെപ്പററി തന്നെയാണ് ഗവേഷണം നടത്തിയത്. പക്ഷെ ശ്രീ. വാമദേവനെപ്പോലുള്ള ആളുകൾ അത് മറെറന്തോ ആണെന്നു പറഞ്ഞുകൊണ്ട്, മറെറന്തോ ആണ് അദ്ദേഹം കണ്ടുപിടിച്ചതെന്നുവരുത്തിത്തീർക്കാൻവേണ്ടി സങ്കുചിതമായ ജാതിചിന്തയുടെ പേരിൽ ശ്രമിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട മെമ്പർമാർ ചോദ്യം ചോദിക്കുമ്പോൾ ഇങ്ങനെ ദുഃസൂചനയോടുകൂടി ഉത്തരംപറയുന്നത് ശരിയാണോ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, അങ്ങനെയുള്ള ഡോക്ടർ തങ്കയ്യനെപ്പോലുള്ള ആളുകളുടെ ഗവേഷണപ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകാൻ പ്രത്യേകമായ ഒരു ഗവേഷണവിഭാഗം ആരംഭിച്ചുകൊണ്ട് അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെത്തന്നെ മർമ്മശാസ്ത്രത്തെ ആധുനിക ചികിൽസാ സമ്പ്രദായവുമായി ബന്ധിപ്പിക്കാനുള്ള സമഗ്രമായ ഒരു പദ്ധതിതന്നെ ഡോക്ടർ തങ്കയ്യൻ തയ്യാറാക്കി ഗവൺമെൻറിൻെറ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. നമ്മുടെ ആയുർവേദത്തിലെ മർമ്മ ചികിൽസാ വിഭാഗത്തേയും തിരുവനന്തപുരം, മെഡിക്കൽ കോളേജിലെതന്നെ ന്യൂറോളജി, അനസ്തേഷ്യാ, ഫിസിക്കൽ മെഡിസിൻ, സർജറി, റേഡിയോളജി, ഫാർമകോളജി എന്നീ ഡിപ്പാർട്ടുമെൻറുകളേയും സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ഇതിൽ ഉണ്ട്. നമ്മുടെ പഴയ തമിഴിലെ താളിയോല ഗ്രന്ഥങ്ങളിൽ പറയുന്ന മർമ്മ ചികിൽസാ ഗവേഷണം, പരേതനായ ശ്രീ. കുഞ്ഞുകൃഷ്ണൻ നാടാർ പ്രസിദ്ധീകരിച്ചിട്ടുള്ള മർമ്മ ശാസ്ത്ര പീഠികയും ശ്രീ. കൊച്ചുകൃഷ്ണൻ നാടാരുടെ മർമ്മ ശാസ്ത്രസമാഹാരവും പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഈ രംഗത്ത് വൈദഗ്ധ്യം ഉള്ള ആശാൻമാരെ ഇൻറർവ്യൂ നടത്തി അവരുടെ അഭിപ്രായങ്ങളും മററും മനസ്സിലാക്കിയിട്ട് മർമ്മ ശാസ്ത്രത്തേയും ആധുനിക ശാസ്ത്രത്തേയും യോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ അക്യുപങ്ചറും മർമ്മരോഗ ചികിൽസയും അനസ്തേഷ്യയും സംയോജിപ്പിച്ചുകൊണ്ടുള്ള പെയിൻ ക്ലിനിക്കുകൾ തുടങ്ങാനുള്ള നടപടികളും സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ കാര്യങ്ങളിലൊന്നുംതന്നെ കാര്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുന്നില്ലെന്നുള്ളതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ സ്വാഗതം ചെയ്യുന്നു. പൊതുവേ പൊതുജനാരോഗ്യവകുപ്പിനെ സംബന്ധിച്ചിടത്തോളം ഉള്ള ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഏതാനും കാര്യങ്ങൾ സഭയുടെ ശ്രദ്ധയിലും ഗവൺമെൻറിൻെറ ശ്രദ്ധയിലും പെടുത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ രാജ്യത്ത് പൊതുജനാരോഗ്യാവശ്യാർത്ഥം വലിയ ഒരു തുക സർക്കാർ ചെലവഴിച്ചു എന്നുള്ളത് അനിഷേദ്ധ്യമായ പരമാർത്ഥമാണ്. മററ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ കേരളത്തിലെ ജനങ്ങൾക്കാണ് മെച്ചപ്പെട്ട വൈദ്യശുശ്രൂഷ ലഭിക്കുന്നത് എന്ന കാര്യത്തിൽ പക്ഷാന്തരമില്ല. എന്നാൽ നമ്മുടെ രാജ്യത്ത് ഗ്രാമ പ്രദേശങ്ങളിലെ പൊതുജനാരോഗ്യ ചികിൽസാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് ഈ സന്ദർഭത്തിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

പ്രധാനമായും റൂറൽ ഡിസ്പെൻസറികളുടെ കാര്യമാണ് ആദ്യമായി എനിക്കു പറയുവാനുള്ളത്. റൂറൽ ഡിസ്പെൻസറികളിൽ പത്ത് ബെഡ്ഡുകൾ വീതം വർദ്ധിപ്പിക്കാനുള്ള പരിപാടി ഗവൺമെൻറ് ആരംഭിച്ചിട്ടുണ്ട്. പക്ഷേ ഈ വർഷം 80.81 ഡിസ്പെൻസറികളിൽ മാത്രം അത് ഏർപ്പെടുത്തണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ഈ സംസ്ഥാനത്ത് ഏതാണ്ട് 860-ൽ പരം റൂറൽ ഡിസ്പെൻസറികൾ ഉണ്ട്. ഒരു തവണ 80.81 ഡിസ്പെൻസറികളിൽ മാത്രം ഇത് ഏർപ്പെടുത്തുകയാണെങ്കിൽ വർഷങ്ങൾ വേണ്ടിവരും. അതുകൊണ്ട് എനിക്ക് ഗവൺമെൻറിൻെറ മുമ്പിൽ വയ്ക്കാനുള്ള ഒരു നിർദ്ദേശം റൂറൽ ഡിസ്പെൻസറികളിൽ പത്ത് ബെഡ്ഡുകൾ ഏർപ്പെടുത്തുന്നതിനുള്ള പരിപാടി ഒരു വർഷം 200 റൂറൽ ഡിസ്പെൻസറികളിൽ എങ്കിലും ഏർപ്പെടുത്താൻ ഗവൺമെൻറ് ശ്രദ്ധിക്കണമെന്നാണ്. എന്നാൽ മാത്രമേ ഒരു നാലു കൊല്ലക്കാലംകൊണ്ട് എല്ലാ റൂറൽ ഡിസ്പെൻസറികളിലും പത്തു പേരെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യങ്ങൾ ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർക്ക് ലഭിക്കുകയുള്ളു. അങ്ങനെ ഗവൺമെൻറ് പരിഗണിക്കുമ്പോൾ വളരെ പിന്നോക്ക പ്രദേശങ്ങളിൽ മുന്നിട്ടു നിൽക്കുന്ന കൊടുവള്ളി ഡിസ്പെൻസറിയുടെ കാര്യം മറന്നുപോകരുതെന്നാണ് എനിക്കു പറയുവാനുള്ളത്.

മറെറാന്ന് പ്രൈമറി ഹെൽത്ത് സെൻററുകളാണ്. അവിടെ ഇപ്പോൾ രണ്ടു ഡാക്ടർമാർ മാത്രമാണുള്ളത്. എനിക്ക് ഗവൺമെൻറിൻെറ മുമ്പിൽ വയ്ക്കാനുള്ള ഒരു നിർദ്ദേശം രണ്ടു ഡാക്ടർമാർ എന്നതിൻെറ കൂടെ മൂന്നാമത് ഒരു ഡാക്ടറെയും കൂടി നിശ്ചയിക്കണമെന്നാണ്. ആ ഡാക്ടർ ഒരു പീഡിയാട്രിസ്ററ്, ആയിരിക്കണമെന്നാണ്. നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ കുട്ടികളുടെ ചികിൽസാ സമ്പ്രദായം കുറെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. പലപ്പോഴും പീഡിയാട്രിസ്ററിനെ കാണാൻവേണ്ടി മാത്രം ഗ്രാമപ്രദേശത്തുള്ളവർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുകളേയും ജില്ലാ ആശുപത്രികളേയും സമീപിക്കേണ്ട സ്ഥിതിവിശേഷം ഉള്ളതും ഒഴിവാക്കാനും ഗ്രാമപ്രദേശങ്ങളിലെ ആളുകൾക്ക് കൂടുതൽമെച്ചപ്പെട്ട ചികിൽസാ സമ്പ്രദായങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാൻവേണ്ടി ഒരു പീഡിയാട്രിസ്ററിനെകൂടെ നിയമിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

അതുപോലെതന്നെ നമ്മുടെ സബ് സെൻററുകളിൽ പലതിൻെറയും പ്രവർത്തനം നിലച്ചിരിക്കുകയാണെന്നു പറഞ്ഞാൽ അക്കാര്യത്തിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുകയില്ല. ഉദാഹരണമായി വളരെ

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് എന്റെ നിയോജകമണ്ഡലത്തിലെ കിഴക്കോത്ത് പഞ്ചായത്ത്. ഇത് കോഴിക്കോട്ട് ജില്ലയിലാണ്. ആ പഞ്ചായത്തിനോടനുബന്ധിച്ച് ഒരു സബ് സെന്റർ വളരെക്കാലമായി പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഇങ്ങനെ നമ്മുടെ സംസ്ഥാനത്തുള്ള നിരവധി സബ് സെന്ററുകൾ പ്രവർത്തിക്കാത്തതിന്റെ ഫലമായി ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർക്കു ചികിൽസാ സൗകര്യങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല. അതുകൊണ്ട് സബ്സെന്റർ യഥാസമയം, യഥാവിധി നിശ്ചിതമായ രീതിയിൽ നടത്താൻ ആരോഗ്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ താലൂക്ക് ആശുപത്രികളുടെയും, ജില്ലാ ആശുപത്രികളുടെയും സ്ഥിതി എടുത്തു നോക്കിയാൽ താലൂക്ക് ആശുപത്രികളിൽ 100 കിടക്കകളും ജില്ലാ ആശുപത്രികളിൽ 500 കിടക്കകളും ഏർപ്പെടുത്തണമെന്ന ഗവൺമെന്റിന്റെ പരിപാടി വേണ്ടത്ര പുരോഗമിച്ചിട്ടില്ലെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സാമ്പത്തികമായി പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് അത് നടപ്പിൽ വരുത്താൻ ഗവൺമെന്റിന് വിഷമതകൾ ഉണ്ടാകുമെങ്കിലും ഈ കാര്യത്തിൽ ഗവൺമെന്റു വളരെ സജീവമായി പരിഗണിക്കണം. ജില്ലാ ആശുപത്രികളെ സംബന്ധിച്ച് പറയുമ്പോൾ ജനങ്ങളുടെ പ്രധാനപ്പെട്ട ആക്ഷേപങ്ങളിൽ ഒന്ന് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നു ജില്ലാ ആശുപത്രികളിൽ യൂണിററ് സിസ്ററം ഉണ്ട്. ആ സിസ്ററം ഏർപ്പെടുത്തുന്നതുകൊണ്ട് വളരെ നല്ല ഗുണങ്ങൾ ഉണ്ടാകുമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. എങ്കിലും നമ്മുടെ പല ഡാക്ടർമാരും ഈ യൂണിററ് സിസ്ററത്തെ സർക്കാർ ആശുപത്രികളെ ഒരു പ്രൈവററ് നെഴ്സിംഗ് ഹോമിന്റെ നിലയിലാക്കി തരംതാഴ്ത്തിയിരിക്കുകയാണ്. ഒരു സംഭവം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. യൂണിററിന്റെ ചാർജ്ജ് വഹിക്കുന്ന ഡാക്ടർമാർ അവർ പ്രവേശിപ്പിക്കുന്ന രോഗികളിൽനിന്നും പ്രതിവാരം അവർക്ക് ലഭിക്കേണ്ട ചില ''പ്രത്യേകതകൾ'' ലഭിച്ചാൽ മാത്രമേ വീണ്ടും തുടരാൻ അനുവദിക്കുകയുള്ളു. അതിന്റെ ഫലമായി സ്വകാര്യ നഴ്സിംഗ് ഹോമിൽ പ്രവേശിപ്പിക്കപ്പെട്ട രോഗി നൽകേണ്ട തുക വേറെ വിധത്തിൽ ഈ യൂണിററിന്റെ ചാർജ്ജ് വഹിക്കുന്ന ഡാക്ടർമാർക്ക് നൽകിയെങ്കിൽ മാത്രമേ ഈ യൂണിററിലുള്ള ചികിൽസാസൗകര്യങ്ങൾ ലഭിക്കുകയുള്ളു എന്നുള്ള സ്ഥിതിയിലേക്ക് അധഃപതിച്ചിട്ടുണ്ട്. യൂണിററ് സമ്പ്രദായംകൊണ്ട് പല മെച്ചങ്ങളും ഗവൺമെൻറ് വിഭാവന ചെയ്യുന്നുണ്ട്. യൂണിററിന്റെ ചാർജ്ജ് വഹിക്കുന്ന എല്ലാ ഡോക്ടർമാരെയും അടക്കി ഞാൻ പറയുന്നില്ല. പക്ഷേ പല ജില്ലാ ആശുപത്രികളിലും ഈ യൂണിററ് സമ്പ്രദായം ആ ആശുപത്രികളെ ഒരു സർക്കാർ ഉടമയിലുള്ള പ്രൈവററ് നേഴ്സിംഗ് ഹോം എന്നുള്ള നിലയിൽ മാററാൻ ഡാക്ടർമാർക്ക് അവസരം കൊടുത്ത വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ സമ്പ്രദായം നിഷ്കാസനം ചെയ്യാൻ വളരെ കർശനമായ നടപടികൾ ഗവൺമെൻറ് എടുക്കണം. അതിനുവേണ്ടി വേണമെങ്കിൽ വിജിലൻസ് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് തക്കതായ നടപടികൾ എടുക്കണമെന്നുകൂടി അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ജില്ലാ ആശുപത്രികളുടെ സ്ഥിതി എന്താണ്? കണ്ണൂർ ജില്ലാ ആശുപത്രിയിൽ വാസ്തവത്തിൽ മൂക്കു പൊത്തി മാത്രമേ അകത്തു കയറി നടക്കാൻ സാധിക്കുകയുള്ളു. ആരോഗ്യത്തിന്റെ സിരാ കേന്ദ്രമായ ആശുപത്രിക്കും അത്രയധികം

LIBRARY ARCHIVES Kerala Legislative Assembly

വൃത്തിയില്ലാത്ത, ശുചിത്വമില്ലാത്ത അവസ്ഥാവിശേഷമുണ്ട്. അതുപോലെതന്നെ പല ജില്ലാ ആശുപത്രികളിലും ജനങ്ങൾ പോകുന്നത് സ്പെഷ്യൽ ട്രീററുമെൻറിനു വേണ്ടിയാണ്. ഇ.എൻ.ററി. വിഭാഗമോ, കണ്ണു ചികിൽസാ വിഭാഗമോ കുട്ടികളുടെ ചികിൽസാ വിഭാഗമോ ഉണ്ടെങ്കിൽ ഒരു ഡാക്ടർ മാത്രമാണ് ഉള്ളത്. ഇതിൻെറ ഫലമായി ഇവിടെ പ്രത്യേകം ചികിൽസക്കുവേണ്ടി പോകുന്ന ആളുകൾക്ക്, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർക്ക്, വളരെയേറെ വിഷമതകൾ ഉണ്ടാകുന്നുണ്ട്. എനിക്കു ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയോട് പറയുവാനുള്ളത് നമ്മുടെ ഈ ആശുപത്രികളിൽ ചികിൽസാ സമ്പ്രദായങ്ങളും, സൗകര്യങ്ങളും വികസിപ്പിക്കുമ്പോൾ ജില്ലാ ആശുപത്രികളിലെ സ്പെഷ്യൽ ഡിപ്പാർട്ടുമെൻറിൽ ഒരു യൂണിററിനു പകരം രണ്ടു യൂണിററ് ഏർപ്പെടുത്തണമെന്നാണ് .

മററൊന്ന് കോഴിക്കോട് വിമൻ ആൻഡ് ചിൽട്രൻസ് ഹോസ്പിററലിനെ സംബന്ധിച്ചാണ് എനിക്കു പറയുവാനുള്ളത്. അവിടെ ആകെ ഒരു ബഹളം ആണ്. അവിടെ വേണ്ടവിധത്തിലുള്ള സൗകര്യങ്ങൾ ഇല്ല. അതേസമയം ബീച്ച് ആശുപത്രിയിൽ വേണ്ടത്ര സൗകര്യങ്ങൾ ഉണ്ട്. എന്തുകൊണ്ട് ആ ആശുപത്രി വിമൻ ആൻഡ് ചിൽട്രൻസ് ആശുപത്രിയായി മാററുന്നില്ല. മററൊന്ന് തിരൂർ ആശുപത്രിയെ സംബന്ധിച്ചാണ് പറയുവാനുള്ളത്. അവിടെ ഇപ്പോഴും അംഗീകൃത സിവിൽസർജൻ ഇല്ലെന്നുള്ളതാണ് മനസ്സിലാക്കിയിട്ടുള്ളത്. അക്കാര്യത്തെപ്പററി ശ്രദ്ധിക്കണമെന്ന് പറയുകയാണ്.

ജില്ലാ ആശുപത്രികളിലും, അതുപോലുള്ള താലൂക്ക് ആശുപത്രികളിലും മെഡിക്കൽ വിഭാഗത്തിന് മൂന്നും നാലും ഡാക്ടർമാർ ഉള്ളപ്പോൾ പ്രത്യേക വിഭാഗത്തിനു വേണ്ടി വേണ്ടത്ര ഡാക്ടർമാർ ഇല്ലെന്നുള്ളത് ഗവൺമെൻറ് ശ്രദ്ധിക്കണമെന്നാണ് ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

മററൊരു കാര്യം ഈ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് പരിഗണിക്കുമ്പോൾ മിക്ക പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും റൂറൽ ഡിസ്പെൻസറികളിലും പ്രത്യേകിച്ചും ബെഡ്ഡുകൾ ഗവൺമെൻറ് ഇൻഡ്യൂസ് ചെയ്തിട്ടും ലഭിക്കാത്ത അനുഭവങ്ങൾ ഉണ്ട്. ഉദാഹരണമായി ബഹുമാനപ്പെട്ട മന്ത്രിതന്നെ ഉൽഘാടനം നടത്തിയ കക്കാടി റൂറൽ ആശുപത്രിയിൽ വേണ്ടത്ര ബെഡ്ഡുകൾ ലഭിച്ചിട്ടില്ലെന്ന് ആണ് അവിടത്തെ ആളുകളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അതുപോലുള്ള കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും ആരോഗ്യത്തെ സംബന്ധിച്ച് ഗവൺമെൻറിൻെറ പ്രവർത്തനങ്ങൾ ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ ലഭിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും പറഞ്ഞുകൊണ്ട് ഈ ഡിമാൻറുകളെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ: സർ, വളരെയേറെ വിമർശനത്തിനു വിധേയമായ ഒരു ഡിപ്പാർട്ടുമെൻറാണ് ഈ പൊതുജനാരോഗ്യവകുപ്പ്. ഏതാനും വർഷങ്ങൾക്കു മുമ്പ് വളരെയധികം അഴിമതിക്കും കൈക്കൂലിക്കും വിധേയമായിക്കൊണ്ടിരുന്ന ഈ ഡിപ്പാർട്ടുമെൻറ് മുൻപ് ഇരുന്ന ആരോഗ്യമന്ത്രിയുടെ കാലത്ത് കുറെയെല്ലാം അതിനു ശമനം വരുത്തുന്നതിന് കഴിഞ്ഞു എന്നുള്ളതിൽ വളരെയേറെ ആശ്വാസം കേരളത്തിലെ ജനതയ്ക്കു ഉണ്ടായിരുന്നു. അതിനെ തുടർന്ന് വന്ന മന്ത്രിയും അദ്ദേഹത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

പാതയിലൂടെ മുമ്പോട്ടു പോകാൻ ശ്രമിക്കുന്നു എന്നു കാണുന്നതിൽ അദ്ദേഹത്തെ അനുമോദിക്കുന്നു. എങ്കിലും ഒരു കാലത്ത് ട്രാൻസ്ഫറും, അപ്പോയിൻറ്മെൻറും കൈക്കൂലികൊണ്ടു മാത്രമേ സാധിക്കുകയുള്ളു എന്നുള്ള ആക്ഷേപം മാറി എങ്കിൽ പോലും ഇന്ന് ട്രാൻസ്ഫർ പാടില്ലെന്നുള്ള നയം ഉണ്ടാക്കിയിരിക്കുന്നതായി അറിയുന്നത് ശരിയാണെന്നു തോന്നുന്നില്ല. ട്രാൻസ്ഫർ യാതൊരു കാരണവശാലും പാടില്ലെന്ന ഒരു നയവും ഉണ്ടാകുന്നതു ശരിയല്ല. നേരെ മറിച്ച് മ്യൂച്ചൽ ട്രാൻസ്ഫർ അതായത് രണ്ട് ആളുകൾക്കും സൗകര്യമനുസരിച്ച് രണ്ടുപേർക്കും സൗകര്യമായി അങ്ങോട്ടുമിങ്ങോട്ടും ട്രാൻസ്ഫർ വേണമെന്നു ആവശ്യപ്പെടുന്ന അവസരത്തിൽ അക്കാര്യം പരിഗണിക്കുന്നതിൽ തെററ് ഉണ്ടെന്നു തോന്നുന്നില്ല.

അതുപോലെതന്നെ ഒരു മെഡിക്കൽ കോളേജിൽ ഏതെങ്കിലും ഒരു പോസ്ററിൽ വേക്കൻസിയുള്ള അവസരത്തിൽ മററുള്ള മെഡിക്കൽ കോളേജിൽനിന്നും വേക്കൻസിയുള്ള മെഡിക്കൽ കോളേജിലേക്ക് മാററണമെന്നു പറഞ്ഞുകൊണ്ട് ആരെങ്കിലും അപേക്ഷിക്കുകയാണെങ്കിൽ അത് പരിഗണിക്കുവാൻ പാടില്ല, ട്രാൻസ്ഫർ ആണെന്നുള്ള വ്യാജേന അത് മാററിവയ്ക്കുന്നത് തെററാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. പൊതുവായ ട്രാൻസ്ഫർ യാതൊരു കാരണവശാലും പാടില്ലാ എന്നുള്ള സിദ്ധാന്തം എടുക്കാതെ ന്യായമായ രീതിയിലുള്ള ട്രാൻസ്ഫർ ചെയ്യണമെന്നുമാത്രമാണ് എനിക്ക് ആ കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത്.

ബഡ്ജററ് പ്രസംഗത്തിന്റെ 26-ാമത്തെ പേജിൽ പറയുന്നുണ്ട് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ കിടക്കകളുടെ എണ്ണം നിലവിലുള്ളതിന്റെ മൂന്നിലൊന്നു ഭാഗംകൂടി വർദ്ധിപ്പിക്കുന്നതാണെന്ന്. അത് ആശ്വാസകരമായ ഒരു കാര്യംതന്നെയാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുവാനുള്ളത് മാവേലിക്കര—വള്ളികുന്നം പ്രദേശത്തെ ഒരാശുപത്രിയുടെ കാര്യത്തെക്കുറിച്ചാണ്. അവിടെ ബഡ്ഡ് ഇല്ല. അപ്പോൾ ബഡ്ഡില്ലാത്ത വള്ളികുന്നത്തെ ആശുപത്രിയിൽ എങ്ങനെയാണ് ബഡ്ഡുകളുടെ എണ്ണം മൂന്നിലൊന്നു കൂടി വർദ്ധിപ്പിക്കുവാൻ പോകുന്നത്. അവിടെ കുറെ ബഡ്ഡ് എങ്കിലും ഇട്ട് അവിടത്തെ ജനങ്ങൾക്ക് ആശ്വാസം കാണേണ്ടത് ഒരാവശ്യമാണ്: അതിനുവേണ്ടി ബഹുമാനപ്പെട്ട ഗവൺമെൻറ് ശ്രമിക്കണം എന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്.

പല ആശുപത്രികളിലും മററുള്ള സ്ഥലങ്ങളിൽനിന്നും ദാനമായി കിട്ടിയിട്ടുള്ള ഉപകരണങ്ങൾ, എക്സ്-റേ യൂണിററ് മുതലായവ ഇന്നും പ്രവർത്തിക്കാതെ കിടക്കുകയാണ്. അതിന് ഒരു മാററം വരുത്തണം.

മറെറാരു കാര്യം പറയാനുള്ളത്, മെഡിക്കൽ കോളേജിലെ അഡ്മിഷന്റെ കാര്യത്തെക്കുറിച്ചാണ്. മെഡിക്കൽ കോളേജിൽ അഡ്മിഷനുവേണ്ടി ഇന്നു നിലവിലുള്ള സമ്പ്രദായം മാററണം. മെഡിക്കൽ കോളേജിൽ മെറിററിന്റെ അടിസ്ഥാനത്തിൽ മാത്രമേ അഡ്മിഷൻ കൊടുക്കാവൂ എന്ന് ഊന്നിപ്പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

അടുത്തകാലത്ത് ഉണ്ടായ കുമ്പഴ ബസ് അപകടത്തെക്കുറിച്ച് പത്തനംതിട്ട എം.എൽ.എ. ഇവിടെ പറയുകയുണ്ടായി. തക്കസമയത്ത് അപകടം പററിയവരെ ചികിൽസിക്കുന്നതിന് വേണ്ടത്ര ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാർ ഉണ്ടായിരുന്നുവെങ്കിൽ പത്ത് ആളുകളുടെ ജീവനെങ്കിലും രക്ഷിക്കുവാൻ സാധിക്കുമായിരുന്നു. അതില്ലാതെ പോയതുകൊണ്ടാണ് ഇത്രയും പേരുടെ ജീവൻ അപഹരിക്കപ്പെട്ടത്.

മെരിററിൻെറ അടിസ്ഥാനത്തിൽ മാത്രമേ അഡ്മിഷൻ നൽകാവൂ യെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകഠം അവ സാനിപ്പിക്കുന്നു.

ശ്രീ. കെ.സി. വാമദേവൻ: സർ, ആരോഗ്യ സംരക്ഷണ രംഗത്ത് അഖിലേന്ത്യാടിസ്ഥാനത്തിൽ വളരെ മുൻപന്തിയിൽ സ്ഥാനമുറപ്പിച്ചു കഴിയുന്ന നമ്മുടെ സംസ്ഥാനത്തെ ആരോഗ്യ വകുപ്പിനുള്ള ധനാ ഭ്യർത്ഥനയെ ഞാൻ വളരെ സന്തോഷത്തോടുകൂടി പിന്താങ്ങുകയാണ്. മററു പല സംസ്ഥാനങ്ങളേയും അപേക്ഷിച്ച് മുൻപന്തിയിലാണെന്നു പ്രഖ്യാപിച്ചതുകൊണ്ടോ അല്ലാതെയോ വ്യാപകമായ തോതിൽതന്നെ ഈ രംഗത്ത് സ്ഥാപനങ്ങളും ആ സ്ഥാപനങ്ങളിൽ പ്രവർത്തി എടുക്കുവാൻ ധാരാളം ആളുകളും, അവർക്കു കൈകാര്യം ചെയ്യാൻ ഉപകരണങ്ങളും ഉണ്ട്. ഇതൊക്കെ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ടോ, ഇതുകൊണ്ട് ഏററവും കൂടുതൽ ആളുകഠക്ക് ഉപകാരപ്രദമാക്കുന്നുണ്ടോയെന്നു പരിശോധിക്കേണ്ടത് വളരെ ആവശ്യമാണെന്നു കരുതുന്നു. ഇത് മനസ്സിൽവച്ചുകൊണ്ടാണ് ഗവൺമെൻറ് ഡോ. കെ.എൻ. പൈ ചെയർ മാനായി ഒരു ഉന്നതാധികാരക്കമ്മിററിയെ നിയോഗിച്ചത്. ആ കമ്മിററി എല്ലാവിധകാര്യങ്ങളേയും സംബന്ധിച്ച് രോഗികളുമായും പൊതു പ്രവർത്തകരുമായും ഭിഷഗ്വരൻമാരുമായും രാഷ്ട്രീയപ്രവർത്തകരുമായും അന്വേഷിച്ച് തെളിവ് ശേഖരിച്ച് ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ആ റിപ്പോർട്ട് ഈ നിയമസഭയിൽ വിപുലമായ ചർച്ചയ്ക്ക് വിധേയമാക്കിയശേഷം നടപ്പി ലാക്കണമെന്നു പറയുന്നതോടൊപ്പംതന്നെ ഡയററിനെക്കുറിച്ചും മരുന്നിനെ ക്കുറിച്ചും പറഞ്ഞിട്ടുള്ള ശുപാർശകഠം വളരെ പെട്ടെന്നു നടപ്പിലാക്കണ മെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

വിദ്യാർത്ഥികളുടെയിടയിൽ ആരോഗ്യ വിദ്യാഭ്യാസം കുറേക്കൂടി വിപുലപ്പെടുത്തുവാൻവേണ്ടി സമഗ്രമായ പരിപാടി ആസൂത്രണം ചെയ്യണം. അവരുടെ ആരോഗ്യം സംരക്ഷിക്കുവാൻവേണ്ടി സ്ക്കൂഠം കുട്ടികഠക്ക് മാത്രമായിട്ടുള്ള ആരോഗ്യ സംരക്ഷണപരിപാടിയെക്കുറിച്ച് പലപ്രാവശ്യം ഈ നിയമസഭയിൽ പറഞ്ഞുകേട്ടിരുന്നതാണ്. അവരുടെ സ്ക്കൂഠം വിദ്യാഭ്യാസവർഷം ആരംഭിച്ചുകഴിഞ്ഞാൽ ഒരു മാസത്തിനകമോ രണ്ടുമാസത്തിനകമോ അവർക്കാവശ്യമായ ചികിൽസ നിശ്ചയിക്കുന്ന തിനും അവർക്കാവശ്യമായ മരുന്നു നൽകുന്നതിനുംവേണ്ടി ഒരു സമഗ്രമായ പരിപാടിക്ക് രൂപംകൊടുക്കുവാൻ ഗവൺമെൻറ് തയ്യാറാകണം. ഇപ്പോ ഴത്തെ ആരോഗ്യ സംരക്ഷണ പരിപാടി സിററിയിൽ മാത്രം കേന്ദ്രീകരി ച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയുടെ ഭാവനാപൂർണ്ണ മായ നടപടിയുടെ ഫലമായി പബ്ലിക് ഹെൽത്ത് സെൻററുകളുടേയും മററും എണ്ണം വർദ്ധിപ്പിക്കുമ്പോഠം പ്രഗൽഭൻമാരായ ഡോക്ടർമാരുടെ സേവനംകൂടി ഉപയോഗപ്പെടുത്തുകയാണെങ്കിൽ മെഡിക്കൽ കോളേജാശു പത്രിയിലെ തിക്കും തിരക്കും കുറയ്ക്കുവാൻ സാധിക്കും. ആധുനിക ചികിൽസാ സൗകര്യങ്ങളും പ്രഗൽഭൻമാരായ ഡോക്ടർമാരും ഉള്ള മെഡിക്കൽ കോളേജ് ആശുപത്രികളിൽ വളരെ നിസ്സാരമായ രോഗങ്ങളുള്ള രോഗികഠക്ക് അഡ്മിഷൻ കൊടുക്കുകയും ചികിൽസി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയും ചെയ്യുന്നതുകൊണ്ട് മാരകമായ രോഗങ്ങൾ പിടിപെട്ട പല രോഗികൾക്കും തക്കസമയത്ത് വേണ്ട ചികിത്സ ലഭിക്കാതെ പോകുന്നുണ്ട്. അതുകൊണ്ട് പ്രൈമറി ഹെൽത്ത് സെൻററുകളിൽനിന്നും താലൂക്ക് ആശുപത്രികളിൽനിന്നും ഡിസ്ട്രിക്റ്റ് ആശുപത്രികളിൽ നിന്നും റഫർ ചെയ്യുന്ന കേസ് മാത്രമേ മെഡിക്കൽ കോളേജിൽ അററൻറ് ചെയ്യാവൂ. എങ്കിൽ മാത്രമേ മാരകമായ രോഗംപിടിപെട്ടു വരുന്ന രോഗികൾക്ക് അതുകൊണ്ട് പ്രയോജനമുണ്ടാകൂ.

ഗവൺമെൻറ് 50,000, 60,000 രൂപ ചെലവിട്ടുകൊണ്ട് വിദ്യാർത്ഥികൾക്ക് മെഡിക്കൽ ബിരുദം നൽകുന്നുണ്ട്. ആ ബിരുദധാരികൾക്കു വേണ്ടത്ര ഉദ്യോഗം കൊടുക്കുവാൻ ഗവൺമെൻറിന് കഴിയുന്നില്ല. അതുകൊണ്ട് കേരളാ ഹെൽത്ത് വെൽ ഫെയർ കോ-ഓപ്പറേററീവ് സൊസൈററിയിൽ നിന്നും ഈ ബിരുദധാരികളായ ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് ആരംഭിക്കുവാൻ ആവശ്യമായ ഗ്രാൻറും ലോണും കൊടുക്കുവാനാവശ്യമായ സംവിധാനം ഉണ്ടാക്കണം. അതുപോലെതന്നെ ആയിരക്കണക്കിന് പതിനായിരക്കണക്കിന് രൂപ വിലയുള്ള എക്സ്-റേ പ്ലാൻറുകളും മററു സാധനങ്ങളുമൊക്കെ ശരിയായ രീതിയിൽ യഥാസമയം റിപ്പയർ ചെയ്യാത്തതുകൊണ്ട് പല മാസങ്ങളോളം കേടുപററി കിടക്കുന്നതായി പല ബഹുമാനപ്പെട്ട അംഗങ്ങളും സൂചിപ്പിച്ചിട്ടുണ്ട്. സർ, അതിന് ഒരു മൊബൈൽ മെക്കാനിക്കൽ യൂണിററ് അടിയന്തിരമായി ഉണ്ടാക്കേണ്ടത് ആവശ്യമാണ്. പലപ്പോഴും എക്സ്-റേ പ്ലാൻറുകൾ ഗവൺമെൻറ് ആശുപത്രികളിൽ കേടുപാടായി പോകുന്നുണ്ട്. അത് സ്വകാര്യ എക്സ്റേ ഡീലർമാരുടെ ഇടപെടൽകൊണ്ടല്ലേ എന്ന് സംശയിക്കുകയാണ്. ഓട്ടോ റിക്ഷാ ഡ്രൈവർമാരുടേയും ടാക്സി ഡ്രൈവർമാരുടേയും സ്വാധീനത്തിന് വിധേയമായി പലപ്പോഴും പണിമുടക്കുകൾ ഉണ്ടാകാറുള്ളതുപോലെ സ്വകാര്യ എക്സ്-റേ ഡീലർമാരുടെ ഇടപെടൽ കൊണ്ടല്ലേ ഗവൺമെൻറ് ആശുപത്രികളിൽ എക്സ്-റേ പ്ലാൻറ് മാസങ്ങളായി കേടുപാടുപററി കിടക്കുന്നതെന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു.

സർ, ഈ നഗരത്തിനകത്ത് പ്രാകൃതമായ രണ്ടു ശുശ്രൂഷാ കേന്ദ്രങ്ങളുണ്ട്. ഒന്ന് മാനസിക രോഗാശുപത്രി, മറെറാന്ന് സിററിയുടെ തെക്കേ ഭാഗത്തുകാണുന്ന സാംക്രമിക രോഗാശുപത്രി. ഐരാണിമുട്ടത്ത് മസൂരി രോഗാശുപത്രിയുണ്ട്. അങ്ങനെ ഒരു ആശുപത്രിയുണ്ടെന്ന് ഈ വകുപ്പിന് അറിയാമോയെന്ന് സംശയമാണ്. സർ, ഏതാണ്ട് 90 വർഷത്തെ പഴക്കമുള്ള ആ സാംക്രമിക രോഗാശുപത്രിയിൽ ഒരു ഷെഡ്ഡ് കെട്ടിയത് ശ്രീ. സി. നാരായണപിള്ള മസൂരി പിടിപെട്ട് അവിടെ കിടന്നപ്പോഴാണ്. അദ്ദേഹത്തിൻെറ സ്വാധീനം ഉപയോഗിച്ചുകൊണ്ട് പരിശ്രമിച്ച് ഒരു ഷെഡ്ഡുണ്ടായി. ഓലമേഞ്ഞ ആ ഷെഡ്ഡിൽ വാട്ടർ സപ്ലൈ കണക്ഷൻ പോലുമില്ല. അവിടെ രോഗികൾ പോകാൻ അറയ്ക്കും; ഡോക്ടർമാർ പോകാൻ അറയ്ക്കും. ആര് അവിടെ പോയാലും മൃതപ്രായനാകും. അവിടെവച്ചുതന്നെ മരണപ്പെട്ടുപോകും, അതിൽ യാതൊരു സംശയവുമില്ല. രോഗികൾ ഭയവിഹ്വലരായി കഴിയുകയാണ്. പോകാൻ നിവൃത്തിയില്ല, പോകാതിരിക്കാൻ നിവൃത്തിയില്ല, അതുകൊണ്ടു അതിനെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു സാംക്രമിക രോഗാശുപത്രിയായി ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ആയുർവ്വേദവകുപ്പിൽ ഡോക്ടർമാർ തമ്മിലുള്ള വഴക്കിന്റെ കാരണത്താൽ പല തസ്തികകളും ഫില്ലപ്പ് ചെയ്യാൻ നിവൃത്തിയില്ല. ചിറെറഴുതിക്കൊടുത്തുവിട്ടു തൊട്ടടുത്തുള്ള വൈദ്യശാലയിൽനിന്നും വാങ്ങിക്കൊണ്ടുവരണമെന്നുവരെ നിർദ്ദേശം കൊടുക്കുന്നു. ഇത് തീർച്ചയായും അവസാനിപ്പിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. വെല്ലിംഗ്ടൺ-ന്റെ കാലം മുതൽ 1967-70-ൽ ഇത്രയേറെ ദുഷ്പ്പേര് ഉണ്ടാക്കിയ വകുപ്പ് ഇല്ലായിരുന്നു. അതിനുശേഷവും ദുഷ്പ്പേര് ഉണ്ടായിരുന്നു. അതേക്കുറിച്ച് ഇപ്പോഴം അഭിപ്രായ വ്യത്യാസമുള്ള കാര്യമാണ്. ശ്രീ. ചിത്തരഞ്ജൻ ചുമതല ഏറെറടുത്തതിനുശേഷം കുറേക്കൂടി ദൃഢചിത്തനായി, ഇന്നത്തെ ആരോഗ്യവകുപ്പുമന്ത്രി അധികം സംസാരിക്കാതെ മുന്നോട്ടുപോകുന്നതിൽ, കാലിടറാതെ മുന്നോട്ടുപോകുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ട്രാൻസ്ഫർ ചെയ്യുന്ന പരിപാടി ഹെൽത്തു സർവ്വീസിൽ മാത്രം ഒതുക്കി നിർത്താൻ സാദ്ധ്യമല്ല. കുറേക്കൂടി സ്വാധീനമുണ്ടെന്നവകാശപ്പെടുന്ന മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഡോക്ടർമാരുടെ അണികളിലേക്കും ഇത് പോകണം. ആരേയും എവിടേയും പോസ്ററ് ചെയ്താൽ അവിടെ പോയി ജോലിചെയ്യാൻ അവർക്ക് അവകാശം ഉണ്ട്. ഈ പോസ്ററിംഗും ട്രാൻസ്ഫറും എല്ലാ ആശുപത്രികളിലും ഒരുപോലെ വരുത്തണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

എനിക്ക് മറെറാരു കാര്യം കൂടി പറയാനുണ്ട്. ഈ ഡിപ്പാർട്ടുമെൻറുകളുമായി ബന്ധപ്പെട്ടതല്ലെങ്കിലും കമ്മ്യൂണിററി ഡവലപ്പുമെൻറിന്റെ ചുമതല വഹിക്കുന്ന ശ്രീ. ദാമോദരൻ കാളാശ്ശേരിയുടെ വകുപ്പിനെപ്പററി എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഇന്ന് ഞാൻ അത് പറയുന്നത് വളരെ പ്രസക്തമാണെന്ന് തോന്നുകയാണ്. നമ്മുടെ ദേവസ്വം ബോർഡിന്റെ കാര്യമാണ്. ഈ നിയമസഭയും മന്ത്രിസഭയും തിരഞ്ഞെടുത്ത 3 അംഗങ്ങളാണ് അവിടെ ഭരിക്കുന്നത്. ഖജനാവിൽനിന്നും നൽകുന്ന 40 ലക്ഷം രൂപയാണ് തിരുവിതാംകൂറിന്റെ വരവിനങ്ങളിൽ പ്രധാനമായത്. ദേവസ്വം വകുപ്പ് ശ്രീ. ദാമോദരൻ കാളാശ്ശേരിക്കെന്നാണ് പറയുന്നത്. അതിനെക്കുറിച്ചു ചോദ്യം ചോദിച്ചാൽമറുപടി പറയുന്നത് അദ്ദേഹമാണ്. എനിക്ക് അദ്ദേഹത്തോട് ഒരു ചോദ്യം ചോദിക്കാനുണ്ട്. തിരുവിതാംകൂർ—കൊച്ചി ദേവസ്വം ബോർഡുകളെ സംബന്ധിച്ചു ചോദ്യം ചോദിച്ചാൽ ഉത്തരം പറയാൻ നിയമപരമായ അവകാശം എന്തുണ്ട്. അങ്ങേക്ക് മറുപടി പറയാനുള്ള അവകാശമുണ്ടെങ്കിൽ ആ വകുപ്പുകളെ നിയന്ത്രിക്കാനുള്ള അവകാശവുമുണ്ട്. സർ, തെരഞ്ഞെടുത്തയക്കുന്ന 3 അംഗങ്ങരംക്ക് ഖജനാവിൽനിന്നും 40 ലക്ഷം രൂപ കൊടുക്കുന്നു ഇതിന്റെ ഭരണം നടത്താനായി. അതിന്റെ വിനിയോഗത്തെസംബന്ധിച്ച്, അവിടെ നടക്കുന്ന കാര്യങ്ങളെപ്പററി, ഗവൺമെൻറിന് യാതൊരു കാര്യവുമില്ലാത്തരീതിയിലാണ് ഇന്നത്തെ പോക്ക്. 1960-ൽ 1,210 ക്ഷേത്രങ്ങരം ദേവസ്വം ബോർഡിന്റെ കീഴിലുണ്ടായിരുന്നു. ഏഴായിരം ക്ഷേത്രജീവനക്കാരും ഉണ്ടായിരുന്നു. ഇത് ഇങ്ങനെ കുറഞ്ഞു കുറഞ്ഞു വന്ന് ക്ഷേത്രജീവനക്കാർ എസ്സൻഷ്യൽ വിഭാഗമെന്ന് ഡിക്ലയർ ചെയ്തു. എന്നാൽ എസ്സൻഷ്യൽ വിഭാഗത്തിലെ ക്ഷേത്രജീവനക്കാരുടെ എണ്ണം 7,000-ൽ നിന്നും 3,200 ആയി കുറഞ്ഞു. ക്ഷേത്രങ്ങളുടെ എണ്ണം 1,210-ൽ നിന്നും 1,215 ആയി വർദ്ധിച്ചു. പക്ഷെ കുറയാത്ത ക്ഷേത്രങ്ങളിലെ ഭരണത്തിനുവേണ്ടി 1960-ൽ 316 ഉദ്യോഗസ്ഥൻമാർ ഉണ്ടായിരുന്ന സ്ഥാനത്ത് 1979 ആയപ്പോഴം അവരുടെ എണ്ണം 987 ആയി വർദ്ധിച്ചു; ഉദ്യോഗസ്ഥൻമാർ മാത്രം. ഴിഞ്ഞമാസക്കാല

ത്തിനിടയിൽ 232 നിയമനങ്ങൾ അവിടെ നടത്തിയിരിക്കുന്നു. ഉദ്യോഗസ്ഥവിഭാഗത്തിൽ ഒരൊററ നിയമനം നടത്താൻ പാടില്ലെന്ന് ഗവൺമെൻറ് നിയോഗിച്ച ഡോക്ടർ സി.ആർ. കൃഷ്ണമൂർത്തി വളരെ വിശദമായി പഠനം നടത്തി ഗവൺമെൻറിന് സമർപ്പിച്ച റിപ്പോർട്ടിൽ അനുശാസിച്ചിട്ടുണ്ട്. ഒരു നിയമനംപോലും ഈ ഉദ്യോഗസ്ഥവിഭാഗത്തിൽ നടത്തുന്നത് ആവശ്യമില്ലാത്തതാണ് എന്ന്. ഇപ്പോൾ തന്നെ അഡ്മിനിസ്ട്രേററീവ് എക്സ്പൻസസ് വളരെ കൂടിയിരിക്കുന്നു. തോന്ന്യവാസം പോലെ യാതൊരു തത്വദീക്ഷയുമില്ലാതെ നടത്തി പോകുകയാണ്. സർ, ഇത് ഖജനാവിലെ പണമാണ്. നിയമസഭയോടും മന്ത്രിസഭയോടും ബാദ്ധ്യസ്ഥരായ ജനപ്രതിനിധികൾ ഭരിക്കുന്നു എങ്കിൽ അവർ ഗവൺമെൻറിന് വിധേയരായി പ്രവർത്തിക്കണം. ഇവിടെ ഗുരുവായൂർ ദേവസ്വം ബില്ലിൽ പ്രൊവൈഡ് ചെയ്തിട്ടുള്ളതുപോലെ ഗവൺമെൻറിൻെറ പരമാധികാരത്തിന് വിധേയരായി പ്രവർത്തിക്കണം. ഇവിടെ ഗുരുവായൂർ ദേവസ്വം ബില്ലിൽ പ്രൊവൈഡ് ചെയ്തിട്ടുള്ളതുപോലെ ഗവൺമെൻറിൻെറ പരമാധികാരത്തിനു വിധേയമായിമാത്രം വരവും ചെലവും നിയമനങ്ങളും ഉൾപ്പെടെയുള്ള ഭരണം നടത്താൻ അവകാശമുള്ളതാണ് ഈ സ്ഥാപനമെന്ന് വരുത്താനുള്ള നിയമസംഹിത വരുന്നു, വരുന്നുവെന്നു കേട്ടു. ഒന്നും ഉണ്ടായില്ല. അത് ഈ ഫ്ളോറിൽനിന്നും ദേവസ്വം ബോർഡിനെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ അങ്ങേക്ക് അവകാശമുണ്ടെന്ന് അങ്ങ് പറയുന്നുണ്ടെങ്കിൽ ആ അവകാശം സ്ഥാപിച്ചെടുക്കേണ്ട നിയമം ഉണ്ടാക്കേണ്ടത് അടിയന്തിരമായി ആവശ്യമാണെന്ന് വിനീതമായി അതിൻെറ ചുമതല വഹിക്കുന്ന മന്ത്രിയെ അനുസ്മരിപ്പിച്ചുകൊണ്ടും എല്ലാ വകുപ്പുകളിലേക്കും വേണ്ടി അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ സന്തോഷപൂർവ്വം പിന്താങ്ങിക്കൊണ്ടും എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. എം. അബൂബക്കർ: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഈ സഭയിൽ ഇന്ന് അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ കഴിയാത്തതിൽ എനിക്ക് ഖേദമുണ്ട്. ആതുരശുശ്രൂഷാരംഗത്ത് കഴിഞ്ഞകാലത്തുണ്ടായ പുരോഗതിയെക്കുറിച്ചും മററങ്ങളെക്കുറിച്ചും ഇന്ന് അധികാരത്തിലിരിക്കുന്ന ഗവൺമെൻറിന് ഊററം കൊള്ളുന്നതിനുള്ള അവസരം കുറച്ചൊക്കെയുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. കുറെയെല്ലാം പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്തിൻെറ മുഴുവൻ ആവശ്യത്തേയും നിറവേററുന്നതരത്തിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. കഴിഞ്ഞ വർഷത്തിൽ മെഡിക്കൽ സ്ഥാപനങ്ങളുടെ എണ്ണം 858-ൽനിന്നും 895 ആയി വർദ്ധിച്ചിട്ടുണ്ടെങ്കിലും ബെഡ്ഡുകളുടെ എണ്ണം 27,607.ൽ നിന്നും 28,862 ആയി വർദ്ധിച്ചിട്ടുണ്ടെങ്കിലും ഒരു ലക്ഷം പേർക്ക് 113 ബെഡ്ഡുകളുള്ളത് 117 ബെഡ്ഡുകളായി വർദ്ധിച്ചിട്ടുണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്തുണ്ടായ ഈ പുരോഗതി, പുരോഗതിയുള്ള പ്രദേശങ്ങളിൽ മാത്രം കൂടുതൽ കേന്ദ്രീകരിച്ചു നിൽക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ എന്നീ പുരോഗതി പ്രാപിച്ചിട്ടുള്ള ജില്ലകളിൽ ഈ പുരോഗതി കൂടുതൽ വർദ്ധിപ്പിക്കുന്ന സന്ദർഭത്തിൽ മലബാർ, ഇടുക്കി, പാലക്കാട് തുടങ്ങിയ ജില്ലകളിൽ കൂടുതൽ സൗകര്യം ഇല്ലാത്ത പരിതസ്ഥിതിയാണ് ഇന്നുള്ളത്. ഇത് വിവേചനമാണെന്നോ അവഗണനയാണെന്നോ ഞാൻ പറയുമ്പോൾ പരിഭവിക്കരുതെന്നാണ് എനിക്കു പറയാനുള്ളത്. പക്ഷെ ഈ അസമത്വം ഇന്നും തുടരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുമാത്രമാണ് എനിക്ക് ഈ സന്ദർഭത്തിൽ നിർദ്ദേശിക്കാനുള്ളത്. വൈദ്യവിദ്യാഭ്യാസരംഗത്ത് ഉത്തരകേരളത്തോടുള്ള അവഗണന ഇന്നും തുടർന്നു പോരുകയാണ്. മെഡിക്കൽ കോളേജിലെ അഡ്മിഷന്റെ കാര്യത്തിൽപോലും സുപ്രീംകോടതിയെ ശരണം പ്രാപിക്കേണ്ട നിലപാടാണ് ഉത്തരകേരളത്തിലെ ആളുകളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞവർഷം ഉണ്ടായിട്ടുള്ളത്. അത് ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. തിരുവനന്തപുരത്തു തന്നെയുള്ള മെഡിക്കൽ കോളേജിന് ഈ വർഷത്തെ ബഡ്ജററിൽ 2 കോടി 70 ലക്ഷം രൂപ വകയിരുത്തിയപ്പോൾ കോഴിക്കോടു മെഡിക്കൽകോളേജിന് വകയിരുത്തിയത് ഒരുകോടി 73 ലക്ഷം രൂപ മാത്രമാണ്. നമ്മുടെ സംസ്ഥാനത്തുള്ള 4 മെഡിക്കൽ കോളേജുകളുടെ ജില്ലാ ആസ്ഥാനങ്ങളിലുള്ള സേവനം എടുത്തു പരിശോധിച്ചാൽ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്കുവേണ്ടി തിരുവനന്തപുരം മെഡിക്കൽ കോളേജും, കോട്ടയം ഇടുക്കി ജില്ലകൾക്കുവേണ്ടി കോട്ടയം മെഡിക്കൽ കോളേജും ആലപ്പുഴ എറണാകുളം ജില്ലകൾക്കുവേണ്ടി ആലപ്പുഴയിലുള്ള ററി.ഡി. മെഡിക്കൽ കോളേജും ആണ് ഉള്ളതെങ്കിൽ പാലക്കാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ ഈ ജില്ലകളുടെ ആവശ്യം നിറവേററുന്നതിനുള്ളത് കോഴിക്കോടു മെഡിക്കൽ കോളേജുമാത്രമാണ്. കോഴിക്കോടു മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ വിവിധ ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചിടത്തോളം നമ്മൾ പരിശോധിച്ചു നോക്കുമ്പോൾ പല ഡിപ്പാർട്ടുമെന്റുകളിലും ആവശ്യമായിട്ടുള്ള രൂപത്തിലുള്ള ഡോക്ടർമാർ ഇല്ല. മെഡിക്കൽ കോളേജ് ആശുപത്രിയാണെങ്കിൽ, ആ ആശുപത്രിപരിസരം ആകെ മലീമസമായിരിക്കുന്ന സാഹചര്യമാണ് കാണാൻ സാധിക്കുന്നത്. ചലിക്കാത്ത ലിഫ്ററ്, പ്രവർത്തന രഹിതമായ ജനറേററർ, ഡോക്ടർമാർ ഇല്ലാത്ത വിഭാഗങ്ങൾ, അതിനെല്ലാം ഉപരിയായി കോഴിക്കോടു മെഡിക്കൽ കോളേജിന്റെ പരിസരം ഒരു കൊതുകു വളർത്തൽ കേന്ദ്രത്തിന്റെ രൂപത്തിൽ മാറിയിരിക്കുകയാണ്. ഈ ദുസ്ഥിതിക്കു പരിഹാരം ഉണ്ടാക്കുന്നതിന് 5 ജില്ലകളുടെ ആവശ്യം നിറവേററുന്ന കോഴിക്കോടു മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്നതിന് മുൻകൈ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തിരുവനന്തപുരത്തുള്ള ശ്രീചിത്രാ മെഡിക്കൽ സെന്റർ, അത് നമ്മുടെ രാജ്യത്തിന് അഭിമാനിക്കാൻ കഴിയുന്ന ഒരു വലിയ സ്ഥാപനമാണ്. പക്ഷെ അവിടെ തന്നെ ചികിൽസ ലഭിക്കണമെങ്കിൽ രോഗികൾ രണ്ടുവർഷമെങ്കിലും കാത്തിരിക്കേണ്ടിവരും എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അടുത്തകാലത്തുണ്ടായ മാററങ്ങളുടെ അടിസ്ഥാനത്തിൽ ആറുമാസത്തിനുള്ളിൽ രോഗികൾക്ക് അവിടെ പ്രവേശനം നൽകി വൈദ്യശുശ്രൂഷ ലഭിക്കുന്നതിനുള്ള അവസരമുണ്ടെന്ന് ഇപ്പോൾ അറിയാൻ കഴിഞ്ഞിട്ടുണ്ട്. സർ, ഇതുപോലുള്ള ഒരു സ്ഥാപനം ഉത്തരകേരളത്തെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്. ശ്രീചിത്രാ മെഡിക്കൽ സെന്റർപോലുള്ള ഒരു സ്ഥാപനം കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നും, അതിലേക്ക് ഈ ഗവൺമെന്റിന്റെ സത്വരമായ ശ്രദ്ധ പതിഞ്ഞുകാണണമെന്നും ഞാൻ അപേക്ഷിക്കുകയാണ്.

അതേപോലെതന്നെ കോഴിക്കോട് കുഷ്ഠ രോഗാശുപത്രിയുടെയും മാനസിക രോഗാശുപത്രിയുടെയും സ്ഥിതിഗതികൾ നേരിട്ടു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഒന്നു സന്ദർശിച്ചു മനസ്സിലാ

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജ് ആരംഭിച്ചിട്ടുണ്ട്. ആ ഹോമിയോ മെഡിക്കൽ കോളേജിന്റെ പ്രവർത്തന സൗകര്യത്തിനുവേണ്ടി ബീച്ച് ആശുപത്രിയിലേക്ക് മാററുന്നതിനുള്ള തീരുമാനം എടുത്തത് സ്വാഗതാർഹമാണെങ്കിലും ഹോമിയോ മെഡിക്കൽ കോളേജിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ ഇനി കാലവിളംബം കൂടാതെ സത്വരമായി നടപടി ഉണ്ടാകണമെന്ന് ഞാൻ ഈ അവസരത്തിൽ അപേക്ഷിക്കുകയാണ്. അതുപോലെതന്നെ ഇന്ന് വളരെയധികം രോഗികൾ രക്തശുദ്ധീകരണത്തിനുള്ള സൗകര്യം ഇല്ലാത്തതുകൊണ്ട് വിഷമിച്ചുകൊണ്ടിരിക്കുന്നു. ഡയാലിസിസിനുവേണ്ടിയുള്ള സൗകര്യങ്ങൾ കോഴിക്കോടു മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തേണ്ടതുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഇന്ന് നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പരിമിതമായ സൗകര്യങ്ങൾ ഇവിടെ ഉണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഇവിടെയില്ലെങ്കിൽ ഇവിടേയും കോഴിക്കോടും ഏർപ്പെടുത്തണം. പരിമിതമായ സൗകര്യങ്ങളാണ് തിരുവനന്തപുരത്തുള്ളതെങ്കിൽ അത് വർദ്ധിപ്പിക്കുകയും വേണം. ഈ സൗകര്യത്തിനുവേണ്ടി ജെസ്ലോക് ആശുപത്രിയിലേക്കോ വെല്ലൂരിലേക്കോ പോകാനുള്ള സാഹചര്യം സൃഷ്ടിക്കരുതെന്ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ ധനാഭ്യർത്ഥനകളോടു യോജിക്കാൻ കഴിയാത്തതിൽ ഖേദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി.എം. സുന്ദരം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുറെകൊല്ലങ്ങൾക്കുമുമ്പ് വളരെ കുറച്ച് രോഗികളാണ് ആശുപത്രിയിലുണ്ടായിരുന്നത്. ഇന്ന് രോഗികളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. ധാരാളം രോഗികൾ ആശുപത്രിയിൽ വരുന്നുണ്ട്. പഴയകാലത്തേക്കാൾ നമ്മുടെ സംസ്ഥാനത്തെ ആശുപത്രികൾ വികസിച്ചിട്ടുണ്ട്. എങ്കിലും എല്ലാ രോഗികൾക്കും കിടക്കാനുള്ള സൗകര്യം ഇന്ന് ആശുപത്രിയിലില്ല. താലൂക്ക് അടിസ്ഥാനത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും ധാരാളം ആശുപത്രികൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എന്നാൽമാത്രമേ ആതുരസേവനം ഗ്രാമങ്ങളിൽ എത്തുകയുള്ളു. ആ കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വളരെ വിദഗ്ദ്ധമായ ചികിൽസാ സൗകര്യം ഇവിടെ ഏർപ്പെടുത്തണം. ലാബറട്ടറികളും എക്സ്റേയും ഫുൾഫ്ളഡ്ജ്ഡ് ആക്കണം. ഇപ്പോഴുള്ള ആശുപത്രിയിലെ പ്ലാസ്ററർ വളരെ മോശമാണെന്ന അഭിപ്രായമാണുള്ളത്. അത് ഉപയോഗപ്രദമാകുന്നില്ല. പുറത്തുനിന്ന് ധാരാളം പൈസ കൊടുത്ത് പ്ലാസ്ററർ വാങ്ങിക്കേണ്ട സ്ഥിതിയാണുള്ളത്. ഉപയോഗപ്രദമായ പ്ലാസ്ററർ വാങ്ങിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. പാലക്കാട്ടെ ആശുപത്രിയിൽ സ്ട്രെക്ച്ചർ പോലുമില്ല. രോഗികളെ കയ്യും കാലും തൂക്കിപിടിച്ചുകൊണ്ടുപോകുന്ന സ്ഥിതിയാണുള്ളത്. അവിടെയുള്ള രോഗികൾ വളരെയധികം പ്രയാസം അനുഭവിക്കുന്നുണ്ട്. പാല്, ഓറഞ്ച്, കോഴിമുട്ട മുതലായ ഭക്ഷണസാധനങ്ങൾ അവിടെയുള്ള രോഗികൾക്ക് കിട്ടുന്നില്ല. അത് മററുള്ളവർ ചോർത്തികൊണ്ടുപോകുന്നു. ഇതേപററി വളരെയധികം പരാതികളുണ്ടായതാണ്. അന്യർ ആശുപത്രിയിൽ പ്രവേശിക്കുകയും ഉദ്യോഗസ്ഥൻമാരുമായി കൂട്ടുചേർന്നുകൊണ്ട് ചോർത്തികൊണ്ടുപോവുകയും ചെയ്യുന്നു. ആശുപത്രികളിൽ മരുന്ന് കിട്ടുന്നില്ല. ഷോപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നാണ് വാങ്ങിക്കേണ്ടിയിരിക്കുന്നത്. പാവപ്പെട്ട ആളുകൾക്ക് ഷോപ്പിൽനിന്ന് വാങ്ങിക്കാൻ നിവർത്തിയില്ല. ഇതിന് ഒരു പരിഹാരം ഗവൺമെൻറ് ഉണ്ടാക്കണം. ഇത്രരൂപ വരുമാനമുള്ള ആളുകൾക്ക് സൗജന്യമായി മരുന്ന് നൽകാനും സൗകര്യമുള്ളവർക്ക് പുറത്തുനിന്ന് മരുന്ന് വാങ്ങിക്കാനുമുള്ള ഏർപ്പാടുണ്ടാക്കണം. ആയുർവേദമണ്ഡലത്തിൽ വളരെയധികം ഔഷധതോട്ടങ്ങൾ വച്ചുപിടിപ്പിക്കണം. എന്നാൽ മാത്രമേ ആവശ്യമായ മരുന്ന് കിട്ടുകയുള്ളുവെന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ടെങ്കിലും ആ കാര്യത്തിൽ ഗവൺമെൻറ് വേണ്ടത്ര ശ്രദ്ധചെലുത്തിയിട്ടില്ല. കൂടുതൽ ഔഷധതോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വട്ടിയൂർക്കാവ് രവി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പൊതുജനാരോഗ്യവകുപ്പിനെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ആശുപത്രികളുടെ കാര്യമാണ് പ്രധാനമായും പറയേണ്ടത്. ആശുപത്രികളിൽ മരുന്നില്ല മരുന്ന് മിക്കവാറും കിട്ടുന്നില്ലായെന്ന പരാതി നിലനിൽക്കെതന്നെ രോഗികൾക്ക് കിടക്കുന്നതിനുള്ള സൗകര്യംപോലുമില്ലാത്ത ആശുപത്രികളാണ് നമ്മുടെ സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിലുമുള്ളത്. തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ പതിനാല്, പതിനഞ്ച് വാർഡുകളുണ്ട്. ആ വാർഡുകളിൽ രോഗിയെ കാണാൻ കയറിപോകാൻ കഴിയുകയില്ല. മൊത്തം ബെഡ് സ്ട്രെങ്ങ്ത്തുള്ളതിൻെറ പത്തിരട്ടി രോഗികളെയാണ് അവിടെ കിടത്തിയിരിക്കുന്നത്. മെഡിക്കൽകോളേജ് ആശുപത്രിയിലും ഒ.പി. തിയേറററിലും എക്സ്റേ പ്ലാൻറുകൾ എന്നുവേണ്ട ലിഫ്ററുപോലും വർക്കു ചെയ്യുന്നില്ല. ഒരു മാസത്തിൽ അഞ്ചും ആറും പ്രാവശ്യം വർക്ക് ചെയ്യാത്തസ്ഥിതിവിശേഷമാണുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മികച്ച സാങ്കേതിക പരിജ്ഞാനമുള്ള എഞ്ചിനീയറുടെ കീഴിലുള്ള ഒരു വർക്ക്ഷോപ്പ് ഏർപ്പെടുത്തണം. സാങ്കേതിക പരിജ്ഞാനമുള്ള എഞ്ചിനീയറെ കിട്ടാത്തകാരണംകൊണ്ടാണ് വർക്ക്ഷോപ്പ് നടത്താൻ കഴിയാത്തതെന്നാണ് മനസ്സിലാക്കുന്നത്. കൂടുതൽ ശമ്പളം കൊടുത്താൽ സാങ്കേതിക പരിജ്ഞാനമുള്ള എഞ്ചിനീയർമാരെ കിട്ടാതിരിക്കയില്ല. അങ്ങനെയുള്ള എഞ്ചിനീയർമാരെ കണ്ടുപിടിച്ച് ഒരു വർക്ക് ഷോപ്പ് അടിയന്തിരമായി ഏർപ്പെടുത്തണം. അങ്ങനെ ചെയ്താൽ ചെറിയ, നിസ്സാരമായ കേടുപാടുകൾ വരുന്ന സമയത്ത് അപ്പോൾ തന്നെ അത് നന്നാക്കി എക്സ്റേ പ്ലാൻറും ഓപ്പറേഷൻ തിയേറററും വർക്ക് ചെയ്യാൻകഴിയും. തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ കഴിഞ്ഞ അഞ്ചാറുദിവസത്തിനുമുമ്പ് ഞാൻ പോയിരുന്നു. അവിടത്തെ ആഹാരരീതിയെപററി ഒന്നും പറയുന്നില്ല. ആഹാരത്തിൽ ഉപ്പ് ചേർത്ത് കൊടുക്കുന്നില്ല. ബഡ്ജററിൽ തുക തീർന്നുപോയിയെന്നാണ് പറയുന്നത്. ഉപ്പില്ലാതെയാണ് രോഗികൾക്ക് ആഹാരം കൊടുക്കുന്നത്. തിരുവനന്തപുരത്തെ മെൻറൽ ആശുപത്രിയിൽ രോഗികൾക്കു കിടക്കാൻ കഴിയുന്നില്ല. പഴയ തൊഴുത്തു കിടക്കുന്നതുപോലെയാണ് കിടക്കുന്നത്. മെൻറൽ ആശുപത്രിയിൽ കൂടുതൽ ആളുകൾക്ക് കിടക്കാൻ പററുന്നവിധത്തിൽ നല്ല നിലയിലുള്ള ഒരു കെട്ടിടം ഉണ്ടാക്കാൻ വൈകരുതെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലുള്ള ആയുർവേദ ആശുപത്രികളിൽ പഞ്ചകർമ്മ ചികിൽസ നടത്തുന്ന ഏക ആശുപത്രി തിരുവനന്തപുരം ആയുർവേദ ആശുപത്രിയാണ്. ഈ ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മവിഭാഗത്തിൽ മൊത്തം പത്തുപേരാണ് ജോലി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നത്. ഈ സംസ്ഥാനത്തുനിന്ന് മാത്രമല്ല മററു സംസ്ഥാനങ്ങളിൽനിന്ന് വളരെ ആളുകൾ അവിടെവന്ന് പഞ്ചകർമ്മ ചികിൽസ സ്വീകരിച്ച് പോകുന്നുണ്ട്. പഞ്ചകർമ്മ വിഭാഗത്തിൽ കൂടുതൽ ആളുകളെ നിയമിക്കാനും വികസിപ്പിക്കാനും തയ്യാറാകണം. തിരുവനന്തപുരം ആയുർവേദ ആശുപത്രിയിൽ പേവാർഡുകളില്ല. ചെറിയ ചെറിയ വാടകകൊടുത്ത് ആളുകൾ താമസിക്കുന്നതിനുള്ള പേവാർഡുകൾ അടിയന്തിരമായി ഏർപ്പെടുത്തണം. മെഡിക്കൽകോളേജ് ആശുപത്രിയിൽ ഒരു ജനതാ പേവാർഡു കെട്ടിടം കെട്ടി കൊടുത്തിട്ടു അനേക വർഷങ്ങളായി. എന്തിനാണ് ആ കെട്ടിടം കെട്ടി കൊടുത്തത്. ചെറിയ വാടകയ്ക്ക് കൊടുക്കണം. കൂടുതൽ കിടക്കകളുള്ള ജനതാപേവാർഡുകൾ ഉണ്ടാക്കണം. രോഗികൾക്ക് സ്വതന്ത്രമായ രീതിയിൽ കിടന്നു ചികിൽസ ലഭിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നു അഭ്യർത്ഥിക്കുകയാണ്.

ആശുപത്രിയെപ്പററി പറയുമ്പോൾ സ്പെഷ്യലൈസ്ഡ് ഡോക്ടർമാരും, ഡോക്ടർമാരും, നേഴ്സുമാരുമെല്ലാമുണ്ട്. ആശുപത്രിയിൽ മലമൂത്രവിസർജ്ജനം ചെയ്യാനായി കേറിയാൽ കാൽ വഴുതിവീഴും. അത് വൃത്തിയാക്കാൻ ആരുമില്ല. കൂടുതൽ സ്കാവഞ്ചർമാരെ നിയമിച്ചുകൊണ്ട് ഈ ജോലികൾ ചെയ്യിക്കാൻ തയ്യാറാകണം. ഈ ഡിമാൻറിനെ ഒന്നുകൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ഡോക്ടർ ജോർജ്ജ് മാത്യു</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ ആരോഗ്യവകുപ്പിൻെറ പുരോഗതിയെപ്പററി ഇവിടെ എല്ലാവരും പൂച്ചെണ്ടുകൾ അർപ്പിച്ചു. ഞാനും അവരുടെ കൂടെ ചേരുകയാണ്. പലരും പോരായ്മകളെപ്പററി പറഞ്ഞിട്ടുണ്ട്. പോരായ്മകൾ ഇല്ലാത്ത ഒരു വകുപ്പാണെന്ന് ഞാനും വിശ്വസിക്കുന്നില്ല. ഇവിടത്തെ കിടക്കകളുടെ എണ്ണത്തിൻെറ വർദ്ധനവും അതുപോലെതന്നെ ഭാരതത്തിലെ ആകമാനമുള്ള ആശുപത്രിയിലെ കിടക്കകളുടെ എണ്ണവും എടുത്തുനോക്കിയാൽ ആയിരംപേർക്ക് ഒരു കിടക്ക എന്നുള്ള കണക്കിനു പരിയായിട്ടുള്ള കിടക്ക ഇവിടെ ഉണ്ട്. പട്ടണങ്ങളിലാണ് കൂടുതൽ കിടക്കകളുള്ളത്. ഇന്ന് 80 ശതമാനത്തിലധികം ആളുകളും ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. ഗ്രാമങ്ങളിലേക്ക് മുഖം തിരിക്കുക എന്ന മുദ്രാവാക്യത്തോടുകൂടി നോക്കുകയാണെങ്കിൽ നമ്മുടെ ഗ്രാമങ്ങളിൽ കൂടുതൽ കിടക്കകൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. അതേസംബന്ധിച്ചിടത്തോളം പല പ്രഖ്യാപനങ്ങളും ഉണ്ടെങ്കിൽപോലും ഇന്നും അത് പ്രാവർത്തികമാകാതെ ഇരിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ ധനവിനിയോഗ ബിൽ എടുത്തുനോക്കിയാൽ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ തുക ഈ വർഷം അലോട്ടുചെയ്തിട്ടുണ്ട്. 1951-ൽ ഈ അനുവദിച്ച തുകയിൽ 75 ശതമാനവും മരുന്നിനും അതുപോലെ രോഗികളുടെ ആവശ്യത്തിനും വേണ്ടിയാണ് ചെലവാക്കിയത്. എന്നാൽ 1978-ലെ കണക്കു എടുത്തു നോക്കിയാൽ അനുവദിച്ച തുക വളരെ കൂടുതലാണെങ്കിൽ പോലും 70 ശതമാനവും ചെലവഴിക്കുന്നത് അഡ്മിനിസ്ട്രേററീവ് എക്സ്പെൻറിച്ചറിനു വേണ്ടിയാണ്. ഇവിടെയാണ് ഇതിൻെറ യഥാർത്ഥത്തിലുള്ള വ്യത്യാസം. രോഗികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്; ആശുപത്രികളിൽ കിടക്കകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്; അനുവദിച്ച തുകയും കൂടിയിട്ടുണ്ട്. പക്ഷേ യഥാർത്ഥമായിട്ട് രോഗികൾക്കു വേണ്ടി ചെലവഴിക്കുന്ന തുക എടുത്തു നോക്കിയാൽ വളരെ കുറവാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെ സംബന്ധിച്ചിടത്തോളം പഠന ഗ്രൂപ്പ് ഉണ്ടെന്നൊക്കെ പറഞ്ഞാൽത്തന്നെയും അതേപ്പററി വ്യക്തമായ കാഴ്ചപ്പാട് ഗവൺമെൻറിന് ഉണ്ടാകണമെന്ന് ആമുഖമായി പറയുകയാണ്. ഇല്ല എന്നുണ്ടെങ്കിൽ ആ അപാകത ഒരിക്കലും മാറാൻ പോകുന്നില്ല. കിടക്കകളുടെ എണ്ണം കൂടിയാലും ശരി ആശുപത്രികളിൽ രോഗികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ, വളരെയേറെ ആവശ്യങ്ങൾ നിലവിലിരിക്കുന്ന സാഹചര്യത്തിൽ ഈ പരിതഃസ്ഥിതി മാററാൻ വ്യക്തമായ കാഴ്ചപ്പാട് ഗവൺമെൻറ് ഉണ്ടാക്കണം. ഇല്ല എന്നുണ്ടെങ്കിൽ ഇന്നുള്ളതിനേക്കാൾ കൂടുതൽ ശോച്യാവസ്ഥ ഉണ്ടാകും. പിന്നീട് ഒരു കാര്യം ഈ ഗ്രാമങ്ങളിലേക്ക് മുഖംതിരിക്കണമെന്നു പറഞ്ഞ കാര്യമാണ്. താലൂക്ക് ആശുപത്രികൾ വികസിപ്പിക്കുന്ന കാര്യത്തെപ്പററി ബഡ്ജററിൽ പറഞ്ഞിട്ടുണ്ട്. ഗവർണ്ണറുടെ പ്രസംഗത്തിലും പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. പല താലൂക്കാശുപത്രികളുടെയും അവസ്ഥ ശോചനീയമാണ്.

ഉദാഹരണമായി പത്തനംതിട്ട ആശുപത്രി എടുക്കാം. അവിടെ നൂറ് കിടക്കകളാണ് ഉള്ളത്. അവിടെ കിടക്കുന്ന രോഗികൾ 250 ആണ്. ഒരു ദിവസം ആയിരത്തിലധികം ഔട്ട് പേഷ്യൻറ് വരുന്നുണ്ട്. അടുത്തകാലത്ത് കുമ്പഴയിലുണ്ടായ ദാരുണമായ അപകടസമയത്ത് ആ ആശുപത്രിയിൽ വെള്ളം കിട്ടാനുള്ള സംവിധാനം ഇല്ലായിരുന്നു. 250 രോഗികൾ കിടക്കുന്ന ആശുപത്രിയിൽ വെള്ളം സ്ഥിരമായി കിട്ടാനുള്ള സംവിധാനം ഇല്ല. ഈ കഴിഞ്ഞ 6 മാസമായി ഒരു എക്സ്റേ കേടായി കിടക്കുകയാണ്. ഇത് ഒരു ഗൂഢാലോചനയുടെ ഫലമായിട്ടാണെന്നാണ് വിശ്വസിക്കുന്നത്. കാരണം ഈ ഗവൺമെൻറ് ഇവിടെ വാങ്ങിച്ചിട്ടുള്ള എക്സ്റേ യൂണിററ് എപ്പോഴും കേടായി കിടക്കുകയാണ്. കേടായി കഴിഞ്ഞാൽ ഉടൻതന്നെ നന്നാക്കാൻ കമ്പനിക്ക് എഴുതിയാൽ ഈ കമ്പനിയിൽനിന്ന് റെപ്രസെൻേററീവ് ഉടനെ എഴുതും ആയിരം രൂപ ചെലവും പിന്നെ ഫസ്ററ് ക്ലാസ്സ് ഫൈവ് സ്ററാർ ഹോട്ടലിലേ താമസിക്കുകയുള്ളു എന്നും. ഇതെല്ലാം കൊടുക്കാമെന്നു പറഞ്ഞാൽ പോലും ചിലപ്പോൾ വരുകയില്ല. ഇതിന് എന്തോ അപാകതയുണ്ട്. ഇതേസംബന്ധിച്ച് ഗവൺമെൻറ് അന്വേഷിക്കണം. എന്താണ് എക്സ്റേ യൂണിററിനെ സംബന്ധിച്ച് ഉണ്ടായിട്ടുള്ള അപാകതയെന്ന് ഗവൺമെൻറ് അന്വേഷിക്കണം. ഇത് ഒരു ആശുപത്രിയിൽ മാത്രമുള്ളതല്ല. ഇതുപോലുള്ള ആക്സിഡൻറ് ഉണ്ടാകുമ്പോൾ, കയ്യും കാലും ഒടിഞ്ഞുവരുമ്പോൾ അവിടെ ചികിൽസിക്കാവുന്ന രോഗങ്ങൾപോലും ചികിൽസിക്കാനുള്ള സാഹചര്യം ഇല്ലാതാവുകയാണ്. അതുപോലെതന്നെ ബ്ലഡ്ബാങ്കിൻെറ കാര്യം. താലൂക്ക് ആശുപത്രികളുടെ വികസനത്തെപ്പററി പറയുമ്പോൾ വളരെ അത്യാവശ്യമായ ഒരു കാര്യമാണ് ബ്ലഡ് ബാങ്ക്. പല രോഗികളും മരിക്കുന്നത് അതിൻെറ അഭാവംകൊണ്ടാണ്. 3000 സ്ക്വയർ കിലോമീററർ വിസ്തീർണ്ണമുള്ള ആ മേഖലയിൽ, പത്തനാപുരം താലൂക്കിൽ, ഒരു ബ്ലഡ് ബാങ്കില്ല. കോട്ടയത്തോ, കൊല്ലത്തോ, തിരുവനന്തപുരത്തോ പോകേണ്ട സ്ഥിതിയാണുള്ളത്. അതേസംബന്ധിച്ച് കാര്യമായി ആലോചിക്കണം. ആംബുലൻസ് സർവ്വീസ് ഉണ്ടാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ താലൂക്ക് ആശുപത്രിയിൽ ഉണ്ടാക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ഈ മേഖലയ്ക്ക് പരിഗണന കൊടുത്തിട്ടില്ല. ഇതേ സംബന്ധിച്ച് ചിന്തിക്കണം. ആക്സിഡൻറ് സർവ്വീസ് നമ്മുടെ ആധുനിക ലോകത്തിൽ വിവിധ രാജ്യങ്ങളിലൊക്കെ ഉള്ളതാണ്. ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലും എക്സ്റേ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് ഉണ്ടാക്കിയാൽ നന്നായിരിക്കും. അടുത്തകാലത്ത് ആക്സിഡൻറ് ഉണ്ടായ സാഹചര്യത്തിൽ ആക്സിഡൻറ് ഉണ്ടായവരെയെല്ലാം കൂടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയി. ഡ്രസ് ചെയ്യിച്ച് ചികിൽസിക്കും. അവിടത്തെ സ്ഥിതി നമുക്കറിയാം. ഒരു സർജനും അദ്ദേഹത്തിൻെറ കൂടെ ഒരു അസിസ്ററൻറ് പ്രൊഫസറും ഉണ്ടോ എന്ന് എനിക്കറിയില്ല. അവിടെ സ്ററാഫിൻെറ അപാകത വളരെയേറെ ഉണ്ട്. അവിടെ കയ്യും കാലും ഒടിഞ്ഞ് ധാരാളം ആളുകൾ വരുന്നുണ്ട്. അവർ വീർപ്പു മുട്ടുകയാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ജില്ലാ ക്വാർട്ടേഴ്സിൽ ആക്സിഡൻറ് സർവ്വീസ് ഉണ്ടാക്കിയാൽ കുറെയൊക്കെ പരിഹാരം ഉണ്ടാക്കാൻ കഴിയും. ഇത് ഒരു വലിയ കാര്യമാണെന്ന് വിശ്വസിക്കുന്നില്ല. ആക്സിഡൻറ് വിങ്ങ് ഒരു പ്രത്യേക വിദഗ്ദ്ധൻെറ മേൽനോട്ടത്തിൽ ആക്കിയാൽ വിലപ്പെട്ട ജീവൻ നഷ്ടപ്പെടുത്താതെ രക്ഷിക്കാൻ കഴിയും. ആ രീതിയിലുള്ള ചിന്താഗതിയുണ്ടാകണം. നമ്മുടെ നാട്ടിൽ 28,000 ബെഡ്ഡുകൾ ഗവൺമെൻറ് മേഖലയിലുണ്ടെങ്കിൽ അത്രയുംതന്നെ ബെഡ് പ്രൈവററ് മേഖലയിലും ഉണ്ട്. ഈ രണ്ടു വിഭാഗവും നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് സേവനം നടത്തുന്നുണ്ട്. ഇതിനകത്ത് അപാകത ഉണ്ടാകും. അതിലേക്ക് കടക്കുന്നില്ല. രണ്ടുകൂട്ടരുടേയും സേവനം നമ്മുടെ നാട്ടിൽ ക്രോഡീകരിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യണം. സ്കൂൾ പരിശോധന രംഗത്ത് ഗവൺമെൻറ് പുരോഗതി വരുത്തിയിട്ടുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുവാൻ ഗവൺമെൻറ് ഡോക്ടർമാരെ കൂടി ഉപയോഗിക്കണം. അവരുടെ സേവനം നമ്മുടെ കുഞ്ഞുങ്ങളുടെ ആരോഗ്യ പരിപാലനത്തിന് സഹായകമാകും. അടുത്ത കാലത്ത് ഗവൺമെൻറ് നോട്ടിഫിക്കേഷൻ ഇറക്കുകയുണ്ടായി. പ്രൈവററ് ആശുപത്രിയുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം നിയമം ഉണ്ടാക്കണമെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. അവിടെ ജോലിചെയ്യുന്നവരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം സ്ഥിരീകരണം ഉണ്ടാകുമെന്നുള്ള അഭിപ്രായമില്ല. ഈ നോട്ടിഫിക്കേഷനിൽ എന്താണുള്ളത്. സ്ററാഫ് നേഴ്സ് എന്ന ഡെസിഗ്നേഷൻ വച്ചിട്ടുണ്ട്. ആരാണ് സ്ററാഫ് നേഴ്സ്. ഗവൺമെൻറ് നോട്ടിഫിക്കേഷൻ പ്രകാരം, 1953-ലെ ഇൻഡ്യൻ നഴ്സസ് ആൻറ് മിഡ്‌വൈഫ്സ് ആക്ട് പ്രകാരം അതിനകത്ത് ക്വാളിഫിക്കേഷൻ വച്ചിട്ടുണ്ട്. ആ ക്വാളിഫിക്കേഷനുള്ളവരെ മാത്രമേ സ്ററാഫ് നേഴ്സ് എന്നോ മിഡ്‌വൈഫ് എന്നോ വിശേഷിപ്പിക്കാൻ സാധിക്കുകയുള്ളു. പക്ഷേ എവിടെയെങ്കിലും ഒരു സ്വകാര്യ ആശുപത്രിയിൽ 5 വർഷമോ 10 വർഷമോ സേവനം ചെയ്താൽ അവരെ സ്ററാഫ് നേഴ്സ് എന്ന് ഡെസിഗ്നേററ് ചെയ്താൽ അഭിപ്രായവ്യത്യാസമുണ്ട്. അവർക്ക് എന്തു വേണമെങ്കിലും കൊടുക്കണം. സ്ററാഫ് നേഴ്സെന്ന പേരുവച്ചാൽ നേഴ്സസ് കൗൺസിലും മിഡ്‌വൈഫ് കൗൺസിലുമൊക്കെ അതിനെ പ്രതിഷേധിക്കും. അതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് പരിഗണിക്കണം. അവരുടെ വേതനത്തെ സംബന്ധിച്ചിടത്തോളം സ്ഥിരീകരണം ഉണ്ടാകണമെന്ന അഭിപ്രായം ഇല്ല. പ്രൈവററ് പാർട്ടീസിനെ സംബന്ധിച്ചിടത്തോളം ഒരു കമ്മീഷനോ അല്ലെങ്കിൽ ഏതെങ്കിലും ഒരു ബോഡിയോ ഇതേപ്പററി അന്വേഷിക്കണം. രണ്ടുമാസം കൊണ്ട് റിപ്പോർട്ടു സമർപ്പിക്കാൻതക്ക വിധത്തിൽ ഉള്ള ഒരു കമ്മീഷനെ നിയമിക്കണം. അല്ലാതെ ഏതെങ്കിലും ഒരു ഷോപ്സ് ആൻഡ് എസ്ററാബ്ലിഷ്മെൻറ് ആക്ടിൻപ്രകാരം ആരെങ്കിലുമൊക്കെ കുറെ സ്ഥലത്തുപോയി ഒരു റിപ്പോർട്ട് സമർപ്പിച്ചതിൻെറ പേരിൽ ഒരു നിയമം നടപ്പാക്കാൻ പോകുകയാണെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. അതേസംബന്ധിച്ച് പഠിക്കാൻ ഒരു കമ്മീഷനെവച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട്, ഒരു സമയപരിധി വച്ചുകൊണ്ട് രണ്ടോ മൂന്നോ മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് അവിടെ നിയമം നടപ്പാക്കണം. അതുപോലെതന്നെ നേഴ്സിംഗ് ഓർഡർലി എന്നു പറയുന്ന ഒരു വിഭാഗം ഉണ്ട്. പക്ഷേ ആ നിയമപ്രകാരം നേഴ്സിംഗ് ഓർഡർലി എന്നു പറയുന്ന ആളെ എടുത്ത് 5 വർഷം കഴിയുമ്പോൾ സ്റ്റാഫ് നേഴ്സ് ആക്കുകയാണ്. ഈ സമീപനത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിൻെറ സമീപനം തെററാണ്. ബഹുമാനപ്പെട്ട ഹെൽത്ത് മിനിസ്ററരോട് പറഞ്ഞപ്പോൾ ഇത് ലേബർ ഡിപ്പാർട്ടുമെൻറിൻെറ കാര്യമാണ് എന്നു പറഞ്ഞു. കേന്ദ്ര ഗവൺമെൻറ് പാർലമെൻറിൽ ഒരു ബിൽ അവതരിപ്പിച്ചിട്ടുണ്ട്. 141 of 70. അത് ഈ രാജ്യത്തെ മെഡിക്കൽ ഇൻസ്ററിററ്യൂഷൻസിനേയും വിദ്യാഭ്യാസ സ്ഥാപനത്തേയും ചേർത്ത് കൊണ്ടുള്ള സമഗ്രമായ ബില്ലാണ്. പോരായ്മകൾ പലതുമുണ്ട്. കേരള ഗവൺമെൻറ് അതിനൊരു മാതൃക സ്വീകരിക്കണം. പ്രൈവററ് ആശുപത്രിയെ ക്രോഡീകരിച്ചുകൊണ്ട് ഇവർക്ക് രജിസ്ട്രേഷൻ ഉണ്ടാക്കണം. അതിൽകൂടി വരുമാനം ഉണ്ടാക്കണം. ഇവിടെ ആർക്കും എവിടേയും ആശുപത്രി ഉണ്ടാക്കാനുള്ള സംവിധാനം ഉണ്ട്. അതു മാററി അവർക്ക് രജിസ്ട്രേഷൻ ഉണ്ടാക്കിക്കൊണ്ട് വരുമാനം ഉണ്ടാക്കണം. അതുപോലെതന്നെ ഏതെങ്കിലും ഒരു നിയമത്തിൻ കീഴിൽ ഒരു ഗ്രീവൻസ് സെററിൽമെൻറ് കമ്മിററി ഉണ്ടാക്കിയില്ലെങ്കിൽ ട്രെയ്ഡ് യൂണിയനുകളുടെ അതിപ്രസരം നമ്മുടെ ഗവൺമെൻറ് ആശുപത്രികളിൽ ഉണ്ടാകും. ഇന്ന് ഗവൺമെൻറ് ആശുപത്രികളിലെ സ്ഥിതിയെപ്പററി വിമർശിച്ച പല ആളുകളുടേയും പ്രസംഗം ഞാൻ ശ്രദ്ധിച്ചു. സർക്കാർ ആശുപത്രിയിലെ ഒരാൾ പറഞ്ഞാൽ വേറെ ഒരാൾ കേൾക്കാത്ത സംവിധാനം ഉണ്ട്. അവിടെ അദ്ധ്യാപകനായിരുന്ന കേശവൻ നായരെപ്പററി ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ പരാമർശിച്ചു. അദ്ദേഹത്തിൻെറ കീഴിൽ പ്രവർത്തിച്ചിട്ടുള്ള ആളാണ്. അദ്ദേഹം പറഞ്ഞാൽ കേൾക്കുമായിരുന്നു. അദ്ദേഹം തൂക്കണമെന്നു പറഞ്ഞാൽ തൂക്കാൻ ആൾക്കാർ ഉണ്ടായിരുന്നു. ഇന്ന് അതിനൊക്കെ കമ്പാർട്ടുമെൻറലൈസേഷൻ വന്നിരിക്കയാണ്. അതുകൊണ്ട് അതുപോലുള്ള സ്ഥിതിവിശേഷം പ്രൈവററ് ആശുപത്രിയിൽ ഉണ്ടാകാതിരിക്കണമെങ്കിൽ അതു സംബന്ധിച്ച് സമഗ്രമായ നിയമം ഉണ്ടാക്കി ഒരു ഗ്രീവൻസ് സെററിൽമെൻറ് കമ്മിററി ഉണ്ടാക്കണം. ഈ പ്രശ്നം പരിഹരിക്കണം. ലേബർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ വിട്ടുകൊണ്ട് അതിനെ താറുമാറാക്കരുത്. ഇവിടെ ഒരു സമയ പരിധി വച്ചിട്ടുണ്ട്. 5 മണിക്ക് പ്രസവക്കാർ വന്നാൽ എൻെറ ഡ്യൂട്ടി കഴിഞ്ഞു എന്നു പറഞ്ഞുകൊണ്ട് പോകുന്ന ഒരു സ്ഥിതിവിശേഷം ഉണ്ട്. 5 മണിക്ക് ഒരാൾക്ക് ഹാർട്ട് അററാക്ക് ഉണ്ടായാൽ എൻെറ ഡ്യൂട്ടി കഴിഞ്ഞുപോയി ഇപ്പോൾ വേറൊരാളുടെ ഡ്യൂട്ടി ആണെന്നു പറഞ്ഞുകൊണ്ടുള്ള ഗതികേട് ഉണ്ടായാൽ ഇന്നുള്ള ശോച്യാവസ്ഥയേക്കാൾ കൂടുതൽ ശോച്യാവസ്ഥ ഉണ്ടാകും. സർക്കാർ ആശുപത്രിയിലുള്ള ശോച്യാവസ്ഥ ഈ പ്രൈവററ് ആശുപത്രിയെ ബാധിക്കാൻ ഇടവരാതെയിരിക്കണമെങ്കിൽ ഇതെല്ലാം പഠിക്കണമെന്നു മാത്രമേ എനിക്കു പറയാനുള്ളു. കേരളാ മെഡിക്കൽ പ്രാക്ടീഷ്ണേഴ്സ് ബിൽ ഇവിടെ നേരത്തെ അവതരിപ്പിച്ചതാണ്. അത് മോഡിഫൈ ചെയ്ത് ഇവിടെ വന്നിട്ടുണ്ട്. തീർച്ചയായും ഈ ഗവൺമെൻറ് ഈ ബിൽ പാസ്സാക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതുപോലെതന്നെ നമ്മുടെ ഗവൺമെൻറ് ഡാക്ടർമാരെ സംബന്ധിച്ചിടത്തോളവും പ്രൈവററ് ഡോക്ടർമാരെ സംബന്ധിച്ചിടത്തോളവും അവർ പാസ്സായിക്കഴിഞ്ഞാൽ പിന്നീട് അവർക്കു റിഫ്റെഷർ കോഴ്സ് എന്ന സംഗതി യഥാർത്ഥത്തിൽ ഇല്ല. അതിന് ഒരു സമഗ്രമായ പരിപാടി ഉണ്ടാക്കണം. ആധുനികമായ നടപടികൾ മനസ്സിലാക്കുന്നതിനും അതേപ്പററി പഠിക്കുന്നതിനും ഉള്ള ഒരു റിഫ്റെഷർ കോഴ്സ് തീർച്ചയായും അദ്ധ്യാപകർക്ക് വേണം. നമ്മുടെ നാട്ടിൻപുറത്തുള്ള ഡോക്ടർമാർ ഈ ആധുനിക നടപടികൾ പഠിക്കുന്നുണ്ടോ എന്ന് സംശയമുണ്ട്. ഒരു റിഫ്റെഷർ കോഴ്സ് ഉണ്ടാകണം. സർ, ഒരു കാര്യംകൂടി പറഞ്ഞു നിറുത്തുകയാണ്.

കുട്ടികളുടെ വർഷം നാം ആചരിക്കുകയാണ്. ഇവിടെ കുട്ടികൾക്കുവേണ്ടി പല പരിപാടികൾ വച്ചിട്ടുണ്ട്. കഴിഞ്ഞ ജനുവരി മാസത്തിൽ ഇതു സംബന്ധമായ ഒരു റിപ്പോർട്ട് ഇൻഡ്യൻ എക്സ്പ്രസ്സിൽ വായിച്ചു. ഈ അടുത്ത വർഷം There are scientists who fear polio epidemic in India എന്നു പറഞ്ഞിട്ടുണ്ട്. സർ, ഇതൊരു വാണിംഗ് ആണ്. നമ്മുടെ ഹെൽത്തു ഡിപ്പാർട്ടുമെൻറ് ഈ റിപ്പോർട്ട് കാര്യമായി എടുക്കണമെന്നുള്ള ഒരു അഭിപ്രായം എനിക്കുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾക്ക് പോളിയോ വാക്സിൻ കൊടുക്കാനായി ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ആക്ടിൽ മുൻഗണന കൊടുത്തുകൊണ്ട് സമഗ്രമായ പരിപാടികൾ ഉണ്ട്. പക്ഷേ അത് എല്ലാ വില്ലേജിലും കിട്ടാനുള്ള ബുദ്ധിമുട്ടുണ്ട്. പലയിടത്തും ഇന്ന് കിട്ടുന്നില്ല. അങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് മുൻഗണന കൊടുത്തുകൊണ്ട് നമ്മുടെ ഗ്രാമങ്ങളിൽ പോളിയോയെ സംബന്ധിച്ച സംവിധാനങ്ങൾ ഗവൺമെൻറ് ഡോക്ടർമാർക്കും പ്രൈവററ് ഡോക്ടർമാർക്കും ഉപയോഗിക്കത്തക്കവിധത്തിൽ ഉണ്ടാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. സർ, നമുക്ക് ഇന്ന് ആവശ്യത്തിനു മരുന്നില്ല. 15 വർഷങ്ങൾക്കു മുൻപ് നിറുത്തിയ കാർമിനേററീവ് മിക്സ്ച്ചറിനു ഇന്നു എഴുതിക്കൊടുക്കുന്ന ആശുപത്രികൾ ഉണ്ട്. മിക്സ്ച്ചർ ഇല്ലെന്നുള്ളതു പോലും അവർ പഠിച്ചിട്ടില്ല. പക്ഷേ അതിന് ചിററ് എഴുതിക്കൊടുക്കും. അവിടെ ആനക്കാലൻ കുപ്പി ഉണ്ട്. കുപ്പികളിൽനിന്ന് ഒഴിച്ചു കൊടുക്കും. ഈ സംവിധാനത്തിന് മാററം ഉണ്ടാക്കണം. ഇത് ഉണ്ടാക്കുന്നതിന് ഖജനാവിൽ പണം ഇല്ലെന്നു പറയുന്ന വാദഗതിയോട് യോജിക്കുന്നില്ലെങ്കിൽ പോലും മാററം ഉണ്ടാക്കണം. അവിടെവിടെയുള്ള അഡ്വൈസറി കമ്മിററികൾ വഴി ഒരു ഫണ്ട് ഉണ്ടാക്കുന്നതിന് സെസ്സ് ഏർപ്പെടുത്തുന്നതിന് സാധിക്കും സർ. ആ നിലയിൽ താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒരു ഫണ്ട് പ്രത്യേകിച്ച് ഉണ്ടാക്കണം. പ്രത്യേകിച്ച് ഈ സമയത്ത് ഒരു ആക്സിഡൻറ് ഉണ്ടായപ്പോൾ അവിടെ ഗ്ലൂക്കോസ് വാങ്ങിക്കാൻ വെളിയിൽ പോകേണ്ട ഗതികേട് ഉണ്ടായി സർ. അതിനുപകരം ഈ അഡ്വൈസറി കമ്മിററികൾക്കു കുറെക്കൂടി സ്ററാററ്യൂട്ടറി പൗവർ കൊടുത്തുകൊണ്ട് അവിടെ ഒരു ഫണ്ട് ഉണ്ടാക്കിയാൽ ആ മെഡിക്കൽ ആഫീസറുടെ കീഴിൽ ഈ ഫണ്ടിൻെറ വിനിയോഗത്തിനുവേണ്ടി ഈ കമ്മിററികൾക്ക് അധികാരം കൊടുത്താൽ കൂടുതലായി കാര്യങ്ങൾ ചെയ്യുന്നതിനും അവിടെ അത്യാവശ്യമുള്ള മരുന്നുകൾ കിട്ടുന്നതിനും ഇതുപോലുള്ള ഗതികേട്— ആനക്കാലൻ കുപ്പികളിൽ കോഴിക്കോട് ഉപ്പുരസമാണെങ്കിൽ തിരുവനന്തപുരത്ത് പുളിരസമായി മാറുന്ന ഗതികേട്—മാററുന്നതിനും സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുള്ള സമഗ്രമായ പദ്ധതികളിൽകൂടി ഈ രാജ്യത്ത് ആവശ്യമുള്ള മരുന്ന് എത്തിക്കുന്നതിനും ജനങ്ങളുടെ ക്ഷേമത്തെപ്പററി ശ്രദ്ധക്കുന്നതിനും സാധിക്കും. അതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്.

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, നമ്മുടെ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളേയും സാമൂഹിക വികസനവകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളേയും ഞാൻ പിൻതാങ്ങുന്നു. ഒന്നുരണ്ടു കാര്യങ്ങൾ ആരോഗ്യവകുപ്പിനെക്കുറിച്ചു സംസാരിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

സർ, ആരോഗ്യവകുപ്പിനെക്കുറിച്ച് സംസാരിക്കുന്ന അവസരത്തിൽ എനിക്ക് പറയാനുള്ളത് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുന്നംകുളം ഗവൺമെൻറു ആശുപത്രിയെക്കുറിച്ചാണ്. പത്തെഴുപതു കൊല്ലങ്ങൾക്കു മുൻപു സ്ഥാപിച്ച ഈ ആശുപത്രിക്ക് ഇന്നോളം യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്നു പറയുന്നതിൽ എനിക്ക് യാതൊരു മടിയുമില്ല. ഈ ആശുപത്രി കുന്നംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നു. എട്ടേക്കർ സ്ഥലത്ത് എട്ടൊൻപതു ചിന്നിച്ചിതറി കിടക്കുന്ന കെട്ടിടങ്ങളിലായിട്ടാണ് ഈ ആശുപത്രി പ്രവർത്തിക്കുന്നത്. ഒരു കല്ലുപോലും അതിനുശേഷം ആ ആശുപത്രിയുടെ പുനരുദ്ധാരണത്തിനുവേണ്ടി ചെലവഴിച്ചിട്ടില്ല എന്നുള്ള സത്യം അവശേഷിക്കുകയാണ്. ഈ ദുഃസ്ഥിതി മാററിയെടുക്കുന്നതിന് കുന്നംകുളം മുനിസിപ്പൽ കൗൺസിൽ ഒരു പദ്ധതി തയ്യാറാക്കി ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇന്നു അവിടെയുള്ള എട്ടേക്കർ സ്ഥലത്തുനിന്നു കുറച്ചു സ്ഥലം മുൻസിപ്പാലിററിക്ക് വിട്ടുകൊടുക്കുകയാണെങ്കിൽ മുൻസിപ്പാലിററി ആ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു പുതിയ കെട്ടിടം നിർമ്മിച്ചുകൊടുക്കാമെന്ന് ഏററിട്ടുണ്ട്. ഈ പദ്ധതി ഗവൺമെൻറ് അംഗീകരിച്ച് നടപ്പാക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ഇതിനു മുൻപ് ഡോക്ടർമാരുടെ കാര്യത്തിൽ അഞ്ചു ഡോക്ടർമാർവരെ അവിടെ പ്രവൃത്തിയെടുത്തിരുന്നു. ഇന്നു അവിടെ മൂന്നു ഡോക്ടർമാർ മാത്രമാണുള്ളത് എന്നുള്ളതു കാണുമ്പോൾ ആ രംഗത്ത് വളരെയധികം പിന്നോക്കമാണ് കുന്നംകുളം ആശുപത്രിയുടെ സ്ഥിതി എന്നു സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകൾ അവിടെവന്നു ചികിൽസക്ക് കാത്തുകിടക്കുന്ന അവസരത്തിൽ അവർക്ക് ശരിയായ വിധത്തിൽ ശുശ്രൂഷയോ അവരെ കിടത്തുന്നതിനാവശ്യമായ സംവിധാനമോ യാതൊന്നുംതന്നെ അവിടെയില്ലെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. അതുപോലെതന്നെ നമുക്കറിയാം, ഞാൻ നേരത്തെ സൂചിപ്പിച്ച ഒരു കാര്യമുണ്ട് ഇന്നു തൃശ്ശൂർ മുതൽ അങ്ങ് വടക്കോട്ടുള്ള പ്രദേശങ്ങളിലെ കാലിക്കട്ട് യൂണിവേഴ്സിററിയുടെ കീഴിലുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം നമ്മുടെ മെഡിക്കൽ കോളേജുകളിലെ പ്രവേശനത്തിന്റെ കാര്യത്തിൽ ആനുപാതികമായ അവസരം ലഭിക്കുന്നില്ലെന്നുള്ളത് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. അവിടെ സെലക്ടു ചെയ്യുന്ന വിദ്യാർത്ഥികൾക്ക് മാർക്കിന്റെ ശതമാനം നിശ്ചയിക്കുന്ന കാര്യത്തിലും അപാകതകൾ നിലനിൽക്കുന്നുണ്ട്. മെഡിക്കൽ

കോളേജുകളിലെ പ്രവേശനത്തിന്റെ കാര്യത്തിൽ അവിടെയുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഇങ്ങനെയുള്ള അപാകതകൾ നിലനിൽക്കുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയായി ഇന്നു അവശേഷിക്കുകയാണ്. അതുപോലെതന്നെ ഇന്നു നമുക്കറിയാം തിരുവിതാംകൂർ പ്രദേശത്ത് മൂന്നു മെഡിക്കൽ കോളേജുകളുണ്ട്. പഴയ മലബാർ പ്രദേശത്ത് ഒരു മെഡിക്കൽ കോളേജു മാത്രമാണുള്ളത്. ഈ പ്രദേശങ്ങൾ തമ്മിലുള്ള വ്യത്യാസം മാററിയെടുക്കുന്നതിന് തൃശ്ശൂർ ജില്ലയുടെ ആസ്ഥാനമായ തൃശ്ശൂരിൽ ഒരു മെഡിക്കൽകോളേജു സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശ്രമം ആരംഭിക്കണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതു പ്രൈവററു മേഖലയിലായാലും തെററില്ല എന്നാണ് എന്റെ വിശ്വാസം. നമുക്കറിയാം നമ്മുടെ സംസ്ഥാനത്തു നിന്ന് ഏകദേശം ഒരു കൊല്ലത്തിൽ 100 പേരെങ്കിലും മററു സംസ്ഥാനങ്ങളിൽ മെഡിക്കൽ കോളേജു പ്രവേശനത്തിനുവേണ്ടി പോകുന്നുണ്ടെന്നുള്ളത്. എന്റെ അറിവ് ശരിയാണെങ്കിൽ ക്യാപ്പിറേറഷൻ ഫീ ഇനത്തിൽ ഒരു കോടി രൂപയോളം നമ്മുടെ സംസ്ഥാനത്തുനിന്നു പോകുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിന് തൃശ്ശൂർ ആസ്ഥാനമാക്കി ഒരു മെഡിക്കൽകോളേജു സ്ഥാപിക്കണമെന്നു വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഇന്നു പ്രത്യേകം ശ്രദ്ധ ആകർഷിക്കുന്ന ഒരു പ്രശ്നം ഞാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. നമ്മുടെ തിരുവനന്തപുരം മെഡിക്കൽകോളേജിൽ ഓപ്പറേഷൻ നടക്കുന്നില്ല. അതിനുവേണ്ട ജനറേററർ പ്രവർത്തിക്കാത്തതുകൊണ്ട് ഓപ്പറേഷൻ നടക്കുന്നില്ല. ഇന്നുപോലും ഓപ്പറേഷന് വിധേയരായിട്ടുള്ള രോഗികളെ അതിന് സാധിക്കാതെ തിരിച്ചുകൊണ്ടുവരേണ്ടി വന്ന സ്ഥിതി അവിടെയുണ്ടെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞാൻ ഈ പ്രശ്നത്തിലേക്ക് കൂടുതൽ കടക്കണമെന്നു ആഗ്രഹിക്കുന്നില്ല.

അതുപോലെതന്നെ വളരെയധികം പ്രാധാന്യം അർഹിക്കുന്ന നമ്മുടെ സാമൂഹിക വികസന വകുപ്പിനെക്കുറിച്ച് ചില കാര്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. സർ, നമ്മുടെ സാമൂഹിക വികസന വകുപ്പ് നമ്മുടെ ഗ്രാമപ്രദേശങ്ങളുടെ സമഗ്രമായ വികസനത്തെ ലക്ഷ്യംവച്ചുകൊണ്ടാണ്, അവിടത്തെ സാധാരണക്കാരായ ആളുകളുടെ ജീവിതത്തിൽ സമൂലമായ മാററം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഇവിടെ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. വരുന്ന കൊല്ലങ്ങളിൽ നമ്മുടെ വില്ലേജുകളേയും ഗ്രാമപ്രദേശങ്ങളേയും വളരെയധികം പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള വ്യാപകമായ പല പരിപാടികളും ഈ ഗവൺമെൻറു മുന്നോട്ടുവച്ചു. നമ്മുടെ ഗ്രാമപ്രദേശങ്ങളിലെ റോഡുകളുടെ വികസനത്തിനും പുതിയ റോഡുകൾ ഉണ്ടാക്കുന്നതിനും മററുമായി പല പദ്ധതികളും ആവിഷ്കരിച്ച് പല പരിപാടികളും മുന്നോട്ടുവച്ചു. ഈ പരിപാടികളുടെ സുഗമമായ പ്രവർത്തനത്തിന് പല നിർദ്ദേശങ്ങളും വച്ചു. നമുക്കറിയാം ഈ പ്രവർത്തനങ്ങളൊക്കെ നന്നായി നടക്കണമെങ്കിൽ നല്ല രീതിയിലുള്ള ആഫീസർമാരും അതുപോലെതന്നെ ജനപങ്കാളിത്തത്തോടുകൂടി നടത്തുന്ന ഈ പ്രവർത്തനങ്ങൾ വിജയിക്കണമെങ്കിൽ ആത്മാർത്ഥതയുള്ള ജനപ്രതിനിധികളും ആവശ്യമാണെന്നുള്ളത്. ഇന്നു സാമൂഹിക വകുപ്പിന്റെ കീഴിൽ കടത്തുന്ന എല്ലാ പ്രവർത്തനങ്ങളും വാസ്തവത്തിൽ നാമിനി വർക്കായിനാണ് നടത്തുന്നത്. അതായത് പഞ്ചായത്തു കമ്മിററികളാൽ നിയേ

LIBRARY ARCHIVES Kerala Legislative Assembly

ഗിക്കപ്പെടുന്ന ഈ പണികൾ ഏൽപ്പിക്കുന്നത് പൊതുപ്രവർത്തകരെയാണ്. അവിടെ അഴിമതിയുണ്ടെന്ന് വ്യക്തമായി പല മെമ്പർമാരും ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. വാസ്തവത്തിൽ ഉദ്യോഗസ്ഥന്മാരെ മാത്രം ഈ കാര്യത്തിൽ കുററപ്പെടുത്തുന്നത് അനൗചിത്യമാണെന്നു പറയുന്നതിൽ എനിക്ക് യാതൊരു മടിയുമില്ല. ജനങ്ങളുടെ പ്രതിനിധികളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഈ ആളുകൾക്ക് ഈ പ്രവർത്തനം ഏൽപ്പിച്ചുകൊടുക്കുമ്പോൾ അതു നന്നായി നടത്തേണ്ട ചുമതല ജനപ്രതിനിധികൾക്കുണ്ടെന്നാണ് എന്റെ വിശ്വാസം. പക്ഷെ ഇതാണെ വ്യാപകമായി അഴിമതി ഉണ്ടാകുമെന്നു പലപ്പോഴും വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പുഴക്കൽ ബ്ലോക്കിൽ 50 ശതമാനം പണമായും 25 ശതമാനം അരിയായും കൊടുത്ത് റോമിനി വർക്ക് ഏറെറടുക്കാൻ ആളില്ലാത്ത സ്ഥിതിയാണ് ഉള്ളത് എന്നുള്ളത് പറയാൻ ഞാൻ മടി കാണിക്കുകയില്ല. പക്ഷെ അതിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളത് നമുക്കറിയാം. ഇറിഗേഷനും മൈനർ ഇറിഗേഷൻ ക്ലാസ്സു പ്രവർത്തികൾക്കും ഇന്നു ഗവൺമെൻറ് ചില ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടുകൂടി അത്തരം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആ പ്രവർത്തനങ്ങൾ നടത്തുന്നതിന് കല്ല്, കമ്പി, സിമൻറ് തുടങ്ങിയ സാധനങ്ങൾ ഗവൺമെൻറിൽനിന്നും കൊടുക്കുന്ന സമ്പ്രദായമുണ്ട്. ആ സമ്പ്രദായം സാമൂഹിക വികസന വകുപ്പിൻറെകീഴിൽ നടക്കുന്ന ജോലികൾക്കുകൂടി വ്യാപിപ്പിക്കുകയാണെങ്കിൽ ഈ പ്രവർത്തനങ്ങൾ കൂടുതൽ നന്നായി നടത്തുന്നതിന് സാധിക്കും. ഇല്ലെങ്കിൽ പല റോഡുകളുടേയും പണി നല്ല രീതിയിൽ നടക്കുകയില്ല. അതിന് ഒരു പരിഹാരം കാണണമെങ്കിൽ ഇങ്ങനെയുള്ള ഒരു നിർദ്ദേശം പ്രായോഗിക തലത്തിൽ കൊണ്ടുവരണമെന്നു ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെൻറ് ഗ്രാമപ്രദേശങ്ങളിൽ പാവപ്പെട്ട ആളുകളുടെ കുട്ടികൾക്ക് പ്രി പ്രൈമറി എഡ്യൂക്കേഷൻ കൊടുക്കുന്നതിനും അതുപോലെതന്നെ കുട്ടികളുടെ ആരോഗ്യപരമായ വളർച്ച ലക്ഷ്യമാക്കികൊണ്ടും ബാലവാടികൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബാലവാടികൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. അതിനു വേണ്ടി പല മഹിളാസമാജങ്ങളും മുന്നോട്ടു വരുന്നുണ്ട്. എന്നാൽ ഇന്നത്തെ വ്യവസ്ഥ വച്ച് അതിനു കഴിയുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്. സർ, ഇന്ന് ബാലവാടികളുടെ പ്രവർത്തനം 8 മണി മുതൽ 5 മണി വരെയാണ്. ചെറിയ കുട്ടികളെ പഠിപ്പിക്കുകയും അവരുടെ എല്ലാ ആവശ്യങ്ങളും നിറവേററി കൊടുക്കുകയും ഭക്ഷണപദാർത്ഥങ്ങൾ വരെ പാകം ചെയ്തു കൊടുക്കുകയും ചെയ്യുന്ന ബാലവാടിയിലെ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം 25 രൂപയാണ് പ്രതിഫലമായി കൊടുക്കുന്നത്. ഒരു ദിവസം അവർക്കു അഞ്ചു രൂപയെങ്കിലും കിട്ടത്തക്ക സാഹചര്യം ഉണ്ടാകണം. അങ്ങനെ മാസം 150 രൂപ ശമ്പളം കൊടുക്കാനുള്ള സാഹചര്യം ഈ ഗവൺമെൻറ് ഉണ്ടാക്കിക്കൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഇന്ന് നമുക്കറിയാം കേന്ദ്രഗവൺമെൻറിൻെറയും അതുപോലെ നമ്മുടെ സംസ്ഥാന ഗവൺമെൻറിൻെറയും പരിപാടിയായി ഇന്ന് ഈ സർക്കാർ സംയോജിത ഗ്രാമ വികസന പരിപാടി ബ്ലോക്കുകളിൽ നടത്തുന്നുണ്ട് എന്നുള്ളത്. ഈ ബ്ലോക്കുകളുടെ പ്രവർത്തനം ആരംഭിച്ച കാലത്തുള്ള അപര്യാപ്തമായ സ്ററാഫിനെ വച്ച് ഈ പ്രവർത്തനം നടത്താൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

വാസ്തവത്തിൽ കഷ്ടിച്ച് ഒരു ലക്ഷംരൂപയുടെ പണികളാണ് പണ്ട നടന്നിരുന്നത്. അതുമാററി ഇപ്പോഠം എട്ടു പത്ത് ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങഠംക്കും സാമൂഹ്യക്ഷേമപ്രവർത്തനങ്ങഠംക്കുമായി തുക അനുവദിച്ചു. ഇന്ന് പല ജില്ലകളിലും ഈ ബ്ലോക്കുകഠം മുഖേന ഈ ജോലി നടത്തുന്നുണ്ട്. അതൊന്നും വിജയകരമായി നടക്കാതിരിക്കുന്നത് സ്ററാഫിൻെറ അപര്യാപ്തത മൂലമാണ്. മുമ്പ് ബ്ലോക്കുകളിൽ നിയമിച്ചിരുന്ന സാങ്കേതികവിദഗ്ദ്ധൻമാരായ കോവാപ്പറേററീവ് ഇൻസ്പെക്ടർ, വെററിനറി സർജൻ, അഗ്രിക്കംച്ചറൽ ആഫീസർ ഇവരെയെല്ലാം ഇന്ന് പിൻവലിച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇതൊക്കെ നടക്കണമെങ്കിൽ, ഇന്നത്തെ ഗ്രാമവികസന പരിപാടിയുടെ ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ ആവശ്യമായ സ്ററാഫിനെ ബ്ലോക്കുകളിൽ നിയമിക്കണം. നമ്മുടെ സംയോജിത ഗ്രാമവികസന പരിപാടി അനുസരിച്ച് ആനുകൂല്യങ്ങഠംക്ക് അർഹമായ ആളുകളെ കണ്ടുപിടിക്കുന്നത് എക്സ്ററൻഷൻ ആഫീസർമാരാണ്. അവരെ ഐഡൻറിഫൈ ചെയ്യുന്നത് അവരാണ്. അവർക്കു ഇന്ന് വളരെയധികം ജോലി ഉണ്ട്. അവരെ സംബന്ധിച്ചിടത്തോളം ന്യായമായ രീതിയിൽ കണ്ടുപിടിച്ച് യഥാർത്ഥ ആനുകൂല്യങ്ങഠം അർഹിക്കുന്ന ആളുകഠംക്കു കിട്ടുന്നതിനുള്ള സംവിധാനം ഉണ്ടാകണമെങ്കിൽ ആവശ്യമായ ഉദ്യോഗസ്ഥൻമാരെ ഈ വകുപ്പിൽ നിയമിച്ചാൽ മാത്രമേ സാധിക്കുകയുള്ളു. എങ്കിൽ മാത്രമേ ഈ ദുരവസ്ഥയ്ക്കു മാററം ഉണ്ടാകു എന്നാണ് എൻെറ വിശ്വാസം. അതിനു ഗവൺമെൻറ് മുന്നോട്ടു വരണമെന്നാണ് ഈ അവസരത്തിൽ എനിക്കു അഭ്യർത്ഥിക്കാനുള്ളത്. സംയോജിത ഗ്രാമവികസന പരിപാടികഠംക്കായി ഐ.ആർ.ഡി.പി. എക്സ്ററൻഷൻ ആഫീസർമാരെ കൊടുക്കാമെന്നു സമ്മതിച്ചു. അത് എത്രയും വേഗം കൊടുക്കണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ഗവൺമെൻറിൻെറ നല്ല പരിപാടികഠം ഇന്ന് പലപ്പോഴും പല ഘട്ടങ്ങളിലായി മുടങ്ങി കിടക്കുന്നുണ്ട്. അതിൻെറയൊക്കെ പ്രവർത്തനം നല്ല രീതിയിൽ നടക്കണമെന്നുണ്ടെങ്കിൽ ബ്ലോക്കുകളിലെ സ്ററാഫ് പേറേറണിൽ ആവശ്യമായ മാററം വരുത്തണം. ആവശ്യമുള്ള സ്ററാഫിനെ കൊടുത്തു നമ്മുടെ ലക്ഷ്യം പൂർത്തീകരിക്കാനുള്ള സമഗ്രമായ പരിപാടി തയ്യാറാക്കണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. സംയോജിത ഗ്രാമവികസന പരിപാടി വരുന്ന അഞ്ചു കൊല്ലക്കാലംകൊണ്ട്, ആറാം പഞ്ചവൽസര പദ്ധതിക്കാലത്ത്, നമ്മുടെ സംസ്ഥാനത്തു നടത്താനുള്ള ഒരു വലിയ പദ്ധതി ആണെന്നു കേന്ദ്രഗവൺമെൻറ് നമ്മെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറിൻെറ സഹായം ഈ കാര്യത്തിൽ ഉണ്ടാകുമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഈ വകുപ്പ് മുഖേന നടത്തുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നല്ല രീതിയിൽ നടത്തുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. പി. പി. എസ്തോസ്: സർ, ഈ ഗവൺമെൻറ് കൊണ്ടുവന്നിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ ഗവൺമെൻറ് ഏററവും വലിയ കാര്യങ്ങഠം പൊതുജനാരോഗ്യ രംഗത്തു നടത്തിയിരിക്കുന്നു എന്നു പലരും ഇവിടെ പരാമർശിച്ചു കേട്ടു. ഒരുപക്ഷേ ഇൻഡ്യയിൽ ഏററവും കൂടുതൽ പണം ഇതിനുവേണ്ടി ചെലവാക്കുന്ന സംസ്ഥാനമാണെന്നും പറഞ്ഞു. നമ്മുടെ മുൻപിൽ കണക്കുകഠം ഉണ്ട്. ഗവൺമെൻറ് സപ്ലൈ ചെയ്ത 79-80-ലെ ബഡ്ജററ് ഇൻ ബ്രീഫിൽ ഏററവും കൂടുതൽ പണം ചെലവാക്കിയ സംസ്ഥാനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

പട്ടികയിൽ ആറാമതോ ഏഴാമതോ സ്ഥാനത്തു മാത്രമാണ് കേരളം നിൽക്കുന്നത്. ജമ്മു-കാശ്മീർ പെർക്യാപ്പിററാ 27 രൂപ ചെലവാക്കുമ്പോൾ ഹരിയാന 21 രൂപ 25 പൈസയും, മഹാരാഷ്ട്ര 20 രൂപ 6 പൈസയും പഞ്ചാബ് 21 രൂപ 80 പൈസയും, രാജസ്ഥാൻ 20 രൂപ 90 പൈസയും ചെലവാക്കുമ്പോൾ കേരളം 20 രൂപ 61 പൈസയാണ് ചെലവാക്കുന്നത്. നമ്മുടെ ഇൻഡ്യയിൽവച്ച് ഏററവും കൂടുതൽ ചെലവാക്കുന്ന സംസ്ഥാനമാണ് കേരളം എന്ന അവകാശവാദം ഈ കണക്ക് പ്രകാരം നമുക്ക് അംഗീകരിക്കാൻ സാദ്ധ്യമല്ല. മുൻ ആരോഗ്യവകുപ്പു മന്ത്രി ശ്രീ. ചിത്തരഞ്ജൻ ചാർജ് വിടുമ്പോൾ നടത്തിയ ഒരു പത്രസമ്മേളനത്തിൽ ഞാൻ ആരോഗ്യവകുപ്പിൽ ഒരു അടിസ്ഥാനം സൃഷ്ടിച്ചിട്ടുണ്ടെന്ന് പറയുകയുണ്ടായി. എന്തായിരുന്നു ആ അടിസ്ഥാനം എന്നുള്ള കാര്യങ്ങൾ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഞങ്ങൾ ഈ നിയമസഭയിൽ കേട്ടതാണ്. കൂടുതൽ ബഹുജന പങ്കാളിത്വത്തോടുകൂടി സ്ററാററ്യൂട്ടറി പൗവ്വറുള്ള ആശുപത്രി അഡൈ്വസറി കമ്മിററികൾ ഉണ്ടാകാമെന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞു. അതു കഴിഞ്ഞ് 78-79-ലെ ബഡ്ജററ് പ്രസംഗത്തിൽ എല്ലാ ആശുപത്രികളിലും ഫർണിച്ചറുകൾ ഉണ്ടാക്കുമെന്നും ഗ്രാമീണ ആശുപത്രികളെ കവർ ചെയ്തുകൊണ്ട് ആരോഗ്യ പരിപാടിയ്ക്കകത്തു ഉൾപ്പെടുത്തി ആ ഗ്രാമത്തിലെ എല്ലാ ആളുകളുടെയും ഹെൽത്ത് റിക്കാർഡ് ഉണ്ടാക്കുമെന്നും പറഞ്ഞിരുന്നു. ഈ വർഷം അതൊന്നും കാണാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഏതായാലും ഈ പദ്ധതിയെല്ലാം എവിടംവരെയായി എന്ന് പറഞ്ഞാൽകൊള്ളാം. ഇന്ന് ആശുപത്രികളുടെ രംഗത്തുള്ള സ്ഥിതി എന്താണ്? നാം അതെക്കുറിച്ച് ചർച്ച നടത്തുവാൻ സമയം ചെലവാക്കുന്നുണ്ട്. നമ്മുടെ ഉദ്യോഗസ്ഥ മേധാവിത്വമാകുന്ന ആനയുടെ പുറത്തു കടിക്കാൻ ഇരിക്കുന്ന ഒരു കൊതുകാണ് മന്ത്രി. അവർ അങ്ങനെയാണ് കരുതിയിരിക്കുന്നത്. കൊതുക് ചിലപ്പോൾ കടിക്കും, ആന അതിൻെറ പണി നടത്തിക്കൊണ്ടിരിക്കും. അതുപോലെ ഇന്ന് മററു ചില കൊതുകുകളും പറന്ന് കാലിലും ദേഹത്തും കടിക്കുമെന്നേയുള്ളു. പക്ഷേ ആന മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കും. ഈ രംഗത്തു പുതിയ മന്ത്രി എന്താണ് ചെയ്യാൻ പോകുന്നത്? അദ്ദേഹം ഒരു പ്രസ്താവന ഇറക്കിയിട്ടുണ്ട്. ഇപ്പോൾ ട്രാൻസ്ഫറിൻെറ പിരീഡാണ്. വർക്കിംഗ് അറേഞ്ച്മെൻറ് നിറുത്തുന്നു എന്നും പറഞ്ഞിട്ടുണ്ട്. സ്ഥലമാററത്തെ സംബന്ധിച്ച് ശ്രീ. ചിത്തരഞ്ജൻ കൊണ്ടുവന്ന ഇരുപതിന പരിപാടി ഉപേക്ഷിച്ചു മട്ടാണ്. ഒരു പുതിയ പരിപാടി അദ്ദേഹം കൊണ്ടുവന്നു. അതിൻെറ അനുഭവം ഏപ്രിൽ മാസത്തിലേ അറിയാൻ കഴിയുകയുള്ളു. ഇപ്പോൾ ചില ആളുകൾ ഇതിൻെറ ചുററുപാടും ഉണ്ട്. ഇതൊക്കെ എങ്ങനെ നടപ്പാക്കിയെന്നുള്ളതാണ്. ഉദ്യോഗസ്ഥ മേധാവിത്വത്തിൻെറ നേരെ എന്തു സമീപനമാണ് ജനാധിപത്യ വ്യവസ്ഥിതിയിൽ മന്ത്രിമാരും ഗവൺമെൻറും എടുക്കുന്നത് എന്നതിൻെറ അടിസ്ഥാനത്തിലാണ് ഒരു ഭരണം അത് ജനോപകാരപ്രദമാണോ അല്ലയോ എന്നു പരിശോധിക്കുന്നതിൻെറ ബാരോമീററർ. നമ്മുടെ പ്രസംഗങ്ങളിൽ മാത്രമല്ല. പ്രായോഗികമായി വരുമ്പോൾ ഇത്തവണത്തെ ബഡ്ജററ് പ്രസംഗത്തിൽ നമ്മുടെ ആരോഗ്യസ്ഥാപനങ്ങളെ സംബന്ധിച്ച് ഏററവും പ്രധാനമായി പറഞ്ഞിരിക്കുന്നത്, ഭാരതത്തിൻെറ ഏററവും നല്ല, വളരെ പഴക്കമുള്ള വൈദ്യശാസ്ത്രമായ ആയുർവ്വേദത്തിന് ഒരു ഗവേഷണ വിഭാഗം ഉണ്ടാക്കുന്നുണ്ടെന്നാണ്. ഇപ്പോൾതന്നെ നമുക്കൊരു ഗവേഷണവിഭാഗം ഉണ്ട്; ഒരു പ്രോജക്ട്. ആ പ്രോജക്ടിൻെറ ശോചനീയാവസ്ഥയെപ്പററി പറയേണ്ടതില്ല. അടിയന്തിരാവസ്ഥക്കാലത്ത് ഞാൻ ഒന്ന് ഒന്നരമാസം അവിടെ കിടന്നിട്ടുണ്ട്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

എന്തു സൗകര്യമാണ് ഗവേഷണം നടത്താൻവേണ്ടി ഉള്ളത്? അവിടെ ഗവേഷണത്തിന് സ്വതന്ത്രമായ യാതൊരു ഏർപ്പാടുമില്ല. അവിടെ പ്രോജക്ടും പ്രോജക്ട് ആഫീസറുമൊക്കെയുണ്ട്. പ്രോജക്ട് ആഫീസർക്ക് എന്തെല്ലാം അധികാരങ്ങളുണ്ട്, അത് സ്വതന്ത്രമായ ഒരു ഗവേഷണ സ്ഥാപനമാണോ? അവിടെ ഈ കാലഘട്ടങ്ങളിലൊക്കെ നടത്തിയ ഗവേഷണം എന്താണ്? നമ്മുടെ ഇൻഡ്യയിലെ മററുപല ആയുർവ്വേദ മേഖലകളിലും ചെയ്യാൻ കഴിയാത്ത ഒന്നാണ് പഞ്ചകർമ്മ ചികിൽസയെന്നു പറയുന്നത്. കേരളം അതിനു കേൾവികേട്ടതാണ്. കോവളത്തു വരുന്ന വിദേശീയരൊക്കെ പഞ്ചകർമ്മ ചികിൽസയിൽ ആകൃഷ്ടരാണ്. അതുകൊണ്ട് ആ മേഖല വളരെയേറെ അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്. ആയുർവ്വേദ ഡിപ്പാർട്ടുമെൻറ് വലിയ ഒരു ഡിപ്പാർട്ടുമെൻറാണ്. അവിടെ ഇന്ന് ഒരു ഡയറക്ടർ പോലുമില്ല. എന്തുകൊണ്ടാണ് ഒരു ഡയറക്ടറെ അവിടെ നിയമിക്കാൻ കഴിയാത്തത്. അവിടെയാണ് ഞാൻ പറഞ്ഞത്, ആനയുടെ പുറത്തിരിക്കുന്ന കൊതുകിന് ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന്. ഒന്നും ഏൽക്കുകയില്ല. അവിടെ സ്വജനപക്ഷപാതവും മററുപല സമ്മർദ്ദങ്ങളും നടക്കുകയാണ്. ഈയടുത്തദിവസം ആയുർവ്വേദകോളേജിലെ വിദ്യാർത്ഥികൾ ഒരു സമരം നടത്തി. അവിടെ ക്വാളിഫൈഡായിട്ടുള്ള ഒരു ഡയറക്ടറെ വേണം. അതുപോലെ കുറെ ന്യായമായ ആവശ്യങ്ങൾ അവർ ഉന്നയിച്ചിട്ടുണ്ട്. ആ ആവശ്യങ്ങളിലേക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. എങ്കിലും ഈ കാര്യങ്ങളിൽ വളരെ കാര്യമായി എന്തെങ്കിലും ചെയ്യാൻ, ആയുർവ്വേദമേഖല കുറച്ചുകൂടി മെച്ചപ്പെടുത്താൻ ഗവൺമെൻറ് ശ്രമിക്കേണ്ടതാണെന്ന് സ്വന്തം അനുഭവത്തിൻെറ വെളിച്ചത്തിൽ എനിക്ക് വ്യക്തമായി പറയാൻ കഴിയും. ഈ രംഗത്ത് കുറച്ചുകൂടി ഉത്തരവാദിത്വബോധത്തോടുകൂടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രവൃത്തിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

അതുപോലെ അലോപ്പതി മേഖലയിലേക്കു കടന്നാൽ മരുന്ന്, സ്ററാഫ്, ഡോക്ടർമാരുടെ പ്രശ്നങ്ങൾ മുതലായവയാണ്. ഡോക്ടർമാർ തമ്മിൽ നടക്കുന്ന ഗുസ്തി ചന്തയിൽ നടക്കുന്ന ഏററുമുട്ടലിനേക്കാൾ മോശമായ രീതിയിലാണ്. മരണശ്വാസം വലിക്കുന്ന ഒരു രോഗിയെ അഡ്മിററു ചെയ്താൽ ഒരുമണിക്കൂർ കഴിഞ്ഞ് അടുത്ത് വരുന്ന ഡോക്ടർ ആ രോഗിയെ നോക്കുകയില്ല. നോക്കുകയില്ലെന്നു മാത്രമല്ല, വേണമെങ്കിൽ ആ ഡോക്ടർ തൻെറ അധികാര പരിധിയിൽപ്പെടാത്ത അഡ്മിഷനാണെന്നു പറഞ്ഞ് ചിലരെ ഡിസ്ചാർജ് ചെയ്യുന്നതിന് നടപടി എടുത്തിട്ടുള്ള അനുഭവങ്ങൾ വരെ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ഒരു വലിയ അഴിമതി ആശുപത്രി മേഖലയിൽ ഉണ്ട്. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. അടിയന്തിരാവസ്ഥയുടെ കാലഘട്ടത്തിൽ പലതും നടന്നു, നമ്മുടെ രാജ്യത്ത്. കേരളത്തിലും പലതും നടന്നു. വലിയവലിയ പ്രഖ്യാപനങ്ങൾ നടന്നു. ഞാൻ ആയുർവ്വേദാശുപത്രിയിൽ കിടക്കുന്ന അവസരത്തിൽ അവിടത്തെ ഒരു കുക്ക് കുറെ ഭക്ഷണം എടുത്തുവച്ചിരുന്നു. ഭക്ഷണം എടുത്തു വച്ച അഴിമതി കണ്ട് പിടിച്ച് ആ സ്ത്രീയെ പിരിച്ചുവിട്ടു. റേഡിയോയിൽക്കൂടി കേട്ടു പിരിച്ചുവിട്ടിരിക്കുന്നു എന്ന്. സർ, എന്നാൽ ആ കാലത്തുതന്നെ എറണാകുളം ഡിസ്ട്രിക്ട് ആശുപത്രിയിലെ മൂന്ന് സ്പെഷ്യലിസ്ററ് ഡോക്ടർമാർ ആറേഴുവർഷം പാർട്ട് ടൈമായി മറെറാരു സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്തുകൊണ്ടിരുന്നു. ഏതാണ്ട് ഒന്നേകാൽ ലക്ഷം രൂപ റമ്യൂനറേഷൻ ഇനത്തിൽ വാങ്ങി. അതിന് നിയമപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിലേക്ക് അടയ്ക്കേണ്ടത് മുപ്പത്തിഅയ്യായിരത്തിൽപ്പരം രൂപ യായിരുന്നു. അവസാനം ഡിസ്ട്രിക്ട് ആശുപത്രിയിലെ സൂപ്രണ്ട് കണ്ടുപിടിച്ച് ഗവൺമെൻറിലേക്ക് റിപ്പോർട്ട് ചെയ്തപ്പോൾ ആ രൂപ ആ ഡോക്ടർമാർക്ക് ഇളവുചെയ്തു കൊടുക്കണമെന്ന് അവർ ആവശ്യപ്പെടുകപോലും ചെയ്യാതെ മുപ്പത്തയ്യായിരം രൂപ ഇളവുചെയ്തു കൊടുത്തിരിക്കുന്നതായി ഗവൺമെൻറ് ഉത്തരവു പുറപ്പെടുവിച്ചു. ഇത് നടന്നത് അടിയന്തിരാവസ്ഥക്കാലത്ത് 1976-ലാണ്. എനിക്കു വിശ്വാസമില്ല, ഡയറക്ടർക്കും, ഗവൺമെൻറ് സെക്രട്ടറിക്കുമെല്ലാം അടിയന്തിരാവസ്ഥയുടെ കാലത്ത് മററാരുടെയും പ്രേരണയില്ലാതെ പത്തു മുപ്പത്തയ്യായിരം രൂപ ഗവൺമെൻറിനു കിട്ടേണ്ടത് ഇളവുചെയ്തു കൊടുക്കാൻ ധൈര്യമുണ്ടാകുമെന്ന്. അതിന്റെ പിന്നിൽ ആരോ ഉണ്ട്. ഇത്രയും വലിയ ഒരു അഴിമതി, മുപ്പത്തയ്യായിരം രൂപ സംസ്ഥാന ഖജനാവിലേക്കു ലഭിക്കേണ്ടത് നഷ്ടപ്പെടുത്തിയതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് അന്വേഷിക്കാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രി തയ്യാറാകണം. അത് ഇന്നും തുടരുകയാണ്. വിവിധ മേഖലകളിൽ ഞാൻ അതിലേക്കു കൂടുതൽ കടക്കുന്നില്ല; ഇവിടെ പലരും പറഞ്ഞു കഴിഞ്ഞു.

മറെറാരു കാര്യം എനിക്കു പറയാനുള്ളത് ഇവിടത്തെ ആശുപത്രികളുടെ ദയനീയാവസ്ഥയെക്കുറിച്ചാണ്. ഞാൻ ഒരു താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുള്ള സ്ഥലത്തുനിന്നാണ് വരുന്നത്. മൂവാററുപുഴ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി. അവിടെ ഇന്നൊരു കുതിരാലയംപോലെ കിടക്കുകയാണ്. കാമ്പൗണ്ട് വാൾ ഇല്ല. നൂറു, നൂററമ്പതു വർഷം പഴക്കമുള്ള വാർഡുകളാണ് ഉള്ളത്. പൊളിഞ്ഞ ഓപ്പറേഷൻ തിയേററർ. ഇങ്ങനെ അനാഥമായി കിടക്കുന്ന ഒരു താലൂക്കാശുപത്രിയാണ്. ആ ആശുപത്രിയുടെ പുനരുദ്ധാരണത്തെ സംബന്ധിച്ച് എത്രയെത്ര പരാതികളാണ് ആ പ്രദേശത്തുള്ളവർ കൊടുത്തിട്ടുള്ളത്. എന്നാലും ഇന്നും അത് അനാഥമാണ്. പല ഡിസ്പെൻസറികളുടെയും സ്ഥിതി ഇതിൽനിന്നും മെച്ചമല്ല.

അതുപോലെതന്നെ പബ്ലിക് ഹെൽത്ത് സെൻററുകളിൽ ഒരു ലേഡീ ഡോക്ടറുടെയും ഒരു മെയിൽ ഡോക്ടറുടെയും പോസ്ററ് ഉണ്ട്. അവർ ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ വളരെ സന്തോഷം, പക്ഷേ ഈ വർഷം അവിടെ ഡോക്ടർമാരെ പോസ്ററ് ചെയ്യാൻ കഴിയുമോ? മിക്ക സമയങ്ങളിലും അവിടെ ഡോക്ടർമാർ കാണുകയില്ല. ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. ബഡ്ജററ് കഴിഞ്ഞ് മൂന്നുനാലു മാസം കഴിഞ്ഞാൽ ഇന്ന് ഒററ ആശുപത്രികളിലും മരുന്ന് ഉണ്ടാവുകയില്ല. ഇതെന്തുകൊണ്ട് സംഭവിക്കുന്നു? മരുന്നിന് വില കൂടി, അലോട്ട്മെൻറ് കുറഞ്ഞു, സ്വാഭാവികമായും അതും ഒരു കാരണമാകാം. അതിനുപുറമെ മരുന്ന് സാർവ്വത്രികമായി മോഷണം പോകുന്നു എന്ന് നിരവധി പരാതികളുണ്ട്. മെഡിക്കൽ കോളേജ് അടക്കമുള്ള എല്ലാ ആശുപത്രികളിലും മരുന്നുകൾ മോഷണം പോകുന്നു, അല്ലെങ്കിൽ ദുരുപയോഗപ്പെടുത്തുന്നു എന്ന് പരാതിയുണ്ട്. ആരാണ് ഇതു പരിശോധിക്കാൻ ഇന്നുള്ളത്. ഇതു പരിശോധിക്കാനുള്ള ഉദ്യോഗസ്ഥൻമാർ ഇതു നടത്തി പരിശീലനം കിട്ടിയവരാണ്. അവരെയാണ് ഇതിനു ചുമതലപ്പെടുത്തിയിരിക്കുന്നത്. അത് ആശുപത്രികളിലെ ഡോക്ടർമാരാകുമ്പോൾ അവരിൽനിന്നുതന്നെ പ്രമോട്ട് ചെയ്തിട്ടുള്ളവർ പരിശോധനയ്ക്ക് പോകുന്നുയെന്നു പറയുമ്പോൾ ആ പരിശോധന നന്നാവുകയില്ല. അതിന് മറെറന്തെങ്കിലും സംവിധാനം വേണം.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ഉയർന്ന അഡ്മിനിസ്ട്രേഷന്റെ ചാർജ്ജു വഹിക്കുന്ന സ്പെഷ്യലിസ്ററ് ഡോക്ടർമാരുണ്ട്. അവരുടെ കഴിവ് ഭരണ നിർവ്വഹണ രംഗത്തുമാത്രമല്ല മെഡിക്കൽ രംഗത്തുകൂടി വിനിയോഗിക്കാൻ അവസരം കൊടുക്കണം. ഉന്നതൻമാരായ സ്പെഷ്യലിസ്ററ് ഡോക്ടർമാർ അവർക്ക് പ്രാക്ടീസുകൂടി നടത്താൻ അനുവദിക്കുന്നത് പ്രയോജനകരമായിരിക്കും.

കമ്മ്യൂണിററി ഡെവലപ്പ്മെൻറിനെക്കുറിച്ച് എനിക്ക് ഒരുവാക്കു പറയാനുണ്ട്. ഇന്ന് ലക്ഷക്കണക്കിനു രൂപ ചെലവഴിക്കുന്ന സി.ഡി. ബ്ലോക്കുകളിൽ ആവശ്യമുള്ള ഇഞ്ചിനീയറിംഗ് സ്ററാഫില്ല. അതിന്റെ ഫലമായി എല്ലാ പണികളും മാർച്ച് 25.ാം തീയതി ആരംഭിച്ച് 30.ാം തീയതി അവസാനിക്കുന്ന തരത്തിൽ വമ്പിച്ച അഴിമതിക്ക് ഇട നൽകുന്നുണ്ട്. ആവശ്യമുള്ള ഇഞ്ചിനീയറിംഗ് സ്ററാഫിനെ നിയമിച്ച് കൂടുതൽ അലോട്ട്മെൻറ് കേന്ദ്രത്തിൽനിന്ന് കിട്ടാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കണം. അതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:</u> സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. പൊതുജനാരോഗ്യ രംഗത്തു മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ല. പൊതുജനാരോഗ്യരംഗത്ത് വമ്പിച്ച മാററങ്ങൾ വരുത്താൻ കഴിഞ്ഞില്ലെങ്കിൽപോലും ഗ്രാമ പ്രദേശങ്ങളിലേയും നഗര പ്രദേശങ്ങളിലേയും ജനങ്ങൾക്ക് ചികിൽസാ സൗകര്യങ്ങൾ ചെയ്തു കൊടുക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ടെന്ന കാര്യത്തിൽ എനിക്കു സംശയമില്ല. ഒരു പഞ്ചായത്തിന് ഒരു ഡിസ്പെൻസറിയെന്ന കണക്കിന് നമ്മുടെ സംസ്ഥാനത്ത് ഓരോ പഞ്ചായത്തിലും ഒരു ഡിസ്പെൻസറിയെന്നു മാത്രമല്ല രണ്ടും മൂന്നും ഡിസ്പെൻസറികൾ ചില പഞ്ചായത്തുകളിൽ ഇതിനകം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. സർ, പൊതുജനാരോഗ്യരംഗത്ത് പോരായ്മകളും കുറവുകളും കുററങ്ങളും ഉണ്ടെന്നു ഞാൻ അഭിപ്രായപ്പെടുകയാണ്. ആ പോരായ്മകൾ നമുക്ക് നികത്താൻ കഴിയണം. ഇന്നു നിലവിലിരിക്കുന്ന സംവിധാനത്തിലുള്ള കുറവുകളേയും കുററങ്ങളേയും പോരായ്മകളേയും കുറിച്ച് പഠിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുംവേണ്ടി ഒരു ഹൈപൗവ്വർ കമ്മിററി ഡോ. കെ.എൻ. പൈയുടെ അദ്ധ്യക്ഷതയിൽ നിയമിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ തീർച്ചയായും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിക്കത്തക്ക വിധത്തിലുള്ളതായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

സർ, അലോപ്പതിയെ സംബന്ധിച്ചു എനിക്കു ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ഇന്നത്തെ അലോപ്പതി സിസ്ററം ഒരു വലിയ വിഭാഗം ജനങ്ങൾ ആശ്രയിക്കുന്നുണ്ട്. ആ സംവിധാനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഡോക്ടർമാർക്ക് സോഷ്യലിസ്ററ് പരിവേഷം ചാർത്തുകയും അവർക്ക് പൊതുജന സേവനമെന്ന ലക്ഷ്യം ഉണ്ടാക്കുകയും ചെയ്യുന്ന തരത്തിൽ അവരെ പാകപ്പെടുത്തി എടുക്കേണ്ട കടമയുണ്ട്. സർ, അതുപോലെതന്നെ പോളി ക്ലിനിക്കുകൾ ഇന്നു പല താലൂക്ക് ആശുപത്രികളിലുമുണ്ട്. ചില താലൂക്ക് ആശുപത്രികളിൽ പോളി ക്ലിനിക്കുകൾ ഇന്ന് ആരംഭിച്ചിട്ടില്ല. താലൂക്ക് ആശുപത്രികളിൽ മാത്രമല്ല പഞ്ചായത്തുതോറും പഞ്ചായത്ത് ഡിസ്പെൻസറികളിൽ പോളി ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണം. ഗ്രാമപ്രദേശങ്ങളിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പിഞ്ചുകുഞ്ഞുങ്ങളെ രോഗപ്രതിരോധ കുത്തിവയ്പ്പിനുവേണ്ടി താലൂക്കാശുപത്രികളിലേക്കോ ജില്ലാ ആശുപത്രികളിലേക്കോ കൊണ്ടുപോകാൻ വൈമനസ്യം കാണിക്കുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ആളുകൾക്ക് സൗകര്യം ഉണ്ടാകുമാറ് പഞ്ചായത്ത് ഡിസ്പെൻസറികളിൽ പോളി ക്ലിനിക്കുകൾ ആരംഭിക്കണം. അതുപോലെതന്നെ ഈ താലൂക്ക് ജില്ലാ ആശുപത്രികളിൽ ഇന്ന് സ്ട്രെക്ച്ചറോ വീൽ ചെയറോ ഇല്ല. കൊല്ലത്ത് സ്ത്രീകളുടെ ഒരു ആശുപത്രിയുണ്ട്; വിക്ടോറിയ ആശുപത്രി. പ്രസവിക്കാനുള്ള സ്ത്രീകളെ, ഓപ്പറേഷന് വിധേയരാകുന്ന സ്ത്രീകളെ വാർഡിൽ എത്തിക്കുന്നതിന് സ്ട്രെക്ച്ചർ ഇല്ല. ചാക്ക് കെട്ട് എടുത്തു കൊണ്ടുപോകുന്നതുപോലെയാണ് അവരെ എടുത്തുകൊണ്ടുപോകുന്നത്. അതുകൊണ്ടു അതിന് ആവശ്യമായ സംവിധാനങ്ങൾ താലൂക്ക്, ജില്ല ആശുപത്രികളിൽ ഉണ്ടാക്കുന്നതിന് ഗവൺമെൻറ് ശ്രദ്ധിക്കണം.

അതുപോലെതന്നെ ഹരിജൻ ഗിരിജൻ പ്രദേശങ്ങളിൽ ഇന്ന് ചികിൽസാസൗകര്യങ്ങൾ വേണ്ടത്രയില്ല. അതിന് ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽതന്നെ കൂടുതൽ തുക നീക്കിവച്ചുകൊണ്ടു ഹരിജൻ-ഗിരിജൻ പ്രദേശങ്ങളിൽ ആശുപത്രികളും ഡിസ്പെൻസറികളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

സർ, അതുപോലെതന്നെ കശുവണ്ടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. നിയമത്തിൽ മാററം വരുത്താത്തതുകൊണ്ടു ചില ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ആ നിയമത്തിൽ മാററം വരുത്താൻ നമ്മുടെ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിൽ പ്രത്യേകം സമ്മർദ്ദം ചെലുത്തണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. അതുപോലെതന്നെ കേരളത്തിൽനിന്നും മററ് പല സംസ്ഥാനങ്ങളിലും പോയി ജോലി ചെയ്യുന്ന നഴ്സുമാരുണ്ട്. ഈ നഴ്സുമാർക്ക് യാതൊരു സംരക്ഷണവും അവിടങ്ങളിൽ കിട്ടാറില്ല. അടുത്തകാലത്താണ് ചില പരിതാപകരമായ, സഹതാപം അർഹിക്കുന്ന രീതിയിലുള്ള ചില സംഭവങ്ങൾ നാം കേട്ടത്. അത്തരം സംഭവങ്ങൾക്ക് വിധേയരാകാതെ, നമ്മുടെ സഹോദരിമാരെ രക്ഷിക്കാൻ, തീർച്ചയായും അതിനെതിരായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ, നമുക്ക് കഴിയണം. അതുപോലെതന്നെ സർ, ഹരിജൻ ഡോക്ടർമാരെ ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി , മെഡിക്കൽകോളേജ് ആശുപത്രി തുടങ്ങിയ ചികിൽസാ സൗകര്യങ്ങളുള്ള ആശുപത്രികളിൽ നിയമിക്കാറില്ല. പ്രൈമറി ഹെൽത്തു സെൻററുകളിലും അതുപോലെ സബ് സെൻററുകളിലും സേവനമനുഷ്ഠിക്കുന്ന എം.ബി.ബി.എസ്. ബിരുദം മാത്രമുള്ള ഈ ഡോക്ടർമാർക്ക് പനിക്കും ജലദോഷത്തിനും ഉള്ള മിക്സ്ച്ചർ മാത്രമേ കൊടുക്കാൻ സാധിക്കുന്നുള്ളു. അതുകൊണ്ടു കൂടുതൽ ചികിൽസാ സൗകര്യങ്ങളുള്ള ആശുപത്രികളിൽ ഹരിജൻ ഗിരിജൻ ഡോക്ടർമാരെ നിയമിക്കാൻ വേണ്ട നടപടി ഗവൺമെൻറ് സ്വീകരിക്കണം.

അതുപോലെ ഒരു കാര്യം പ്രത്യേകം എടുത്തു പറയാനുണ്ട്. മെഡിക്കൽ കോളേജുകളിൽ അഡ്മിഷനുവേണ്ടി കള്ള സർട്ടിഫിക്കററുകൾ വാങ്ങിച്ചുകൊണ്ടു സംവരണാടിസ്ഥാനത്തിൽ പ്രവേശനം കിട്ടുന്നതിനു വേണ്ടി അടുത്തകാലത്ത് പ്രബല സമുദായങ്ങളിൽനിന്നും ഒരു ശ്രമം നടക്കുകയുണ്ടായി. യഥാസമയംതന്നെ ആ കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുകയും ബഹുമാനപ്പെട്ട മന്ത്രി അത് ക്യാൻസൽ ചെയ്യുകയും ചെയ്തു. അതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും കിട്ടേണ്ട അവകാശം

LIBRARY ARCHIVES Kerala Legislative Assembly

പ്രബല സമുദായങ്ങൾ തട്ടിയെടുക്കാൻ ശ്രമിച്ചാൽ യഥാസമയംതന്നെ ഗവൺമെൻറ് ഉണർന്നു പ്രവർത്തിക്കുകയും അതിന് എതിരായി നടപടികൾ എടുക്കുകയും ചെയ്യണം. അതുമാത്രമല്ല കള്ള സർട്ടിഫിക്കററ് നൽകിയിട്ടുള്ള ആളുകൾക്കെതിരായി കർശനമായ നടപടികൾ ഉണ്ടാകണം. മേലാൽ ആവർത്തിക്കാതിരിക്കാൻ അത് മാത്രമാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. കർശനമായ നടപടികൾ സ്വീകരിക്കാത്തപക്ഷം കള്ള സർട്ടിഫിക്കററുകൾ ധാരാളമായി വാങ്ങിക്കൊണ്ടു മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജ്, മററുപല സ്ഥാപനങ്ങൾ ഇവയിലൊക്കെ അഡ്മിഷൻ വാങ്ങിക്കാൻ പ്രബല സമുദായക്കാർ ശ്രമിക്കുമെന്ന് ഗവൺമെൻറ് ഓർത്തിരിക്കണം.

അതുപോലെതന്നെ ആയുർവ്വേദ കോളേജിലെ പോസ്ററ് ഗ്രാഡുവേററ് വിഭാഗത്തിൻെറ കാര്യം. പൂജപ്പുരയിലെ റീജിയണൽ റിസർച്ച് ഇൻസ്ററിററ്യൂട്ട് സംയോജിപ്പിച്ച് ഒരു ആയുർവ്വേദ ഇൻസ്ററിററ്യൂട്ട് സ്ഥാപിക്കാൻ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നുണ്ടെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. അതിന് സത്വരമായ നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ ഡ്രഗ്സ് സ്ററാൻറർഡൈസേഷൻ യൂണിററിനാവശ്യമായ ലാബറട്ടറി കെട്ടിടത്തിൻെറ പണി ഇന്ന് മന്ദഗതിയിലാണ്. അത് ത്വരിതപ്പെടുത്തുകയും പ്രത്യേക ലാബറട്ടറി സ്ഥാപിച്ച് അതിന് വേണ്ടുന്ന ഏർപ്പാടുകൾ ഉണ്ടാക്കുകയും ചെയ്യണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. അക്യൂപങ്ച്ചർ ചികിൽസ അടുത്ത കാലത്ത് തലസ്ഥാന നഗരിയിൽ നടന്നതാണ്. എത്ര ലക്ഷം രൂപയാണ് പൊതുജനങ്ങളിൽനിന്നും കബളിപ്പിച്ചത്. ഇത് പല പത്രങ്ങളും റിപ്പോർട്ട് ചെയ്തിരുന്നു. അതു സംബന്ധിച്ചു അന്വേഷിച്ചു കുററക്കാരായ ആളുകളെ ശിക്ഷിക്കാൻ നടപടി സ്വീകരിക്കണം. അതുപോലെ തന്നെ എ.എൻ.എം. കാരെ സ്ററാഫ് നഴ്സ് ആക്കാൻ ട്രെയിനിംഗ് കൊടുക്കുന്ന ഒരു പരിപാടിയുണ്ടായിരുന്നു. അതു നിർത്തലാക്കിയിരിക്കുകയാണ്. അതു പുനഃസ്ഥാപിക്കണമെന്നുള്ള കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുമായി നടത്തിയ കൂടിയാലോചനയുടെ അടിസ്ഥാനത്തിൽ അതു പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നു സമ്മതിച്ചിരുന്നു. പക്ഷേ ഇതുവരെ നടപ്പിലായിട്ടില്ല. ഇക്കാര്യത്തിൽ ഗവൺമെൻറ് ശ്രദ്ധിക്കുകയും ആ പരിപാടി നടപ്പിലാക്കുകയും ചെയ്യണം.

അതുപോലെതന്നെ ഇവിടെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡെൻറൽ ഹൈജിനിസ്ററ് കോഴ്സുണ്ട്. ഒന്നുരണ്ടു കൊല്ലത്തെ ട്രെയിനിംഗ് കഴിഞ്ഞ് പുറത്തുവരുന്ന കുട്ടികൾക്കു ജോലികിട്ടാൻ ബുദ്ധിമുട്ടുണ്ട്. ഈ പ്രശ്നം ഗവൺമെൻറ് പരിശോധിക്കുകയും പരിഹാരം കാണുകയും ചെയ്യണം.

എനിക്കു കമ്മ്യൂണിററി ഡവലപ്പ്മെൻറിനെ സംബന്ധിച്ച് ഒന്നു രണ്ടു കാര്യങ്ങൾ പറയാനുണ്ട്. ബാലവാടികൾ ബ്ലോക്കുതലത്തിൽ ഇന്നു ധാരാളമായി ആരംഭിച്ചിട്ടുണ്ട്. ഈ ബാലവാടികൾ ആരംഭിച്ചിട്ടുള്ള മഹിളാസമാജങ്ങൾക്ക്, പ്രത്യേകിച്ചും ഹരിജൻ ഗിരിജൻ മഹിളാസമാജങ്ങൾക്ക് പ്രത്യേകമായ സംരക്ഷണം നൽകണം. ബാലവാടികൾ ആരംഭിക്കുവാൻ കെട്ടിടം പണിയാൻ രണ്ടായിരം രൂപ പൊതുജനങ്ങളിൽനിന്നും പിരിച്ചെടുക്കണം. സാധാരണ പാവപ്പെട്ട ഹരിജൻ—ഗിരിജൻ പെൺകുട്ടികൾക്കു ഗ്രാമപ്രദേശങ്ങളിൽ നടന്നു രണ്ടായിരം രൂപ പിരിച്ചെടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും

LIBRARY ARCHIVES Kerala Legislative Assembly

ഈ തുക ഹരിജൻവെൽഫയർ ഡിപ്പാർട്ടുമെൻറിൽനിന്നും കിട്ടാൻവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യണം. അതുപോലെതന്നെ ഈ ബാലവാടികൾ നടത്തുന്ന ഹരിജൻ-ഗിരിജൻ സമാജങ്ങൾ ബ്ലോക്ക് ഓഫീസറൻമാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെയും സമീപിക്കുമ്പോൾ വളരെ നിരാശാജനകമായ, വല്ലാത്ത നിലയിലുള്ള പെരുമാററമാണ് അവരിൽനിന്നുണ്ടാകുന്നത്. ചിലപ്പോൾ ഭീഷണി പുറപ്പെടുവിക്കാറുണ്ട്. യാതൊരു വിവരവുമില്ലാത്ത, വിദ്യാഭ്യാസമില്ലാത്ത പെൺകുട്ടികളായിരിക്കും പോകുന്നത്. അവരോടു വർത്തമാനം പറയാൻപോലും അനുവാദം നൽകാത്ത ചില ഉദ്യോഗസ്ഥൻമാരുണ്ട്. ഇങ്ങനെ പെരുമാറുന്ന ഉദ്യോഗസ്ഥൻമാർക്കെതിരായി എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടൻതന്നെ നടപടി സ്വീകരിക്കുവാൻ ഗവൺമെൻറ് തയ്യാറാകണം.

ഗ്രാമസംയോജിത പരിപാടിയെസംബന്ധിച്ച് ഒരു വാക്കുകൂടി. ഈ ഗ്രാമസംയോജിത പരിപാടി ഗ്രാമതലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിനു രൂപ അതിനുവേണ്ടി ചെലവഴിക്കുന്നുണ്ട്. ഈ ലക്ഷക്കണക്കിനു രൂപ ചെലവഴിക്കുമ്പോൾ ഇരുപതു ശതമാനം ഹരിജനങ്ങളും ഗിരിജനങ്ങളും ആയ ആളുകൾക്ക് നൽകണമെന്നുണ്ട്. പക്ഷേ ഒരു ബുദ്ധിമുട്ടുണ്ട് സർ. അവർക്കു ലോൺ കിട്ടാൻ വിഷമമുണ്ട്. 12 ശതമാനം പലിശയ്ക്കു സഹകരണസംഘങ്ങളിൽനിന്നും ബാങ്കുകളിൽനിന്നും വാങ്ങാൻ അവർ സന്നദ്ധരല്ല. ഇക്കാര്യത്തിൽ ബാങ്ക് അധികൃതരെ വിളിച്ച് ഒരു കോൺഫറൻസ് നടത്തിയിട്ടുണ്ട്. എന്നിട്ടും 4 ശതമാനം പലിശയ്ക്കു ഈ തുക നൽകുന്നില്ല. അപ്പോൾ ഫലത്തിൽ ഇത്തരം ആളുകൾക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നുള്ളതാണ്. ദരിദ്രവിഭാഗത്തിൽപെട്ട, ദരിദ്രരേഖയ്ക്കു താഴെയുള്ള ആളുകൾക്ക് ഈ ആനുകൂല്യങ്ങൾ നൽകണമെന്നു പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ ഹരിജൻ ഗിരിജൻ ആളുകൾക്ക് അവർ ഇതിനുവേണ്ടി അപേക്ഷകൾ സമർപ്പിക്കുമ്പോൾ 4 ശതമാനം പലിശയ്ക്ക് ഈ തുക ഹരിജൻ വികസന കോർപ്പറേഷനും ഹരിജനക്ഷേമ ഡിപ്പാർട്ടുമെൻറും നൽകാനുള്ള സംവിധാനം ഉണ്ടാകണം. അതല്ലെങ്കിൽ ലക്ഷക്കണക്കിനു രൂപ ഈ രംഗത്തു ചെലവഴിക്കുമ്പോൾ അതിൽനിന്ന് ഒരു ചില്ലിക്കാശുപോലും ഈ അർഹതപ്പെട്ട വിഭാഗങ്ങൾക്കു ലഭിക്കുകയില്ലെന്നുള്ള വസ്തുത ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

അതുപോലെതന്നെ ബ്ലോക്ക്തലത്തിൽ വില്ലേജ് റോഡുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. ഈ വില്ലേജ് റോഡുകളുടെ എസ്ററിമേററ് കൊടുത്ത് അംഗീകാരം വാങ്ങിക്കണമെങ്കിൽ അതൊരു വലിയ ജോലിയാണ്. അതിൻെറ പുറകേനടന്നു കോഴയും കൊടുത്താലല്ലാതെ ബി.ഡി.ഒ. മാർ ആയാലും മററുദ്യോഗസ്ഥൻമാരായാലും എസ്ററിമേററിനു സാംഗ്ഷൻ കൊടുക്കുകയില്ല. വർഷാവസാനം ഒരു ചില്ലിക്കാശുപോലും വാങ്ങിക്കുവാൻ സാധിച്ചു എന്നു വരികയില്ല. നോമിനിയും കോൺട്രാക്ടറും കൂടി ഒരു ജോലിയും നടത്താതെ തുക ലാപ്സായി പോകുന്ന സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അതു തുടരാൻ പാടില്ല. തീർച്ചയായും സമയത്തു അനുവാദം കൊടുക്കുന്നതിനും ഈ വർക്കുകൾ ഏറെറടുത്തു നടത്തിക്കുന്നതിനും ആവശ്യമായ സംവിധാനം ഉണ്ടാകണം, അതിനുള്ള നിർദ്ദേശം ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻമാർക്ക് നൽകണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാണാറത്തു കുഞ്ഞിമുഹമ്മദ്: സർ, ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയും ബഹുമാനപ്പെട്ട സാമൂഹ്യവികസനവകുപ്പു മന്ത്രിയും ഈ സഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. സർ, ഇവിടെ ആരോഗ്യവകുപ്പിനെ സംബന്ധിച്ച് രോഗം വന്നാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെസംബന്ധിച്ചാണ് അധികവും പരാമർശിച്ചത്. അതിൽനിന്നും വ്യത്യസ്തമായിട്ടുള്ള ഒരഭിപ്രായമാണ് എനിക്ക് പറയാനുള്ളത്. രോഗപ്രതിരോധത്തെ സംബന്ധിച്ചാണ് എനിക്കു പറയുവാനുള്ളത്. ഇന്നു നമ്മുടെ നാട്ടിൻപുറങ്ങളിൽ പുതിയ രീതിയിലുള്ള ചില രോഗങ്ങൾ പടർന്നു പിടിക്കുന്നു. അതുണ്ടാകാതിരിക്കാനും ഇത്തരം രോഗങ്ങൾ കണ്ടുപിടിച്ച് ചികിൽസിക്കാനും ആവശ്യമായ പ്രതിരോധ നടപടികൾക്കു മുൻതൂക്കം കൊടുത്തുകൊണ്ടുള്ള സംവിധാനം ആരോഗ്യ വകുപ്പിൽ ഉണ്ടാക്കണം. ആരോഗ്യവകുപ്പിനെ സംബന്ധിച്ചു പറയുമ്പോൾ പശ്ചിമഘട്ടത്തിന്റെ സാനുപ്രദേശമായ കുററിയാടിയിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമുണ്ട്. അവിടെ സൗകര്യങ്ങൾ വളരെ പരിമിതമാണ്. ആ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് അതൊരു ചെറിയ ആശുപത്രിയായി ഉയർത്തണം. അവിടെയുള്ള രോഗികളുടെ സംഖ്യ റിക്കാർഡുകൾ പരിശോധിച്ചാൽ കാണാൻ കഴിയും. അതുപോലെ തന്നെ തിരുവള്ളൂർ ഒരു പ്രൈമറി ഹെൽത്ത് സെൻറർ ഉണ്ട്. അവിടെ വരുന്ന രോഗികൾ ഒരു തുള്ളിവെള്ളം കുടിച്ച് അവിടെ കിടന്നിട്ടില്ല. അവിടെ ശുദ്ധജലത്തിനുള്ള സൗകര്യമില്ല, അതുണ്ടാക്കണം. മററു ചില സ്ഥലങ്ങളിൽനിന്നും വ്യത്യസ്തമാണ് അവിടത്തെ അനുഭവം. അവിടെ ആളുകൾ കെട്ടിടം സംഭാവന ചെയ്തിരുന്നു. പക്ഷേ ആശുപത്രി തുടങ്ങാനുള്ള സാങ്കേതിക തടസ്സങ്ങളുണ്ടാകുന്നു, അതെല്ലാം പരിഹരിക്കുവാൻവേണ്ടി സത്വരമായ നടപടിയെടുക്കണം. ഉദാഹരണത്തിന് വേളം പഞ്ചായത്താശുപത്രി.

സാമൂഹ്യവികസന വകുപ്പിനെ സംബന്ധിച്ച് ഇവിടെ പല ബഹുമാനപ്പെട്ട മെമ്പറൻമാരും പരാമർശിച്ച കാര്യങ്ങൾതന്നെയാണ് എനിക്കും പറയാനുള്ളത്. വേണ്ടത്ര സ്ററാഫ് എവിടെയുമില്ല. ഉള്ള സംവിധാനത്തെ യോജിപ്പിച്ചുകൊണ്ട് ഒരു സമഗ്ര സംയോജിത റോഡു പദ്ധതി നടപ്പിലാക്കണം. ഇവിടെ റോഡുകൾക്കുവേണ്ടി പലവിധത്തിൽ സംഖ്യകൾ ചെലവാക്കുന്നുണ്ട്. ഫുഡ് ഫോർ വർക്ക് പ്രോഗ്രാം, സി. എസ്.ആർ. ഇ. സ്കീം ഗ്രാമീണ റോഡുകളുണ്ടാക്കാനുള്ള പരിപാടി ഇതെല്ലാം സംയോജിപ്പിച്ചുകൊണ്ട് ആദ്യം ഫുഡ്ഫോർ വർക്കുപരിപാടിയിൽ റോഡുണ്ടാക്കണം, പിന്നെ ആവശ്യമായ ഓവുചാലുകളും മററു കാര്യങ്ങളും സി.എസ്.ആർ.ഇ. പദ്ധതിയിൽപെടുത്തി ചെയ്യണം. അതിനുശേഷം പി.ഡബ്ലിയു.ഡി. ഏറെറടുത്തുനടത്തണം. ഇപ്പോൾ ബ്ലോക്കുകൾ ഉണ്ടാക്കുന്ന എസ്ററിമേററും പി.ഡബ്ലിയു.ഡി. എസ്ററിമേററും തമ്മിൽ വളരെയേറെ അന്തരമുണ്ട്. അതെങ്ങനെ വരുന്നു എന്നറിയാൻ കഴിയുന്നില്ല. ബ്ലോക്കുകളിൽ ഓവർസിയർ ഇല്ല. പഞ്ചായത്ത് വകുപ്പാണ് ഓവർസിയർക്ക് ശമ്പളം കൊടുക്കുന്നത്. അതേസമയം ഓവർസിയർ ഇല്ലാത്തതുകൊണ്ട് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകാൻ സാധ്യമല്ല. ജൂനിയർ എഞ്ചിനീയറില്ല. അതുകൊണ്ടു പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. കാർഷികമേഖലയിൽ ധാരാളം പ്രവർത്തനങ്ങൾ ഇന്നു നടന്നുകൊണ്ടിരിക്കുകയാണ്. ഏലാ സ്കീം, പാക്കേജ് സ്കീം എല്ലാം നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഏതെല്ലാം തുറകളിൽ കാർഷികവികസന പ്രവർത്തനങ്ങൾ നടക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നു പഞ്ചായത്തുകളംപോലും അറിയുന്നില്ല. പഞ്ചായത്ത് പ്രസിഡൻറൻമാർക്ക് പങ്കാളിത്തമില്ല, എം.എൽ.എ. മാർക്കു പങ്കാളിത്തമില്ല. ഇത് അവസാനിപ്പിക്കണം. ഒരു പഞ്ചായത്തിൽ നടക്കുന്ന പ്രവർത്തനത്തെ സംബന്ധിച്ച് പഞ്ചായത്തിനു അറിവുണ്ടായിരിക്കണം. ഇന്ന് കാർഷികമേഖലയിലുള്ള പ്രവർത്തനത്തെ സംബന്ധിച്ച് പഠനം നടത്തി ഗ്രാമങ്ങളിൽ കാർഷിക പരിഷ്ക്കരണം നടപ്പിലാക്കാനുള്ള സമഗ്രമായ ഒരു പദ്ധതിക്കു രൂപം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. പിന്നെ ഭക്ഷ്യം വീടുകാരുടെ പ്രശ്നങ്ങളുണ്ട്. അവിടെ പാവങ്ങളാണു താമസിക്കുന്നത്. അവിടെ റോഡില്ല. അവിടെ ശുദ്ധജല വിതരണത്തിനുള്ള സൗകര്യം സാമൂഹ്യവികസന വകുപ്പു പ്രത്യേകമെടുത്തു അതിനു മുൻഗണന നൽകണം. ഹരിജനങ്ങളം താമസിക്കുന്ന പല സ്ഥലങ്ങളും ഇപ്പോഴും അവികസിതമാണ്. എവിടെയും റോഡില്ല. ബ്ലോക്കിന്റെ കീഴിൽ റോഡുണ്ടാക്കി പരമാവധി സൗകര്യങ്ങളം വർദ്ധിപ്പിക്കുവാനുള്ള ഏർപ്പാടുണ്ടാകണം. പല ബ്ലോക്കുകളിലും ഇപ്പോഴം വാഹനങ്ങളില്ല. ബി.ഡി.ഒ. മാർ ഇല്ലാത്ത ബ്ലോക്കുകളുണ്ട്. ബി.ഡി.ഒ. മാർ എല്ലാ ബ്ലോക്കുകളിലും നിർബന്ധമായി ഉണ്ടായിരിക്കണം. അവിടെ വാഹനങ്ങളം ഉണ്ടാകണം. അവരുടെ പ്രവർത്തനപരിധിയിൽ പഞ്ചായത്തുപ്രസിഡൻറുമാർക്ക് പങ്കാളിത്തം വേണം, എം.എൽ.എ. മാർക്ക് ആ പ്രവർത്തനങ്ങളം പരിശോധിക്കുവാനുള്ള സൗകര്യമുണ്ടാക്കണം. ഇതു പോലെയുള്ള സംവിധാനവും സൗകര്യവും ഉണ്ടായാൽ മാത്രമേ നമ്മുടെ രാജ്യത്തിന്റെ വികസന പ്രവർത്തനം ത്വരിതഗതിയിൽ നടത്താൻ കഴിയൂ എന്നാണു എന്റെ വിശ്വാസം. 23 കോടി രൂപയുടെ ഒരു പദ്ധതിയാണ് ബഹുമാനപ്പെട്ട സാമൂഹ്യവികസനമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. അവിടെയുള്ള പ്രവർത്തനം പരിശോധിച്ചാൽ ഈ സംഖ്യ വളരെ അപര്യാപ്തമാണെന്നാണ് എന്റെ അഭിപ്രായം. കൂടുതൽ സംഖ്യ സമാഹരിച്ചു കൊണ്ട് സമഗ്രമായ ഒരു സംയോജിത റോഡ് പദ്ധതിയും സമഗ്രമായ ഒരു കാർഷിക പദ്ധതിയും നാട്ടിൻപുറങ്ങളിൽ ആവിഷ്ക്കരിക്കണം, അതിനുള്ള സംഖ്യ എങ്ങനെയെങ്കിലും ഉണ്ടാക്കണമെന്നാണ് എനിക്കു വിനയത്തോടുകൂടി ബഹുമാനപ്പെട്ട മന്ത്രിയോടു പറയാനുള്ളത്. ഉദ്യോഗസ്ഥൻമാരുടെ അഭാവം, വാഹനങ്ങളുടെ അഭാവം, ജനപങ്കാളിത്തത്തിന്റെ അഭാവം ഇതെല്ലാം ഒന്നു പരിഹരിച്ച് നല്ല രീതിയിലുള്ള ഒരു സംവിധാനം പടുത്തുയർത്താൻ സാമൂഹ്യ വികസനവകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്താങ്ങുന്നു.

ഡോ: കെ. ജി. അടിയോടി: സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം സോഷ്യൽ സർവ്വീസ് മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏററവും മുൻപന്തിയിൽ പ്രവർത്തിക്കുന്നു എന്ന മിഥ്യാബോധം നമ്മളംക്കെല്ലാംതന്നെ ഉണ്ട്. കേരളത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതയും വിദ്യാഭ്യാസ നിലവാരവും ശാസ്ത്ര—സാങ്കേതിക രംഗങ്ങളിൽ നേടാൻ കഴിഞ്ഞ നേട്ടങ്ങളും ഈ രംഗത്ത് പ്രതിഫലിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഡിമാൻറുകളം ഇവിടെ അവതരിപ്പിക്കുകയും അതേ രീതിയിലുള്ള ചർച്ചകളം ഇവിടെ നടക്കുകയും ചെയ്യുന്നില്ല എന്ന പരാതി നമുക്കെല്ലാം ഉണ്ട്. അതു വച്ചുകൊണ്ട് കഴിഞ്ഞകാല ചരിത്രത്തിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം. കഴിഞ്ഞ കാലത്ത് നാം ഇതൊക്കെ അർഹിക്കുന്ന ഗൗരവത്തോടുകൂടി തുക ചെലവാക്കിയതുകൊണ്ട് നേട്ടങ്ങളം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചു നോക്കിയാൽ പല രംഗത്തും നാം തകർച്ചയിലാണെന്ന് കാണാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയും. അതുവച്ചുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്. പരിപാടികൾ ധാരാളം നാം ആസൂത്രണംചെയ്യാറുണ്ട്. പക്ഷേ അതെല്ലാം നടപ്പിലാക്കുന്നില്ല എന്നുള്ളതാണ് സത്യം. ഈ കഴിഞ്ഞ ഏതാനും മാസങ്ങൾക്കു മുൻപ് ആരോഗ്യ സംരക്ഷണ രംഗത്ത് 5 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് രോഗ പ്രതിരോധ കുത്തിവയ്പിനുവേണ്ടി പോളിംഗ് ബൂത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന സ്ഥലത്തുവച്ച് കുത്തിവയ്പ് നടത്തുമെന്ന് ഒരു പ്രഖ്യാപനം നടത്തിയിരുന്നു. അതുപോലെതന്നെ ക്യാൻസർ ബാധിച്ചിട്ടുള്ള കാഷ്യൂ തൊഴിലാളികൾക്ക് ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഒരു പ്രഖ്യാപനം ഉണ്ടായിരുന്നു. പ്രഖ്യാപനങ്ങൾ നല്ലതാണ്. പോളിംഗ് ബൂത്ത് അടിസ്ഥാനത്തിൽ 5 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് മാസ് ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽ പോളിയോ ചികിൽസ വേണ്ട എന്നാണ് ഗവൺമെൻറ് തീരുമാനിച്ചത്. പക്ഷേ ഇതെല്ലാം പ്രഖ്യാപനങ്ങൾ അല്ലാതെ പ്രായോഗിക രംഗത്ത് വന്നിട്ടില്ല. വൈദ്യ വിദ്യാഭ്യാസ രംഗത്ത് ധാരാളം പരാതികൾ ഇന്നുണ്ട്. ആ പരാതികൾ എല്ലാംതന്നെ അടിസ്ഥാനമുള്ളതാണ്. അതിന് ഒരു കമ്മിററി രൂപീകരിച്ചു. ആ ഉന്നത അധികാര സമിതിയിൽ യൂണിവേഴ്സിററി അടക്കമുള്ള പ്രാതിനിധ്യം നിശ്ചയിച്ചുകൊണ്ട് പരിശോധന നടത്തി ഗവൺമെൻറിന് റിപ്പോർട്ട് നൽകി. ആ റിപ്പോർട്ടിൽ മലബാർ മേഖലയിൽനിന്ന് മെഡിക്കൽ വിദ്യാഭ്യാസത്തിനു തിരഞ്ഞെടുക്കുന്ന കുട്ടികളുടെ എണ്ണം തിരുവിതാംകൂർ കൊച്ചിയുമായി തട്ടിച്ചുനോക്കുമ്പോൾ വലിയ അന്തരം ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുകയും 40 സീററുകൾ കൂടുതൽ മലബാറിനു നൽകണമെന്നു ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സർക്കാരിൽ കൊടുത്ത റിപ്പോർട്ടിൽ ഇതു പറഞ്ഞിരുന്നു. പക്ഷേ സർക്കാർ അത് ചെയ്തില്ല. അവിടെയുള്ള ആളുകൾ ഹൈക്കോടതിയെ സമീപിച്ചു അവിടെ പരാതിക്ക് പരിഹാരമുണ്ടായി. പക്ഷെ ഗവൺമെൻറ് സ്ററെ വാങ്ങി. അതിനുശേഷം സുപ്രീംകോടതിയെ സമീപിച്ചു. അനുകൂലമായ വിധിയുണ്ടായി. 34 സീററുകൾ കൂടുതലായി നൽകണമെന്ന വിധിയുണ്ടായി. അതിന് ഏകീകൃതമായ ഒരു പരീക്ഷ നടത്തുകയോ മററ് ഏതെങ്കിലും സമ്പ്രദായം ഉണ്ടാക്കുകയോ ചെയ്യണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ ആ രംഗത്ത് എന്തെങ്കിലും ആരംഭിച്ചിട്ടുള്ളതായി അറിയാൻ കഴിയുന്നില്ല. ആളുകൾ ധാരാളം പണം ചെലവു ചെയ്ത്, നീതി ലഭിക്കാൻവേണ്ടി കോടതികളെ സമീപിക്കേണ്ട ഒരു ഗതികേടാണ് ഈ രംഗത്ത് പൊതുവേ കാണുന്നത്. നാം ചെലവാക്കിയ തുകയിൽ നിന്ന് അസെററ്സ് സംസ്ഥാനത്തിനുള്ളത് എന്താണെന്ന് പരിശോധിച്ചു നോക്കാം. എല്ലാ രംഗത്തും ഇതൊന്നും വേണ്ടത്ര വിജയിക്കുന്നില്ലെന്ന് പരിപൂർണ്ണമായി നമുക്കു മനസ്സിലാക്കാൻ കഴിയും. കോഴിക്കോട് മെഡിക്കൽകോളേജ് ആശുപത്രിയെ സംബന്ധിച്ച് പരിശോധിച്ചു നോക്കിയാൽ അവിടെ ഇ. സി. ജി. (Electro Cardio Graph) എടുക്കാൻ വേണ്ടിയുള്ള ഒരു ഉപകരണം 2½ ലക്ഷം രൂപ കൊടുത്ത് വാങ്ങിച്ചിട്ടുണ്ട്. എയർ കണ്ടീഷൻ ചെയ്ത ഒരു റൂം അതിനുവേണ്ടി തയ്യാറാക്കി കൊടുത്തിട്ടുണ്ട്. പക്ഷേ ആ ഉപകരണം അവിടെ എത്തുന്നതിനു മുൻപുതന്നെ ആ സ്പെഷ്യാലിററിയിൽ പ്രവർത്തിക്കുന്ന ഡോക്ടർ അയൽ രാജ്യത്തിലേക്ക് പോയിക്കഴിഞ്ഞിരുന്നു. അനസ്തെററിസ്ററ് അവിടെ ഇല്ല. തൊറാസിക് സർജറി നടത്താൻ അവിടെ ആളില്ല. ലക്ഷക്കണക്കിനു രൂപയുടെ ഉപകരണം വാങ്ങിച്ചത് കെട്ടിക്കിടക്കുകയാണ്. 500 എം.എ. എക്സ്റെ യൂണിററ് പല മെഡിക്കൽ കോളേജുകളിലുമുണ്ട്. പക്ഷേ എക്സ്റെ ടെക്നീഷൻ അവിടെ ഉണ്ടാകും. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

എക്സ്റെ പരിശോധിച്ച് രോഗം എന്താണെന്ന് നിർണ്ണയിക്കാൻ കഴിയുന്ന ഡോക്ടർമാർ ഒരിക്കലും ആ വിങ്ങിൽ കാണുകയില്ല. അതു പോലെതന്നെ പലരും പറഞ്ഞിട്ടുള്ളതുപോലെ പല ഉപകരണങ്ങളും ചീത്തയായാൽ ശരിയാക്കി പ്രവർത്തിക്കാനുള്ള എന്തെങ്കിലും ഒരു ഏർപ്പാട് ഈ രാജ്യത്ത് ഉണ്ടാകാൻവേണ്ടി നിരന്തരമായി ഈ സഭയിൽ ഉള്ളവർ ആവശ്യപ്പെട്ടിട്ടുണ്ട്. ഡേററ് എക്സ്പയറി കഴിഞ്ഞ് മരുന്നുകൾ കെട്ടു കെട്ടായി ഓരോ വർഷവും നശിക്കുന്നുണ്ട്. അതു പോലെ മററു ഉപകരണങ്ങൾ പല ആശുപത്രികളിലും ആവശ്യപ്പെട്ടാൽ ഡിസ്ട്രിക്ററ് സ്റേറാറിൽനിന്നും സ്റേററ് സ്റേറാറിൽനിന്നും കിട്ടുന്ന മറുപടി രേത് ഇല്ല എന്നുള്ളതാണ്. പക്ഷേ വർഷാവസാനം നോക്കിയാൽ ലക്ഷക്കണക്കിനു രൂപയുടെ കെട്ടിക്കിടക്കുന്ന സാമഗ്രികൾ, മരുന്നുകൾ അവിടെ കാണാറുണ്ട്. കാലിക്കററ് മെഡിക്കൽ കോളേജിൽ ത്തന്നെ മററു കോളേജുകളുമായി തട്ടിച്ചുനോക്കുമ്പോൾ സ്ററാഫ് വളരെ കുറവാണ്. എന്നിട്ടും കാലിക്കററ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവർത്തിക്കുന്ന 40 നേഴ്സുമാരെയാണ് ഒരു ദിവസം ഗൾഫിലേക്ക് അയച്ചത്. ഒരു ആശുപത്രിയിൽനിന്നും 40 സ്ററാഫ് നേഴ്സുമാരെ ഒരു ദിവസം ഡ്യൂട്ടിയിൽനിന്ന് മാററുകയാണെങ്കിൽ എങ്ങനെ അവിടത്തെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയും? 8 ഡോക്ടർമാരുള്ള കാസർകോട് ആശുപത്രിയിൽ 3 പേരാണ് ഇന്ന് പ്രവർത്തിക്കുന്നത്. ചില വിദഗ്ദ്ധ വിഭാഗങ്ങൾ ഉണ്ട്. ആ രംഗത്ത് ആരും ഉണ്ടാവുകയില്ല. ഉള്ളവർ രാത്രിയും പകലും പണി എടുത്താലും അവർക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ ഇല്ല.

തലശ്ശേരിയിൽ നിരന്തരമായ ആക്രമണം ഡോക്ടർമാർക്ക് എതിരായി നടന്നുകൊണ്ടിരിക്കുകയാണ്. അവരെ തല്ലാൻപോലും ആളുകൾ തയ്യാറായി ഇരിക്കുകയാണ്. എന്നും പരാതി ആണ്. കാരണം ബെഡ് സ്ട്രെങ്ങ്ത്തിന് അനുസരിച്ച് ഡോക്ടർമാർ പ്രവർത്തിക്കുന്നില്ല. ഉള്ള സ്ഥലത്ത് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ സാദ്ധ്യമല്ല. കോഴിക്കോട് ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി മററു ജില്ലാ ആശുപത്രികളിലെ സ്ററാററസിൽ പ്രവർത്തിക്കുന്നുണ്ട് എന്നാണ് ഇവിടെയുള്ള ഉദ്യോഗസ്ഥൻമാരും മന്ത്രിമാരും ധരിച്ചിരിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. സർ, അത് ഒരു ഭാർഗ്ഗവീനിലയമാണ്. അവിടെ ഡോക്ടർമാർ ഇല്ല. എല്ലാ റൂമുകളിലും ബെഡ് ഇല്ല, മററു സാധനങ്ങൾ ഒന്നും ഇല്ല. പേഷ്യൻറ്സ് പണ്ടത്തെ ബെഡ് സ്ട്രെങ്ങ്ത്ത് അനുസരിച്ച് അവിടെ ഉണ്ടെന്ന് അച്ചടിച്ച് ഞങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. അതു മുഴുവനും അബദ്ധമാണ്. ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഏതാനും ചില യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്, എന്നല്ലാതെ അവിടെ യാതൊന്നുമില്ല. ആ കെട്ടിടങ്ങൾ മററ് എന്തെങ്കിലും ആവശ്യത്തിനുവേണ്ടി ഒഴിഞ്ഞുകൊടുക്കുന്നതായിരിക്കും ഇതിലും ഭേദം എന്നു ഞാൻ കരുതുകയാണ്. വൈദ്യ വിദ്യാഭ്യാസ രംഗത്ത് പോസ്ററ് ഗ്രാഡുവേററ്സിനുള്ള സമയം മുഴുവൻ കോടതികളിൽ ചെലവഴിച്ച് നഷ്ടപ്പെടുകയാണ് ഇന്ന് ചെയ്യുന്നത്. കാഷ്വാലിററിയിൽ വരുന്ന എന്തു മുറിവായാലും ശരി പോലീസ് കേസ് ആണെങ്കിൽ ഈ ഡോക്ടർമാരും അദ്ധ്യാപകൻമാരും തെളിവുകൾ കൊടുക്കാൻവേണ്ടി കോടതിയിൽ പോകേണ്ടിയിരിക്കുന്നു. നിസ്സാരമായ പരിക്കുകൾക്കുപോലും കാഷ്വാലിററിയിൽ പ്രവർത്തിക്കുന്ന പ്രൊഫസർമാർ അടക്കം ഡിസ്ട്രിക്ട് കോടതികളിലും 2-ാം ക്ലാസ് മജിസ്ട്രേററ് കോടതികളിലും നിരന്തരം പോയി

LIBRARY ARCHIVES Kerala Legislative Assembly

സമയം ചെലവഴിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് കാഷ്വാലിററിയിൽ പ്രത്യേകമായി പ്രവർത്തിക്കാൻ കഴിയുന്ന ഡോക്ടർമാരെ നിയമിക്കുകയാണെങ്കിൽ മററുള്ളവരുടെ സേവനം വിദ്യാർത്ഥികൾക്കും കോളേജുകാർക്കും രോഗികൾക്കും കിട്ടുന്നതാണ്. അതിന് ഒരു മാററം ഉണ്ടാകാൻ വേണ്ടി നിരന്തരമായി, അസോസിയേഷനുകളും മററു ആളുകളും ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ അത് തിരിഞ്ഞു നോക്കാൻപോലും ആളില്ല. ഇത്രയും സൗകര്യമുള്ള സ്ഥലത്ത് ശരിക്കും ശ്രദ്ധയോടുകൂടി കാര്യങ്ങൾ ചെയ്യുന്നുണ്ടോ എന്നു പരിശോധിച്ചാൽ, ഇല്ല എന്നുള്ളതിന് ഒരു ഉദാഹരണം ഞാൻ പറയാം. ഒന്നു പരിശോധിക്കാൻ, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. ഇവിടെ എസ്.എ.ററി. ആശുപത്രിയിൽ ആരും ഇൻഡ്യ ഇൻസ്ററിററ്യൂട്ടിൽ പരിശോധിച്ച് ട്യൂബക്ടമി ചെയ്യാൻ വേണ്ടി 23-ാം തീയതി ഒരു രോഗിയെ അഡ്മിററ് ചെയ്തു. എല്ലാ പരിശോധനകളും നടന്നിട്ടുള്ളതാണ്. എല്ലാവിധത്തിലും ഒരു മൈനർ ഓപ്പറേഷന് വിധേയയാകാനുള്ള ആരോഗ്യം ത്രേസ്യാമ്മ എന്ന ആ സ്ത്രീക്ക് ഉണ്ട്. ഓപ്പറേഷൻ നടത്തി. അനസ്തററിസ്ററ് ഓപ്പറേഷൻ നടത്തുമ്പോൾ ഓക്സിജനും നൈട്രിക് ഓക്സൈഡുംകൂടിയുള്ള ഗ്യാസാണ് നൽകേണ്ടത്. ഓക്സിജൻ തീർന്നിരുന്നു; ട്യൂബിൽ ഇല്ല. പക്ഷേ നൈട്രിക് ഓക്സൈഡ് ധാരാളം ചെലുത്തി. ആ സ്ത്രീ ഇന്ന് രോഗശയ്യയിലാണ്. ഇത് നെഗ്ലിജൻസ് ആണ്. ഉള്ള സ്ഥലത്ത് ഉപകരണങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ല; ഉപയോഗിക്കുമ്പോൾ അത് ശരിയായി പ്രവർത്തിക്കുന്നുണ്ടോ എന്നു നോക്കാൻ സമയമില്ല. പരസ്പരം കലഹമാണ്. അനസ്തററിസ്ററിന്റെ ഔദാര്യം ഉണ്ടെങ്കിലല്ലാതെ ഒരു സർജന് മെഡിക്കൽ കോളേജിൽ പ്രവർത്തിക്കാൻ കഴിയുകയില്ല.

അതുപോലെതന്നെ മററു സ്പെഷ്യാലിററി ഡിപ്പാർട്ടുമെന്റുകളിലും ഓരോന്നും ഒരു പ്രത്യേക സാമ്രാജ്യമാണ്. ആ സാമ്രാജ്യത്തിൽ ആർക്കും കടക്കാൻ സാദ്ധ്യമല്ല. അവിടെ ഉള്ള രോഗിക്ക് മററ് എന്തെങ്കിലും രോഗം ഉണ്ടെങ്കിൽ അത് നോക്കാൻ റികപ്സററ് മററു ആളുകൾക്ക് കൊടുത്തിട്ടുണ്ടെങ്കിൽ അത് നോക്കാൻ ആളില്ല.

പൊതുമേഖലയിൽ എടുത്തു നോക്കിയാൽ ഇന്ന് പാരാ മെഡിക്കൽ രംഗത്ത് ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, എക്സ്റേ ടെക്നീഷ്യൻ, ഡെൻറൽ മെക്കാനിക്ക്, ഫാർമസിസ്ററ് ഇതുപോലുള്ള ആളുകൾക്ക് ജോലിക്ക്, ഇവിടെയും വെളിയിലും ധാരാളം സാദ്ധ്യതകളുണ്ട്. ആ രംഗത്ത് പ്രവേശനം വർദ്ധിപ്പിച്ചുകൊണ്ട് അവർക്ക് ട്രെയിനിംഗ് കൊടുത്താൽ അവർക്ക് തൊഴിൽ കിട്ടാനിടയുള്ളതു ഓർക്കുന്നില്ല. എസ്.എസ്.എൽ.സി. യും പ്രീ ഡിഗ്രിയും ബി.എസ്.സി.യും പാസായ ധാരാളം ചെറുപ്പക്കാരുണ്ട്. അവർക്ക് ട്രെയിനിംഗിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണെങ്കിൽ പല സ്വകാര്യസ്ഥാപനങ്ങളിലും അയൽ സംസ്ഥാനങ്ങളിലും പുറം രാജ്യങ്ങളിലും പോയി പണിചെയ്യാനുള്ള ടെക്നിക്കൽ നോളഡ്ജ് അവർക്ക് കിട്ടും. ഡിപ്ലോമയോ ഡിഗ്രിയോ ഈ വിഷയങ്ങളിൽ കിട്ടിയാൽ അവർക്ക് പുറത്തുപോയി ജോലി ചെയ്തു ജീവിക്കാൻ പററും. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ശാസ്ത്ര-സാങ്കേതിക രംഗത്തു വളർച്ചയെത്തിയ കേരളത്തിൽ ഇതിനുവേണ്ടി എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ? അതു നടപ്പാക്കാൻ മുന്നോട്ടു വരാൻ സാധിച്ചിട്ടില്ലെന്നുള്ളതാണ് സത്യം. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇതിനെ എതിർക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു കാര്യം പബ്ലിക് ഹെൽത്തിനെ സംബന്ധിച്ചിടത്തോളം Prevention is better than cure എന്നു നമ്മളെല്ലാം എടുത്തു പറയാറുണ്ട്. ഏററവും നല്ല വാട്ടർ സപ്ലൈ, വളരെയധികം സുഖകരമായി ജീവിക്കാൻ പററുന്ന കാലാവസ്ഥ, തിരുവനന്തപുരം സിററിയെപ്പററി നമ്മൾ ഇങ്ങനെയെല്ലാം അഭിമാനം കൊള്ളുന്നുണ്ട്. ഇതൊരു പ്രത്യേകതയാണ്. പക്ഷെ, ഒരു ദിവസം നൂറു കൊതുകിന്റെയെങ്കിലും കടി കൊള്ളാതെ ജീവിക്കാൻ കഴിയുമോ? രാത്രിയായാൽ എം.എൽ.എ. ക്വാർട്ടേഴ്സ് അടക്കമുള്ള എല്ലാ സ്ഥലങ്ങളിലും പ്രിവൻഷൻ എവിടെയാണ്? ഈ രംഗത്ത് പ്രത്യേക വൈദഗ്ദ്ധ്യം നേടിയ ആളുകൾ ഉണ്ട്. ഈ രാജ്യത്തെ സീവേജിന്റെയും പ്രിവെൻറീവ് സൈഡിന്റെയും പ്രവർത്തനം എന്താണ്? 5 കോടി രൂപ ആ രീതിയിൽ നീക്കിവച്ചിട്ടുണ്ട്. ഇത്രയും ജനസാന്ദ്രതയുള്ള ഈ രാജ്യത്ത് പ്രത്യേകമായ കാലാവസ്ഥയും, കെട്ടിക്കിടക്കുന്ന മലിന ജലവും കാരണം പകർച്ചവ്യാധികൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആലപ്പുഴ, കൊല്ലം മുതലായ സ്ഥലങ്ങളിൽ ഈ കെട്ടിക്കിടക്കുന്ന വെള്ളം കാരണം മാരകമായ പകർച്ചവ്യാധികൾ ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിന് എന്തെങ്കിലും ഒരു പരിപാടി ഈ ഗവൺമെൻറിന് ആവിഷ്ക്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ചില പരിപാടികൾ വിദഗ്ദ്ധന്മാർ ആസൂത്രണം ചെയ്തത് മേശപ്പുറത്തു കിടക്കുകയാണ്. ഈ രീതിയിൽ നമ്മുടെ സാങ്കേതിക പരിജ്ഞാനവും സാമ്പത്തികമായ കഴിവുകളും ഉപയോഗപ്പെടുത്തി അതിന്റെ റിട്ടേൺസ് എന്നുള്ളനിലയിൽ നാലിലൊരംശമെങ്കിലും സാധാരണജനങ്ങളിൽ എത്തിച്ചുകൊടുക്കാനുള്ള എന്തെങ്കിലും പരിപാടി തയ്യാറാക്കിയിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്.

ഇവിടെ സാധാരണ ഒരു റെഡിമേഡ് ഉത്തരം മന്ത്രിമാരിൽനിന്നും വരാറുണ്ട്. ഏതുപരാതി ഉന്നയിച്ചാലും അല്ലെങ്കിൽ ഏതെങ്കിലും വസ്തുതകൾ ചൂണ്ടിക്കാണിച്ചാൽ അതിനെസംബന്ധിച്ച് എന്തെങ്കിലും മറുപടി പറയുന്ന ഏർപ്പാടില്ല. ഇവിടെ മെമ്പറൻമാർ ഉന്നയിച്ചിട്ടുള്ള പരാതികളെപ്പററി മറുപടി പറയുമ്പോൾ എന്തെങ്കിലും സൂചിപ്പിച്ചാൽ ഞങ്ങൾ ഇവിടെ വന്നിരിക്കുന്നതിന് എന്തെങ്കിലും അർത്ഥമുണ്ട് എന്നഭ്യർത്ഥിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ): സർ, പൊതുജനാരോഗ്യവകുപ്പിനെ സംബന്ധിച്ച് അതിന്റെ കുറവുകളെയും കോട്ടങ്ങളെയും സംബന്ധിച്ച് ഒക്കെ ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ

1 P. M.] പരാമർശിച്ച കാര്യങ്ങൾ പലതും അല്ലെങ്കിൽ മിക്കതും പുത്തനല്ലെന്ന് അവർതന്നെ പറഞ്ഞിട്ടുള്ളതാണ്. ഗവൺമെൻറിന്റെ സാമ്പത്തികപരിമിതികളെക്കുറിച്ചും ഈ വിമർശനം ഉന്നയിച്ച ബഹുമാനപ്പെട്ട മെമ്പറൻമാർ ബോധവാൻമാരാണെന്നാണ് ഞാൻ മനസിലാക്കുന്നത്. തീർച്ചയായും ഈ കാര്യത്തിൽ വളരെ ക്രിയാത്മകമായ വിമർശനമാണ് ബഹുമാനപ്പെട്ട മെമ്പറൻമാരെല്ലാം നടത്തിയത്. അതു വളരെ സ്വാഗതാർഹമായകാര്യമാണ്. ഇന്ന് ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം പൊതുജനാരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം മററു പല രംഗങ്ങളേയും അപേക്ഷിച്ച് കൂടുതൽ സഹകരണാത്മകമായ ഒരു നിലപാടാണ് ബഹുജനങ്ങളിൽനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഭരണകക്ഷി പ്രതിപക്ഷഭേദംകൂടാതെ ഈ വകുപ്പിന്റെ വികസന പ്രവർത്തനങ്ങളിൽ വളരെ സജീവമായി ഇന്ന് ജനങ്ങൾ പങ്കെടുത്തുവരുന്നുണ്ടെന്നുള്ളതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായ ഒരു പ്രതിഫലനമാണ് ഇവിടത്തെ ചർച്ചകളിലൂടെ നമുക്കു കാണാൻകഴിയുന്നത്. അതുകൊണ്ടാണ് ഈ ക്രിയാത്മകമായ വിമർശനം സ്വാഗതാർഹമാണെന്ന് ഞാൻ പറഞ്ഞത്.

ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ രംഗത്ത് വളരെ മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം എന്നു പറയുന്നത് ഒരു യാഥാർത്ഥ്യമാണെന്നുള്ളത് എല്ലാവരും അംഗീകരിക്കും. അത് ആരുടെ നേട്ടമാണെന്നുള്ള കാര്യങ്ങളിലേക്ക് ഞാൻ ഇപ്പോറം കടക്കുന്നില്ല. ആളോഹരി ചെലവു സംഖ്യയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എസ്ത്തോസ് വിലയിരുത്തിയതിലേക്കും കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല.

സർ, വളരെ ധൃതഗതിയിലുള്ള ഒരു പുരോഗതിയാണ് ഈ രംഗത്ത് നമുക്കു കൈവരിക്കാൻ കഴിയുന്നത്. ഇനിയും ഒട്ടേറെ പുതിയ പരിപാടികറം അടുത്ത സാമ്പത്തികവർഷത്തിൽ നടപ്പാക്കാൻ ഗവൺമെൻറ് പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഇന്നുതന്നെ സാധാരണ ഇവിടെ പറയുമ്പോറം അലോപ്പതി വിഭാഗത്തിലുള്ള മെഡിക്കൽ ഇൻസ്ററിററ്യൂഷൻസിനെ സംബന്ധിച്ചാണ് പലതുംപറയാററ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് 887 അലോപ്പതി സ്ഥാപനങ്ങളും അവിടെ 27,500 പേരെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യവുമുണ്ട്. അതേസമയത്ത് ആയുർവ്വേദത്തിന് 475 സ്ഥാപനങ്ങളും 1,438 പേരെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യവും ഉണ്ട്. ഇതിനു പുറമേയാണ് ആയുർവ്വേദത്തിൽ 273 സ്ഥാപനങ്ങറംക്ക് ഗവൺമെൻറ് ഗ്രാൻറ് ഇൻ എയിഡ് നൽകി വരുന്നത്. ഹോമിയോപ്പതിയിൽ ആണെങ്കിൽ 133 സ്ഥാപനങ്ങളും അതിലെല്ലാംകൂടി 325 പേരെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യവും ഉണ്ട്. അങ്ങനെ നോക്കുമ്പോറം 1,501 വൈദ്യസഹായ സ്ഥാപനങ്ങറം ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. 29,263 പേരെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യമുണ്ട്. 800 പേർക്ക് ഒരു ബെഡ്ഡ് എന്നുവച്ച് നമുക്കു നേടാൻ കഴിഞ്ഞു. ഇതുകൊണ്ട് അവസാനിക്കുന്നില്ല. ഇന്നും വ്യാപകമായ ആവശ്യങ്ങറം വളർന്നുവരികയാണ്. ഏതാണ്ട് 2,690 ബെഡ്ഡുകറംകൂടി വർദ്ധിപ്പിക്കാനുള്ള ഒരു പരിപാടിയാണ് ഈ സാമ്പത്തികവർഷത്തിൽ ആവിഷ്കരിച്ചിട്ടുള്ളത്. 81 റൂറൽ ഡിസ്പെൻസറികളിൽ 10 ബെഡ്ഡുകറം വീതം സ്ഥാപിക്കുന്നതിനുള്ള ഒരു അനുമതി കൊടുത്തുകഴിഞ്ഞു. 100 ഡിസ്പെൻസറികറംക്കുള്ള ഒരു പദ്ധതിയാണ്. 19 ഡിസ്പെൻസറികറംക്കുകൂടി അതിൻെറപരിശോധന കഴിഞ്ഞ് അനുമതി കൊടുക്കാൻ പോവുകയാണ്. അങ്ങനെ 1,000 ബെഡ്ഡുകറംകൂടി റൂറൽ ഡിസ്പെൻസറികളിൽ അടുത്ത സാമ്പത്തിക വർഷത്തിൽ ഏർപ്പെടുത്താൻ കഴിയും.

അന്താരാഷ്ട്ര ശിശുവർഷം എന്ന നിലയിൽ 11 ചിൽഡ്രൻസ് വാർഡുകറം പണിയുന്നതിനുള്ള അനുമതി 11 താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ നൽകിയിട്ടുണ്ട്. ഓരോ വാർഡിലും 40 ബെഡ്ഡുകറം വീതം 440 ബെഡ്ഡുകറം ഈ ചിൽഡ്രൻസ് വാർഡുകളിൽ ഈ വർഷത്തിൽ ഏർപ്പെടുത്താൻ കഴിയും.

ഇതിനു പുറമെ കെ.എസ്.ആർ.ഡബ്ലിയു.എസ്. ൻെറ ആഭിമുഖ്യത്തിൽ 500 പേ വാർഡുകറംകൂടി ഏർപ്പെടുത്താനുള്ള പരിപാടികറം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതും ഈ വർഷത്തിൽ പൂർത്തിയാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുകൂടാതെ പബ്ലിക് ഹെൽത്ത് സെൻററുകളിൽ ഇന്നുള്ള ആറു (6) ബെഡ്ഡുകൾ എന്നുള്ളതു മാററി 30 ആക്കി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും ഏതാണ്ട് മൂന്നിലൊന്ന് പബ്ലിക് ഹെൽത്ത് സെൻററുകളിലെങ്കിലും ഈ വർഷം ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

അപ്പോൾ ഇതെല്ലാം ചേർന്നാൽ ഏതാണ്ട് 2,690 ബെഡ്ഡുകൾക്കുള്ള സൗകര്യംകൂടി ഈ ഒരൊററ വർഷത്തിൽ നമുക്കു നേടാൻ കഴിയും. സ്വാഭാവികമായും മെഡിക്കൽ കോളേജാശുപത്രിയിലും ഡിസ്ട്രിക്ട് ആശുപത്രിയിലും താലൂക്കാശുപത്രിയിലും ഉള്ള ആളുകളുടെ തള്ളിച്ച ഒന്നു കുറയണമെങ്കിൽ ഇവിടെ പല മെമ്പറൻമാരും സൂചിപ്പിച്ചതുപോലെ റൂറൽ ഡിസ്പെൻസറികളിലും പബ്ലിക് ഹെൽത്ത് സെൻേറഴ്സിലും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമേ സാധിക്കുകയുള്ളു. ആ ലക്ഷ്യംവച്ചുകൊണ്ടാണ് ഗവൺമെൻറ് പ്രവർത്തിക്കുന്നത്.

ഇന്നത്തെ അസന്തുലിതാവസ്ഥ ഇന്നും ഇന്നലെയും ഉണ്ടായതല്ല. ദീർഘകാലമായി തുടർന്നുവരുന്ന നടപടികളുടെ ഫലമായിട്ടാണ് ഈ അസന്തുലിതാവസ്ഥ നിലവനിൽക്കുന്നത്. ഈ അവസ്ഥ അവസാനിപ്പിക്കാൻവേണ്ടിയാണ് കഴിഞ്ഞ ഏതാനുംവർഷങ്ങളായി ഗവൺമെൻറ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിൻെറ ഫലമായി ജില്ലാ ആശുപത്രികളിൽ മിനിമം 500 ബെഡ്ഡും താലൂക്കാശുപത്രികൾക്ക് 100 ബെഡ്ഡും വേണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ ലക്ഷ്യം പൂർത്തിയാക്കുന്നതിന് ഇനി ഏതാനും ആശുപത്രികൾമാത്രമേ ബാക്കിയുള്ളു. ഇനി ആറ് ഡിസ്ട്രിക്ട് ആശുപത്രികളിൽ പൂർത്തിയാക്കാനുണ്ട്. അത് ഈ വർഷംതന്നെ പൂർത്തിയാക്കും. അവ, മെഡിക്കൽ കോളേജാശുപത്രിയുള്ള കോഴിക്കോടും കോട്ടയവും ഒഴിച്ചാൽ ബാക്കി കണ്ണൂർ, മഞ്ചേരി, പാലക്കാട്, ഇടുക്കി എന്നിവയാണ്. അവിടെ മുൻഗണന കൊടുത്തു തന്നെയാണ് പ്രവർത്തിക്കുന്നത്. കണ്ണൂർ ഡിസ്ട്രിക്ട് ആശുപത്രിയിൽ ഇപ്പോൾത്തന്നെ 482 ബെഡ്ഡുകളുണ്ട്. ഒരു പുതിയ വാർഡ് തുടങ്ങുന്നതിനുള്ള പ്രവർത്തനം ആരംഭിക്കാൻ അനുമതിയും കൊടുത്തു കഴിഞ്ഞു. മഞ്ചേരിയിൽ 253 ബെഡ്ഡുകളാണ് ഇപ്പോഴുള്ളത്. അത് 500 ആക്കുന്നതിനാവശ്യമായ പുതിയ വാർഡുകൾ പണിയുന്നതിനുള്ള സ്ഥലം അക്വയർ ചെയ്യുന്ന നടപടി ഈ മാർച്ചുമാസം 31-ാം തീയതിയോടുകൂടി പൂർത്തിയായിക്കഴിഞ്ഞു. ഈ വർഷംതന്നെ കെട്ടിടനിർമ്മാണവും ആരംഭിക്കാൻ പോകുകയാണ്. പാലക്കാട് 355 ബെഡ്ഡ് ഉണ്ട്. 100 ബെഡ്ഡ്കൂടി ഉണ്ടാക്കാൻ ഒരു പുതിയ വാർഡുകൂടി പണിയാനുള്ള അനുമതി കൊടുത്തിട്ടുണ്ട്. ഇടുക്കിയിൽ ആവശ്യമായ സൈററ് സെലക്ട് ചെയ്യുന്നതിൽ കാലതാമസംവന്നു. ഇപ്പോൾ സെലക്ട് ചെയ്യുന്ന പണി പൂർത്തിയായിട്ടുണ്ട്. ഡിസ്ട്രിക്ട് ആശുപത്രിയുടെ വർക്ക് ഈ വർഷം ആരംഭിക്കാൻ പോകുകയാണ്. കോഴിക്കോട് 260-ഉം കോട്ടയത്ത് 250-ഉം ബെഡ്ഡുകളാണുള്ളത്. അവിടെയുള്ള മെഡിക്കൽ കോളേജാശുപത്രികളിൽ കൂടുതൽ സൗകര്യമുള്ളതുകൊണ്ടാണ് അവിടെ ഈ കുറവുവന്നത്. എല്ലാ ജില്ലാ ആശുപത്രികളിലും 500 ബെഡ്ഡുകൾ പൂർത്തിയാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്.......................

ശ്രീ. എം. വി. രാഘവൻ: ഡിസ്ട്രിക്ട് ആശുപത്രികളിൽ 500 ബെഡ്ഡും താലൂക്കാശുപത്രികളിൽ 100 ബെഡ്ഡും എന്നു പറഞ്ഞാൽ അതു മലബാർപോലുള്ള പ്രദേശങ്ങളിൽ വരുന്നില്ല എന്നു മാത്രമല്ല

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർപോലെയുള്ള ജില്ലകളിൽ ജനസംഖ്യ വളരെയധികം ഉണ്ട്. അതുകൊണ്ട് ജനസംഖ്യകൂടി നോക്കി 800 ആളുകൾക്ക് ഒരു ബെഡ്ഡ് എന്ന് മന്ത്രി പറഞ്ഞനിലയിൽ കൊണ്ടുവരാനാണു ശ്രമിക്കേണ്ടത്.

ശ്രീ. കെ.പി. പ്രഭാകരൻ: ഇങ്ങനെ ചോദ്യം ചോദിച്ചു സമയം കളഞ്ഞാലെങ്ങനെയാണ്? മിനിമം 500 എന്നുപറഞ്ഞാൽ എല്ലായിടത്തും അഞ്ഞൂറേപാടുള്ളൂ എന്നല്ല. ആദ്യം കണ്ണൂരിൽ 400 ആയിരുന്നു. ഇപ്പോൾ അത് 482 ആയി. ബാക്കിക്കുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം.വി. രാഘവൻ: കണ്ണൂരിലെയും ഇടുക്കിയിലെയും ജനസംഖ്യ നോക്കണം.

ശ്രീ. കെ.പി. പ്രഭാകരൻ: ജനസംഖ്യാനുപാതികമായ ഒരു തത്വം സ്വീകരിച്ചിട്ടില്ല. മിനിമം സ്റ്റാൻേറർഡ് ഉയർത്തുക എന്നുള്ളതാണ് ആദ്യത്തെ സ്റ്റെപ്പ്. അതിൽ മലബാർ - തിരുവനന്തപുരം എന്നുള്ള വ്യത്യാസമൊന്നും ഇല്ല. താലൂക്കാശുപത്രികളുടെ കാര്യമാണെങ്കിൽ 47 താലൂക്കുകളിൽ പത്തുപന്ത്രണ്ടെണ്ണത്തിൽ മാത്രമാണ് ഇനി 100 ബെഡ്ഡ് തികയാൻ ബാക്കിയുള്ളത്. അതു തികയ്ക്കാനുള്ള നടപടി ഈ സാമ്പത്തികവർഷത്തിൽത്തന്നെ സ്വീകരിക്കുന്നതാണ്. അങ്ങനെ താലൂക്കാശുപത്രികളെ മിനിമം സ്റ്റാൻേറർഡിലേക്കുയർത്താൻ നടപടി സ്വീകരിക്കുന്നതാണ്.

സർ, മുന്നോക്ക - പിന്നോക്കപ്രദേശങ്ങളെപ്പററി ഇന്നിവിടെ പലരും പറഞ്ഞു. ആശുപത്രികളുടെ കാര്യത്തിലാണെങ്കിൽ പിന്നോക്കപ്രദേശങ്ങളിൽത്തന്നെ മുന്നോക്കപ്രദേശങ്ങളുണ്ട്. പരമാവധി എല്ലാ സൗകര്യങ്ങളും എല്ലായിടത്തും എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പുതിയ പഞ്ചായത്ത് വിഭജനത്തെത്തുടർന്ന് ഒരു ഡിസ്പെൻസറിയുമില്ലാത്ത പഞ്ചായത്തുകൾക്കാണ് ഈ വർഷം മുൻഗണന കൊടുക്കുന്നത്. സർ, ഒരു പഞ്ചായത്തിന് ഒരു ഡിസ്പെൻസറി എന്ന തത്വം ആവിഷ്കരിച്ചിട്ട് വർഷങ്ങളായി. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ സംസാരിച്ചപ്പോൾ ഈ പരിപാടി ശ്രീമതി ഇന്ദിരാഗാന്ധിയുടെ കാലത്തുണ്ടാക്കിയതാണെന്നു പറയുന്നതു കേട്ടു. അങ്ങനെയാണെങ്കിൽ അത് മററു പല സംസ്ഥാനങ്ങളിലും ഉണ്ടാകേണ്ടതായിരുന്നല്ലോ. ഈ പദ്ധതി കേരള ഗവൺമെൻറിൻേറതാണ്. ശ്രീമാൻ വക്കം പുരുഷോത്തമനും അതിൽ പങ്കുണ്ടായിരുന്നു എന്നു പറഞ്ഞാൽ സമ്മതിക്കാം. കേരളത്തിൽ ഈ പദ്ധതി വിജയകരമായി നടപ്പാക്കുകയും ഓരോ വിഭാഗത്തിലുമുള്ള ഓരോ ഡിസ്പെൻസറി ഒരു പഞ്ചായത്തിൽ ഉണ്ടാക്കാനുള്ള ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുകയുമാണു ചെയ്യുന്നത്. കേന്ദ്രഗവൺമെൻറിൻെറ 'നഗ്നപാദഡോക്ടർ' പരിപാടി ഭേദഗതിചെയ്ത് അതിനു വിനിയോഗിക്കുന്ന സംഖ്യ ഈ മൂന്നുവിഭാഗം ഡിസ്പെൻസറികൾ വികസിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയാണ്. അത് ഗവൺമെൻറ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പ്രായോഗികമായി നടപ്പാക്കുന്നതോടുകൂടി കുറെക്കൂടി വേഗത്തിൽ ഈ രംഗം മുന്നോട്ടുപോകും.

സർ, മരുന്നിൻെറ വിതരണത്തിലും വാങ്ങലിലുമുള്ള ന്യൂനതകളെക്കുറിച്ച് പല മെമ്പർമാരും ഇവിടെ ആക്ഷേപമുന്നയിച്ചു. സ്ഥായിയായി ഇവിടെ ഉന്നയിക്കപ്പെടുന്ന പല ന്യൂനതകളും ഈ രംഗത്തുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതെക്കുറിച്ചെല്ലാം ദീർഘമായ പഠനം നടത്തുന്നതിനുവേണ്ടിയാണ് ഒരു ഉന്നതാധികാരക്കമ്മിററിയെ നിയമിച്ചത്. ആ കമ്മിററിയുടെ പ്രവർത്തനം ഏതാണ്ടു പൂർത്തിയായി. ഔപചാരികമായി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടില്ലെങ്കിലും വളരെ അടിയന്തിരമായി നടപ്പിലാക്കേണ്ട പല കാര്യങ്ങളെ സംബന്ധിച്ചും ഗവൺമെൻറിനാവശ്യമായ വിവരം തന്നിട്ടുണ്ട്. ആ റിപ്പോർട്ട് ഔപചാരികമായി ലഭിക്കുന്ന മുറയ്ക്ക് അതു വിശദമായി പഠിച്ച് നടപടികൾ കുറെക്കൂടി ധൃതഗതിയിൽ സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാ സമയത്തും എല്ലാ ആശുപത്രികളിലും മരുന്നു കിട്ടുന്നില്ല എന്നുള്ളതാണ് വളരെ പ്രധാനമായി വന്ന ആക്ഷേപം. ഒരുകാര്യം തീർച്ചയാണ്. എല്ലാ ആളുകൾക്കും സൗജന്യമായ ചികിൽസയ്ക്കാവശ്യമായ മരുന്നു കൊടുക്കുക എന്നുള്ളത് എന്തായാലും അസാധ്യമായ കാര്യമാണ്. സഖാവ് വാസുദേവമേനോൻ ഉന്നയിച്ച കാര്യങ്ങൾ വളരെ പ്രസക്തമാണെന്നാണ് ഞാൻ കരുതുന്നത്. പരിമിതമായ കഴിവുവച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തുള്ള ഏററവും ദുർബലമായ വിഭാഗത്തിന് മരുന്ന് ലഭ്യമാക്കുന്നതിന് മുൻഗണന നൽകേണ്ടതല്ലേ? തീർച്ചയായും ഉണ്ടാകണമെന്ന അഭിപ്രായക്കാരനാണു ഞാൻ. അതു പ്രാവർത്തികമാകണമെങ്കിൽ തീർച്ചയായും ഈ സഭയുടെ മുഴുവൻ അംഗീകാരവും വേണം. എങ്കിൽ അതിനാവശ്യമായ വ്യവസ്ഥ ചെയ്യാൻ നമുക്കു കഴിയും. ഏതായാലും ഈ വിദഗ്ദ്ധക്കമ്മിററിയുടെ റിപ്പോർട്ടനുസരിച്ച് ഇന്നുള്ള മരുന്നുവിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങളുണ്ട്. അതുവഴി ഇന്നുള്ള ന്യൂനതകൾ കുറച്ചൊക്കെ പരിഹരിക്കാൻ സാധിക്കുമെന്നാണെന്റെ വിശ്വാസം. മരുന്നുകൾതന്നെ മൂന്നുവിഭാഗമായി തിരിക്കണം. എസ്സൻഷ്യലായി വേണ്ടത്, സാധാരണ റുട്ടീൻ അനുസരിച്ചുവേണ്ടത്, സ്പെഷ്യലായി വേണ്ടത്: എസ്സൻഷ്യലായി വേണ്ട മരുന്നുകൾ നമ്മുടെ റൂറൽ ഡിസ്പെൻസറികളിലും പ്രാദേശികാരോഗ്യ കേന്ദ്രങ്ങളിലും നിർബന്ധമായി ഉണ്ടാകണം. മററു റുട്ടീനായ മരുന്നുകൾ താലൂക്ക് ജില്ലാ ആശുപത്രികളിൽ ഉണ്ടായിരിക്കണം. സ്പെഷ്യൽ മരുന്നുകൾ മെഡിക്കൽ കോളേജ് പോലുള്ള ഏററവും ഉയർന്ന ആശുപത്രികളിൽ ഉണ്ടായിരിക്കണം. ഈ രീതിയിലാണ് കമ്മിററിയുടെ നിർദ്ദേശം. എസ്സൻഷ്യലായി എല്ലാ സ്ഥലത്തും ഏതവസരത്തിലും ഉണ്ടാകേണ്ട മരുന്നുകൾക്ക് കൂടുതൽ മുൻഗണന കൊടുത്തുകൊണ്ട് പർച്ചേസ് ചെയ്യണമെന്നും വിതരണം ചെയ്യണമെന്നുമാണ് കമ്മിററി നിർദ്ദേശിച്ചിട്ടുള്ളത്. തീർച്ചയായിട്ടും അതിന് ഈ വർഷത്തിൽത്തന്നെ ഗവൺമെൻറ് ശ്രമിക്കുന്നതായിരിക്കും. അങ്ങനെ വരുമ്പോൾ ഇന്നു പല സ്ഥലത്തും അത്യാവശ്യത്തിനുള്ള, സാധാരണ എപ്പോഴും ആവശ്യമായ മരുന്നുകൾ ഇല്ലെന്നുള്ള പരാതി ഒരളവുവരെയെങ്കിലും ഒഴിവാക്കാൻ കഴിയുമെന്നാണെന്റെ വിശ്വാസം. ഇന്നത്തെ മരുന്നിന്റെ പർച്ചേസ് സിസ്ററത്തിലും കാര്യമായ ചില മാററങ്ങൾ വരുത്തണമെന്നുദ്ദേശിക്കുന്നു. അതും കമ്മിററിയുടെ നിർദ്ദേശങ്ങളിലുള്ളതാണ്. ഓരോ പ്രൈമറി യൂണിററിൽനിന്നും ലിസ്ററ് വരുത്തി അതു പലതരത്തിലുള്ള പരിശോധനയും കഴിഞ്ഞ് ഓർഡർ കൊടുത്തുവരുമ്പോൾ അനവധി മാസങ്ങൾതന്നെ കഴിയുന്ന ഇന്നത്തെ രീതിക്ക് ഒരു മാററംവരുത്താൻ ഇതുവഴി സാധിക്കും. ഈ രീതി മാററാതെ റെഗുലറായി മരുന്നു സപ്ലൈ ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് അവർ നിർദ്ദേശിക്കുന്നത് തീർച്ചയായിട്ടും പരിഗണിക്കാവുന്ന ഒരു കാര്യമാണ്. റേററ് കോൺട്രാക്ട് സിസ്ററമനുസരിച്ച് അധികാരപ്പെട്ട മെഡിക്കൽ സ്ഥാപനങ്ങളിൽനിന്നും മരുന്നുവാങ്ങാനുള്ള സൗകര്യം ജില്ലാ-താലൂക്കാശുപത്രികൾക്കുണ്ടാക്കി കൊടുക്കണമെന്നുള്ളതാണ് കമ്മിററിയുടെ നിർദ്ദേശം. ഒന്നിച്ചെടുക്കുന്നതിനുപകരം മാസംതോറും വാങ്ങാനുള്ള സംവിധാനംകൂടി ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതു നടപ്പിൽ വരുമ്പോൾ തീർച്ചയായും അതിനാവശ്യമുള്ള വാഹന സൗകര്യം ഉണ്ടാക്കണം. അതിനുള്ള നടപടികളും ഇപ്പോഴേ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ വർഷം അവസാനത്തിൽ പത്തു വാഹനങ്ങൾ വാങ്ങാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലാമെഡിക്കൽ സ്റ്റോറുകളുടെ ഉപയോഗത്തിനുവേണ്ടി വിട്ടുകൊടുക്കാൻ വേണ്ടിയാണ് അവ വാങ്ങിയത്. താലൂക്ക് സ്റ്റോറുകൾക്കും ഇതുപോലെയുള്ള വാഹന സൗകര്യങ്ങൾ ഉണ്ടാകണം. ഇങ്ങനെ വരുന്ന പ്രവർത്തനങ്ങളെ മൂന്നായി വിഭജിക്കാവുന്നതാണ്. ഏററവും അത്യാവശ്യമുള്ള മരുന്നുകൾക്കു കൂടുതൽ സംഖ്യ മാററിവച്ചുകൊണ്ട് ഉള്ള ഒരു സംവിധാനം ഉണ്ടാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. പൂർണ്ണമായും ദുർബല വിഭാഗങ്ങൾക്കു സൗജന്യമായി മരുന്നു ലഭ്യമാക്കാൻ, അർഹതയുള്ള ആളുകൾക്കു കിട്ടണമെങ്കിൽ, ഒരു നിശ്ചിത വരുമാന പരിധിക്കു താഴെയുള്ള ആളുകൾക്കു മാത്രമേ കൊടുക്കുകയുള്ളു എന്ന വ്യവസ്ഥ വയ്ക്കണം.

രണ്ടാമത് ആശുപത്രികളിലെ ഉപകരണങ്ങൾ. ഇന്ന് വളരെയേറെ ഉപകരണങ്ങൾ പ്രവർത്തനയോഗ്യമല്ലാതായി കിടപ്പുണ്ട്. പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ അഡ്വൈസറിക്കമ്മിററി പരിശോധിച്ചു. ഏകദേശ കണക്കനുസരിച്ച് മൂന്നിലൊന്നു ഉപകരണങ്ങളെങ്കിലും പ്രവർത്തനക്ഷമമല്ലാതായി കിടപ്പുണ്ട്. ഇതിൽ പ്രധാനമായി ഉള്ള വസ്തുത ഈ ഉപകരണങ്ങൾ പലതും ഇറക്കുമതിചെയ്യുന്നവയാണ്. സയൻസ് ആൻഡ് ടെക്നോളജി ഡെവലപ്പ് ചെയ്തുവെങ്കിലും ഇത്തരം ഉപകരണങ്ങൾ ഇൻഡ്യാരാജ്യത്ത് നിർമ്മിക്കുന്നതിനുള്ള സംവിധാനം ഉണ്ടായി കഴിഞ്ഞിട്ടില്ല. വിദേശങ്ങളിൽനിന്നും വരുത്തുന്ന ഇവയ്ക്കു പല വിദേശ കുത്തകക്കമ്പനികളാണ് ക്വട്ടേഷൻ വയ്ക്കുന്നത്. ക്വട്ടേഷൻ വയ്ക്കുന്നതിന് മൽസരം ആണ് ഈ രംഗത്ത്. ഇന്നും നാലുകോടിയോളം ഉറുപ്പികയുടെ ഉപകരണങ്ങൾ വിദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യപ്പെടുന്നുവെന്നാണ് കാണുന്നത്. എക്സ്റേ ഉപകരണങ്ങളും ഇറക്കുമതി ചെയ്തവയാണ്. അതുകൊണ്ട് അതു ചീത്തയായാൽ അതിന്റെ സ്പെയർ പാർട്ട്സ് കിട്ടണമെങ്കിൽ വിദേശങ്ങളെ ആശ്രയിക്കണം. ഗ്യാരണ്ടി പീരിയഡിൽ വല്ല തകരാറും സംഭവിച്ചാൽ അതിനും വിദേശത്തു നിന്നും എക്സ്പർട്ടിനെ വരുത്തേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള നൂലാമാലകൾ ഉള്ളതുകൊണ്ടാണ് ഈ കേടുവന്ന ഉപകരണങ്ങൾ തക്കസമയത്തു നന്നാക്കാൻ സാധിക്കാതെ പോകുന്നത്. ഇതു പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. സയൻസ് ആൻഡ് ടെക്നോളജി വളർച്ച പ്രാപിച്ചതുകൊണ്ട് ഇതൊക്കെ റിപ്പയർ ചെയ്യാവുന്ന ഒരു റീജിയണൽ വർക്ക്ഷോപ്പ് കേരളത്തിൽ സ്ഥാപിക്കാൻ ഉള്ള ആലോചന ഉണ്ട്. കെൽട്രോണുമായി ബന്ധപ്പെട്ടുകൊണ്ട് അവരുടെ മേൽനോട്ടത്തിൽ തിരുവനന്തപുരത്ത് റീജിയണൽ വർക്ക്ഷോപ്പ് സ്ഥാപിക്കാൻകഴിയും. വർക്ക്ഷോപ്പിനെ സംബന്ധിച്ച് ഇൻഡ്യാ ഗവൺമെൻറിന്റെ ഭാഗത്തു നിന്നും നിർദ്ദേശം ഉണ്ടായിട്ടുണ്ട്. റീജിയണൽ ഇൻസ്ററിററ്യൂട്ട് എന്നത് നമ്മുടെ വർക്ക്ഷോപ്പായി മാറാൻ സാദ്ധ്യതയുണ്ട്. ഈ വർഷം തന്നെ ആ റീജിയണൽ വർക്ക്ഷോപ്പ് സ്ഥാപിക്കുന്നതിന് നടപടി എടുക്കണം. അതേസമയത്ത് മൊബൈൽ വർക്ക്ഷോപ്പും ഏർപ്പെടുത്തുന്നുണ്ട്. എഞ്ചിനീയർമാരെ ഉപയോഗപ്പെടുത്തി കാലാകാലങ്ങളിൽ ആശുപത്രികളിൽ പോയി ഉപകരണങ്ങളുടെ കാര്യക്ഷമത ചെക്കപ്പ് ചെയ്യുന്നതിനും കേടുവന്നവ പെട്ടെന്നു റിപ്പയർ ചെയ്യുന്നതിനും നടപടി സ്വീകരിക്കാൻ മൊബൈൽ യൂണിററ് പ്രയോജനപ്പെടുത്താൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാമത്തേത്, ഭക്ഷണത്തെ സംബന്ധിച്ചാണ്. ഭക്ഷണത്തെ സംബന്ധിച്ച് വളരെയേറെ പരാതികൾ ഉണ്ട്. ഇന്നുള്ള ഭക്ഷണത്തിന്റെ ഐറ്റംസ് ക്രമീകരിച്ചുകൊണ്ട് പോഷകമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഭക്ഷണം ഏർപ്പെടുത്താമെന്ന് ശുപാർശചെയ്തിട്ടുണ്ട്. അക്കാര്യം പരിശോധിക്കാവുന്നതാണ്. അതനുസരിച്ച്, പാല്, ബ്രെഡ്, മുട്ട, അത്യാവശ്യം ചോറ് അല്ലെങ്കിൽ കഞ്ഞി, ഇവ കൊടുക്കാവുന്നതാണ്. പാല് ഡയറി ഡെവലപ്പ്മെന്റ് മുഖേന പാക്കു ചെയ്തു സപ്ലൈ ചെയ്യാൻ സാധിക്കും. ഈ പാക്കിംഗ് സിസ്റ്റം ആകുമ്പോൾ ക്വാളിററിയും ക്വാണ്ടിററിയും നിലനിറുത്താനും മാൽപ്രാക്ടീസ് തടയുവാനും കഴിയും. അതുപോലെതന്നെ ബ്രെഡ് വിതരണം ചെയ്യുന്നത് മോഡേൺ ബേക്കറിയാണ്. നാലോ അഞ്ചോ സ്ലൈഡ് ഉൾക്കൊള്ളുന്ന പാക്കററുകൾ അവർക്ക് സപ്ലൈ ചെയ്യാൻ കഴിയും. അതുപോലെതന്നെ പൗൾട്രി ഫാമിൽ നിന്നും മുട്ടയും സപ്ലൈ ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്യാവുന്നതാണ്. ഈ ഐറ്റംസ് നിശ്ചിതമായ അളവിലും ക്വാളിററിയിലും സപ്ലൈ ചെയ്യാൻ കഴിയും. അരിഭക്ഷണത്തിനു അരിയും കറിയും മററും കിച്ചണിൽ പ്രിപ്പയർ ചെയ്താൽ മതിയാകും. കോൺട്രാക്ട് സിസ്ററത്തിലുള്ള വെട്ടിപ്പുകൾ ഒഴിവാക്കാൻ ഇതുമൂലം കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇവിടെ എന്തു നടപ്പാക്കി എന്നൊക്കെ പല മെമ്പർമാരും ചോദിച്ചു. ബഹുമാനപ്പെട്ട എസ്തോസ് ചോദിച്ചു, ബഹുമാനപ്പെട്ട മന്ത്രി പല പരിഷ്കാരങ്ങളും നടപ്പാക്കുമെന്നു പറഞ്ഞിട്ട് എന്തു നടപ്പാക്കി എന്ന്. അദ്ദേഹം ആവർത്തിച്ചു പറഞ്ഞത് ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള പരിപാടികളാണ്. കഴിഞ്ഞ പ്രാവശ്യം പ്രധാനമായി പറഞ്ഞിട്ടുള്ളതു മൂന്നു പ്രധാന പരിപാടികളാണ്. Mass immunisation പരിപാടി, School ആരോഗ്യ പരിപാടി, Cancer detection പരിപാടി. ബഹുമാനപ്പെട്ട അടിയോടി ചോദിച്ചു ഇതിൽ എന്തൊക്കെ പരിപാടികൾ നടപ്പാക്കി എന്ന്. പതിനേഴു പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ സ്കൂൾ ആരോഗ്യ പരിപാടി നടപ്പാക്കിക്കഴിഞ്ഞു. ഈ പതിനേഴു ബ്ലോക്കുകളിൽ ഓരോ Special Officer-യെ നിയമിച്ചു. ഈ പതിനേഴു ബ്ലോക്കുകളിൽ പൂർണ്ണമായി ഏർപ്പെടുത്തിയതിനു ശേഷം അവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് അടുത്ത പതിനേഴു ബ്ലോക്കുകളിലേക്ക് തുടരാൻ പോകുകയാണ്.

അതുപോലെതന്നെ കുട്ടികൾക്കു കുത്തിവയ്പ്പ് പരിപാടി. ബി.സി.ജി., സ്മാൾപോക്സ്, ട്രിപ്പിൾ വാക്സിൻ എന്നീ കുത്തിവയ്പു പരിപാടി 33 ബ്ലോക്കുകളിൽ പൂർണ്ണമായിക്കഴിഞ്ഞിരിക്കുകയാണ്. അടുത്ത പുതിയ 33 ബ്ലോക്കുകൾക്കുവേണ്ടി പരിപാടി നടപ്പാക്കാൻ പോകുകയാണ്. അതുപോലെതന്നെ Cancer detection pilot project-നോടനുബന്ധിച്ചുള്ള ഒരു പ്രോജക്ട് അഞ്ചാലുംമൂടു ബ്ലോക്കിൽ തൃക്കടവൂരിൽ ആരംഭിച്ചു. അവിടെ അയ്യായിരം സ്ത്രീകളെ പരിശോധിച്ചു. അതിൽ പ്രാരംഭകേസുകൾ കണ്ടുപിടിച്ച് ചികിൽസിച്ച് മാററാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1500 രോഗികളെ ഇത്തരത്തിലുള്ള പരിശോധനയിൽ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ പരിപാടിയനുസരിച്ച് കണ്ടുപിടിക്കുന്ന രോഗികൾക്കു പ്രത്യേകമായ ഒരു വാർഡ് വിട്ടുകൊടുത്തിട്ടുണ്ട്. ലാബ്രട്ടറിയിൽ അഞ്ചു ടെക്നീഷ്യൻമാരെ ഇതിനു വേണ്ടി പുത്തനായി നിയമിച്ചിട്ടുണ്ട്. ഈ പരിപാടി വിജയകരമായി മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആ പരിപാടിയുടെ ഫലം പരിശോധിച്ച് കൂടുതൽ സ്ഥലത്തേക്കു വ്യാപിപ്പിക്കുവാനുള്ള നടപടി

സ്വീകരിക്കുന്നതാണ്. കഴിഞ്ഞവർഷം ആരംഭിച്ച ഈ പരിപാടികൾ പൂർത്തിയാക്കി, കൂടുതൽ സ്ഥലത്തേക്കു വ്യാപിപ്പിക്കുവാനുള്ള നടപടി എടുത്തു എന്നു മാത്രമല്ല, ഈ വർഷത്തേക്കു പുതിയ പരിപാടികൾ കൂടി ആരംഭിക്കണമെന്ന് ഉദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: ജലമലിനീകരണം തടയുന്നതിന് എന്തെല്ലാം നടപടികൾ എടുത്തു?

ശ്രീ. കെ. പി. പ്രഭാകരൻ: അതൊക്കെ പല പ്രാവശ്യം പറഞ്ഞു കഴിഞ്ഞതാണ്. ഹോട്ടൽ വർക്കേഴ്സിന്റെ ആരോഗ്യ സംരക്ഷണത്തിനുള്ള പരിപാടികൾ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേവലം ആ തൊഴിലാളികളുടെ കാര്യം മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല ഈ പരിപാടി. ഇന്ന് പട്ടണങ്ങളിൽ വിവിധ ആവശ്യങ്ങൾക്കുവേണ്ടി എത്തുന്ന ആളുകൾ ഭക്ഷണത്തിനുവേണ്ടി ആശ്രയിക്കുന്നത് ഹോട്ടലുകളെയാണ്. പല രോഗങ്ങളുടെയും ഉറവിടം ഭക്ഷണവും വെള്ളവും ആണ്. ഭക്ഷണം പാകം ചെയ്യുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന ജീവനക്കാർ സാംക്രമിക രോഗങ്ങളിൽനിന്ന് വിമുക്തരായിരിക്കണമെന്ന് ഇപ്പോൾതന്നെ നിയമം ഉണ്ട്. പക്ഷെ അതൊന്നും കർശനമായി പാലിക്കാറില്ല. ഇന്നുള്ള ഹോട്ടൽ തൊഴിലാളികളുടെ ആരോഗ്യ നില പരിശോധിച്ച് മാറാവുന്ന രോഗങ്ങൾ മാററുന്നതിനുള്ള ഉത്തരവാദിത്വം ഗവൺമെൻറ് ഏറെറടുക്കുകയാണ്. അതാണ് പുതിയ പരിപാടി.

മെഡിക്കൽ കോളേജിനെപ്പററി ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞു. കോട്ടയം, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളുടെ വികസനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കോളേജ് അഡ്മിഷനെ സംബന്ധിച്ചിടത്തോളം സുപ്രീം കോടതിയുടെ വിധിയനുസരിച്ചുള്ള എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ കൊല്ലം അഡ്മിഷന് നമ്പർ നിശ്ചയിച്ച് കോമൺ സിലബസ്സും കോമൺ എക്സാമിനേഷനും വേണമെന്ന് സുപ്രീം കോടതി വിധിച്ചതനുസരിച്ച് അതിനുള്ള നടപടികൾ യൂണിവേഴ്സിററികൾ സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. അതൊന്നും അറിയാതെയാണ് ബഹുമാനപ്പെട്ട മെമ്പർമാർ സംസാരിച്ചത്. ഈ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് നേരത്തെ പറഞ്ഞതുപോലെ എല്ലാ വിഭാഗങ്ങളുടെയും സഹകരണമുണ്ടാകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

ഞാൻ വിട്ടുപോയ ഒരു കാര്യംകൂടി രണ്ടു മിനിട്ടുകൊണ്ടു പറയാം. ആശുപത്രി കമ്മിററികൾക്ക് ആവശ്യമായ അധികാരത്തോടുകൂടിയുള്ള ഒരു സംവിധാനമുണ്ടാക്കണം. ഇന്നുതന്നെ നാട്ടുകാരിൽനിന്ന് വ്യാപകമായ രീതിയിൽ സംഭാവന പിരിച്ചുകൊണ്ട് ആശുപത്രികൾ വികസിപ്പിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സ്ഥിരമായി അതാതു പ്രദേശത്ത് ആശുപത്രികളുടെ മെയിൻറനൻസിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കുറേക്കൂടി എക്സിക്യൂട്ടീവ് അധികാരം കമ്മിററികൾക്കു നൽകത്തക്കവിധത്തിൽ ഡെവലപ്പ്മെൻറ് കമ്മിററികൾ രൂപീകരിക്കാനുള്ള ഒരു നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. ഈ കൊല്ലം അതു പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നു.

നിർദ്ദേശങ്ങൾ ഉന്നയിച്ച എല്ലാ മെമ്പർമാരോടും കൃതജ്ഞത പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. എസ്തോസ്: 35,000 രൂപയുടെ ക്രമക്കേട് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രേഖാമൂലമാണ് ചൂണ്ടിക്കാണിച്ചത്.

ശ്രീ. കെ. പി. പ്രഭാകരൻ: അടിയന്തിരാവസ്ഥക്കാലത്ത് എന്തോ നടന്നുവെന്നു പറഞ്ഞു. ആരോപണം കിട്ടിയാൽ അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. എസ്തോസ്: അടിയന്തിരാവസ്ഥ എന്നു പറഞ്ഞ് തള്ളരുത്. അന്വേഷണം നടത്തുമോ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി): സർ, സാമൂഹ്യ വികസന വകുപ്പിനു വേണ്ടിയുള്ള ധനാഭ്യർത്ഥനയെപ്പററി ബഹുമാനപ്പെട്ട മെമ്പർമാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളെ അർഹിക്കുന്ന ഗൗരവത്തോടുകൂടി കണക്കിലെടുക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്നുള്ളതിന് ആർക്കും സംശയം വേണ്ട. നമ്മുടെ സംസ്ഥാനത്തുള്ള 144 ബ്ലോക്കുകൾ മററ് ഏതു ഡിപ്പാർട്ടുമെൻറിനെക്കാളും വ്യാപകമായ രീതിയിൽ വിവിധ മണ്ഡലങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഈ സംസ്ഥാനത്തു വികസന ബ്ലോക്കുകളിലൂടെ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ നിരവധിയാണ്. ബഹുമാനപ്പെട്ട മെമ്പർമാർ ആത്മാർത്ഥമായി പരിശോധിക്കാൻ ആ പ്രദേശങ്ങളിലേക്കൊക്കെ ഒന്ന് ഇറങ്ങി നോക്കിയിരുന്നെങ്കിൽ ആ പ്രവർത്തനങ്ങളും അതിന്റെ മാററങ്ങളും കാണാൻ കഴിയുമായിരുന്നു. പക്ഷേ നിർഭാഗ്യകരമെന്നു പറയട്ടെ, ഓരോരുത്തരും അവരവരുടെ പ്രത്യേകമായ താൽപര്യങ്ങൾ മാത്രം വച്ചുകൊണ്ട് ഈ കാര്യങ്ങളെ കാണുകയാണ് ചെയ്യുന്നത്. ശ്രീമാൻ ജേക്കബ് ഇവിടെ ചില ആക്ഷേപങ്ങൾ പറഞ്ഞു. ഗുരുതരമായ ഒരു പ്രശ്നം എവിടെയെങ്കിലുമുണ്ടാകുന്നുവെങ്കിൽ 144 ബ്ലോക്കുകളുമായും അതിനെ ബന്ധപ്പെടുത്തി ചിലർ തെററിദ്ധാരണയുണ്ടാക്കുന്നുവെങ്കിൽ ആ തെററിദ്ധാരണ നീക്കണം എന്നുള്ളത് ഗവൺമെൻറിന്റെ ആവശ്യമാണ്. ഏതെങ്കിലും ബ്ലോക്കിൽ ആ മാതിരി അഴിമതി നടന്നിട്ടുണ്ടെങ്കിൽ വ്യക്തമായിട്ടുള്ള ആരോപണവും സ്ഥിതിവിവരം ശേഖരിച്ചതും കൊണ്ടുവന്നാൽ ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. പി. പി. എസ്തോസ്: അന്വേഷണം എല്ലാ സ്ഥലത്തും തെളിയിക്കാം.

ശ്രീ. ദാമോദരൻ കാളാശ്ശേരി: വിവരങ്ങൾ ശേഖരിച്ചുകൊണ്ടു വരണം, അതാണ് ചുണ. ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ മാത്രമേ വികസനരംഗത്തു മാററമുണ്ടാവുകയുള്ളു. ധാരാളം മാററങ്ങൾ അങ്ങനെ ഇവിടെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: ശ്രീ. ടി. എം. ജേക്കബ് കൊണ്ടുവന്ന ആരോപണത്തെപ്പററി അന്വേഷിക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: വ്യക്തമായ തെളിവ് കൊണ്ടുവരണം.

ദേശീയവികസന ബ്ലോക്കുകൾ ഗവൺമെൻറിന്റെ അനേകം വകുപ്പുകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുകയാണ്. ആ വകുപ്പുകളുടെ പ്രവർത്തനം ഈ ബ്ലോക്കുകൾ വഴി നടക്കുന്നു. ബ്ലോക്കുകളിലെ ഉദ്യോഗസ്ഥൻമാർ അഴിമതി കാണിക്കുന്നു, അനാസ്ഥ കാണിക്കുന്നു എന്നൊക്കെ പറഞ്ഞു. ധാരാളം പ്രവർത്തനങ്ങൾ നടക്കുമ്പോൾ ചിലരംഗങ്ങളിൽ അഴിമതി ഉണ്ടായേക്കാം. അങ്ങനെയുണ്ടെങ്കിൽ അതു ശ്രദ്ധയിൽ പെടുത്തിയാൽ വസ്തുതകൾ മനസ്സിലാക്കി വേണ്ടനടപടി സ്വീകരിക്കാൻ തയ്യാറാണ്. ഉദ്യോഗസ്ഥൻമാർ അനാസ്ഥ കാണിച്ചാൽ വകുപ്പുമന്ത്രിയുടെയോ ക്യാബിനററിന്റെയോ ശ്രദ്ധയിൽ പെടുത്തിയാൽ തീർച്ചയായും അതിനു പരിഹാരമുണ്ടാകും.

(തടസ്സം)

LIBRARY ARCHIVES Kerala Legislative Assembly

അല്ലാതെ വെറുതെ ആരോപണങ്ങൾ പറഞ്ഞതുകൊണ്ടായില്ല. ഈ സംസ്ഥാനത്ത് ദേശീയവികസന ബ്ലോക്കുകൾ വഴി ഗ്രാമങ്ങളുടെ മുഖച്ഛായ മാററാനുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ശുദ്ധജലവിതരണമായാലും കാർഷികവികസനമായാലും ചെറുകിടവ്യവസായമായാലും വയോജന വിദ്യാഭ്യാസമായാലും ഇവയുടെയെല്ലാം പ്രവർത്തനങ്ങൾ ബ്ലോക്കിലൂടെ നടത്തുന്നതു ബഹുമാനപ്പെട്ട മെമ്പർമാർ ശരിക്കു മനസ്സിലാക്കാൻ ശ്രമിക്കണം. അപ്പോൾ തീർച്ചയായും കാണാൻ കഴിയും. അതിനുപകരം ശരിയായ വസ്തുതകൾ പഠിക്കാതെയും കാര്യങ്ങൾ മനസ്സിലാക്കാതെയും അഭിപ്രായങ്ങൾ പറയുന്നതുകൊണ്ട് പല പാളിച്ചകളും ഉണ്ടാകുന്നുണ്ട്.

(തടസ്സം)

സാമ്പത്തിക രംഗത്തു മാററം വരുത്താൻ, ദാരിദ്ര്യരേഖയ്ക്കു താഴെ നിൽക്കുന്നവരെ മുൻനിരയിലേക്കു കൊണ്ടുവരാൻ 58 ദേശീയവികസന ബ്ലോക്കുകൾ പ്രവർത്തനങ്ങളേറെറടുത്തിട്ടുണ്ട്. 10 കോടി രൂപ ആ രംഗത്തു ചെലവഴിക്കാനുള്ള പരിപാടിയാണുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ മുന്നണിയിൽ കൊണ്ടുവരാനാണ് ആ പദ്ധതി. ആ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് എല്ലാ ഭാഗത്തുനിന്നും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണം. 1600-ഓളം ബാലവാടികൾ ഈ സംസ്ഥാനത്തുണ്ട്. അവിടത്തെ അദ്ധ്യാപകരുടെ നിയമനം മഹിളാസംഘടനകൾ വഴിയാണ്. 6224 മഹിളാ സംഘടനകൾ ഉണ്ട്. അവർ ഈ ബാലവാടികൾ സ്ഥാപിക്കാൻ മുന്നോട്ടു വന്നു. അവരുടെ പ്രവർത്തനഫലമായിട്ടാണ് ഈ ബാലവാടികൾ സ്ഥാപിച്ചിട്ടുള്ളത്. 2000 ബാലവാടികൾ ഈ വർഷം സ്ഥാപിക്കാൻ പരിപാടിയുണ്ട്. അതുപോലെ ഫുഡ് ഫോർ വർക്ക് പരിപാടിയനുസരിച്ചുള്ള റോഡുകളുടെ കാര്യം. ഇതെല്ലാം നടപ്പിൽ വരുത്തുന്നതിന് സഹായകമായ, സൃഷ്ടിപരമായ, നിർദ്ദേശങ്ങൾ വയ്ക്കുകയാണു വേണ്ടത്. മറിച്ച് വസ്തുതകൾ ശരിക്കു മനസ്സിലാക്കാതെ ഗവൺമെൻറിനെ എതിർക്കുക മാത്രം ചെയ്യുന്ന പരിപാടിയുമായി മുന്നോട്ടു പോകുന്നതു ശരിയല്ല. ബ്ലോക്കുകളിൽ ജനക്ഷേമകരങ്ങളായ പല പരിപാടികൾ നടക്കുന്നുണ്ട്. അതു വിജയിപ്പിക്കാനുള്ള ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. എം. അബൂബേക്കർ: ശ്രീ. വാമദേവൻ വളരെ പ്രസക്തമായ ഒരു പ്രശ്നമാണുന്നയിച്ചത്. ബഹുമാനപ്പെട്ട മന്ത്രി സൗകര്യപൂർവ്വം മറുപടി പറയാതിരിക്കുകയാണ്.

Demand XVIII–Medical

The Cut motion moved by Shri N. I. Devassykutty was put and lost.

The Cut motion moved by Shri E. Narayanan Nair was put and lost.

The Cut motion moved by Shri M. K. Krishnan was put and lost.

The Cut motion moved by Shri V. Eacharan was put and lost.

The Cut motion moved by Shri Thundathil Kunjukrishna Pillai was withdrawn by leave of the House.

The Cut motion moved by Shri G. Vasudeva Menon was put and lost.

The Cut motion moved by Shri P. P. Esthose was put and lost.

The question that Government be granted a sum of Rupees 43,73,25,600 under Demand XVIII-Medical was put and carried.

The Demand was passed and the grant was made.

LIBRARY ARCHIVES Kerala Legislative Assembly

Demand XIX–Family Planning

The Cut motion moved by Shri N. I. Devassykutty was put and lost.

The Cut motion moved by Shri E. Narayanan Nair was put and lost.

The Cut motion moved by Shri M. K. Krishnan was put and lost.

The Cut motion moved by Shri Thundathil Kunjukrishna Pillai was by leave, withdrawn.

The Cut motion moved by Shri P. P. Esthose was put and lost.

The Cut motion moved by Shri C. Vasudeva Menon was put and lost.

The question that Government be granted a sum of Rupees 5,06,27,000 under Demand XIX - Family Planning was put and carried.

The demand was passed and the grant was made.

Demand XX–Public Health

The Cut motion moved by Shri N. I. Devassykutty was put and lost.

The Cut motion moved by Shri E. Narayanan Nair was put and lost.

The Cut motion moved by Shri M. K. Krishnan was put and lost.

The Cut motion moved by Shri V. Eacharan was put and lost.

The Cut motion moved by Shri Thundathil Kunjukrishna Pillai was by leave withdrawn.

The Cut motion moved by Shri P. P. Esthose was put and lost.

The Cut motion moved by Shri C. Vasudeva Menon was put and lost.

The question that Government be granted a sum of Rupees 5,13,96,100 under Demand XX - Public Health was put and carried.

The Demand was passed and the grant was made.

Demand XXXVI–Community Development

The Cut motion moved by Shri N. I. Devassykutty was put and lost.

The Cut motion moved by Shri M. K. Krishnan was put and lost.

The Cut motion moved by Shri V. Eacharan was put and lost.

The Cut motion moved by Shri E. Narayanan Nair was put and lost.

The Cut motion moved by Shri Thundathil Kunjukrishna Pillai was by leave, withdrawn.

The Cut motion moved by Shri P. P. Esthose was put and lost.

The Cut motion moved by Shri C. Vasudeva Menon was put and lost.

The question that Government be granted a sum of Rupees 23,44,64,300 under Demand XXXVI - Community Development was put and carried.

The Demand was passed and the grant was made.

Mr. Speaker: The House will now adjourn and meet again at 4 p.m. today.

LIBRARY ARCHIVES Kerala Legislative Assembly

ഉച്ചക്കു ശേഷം 1.44 ന് സഭ പിരിയുകയും 4 മണിക്ക് ബഹു: സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു.

ഗവൺമെൻറ് പ്രമേയം

ആർ.എസ്.എസ്സിൻെറ ഭരണഘടനാ വിരുദ്ധമായ ചില നടപടികളോട് സഭയുടെ എതിർപ്പ് രേഖപ്പെടുത്തൽ.

4 p.m.] മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): സർ, താഴെ പറയുന്ന പ്രമേയം ഞാൻ ബഹുമാനപ്പെട്ട സഭയുടെ അംഗീകാരത്തിനായി അവതരിപ്പിക്കുന്നു.

''ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന മതേതര സിദ്ധാന്തങ്ങൾക്കു വിരുദ്ധമായി മത വിദ്വേഷം ഇളക്കി വിടുകയും മത ന്യൂനപക്ഷങ്ങൾക്കെതിരായി ആക്രമണങ്ങൾ സംഘടിപ്പിക്കുകയും രാജ്യത്തിൻെറ ഐക്യത്തിനും ഭദ്രതയ്ക്കും ജനാധിപത്യത്തിനും ഭീഷണി ഉയർത്തുകയും ചെയ്യുന്ന ആർ.എസ്.എസ്. പ്രവർത്തനങ്ങളിൽ ഉൽകണ്ഠ രേഖപ്പെടുത്തുകയും അർദ്ധ സൈനിക മാതൃകയിലുള്ള ഡ്രില്ലുകളും ആയുധ പരിശീലനങ്ങളും ആയുധസംഭരണവും അവ പ്രകടിപ്പിച്ചുകൊണ്ടുള്ള റൂട്ടു മാർച്ചുകളും പ്രവർത്തന ശൈലിയായി സ്വീകരിച്ചിട്ടുള്ള ആർ.എസ്.എസിൻെറ പരിപാടികളെ സഭ ശക്തിയായി അപലപിക്കുകയും ചെയ്യുന്നു''.

സർ, ഈ പ്രമേയം ഈ സഭയിൽ അവതരിപ്പിക്കുവാനുണ്ടായ പശ്ചാത്തലത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം അറിയാവുന്നതാണ്. ഈ സഭയിൽ പല പ്രാവശ്യം ആർ.എസ്.എസ്.സിൻെറ അക്രമ പ്രവർത്തനത്തെ സംബന്ധിച്ചും അവർ നടത്തുന്ന കൊലപാതകങ്ങളെ സംബന്ധിച്ചും അടിയന്തിര പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്, ഉന്നയിക്കപ്പെട്ടിട്ടുണ്ട്, അതിൻമേലുള്ള ചർച്ചകൾ നടന്നിട്ടുണ്ട്. അങ്ങനെ നടന്ന ചർച്ചകളുടെ പശ്ചാത്തലത്തിലാണ് ഈ പ്രശ്നം അതിൻെറ പൂർണ്ണമായ രീതിയിൽ സമഗ്രമായ പശ്ചാത്തലത്തിൽ ഈ സഭ ചർച്ച ചെയ്യേണ്ടത് ആവശ്യമാണെന്ന് ഗവൺമെൻറിന് തോന്നിയത്. സർ, ഈ പ്രശ്നത്തെപ്പററി ചർച്ച ചെയ്യുമ്പോൾ കേരളത്തിൽ സമീപകാലത്ത് ഉണ്ടായ ചില നിയമസമാധാനപ്രശ്നങ്ങൾ ഒരുകാര്യം മാത്രമാണ്. നമ്മെയെല്ലാം ചിന്തിപ്പിക്കുന്ന, നമ്മുടെ എല്ലാം സത്വരമായ ശ്രദ്ധ ക്ഷണിച്ചിട്ടുള്ള ഒരു പ്രശ്നമാണിത്. എന്നാൽ ആ പ്രശ്നത്തിൻമേൽ കേരള ഗവൺമെൻറ് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ നടപടികളെക്കുറിച്ച് ഞാൻ ഇപ്പോൾ വിശദീകരിക്കേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. അതിനെക്കുറിച്ച് പല പ്രാവശ്യം ഇവിടെ പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ചില നടപടികൾ ആദ്യം സ്വീകരിച്ചത് കേരള ഗവൺമെൻറ് ആയിരുന്നുതാനും. അതിനെത്തുടർന്ന് രണ്ട് സംസ്ഥാന ഗവൺമെൻറുകൾ കൂടി ചില നടപടികൾ ഈ ആർ.എസ്.എസ്. സിൻെറ അക്രമ പ്രവർത്തനങ്ങൾക്കെതിരായി സ്വീകരിച്ചിട്ടുണ്ടെന്നു കാണുന്നത് സന്തോഷകരമാണ്. ആ രണ്ടു സ്റേററുകൾ ഉത്തരപ്രദേശം കർണ്ണാടകവും ആണ്. അവർ എടുത്ത നടപടികൾ എന്താണെന്നു പറയാതെ തന്നെ വ്യക്തമാണ്. ഈ രാജ്യത്ത് ആർ.എസ്.എസ്. സിന് അല്ലാതെ മറെറാരു പ്രസ്ഥാനത്തിനും ആയുധപരിശീലനമില്ല. സംഘടിതമായ ആയുധ ശേഖരണമില്ല പ്രത്യേകിച്ചുള്ള പരിപാടിയുമില്ല. നമ്മുടെ നാട്ടിലെ പൊതുപ്രവർത്തനത്തിനിടയിൽ പലപ്പോഴും പല അനിഷ്ട സംഭവങ്ങളും ഉണ്ടാകാറുണ്ട്. അതിനെ നിർഭാഗ്യകരമായ അനിഷ്ട സംഭവങ്ങൾ എന്നു വിളിക്കണം. അത് എപ്പോഴും ഉണ്ടാകുന്നതിനെ നമ്മളാരും ഇഷ്ടപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്.എസ്. സിന്റെ അക്രമപ്രവർത്തനം എന്നു പറയുന്നത് ഒരു പരിപാടി ഇട്ട് ലക്ഷ്യം മുമ്പിൽവച്ചുകൊണ്ട് സംഘടിതമായി നിരന്തരമായി നടത്തുന്ന ഒരു അക്രമപ്രവർത്തനമാണ്. ഈ രാജ്യത്ത് പൊതുവിൽ എങ്ങനെ ഇവർക്കു മാത്രം ലൈസൻസ് അനുവദിച്ചു കൊടുത്തുവെന്ന് മനസ്സിലാകുന്നില്ല. ആയുധംകൊണ്ട് പരിശീലനം നൽകുവാനുള്ള അനുവാദം. ഒരു സാംസ്കാരിക സംഘടനയാണ്, വാളന്റിയർ സംഘടനയാണെന്ന് അവകാശപ്പെട്ടുകൊണ്ട്, നിരുപദ്രവകാരികളെന്ന് അവകാശപ്പെട്ടുകൊണ്ട് നിർദ്ദോഷിയെന്ന ഭാവേന നടത്തുന്ന പ്രവർത്തനം തികച്ചും അക്രമപൂർണ്ണമായ പ്രവർത്തനമാണ്. അതിന്റെ ഫലമായി ഈ രാജ്യത്തെ നിരപരാധികളായ നൂറുകണക്കിന് ആയിരക്കണക്കിന് ആളുകളുടെ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; രക്തം ഒഴുക്കിയിട്ടുണ്ട്; മററു ധാരാളം അനിഷ്ട സംഭവങ്ങളുണ്ടായിട്ടുണ്ട്; വമ്പിച്ച തോതിൽ കൊലപാതകം നടന്നിട്ടുണ്ട്; സ്ത്രീകളെ മാനഭംഗപ്പെടുത്തിയിട്ടുണ്ട്. ഈ രാജ്യത്ത് പല പ്രദേശങ്ങളിലും വമ്പിച്ച തോതിൽ ആക്രമണം നടന്നിട്ടുണ്ട്. അതിനെക്കുറിച്ച് ഈ രാജ്യത്ത് കണ്ണ് ഉള്ളവർ കാണുന്നുണ്ട്. അങ്ങനെയൊരു പ്രവർത്തനം അനുവദിക്കപ്പെട്ടുവന്നു. ആ പ്രവർത്തനം അങ്ങനെ തുടരാൻ അനുവദിച്ചുകൂടായെന്നു സമീപകാലത്തുണ്ടായ കേരളത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ തീരുമാനിച്ചു. അങ്ങനെയാണ് ചില നടപടികൾ എടുത്തിട്ടുള്ളത്. ഞാൻ ഈ പ്രമേയം അവതരിപ്പിക്കുവാൻ തീരുമാനിച്ചത്, ഇപ്രകാരം ഒരു പ്രമേയം അവതരിപ്പിച്ച് ചർച്ച ചെയ്തു പാസ്സാക്കി കഴിഞ്ഞാലേ അതിനെ നേരിടാൻ ആകൂയെന്നുള്ള അഭിപ്രായത്തിലല്ല. പിന്നെ ഇതിനെ നിയമസമാധാന പ്രശ്നം എന്ന നിലയ്ക്കു നേരിടാൻ കഴിയും. കേരളത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ കുറേയേറെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ഇവരുടെ പ്രവർത്തനത്തെ. ഈ സഭയുടേയും ഈ രാജ്യത്തെ ആളുകളുടേയും പിന്തുണയോടുകൂടി ഇതിനെ നേരിടാൻ കഴിയണം. ആർ.എസ്.എസ്. സിന്റെ പ്രവർത്തനമെന്നു പറയുന്നത് ഒരു വലിയ പ്രശ്നമാണ്. രാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഈ പ്രസ്ഥാനം വളരുന്നത് ഒരു വലിയ ആപത്ത് ആയിരിക്കും, ഒരു വലിയ ഭീഷണി ആയിരിക്കും. എല്ലാ തരത്തിലുള്ള തത്വങ്ങളിലും പുരോഗമനപരമായ ചിന്താഗതികളിലും അടിയുറച്ച് നിൽക്കുന്ന ആർക്കും ഇതൊരു ഭീഷണി ആയിരിക്കും. അത്രയേറെ ഈ രാജ്യത്തെ പുറകോട്ട് പോകാൻമാത്രം ഉപകരിക്കുന്ന, അത്രയേറെ നമ്മുടെ രാജ്യത്തിന്റെ ഐക്യത്തെ തന്നെ ശിഥിലീകരിക്കുവാനിടയുള്ള, നമ്മുടെ രാജ്യത്ത് കലാപങ്ങൾ സൃഷ്ടിക്കുവാനിടയുള്ള പ്രത്യയ ശാസ്ത്രത്തിന്റെ ഉടമയാണ് ഈ സംഘടന. അവർ അവകാശപ്പെടുന്ന 'സാംസ്കാരികം' എവിടെയാണെന്ന് എത്ര അന്വേഷിച്ചിട്ടും മനസ്സിലാകുന്നില്ല. ഇതിനെക്കുറിച്ച് കുറേയേറെ പഠനം മുൻപും നടത്തിയിട്ടുണ്ട്. ഇന്നും ചില പുസ്തകങ്ങൾ മറിച്ചുനോക്കി. ഇതിനെക്കുറിച്ച് അടിമുടി പരിശോധിച്ചു. രാഷ്ട്രം ജനിച്ച നാൾതൊട്ട് ഇടപെട്ടിട്ടുള്ള ഒരു സംഘടനയാണിത്. എന്നിട്ട് ഇതൊരു സാംസ്കാരിക സംഘടനയാണെന്നു പറഞ്ഞ് മൂടാനാണ് പരിശ്രമിക്കുന്നത്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ഈ സംഘടന 1925-ലാണ് രൂപം കൊണ്ടതെങ്കിലും ഗുരുജി ഗോൾവാൾക്കറുടെ ആധിപത്യത്തിൻ കീഴിൽ 1940 തൊട്ടാണ് ആർ.എസ്.എസ്. യഥാർത്ഥത്തിൽ അതിന്റെ ഇന്നത്തെ രൂപം പ്രാപിച്ചത്. അദ്ദേഹമാണ് ഈ പ്രസ്ഥാനത്തിന് വ്യക്തമായ ചില പ്രത്യയശാസ്ത്രം നൽകിയത്.

അദ്ദേഹത്തിന്റെ പ്രസിദ്ധമോ കുപ്രസിദ്ധമോ ആയ ''Bunch of Thoughts'' എന്ന പേരിൽ അറിയപ്പെടുന്ന ഒരു ഗ്രന്ഥമുണ്ട്. നമ്മുടെ

ഭാഷയിലേക്ക് വിചാരധാര എന്നപേരിൽ തർജ്ജമ ചെയ്തിട്ടുണ്ട്. ഇതെക്കുറിച്ച് സംശയമുള്ളവർ ആരെങ്കിലുമുണ്ടെങ്കിൽ ഈ വിചാരധാരയിലേക്ക് കണ്ണോടിക്കുന്നത് നല്ലതായിരിക്കും. അത്രയും ഈ പ്രസ്ഥാനത്തെ സംബന്ധിച്ച് നമ്മൾ മനസ്സിലാക്കേണ്ടതാണ്. എല്ലാവർക്കും അറിയാവുന്നതുപോലെ ഇവർ ഇവരുടെ ആശയം കെട്ടിപ്പടുക്കാൻ പരിശ്രമിക്കുന്നത് നമ്മുടെ രാജ്യം ഹിന്ദു രാഷ്ട്രമാണ്, ഈ രാജ്യത്ത് ജീവിക്കുന്ന മററ് മതവിശ്വാസികൾ രണ്ടാംക്ലാസ് പൗരൻമാരാണ്, അവർക്ക് ഇവിടെ എന്തെങ്കിലും അവകാശം ഉണ്ടാകണമെങ്കിൽ അവർ ഭാരതവൽക്കരിക്കപ്പെടണമെന്നുള്ള ആദർശമാണ്, പ്രത്യയശാസ്ത്രമാണ്. അദ്ദേഹത്തിന് യാദൃച്ഛികമല്ലെന്ന് ഞങ്ങൾ കരുതുന്നു—ഒരു ഗുരു ഉണ്ടായി. അത് മററാരുമല്ല ഹിററ്ലർതന്നെയാണ്. ഒരുപക്ഷേ ഹിററ്ലറുടെ "Mein Kamph" ഏററവും നന്നായി വായിച്ച് ഹൃദിസ്ഥമാക്കിയത് ഗുരു ഗോൾവാൾക്കർ ആണെന്നു എനിക്ക് തോന്നുന്നു. അദ്ദേഹം ഒളിച്ചുവയ്ക്കാതെതന്നെ പറയുന്നു. ഞാൻ അതിലെ മൂന്നുനാല് വാചകം ഉദ്ധരിക്കാൻ ആഗ്രഹിക്കുകയാണ്. വംശത്തിന്റേയും അതിന്റെ സംസ്കാരത്തിന്റേയും പാവനത നിലനിറുത്തുന്നതിനായി യഹൂദവംശക്കാരായ ജൂതൻമാരെ നിർമ്മാർജ്ജനം ചെയ്തുകൊണ്ട് ജർമ്മനി ലോകത്തെ രക്ഷിച്ചു. വംശീയ അന്തസ്സ് അതിന്റെ ഏററവും ഉയർന്നരൂപത്തിൽ അവിടെ പ്രകടിതമായി. വംശീയ അന്തസ്സിന്റെ ഒരു പ്രചാരകനാണ്; അത് ഏററവുമധികം ഉയർത്തിപ്പിടിക്കുന്ന ആളാണ്, ആർ.എസ്. എസ്സിന്റെ നേതാവായ ഗുരുഗോൾവാൾക്കർ. ജർമ്മനിയാണ് അദ്ദേഹത്തിന് ഏററവും മാതൃകയായിട്ട് കാണാൻ കഴിഞ്ഞത്. ഭിന്നതകളുള്ള സംസ്കാരത്തിനും വംശത്തിനും ആഴത്തിൽ ഇറങ്ങിച്ചെന്ന് ഏകതാനമമായ ഒന്നിൽ ലയിച്ചുചേരുക എത്രത്തോളം അസാദ്ധ്യമാണെന്നും ഹിററ്ലറുടെ ജർമ്മനി കാണിച്ചുതന്ന, ഹിന്ദുസ്ഥാനിലെ നമുക്ക് അംഗീകരിക്കാൻ കഴിയുന്ന ഒരു നല്ല പാഠം —ഇത് ഗുരു ഗോൾവാൾക്കറിൽനിന്ന് ഉദ്ധരിക്കുന്ന വാചകമാണ്. ഹിന്ദുസ്ഥാനിലെ നമുക്ക് അംഗീകരിക്കാൻ കഴിയുന്ന ഒരു നല്ല പാഠം. അവിടം തൊട്ട് ഇങ്ങോട്ട് ആരംഭിക്കുകയാണ് പ്രത്യയശാസ്ത്രം. എന്നുമാത്രമല്ല അദ്ദേഹം പച്ചയ്ക്കുതന്നെ പറയുന്ന ഹിന്ദുസ്ഥാനിലെ ഹിന്ദുക്കളല്ലാത്ത ജനങ്ങൾ ഹിന്ദു സംസ്കാരവും ഭാഷയും സ്വീകരിക്കണം, ഹിന്ദുമതത്തെ ആദരിക്കാനും അതിനെ ഭക്തിപുരസ്സരം കാണാനും പഠിക്കണം. ഹിന്ദുവംശത്തേയും സംസ്കാരത്തേയും സ്തുതിക്കുന്നതല്ലാതെ മറെറാരു ആശയവും വച്ചുപുലർത്താൻ പാടില്ല. ഭൂമിയുടേയും അതിന്റെ ദീർഘകാല പാരമ്പര്യത്തിന്റേയും നേരെയുള്ള സഹിഷ്ണുതയും, കൃതജ്ഞതയും ഇല്ലാത്ത സമീപനം ഉപേക്ഷിച്ചാൽപോര സ്നേഹത്തിന്റേയും ആത്മാർപ്പണബോധത്തിന്റേയും ക്രിയാത്മകമായ സമീപനം വളർത്തണം. ഒററ വാക്കിൽ അവർ അന്യരല്ലാതാകണം. അഥവാ ഹിന്ദു രാഷ്ട്രത്തോട് പൂർണ്ണമായി കീഴ്പ്പെട്ടുകൊണ്ട് അവർ രാജ്യത്ത് കഴിയണം. ഒരുകാര്യത്തിൽ ഗുരു ഗോൾവാൾക്കറോടും ആർ.എസ്.എസ്സിനോടും നന്ദിവേണമെന്ന് ഞാൻ പറയുന്നു. അവർ ഒന്നും വളച്ചൊടിച്ച് സൂത്രം പ്രയോഗിക്കാതെ പച്ചയ്ക്ക് പറയുന്നു. പക്ഷെ എന്ത് ആപൽക്കരമായ വിഷലിപ്തമായ ആശയമാണ് ഈ വാചകത്തിൽ അടങ്ങിയിരിക്കുന്നതെന്ന് മനസ്സിലാക്കാനും കൂടിവേണ്ടിയാണ് നമ്മൾ ഈ ചർച്ച നടത്തുന്നത്. അവിടംകൊണ്ടും തീരുന്നില്ല. പരസ്പരം ബന്ധപ്പെട്ട നിരവധി ആശയങ്ങളുടെ സമുച്ചയമാണ് "Bunch of Thoughts" എന്നു പറയുന്നത് വളരെ ശരിയാണ്. നമ്മുടെ രാജ്യത്തിന്റെ അതിർത്തിയെപററി കുറെ സ്വപ്നങ്ങളുണ്ട് ആർ. എസ്. എസ്സിന്. നമ്മുടെ രാജ്യത്തുമാത്രമല്ല നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ലോകത്തും വികസനോന്മുഖമായ പലരും ഈ സ്വപ്നം കണ്ടു കഴിയുന്നുണ്ട്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം അതിന്റെയും കുത്തക അവകാശപ്പെടുന്നത് ഈ കൂട്ടരാണ്. അദ്ദേഹം പറയുന്നു രണ്ട് സമുദ്രങ്ങളിൽ കൈ കുത്തിനിൽക്കുന്ന ഹിമാലയവും പടിഞ്ഞാറ് ആര്യനും അതായത് ഇറാനും, കിഴക്ക് സിങ്കപുരയും അതായത് സിങ്കപ്പൂരും ദക്ഷിണ സമുദ്രം അവളുടെ പാദപാപാദത്തിൽ അർപ്പിച്ച 'ഒരു താമരയിതളായ ലങ്കയും ഉള്ള നമ്മുടെ മാതൃഭൂമിയുടെ ഈ ചിത്രമാണ് ആയിരക്കണക്കിന് വർഷമായി നമ്മുടെ ജനങ്ങളുടെ മനസ്സിൽ സ്ഥിരമായി പ്രകാശിച്ചു നിൽക്കുന്നത്. ഇന്നും ഹിന്ദു അവന്റെ നിത്യസ്നാനം നടത്തുന്നത് ഗംഗയും യമുനയും സരസ്വതിയും നർമ്മദയും സിന്ധുവും മുതൽ കാവേരി വരെയുള്ള പരിശുദ്ധനദികളിലാണ്. അവിടംകൊണ്ടും തീരുന്നില്ല. നമ്മുടെ രാജ്യത്തിന്റെ നിർഭാഗ്യകരമായ വിഭജനത്തെത്തുടർന്നുണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ചെല്ലാം നമുക്കറിയാം. അവിടെ ആർ.എസ്.എസ്സിന്റെ രാഷ്ട്രീയമായ മുഖമെന്ന് കരുതപ്പെടുന്ന ജനസംഘത്തിന്റെ ആശയങ്ങളും അഭിപ്രായങ്ങളും അടുത്ത പാരഗ്രാഫിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്. കഴിഞ്ഞതെല്ലാം കഴിഞ്ഞുപോയിയെന്ന് നമ്മോട് പറയുന്ന ചിലർ ഉണ്ട്. മരിച്ച പ്രശ്നങ്ങൾ കുത്തിപ്പൊക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം? ഏതായാലും വിഭജനം സ്ഥിരപ്പെട്ടുകഴിഞ്ഞ ഒരു വസ്തുതയല്ലേ? ഇത് എങ്ങനെ കഴിയും? മാതാവിന്റെ വ്രണപ്പെട്ട മുഖം എല്ലാ ദിവസവും തന്നെ തുറിച്ചുനോക്കുമ്പോൾ ഒരു മകൻ എങ്ങനെ വെറുതെ ഇരിക്കും? അവൾ വീണ്ടും പൂർണ്ണയാകുന്നതുവരെ ഒരു യഥാർത്ഥ പുത്രനും മറക്കാനോ വിസ്മരിക്കാനോ കഴിയുകയില്ല. ഇത് ഓരോ പ്രശ്നത്തെ സംബന്ധിച്ചുമുള്ള വികലമായ, അങ്ങേയററം വിഷലിപ്തമായ ആശയങ്ങളുടെ ഒരു ചങ്ങലക്കെട്ടാണ് എന്നാണ് ഇത് ഓരോന്നോരോന്നായി ബന്ധിപ്പിച്ചാൽ കാണാൻ കഴിയുന്നത്. സമയച്ചുരുക്കംകൊണ്ട് അതിലേക്കു കടക്കുന്നില്ല. എന്നാൽ ഹിന്ദുമതത്തെ സംബന്ധിച്ചൊക്കെ ഇത്രവളരെ പാടിപ്പുകഴ്ത്തുകയും പ്രശംസിക്കുകയും ചെയ്യുന്ന ഗുരു ഗോൾവാൾക്കറുടെ ആർ. എസ്. എസ്സിന്റെ ഹിന്ദുമതത്തെ സംബന്ധിച്ചുള്ള യഥാർത്ഥ ധാരണ അറിയേണ്ടത് ആവശ്യമാണ്. പലരിൽനിന്നും അത് അവർ മൂടിവയ്ക്കുന്നു. ഹിന്ദുമതത്തിൽതന്നെ ഇന്ന് എന്തെങ്കിലും മനുഷ്യത്വപരമായ പ്രശ്നത്തെ സമീപിക്കുന്ന ഹിന്ദുക്കൾ ഉൾപ്പെടെയുള്ള പുരോഗമനവാദികളായ, ഹിന്ദുമതത്തിന്റെ അന്തസ്സത്തയെത്തന്നെ മനസ്സിലാക്കിയിട്ടുള്ള, ഹിന്ദുക്കൾ ഉൾപ്പെടെ വർജ്ജിച്ച് കഴിഞ്ഞിരിക്കുന്ന ചാതുർവർണ്യം, ജാതിവ്യവസ്ഥ ഇവയെ മുറുകെപ്പുണർന്നുകൊണ്ടു അതിന് എന്തുവിലകൊടുത്തും സംരക്ഷിക്കുമെന്ന് പറയുന്ന പ്രസ്ഥാനമുണ്ടെങ്കിൽ അത് ഇതാണ്. കേരളത്തെപ്പററിയും അദ്ദേഹം നല്ലൊരു പഠനം നടത്തിയിട്ടുണ്ട്. ഗുജറാത്ത് സർവ്വകലാശാലയിലെ ഒരു പ്രസംഗത്തിൽ ഗുരു മറെറാരു തെററായ ധാരണയെ പരിഹസിച്ചു. പഴകിയതും കാലഹരണപ്പെട്ടതും മാത്രമല്ല വംശത്തിന്റെയും ജാതിയുടെയും മേധാവിത്വത്തിലും അസമത്വത്തിലും വേരൂന്നിയിട്ടുള്ള ഒന്നാണ് ഈ ധാരണ. നമ്മുടെ മുൻഗാമികൾ വിഡ്ഢികളായിരുന്നില്ലെന്ന് ഗുരുജി പറഞ്ഞു. ജാതിവ്യവസ്ഥയെ സംബന്ധിച്ച് മുൻഗാമികൾ വിഡ്ഢികളായിരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. സങ്കരബീജ സങ്കലനംവഴി മനുഷ്യനെ മെച്ചപ്പെടുത്താനുള്ള ഒരു ശ്രമത്തിലാണ് ഇപ്പോൾ അവർ. കേരളത്തിൽ പാർക്കുന്ന വടക്കുനിന്നുള്ള ബ്രാഹ്മണകുടുംബങ്ങളിലെ മൂത്തമകൻ കേരളത്തിലെ വൈശ്യ - ക്ഷത്രിയ ശൂദ്ര സമുദായത്തിലെ പെൺകുട്ടികളെ മാത്രമേ വിവാഹം കഴിക്കാവൂയെന്ന് നിബന്ധനയുണ്ടായി. കൂടാതെ മററ്

LIBRARY ARCHIVES Kerala Legislative Assembly

ചട്ടങ്ങളുമുണ്ടാക്കി. ഏതുവർഗ്ഗത്തിൽപെട്ട വിവാഹിതയായ സ്ത്രീയുടേയും പ്രഥമസന്താനം ഒരു നമ്പൂതിരി ബ്രാഹ്മണൻ വഴിയുള്ളതായിരിക്കണം. അതിനുശേഷം മാത്രമേ അവളുടെ ഭർത്താവിൽനിന്നും സന്താനം ഉണ്ടാകാൻ പാടുള്ളു. പണ്ടൊരു കാലത്ത് നിലവിലുണ്ടായിരുന്ന ചില സമ്പ്രദായങ്ങളാണ് ഇതെല്ലാം. അതൊക്കെ കേരളത്തിലെ മനുഷ്യരൊക്കെ എത്രയോമുമ്പ് തള്ളിക്കളഞ്ഞിരിക്കുന്നു. നമ്പൂതിരിസമുദായം ഉൾപ്പെടെ പുതിയ സമുദായമായി മാറിക്കഴിഞ്ഞെങ്കിലും നമ്മുടെ ഇൻഡ്യയിൽ ഇപ്പോഴും പറയാൻ ആളുകളുണ്ട്. അതൊക്കെയായിരുന്നു നല്ലത്, അതൊക്കെ ആയിരുന്നു പാവനം അതിനൊക്കെവേണ്ടിയാണ് ഇനിയും നമ്മൾ നിൽക്കേണ്ടതെന്ന് പറയുന്ന ഒരു തത്വശാസ്ത്രമാണ്, പ്രത്യയശാസ്ത്രമാണ് ഇപ്പോഴും ഒരു ദണ്ഡും കഠാരയും പിച്ചാത്തിയുമായി മാത്രം ചിലരുടെമുമ്പിൽ പ്രത്യക്ഷപ്പെടുന്ന ആപൽക്കരമായ പ്രസ്ഥാനത്തിനുള്ളത്. എന്റെ ദൃഷ്ടിയിൽ അതല്ല പ്രധാനപ്പെട്ട പ്രശ്നം. നേരേമറിച്ച് വിധവാവിവാഹമാണ്. ഈ രാജ്യത്ത് ഇനിയും വിധവാവിവാഹം തെററാണ്, ഒരു മഹാപാപമാണ് എന്ന് പറയാൻ ഇവരെമാത്രമേ കിട്ടുകയുള്ളു. ഇങ്ങനെ പലതുമുണ്ട്. അതിലേക്കു കടക്കുന്നില്ല. സമകാലീനപ്രശ്നങ്ങളെപററി പറഞ്ഞാൽ ഈ പ്രസ്ഥാനത്തിന്റെ ആശയം തികച്ചും പിന്തിരിപ്പനായിരുന്നു. ജനങ്ങൾക്ക് സ്വീകരിക്കാനാകാത്തതായിരുന്നു.

ഇനി സമകാലീന പ്രശ്നങ്ങൾ എടുത്തുനോക്കിയാൽ അറബി ജനത ഇസ്രായേൽ സാമ്രാജ്യത്തിനെതിരായി പോരാടിയപ്പോൾ ഈ പ്രസ്ഥാനമാണ് സാമ്രാജ്യത്തിന്റെ കുഴലൂത്തുകാരായി നടന്നിട്ടുള്ളത്. വിയററ്നാം ജനത അമേരിക്കക്കെതിരായി അമേരിക്കൻ സാമ്രാജ്യത്തിനെതിരായി നടത്തിയ യുദ്ധത്തിൽ അമേരിക്കക്ക് സ്തുതി പാടാനും വിയററ്നാമിനെ ആക്ഷേപിക്കാനും ഈ രാജ്യത്ത് ഒരു പ്രസ്ഥാനം തയ്യാറായത് ആർ.എസ്.എസ്. മാത്രമാണ്. ഇന്നത്തെ വിദേശകാര്യമന്ത്രി ശ്രീ. വാജ്പെയ് 1960-ൽ അമേരിക്ക സന്ദർശിക്കുകയുണ്ടായി. അന്നു അദ്ദേഹത്തിന്റെ കയ്യിൽ ഒരു സന്ദേശം കൊടുത്തയച്ചു ഗുരുഗോൾവാൾക്കർ. ആ സന്ദേശം അമേരിക്കയിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അങ്ങനെ ഗുരു ഗോൾവാൾക്കറുടെ സന്ദേശം ശ്രീ. വാജ്പെയ് കയ്യിൽ കൊണ്ടുപോയി. യു.എസ്.എ. സ്വതന്ത്രലോകത്തിന്റെ നേതാവാണ്, ധർമ്മവും അധർമ്മവും തമ്മിൽ ലോകവ്യാപകമായി ഒരു യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു, ആ യുദ്ധത്തിൽ യു.എസ്.എ ധർമ്മത്തിന്റെ ഭാഗത്തു നിൽക്കുന്നു, ഈ കാര്യത്തിൽ ഇൻഡ്യയുടെ സൗഹൃദം യു.എസ്.എ. തേടേണ്ടതാണ് എന്നാണ് ആ സന്ദേശത്തിൽ പറഞ്ഞിരുന്നത്. 1960-ൽ അന്നത്തെ ജനസംഘം നേതാവായ ഇന്നത്തെ വിദേശകാര്യമന്ത്രിയുടെ കയ്യിൽ അമേരിക്കയിൽവച്ച് പ്രസിദ്ധപ്പെടുത്തുന്നതിനു കൊടുത്തയച്ച ഗുരുഗോൾവാൾക്കറുടെ സന്ദേശം ഇതാണ്. അതേക്കുറിച്ച് കൂടുതൽ പറയേണ്ട ആവശ്യമില്ല. അങ്ങനെ നിരന്തരമായി എല്ലാ പ്രശ്നങ്ങളോടും അവർ എടുത്തിട്ടുള്ള നയം ഒരു പിൻതിരിപ്പൻ നയമാണ്. എല്ലാ തരത്തിലുമുള്ള ദേശസാൽക്കരണത്തെയും അവർ എതിർത്തിരുന്നു. ബാങ്ക് ദേശസാൽക്കരണത്തെ എതിർത്തിരുന്നു. അങ്ങനെ സാമൂഹികവും സാമ്പത്തികവുമായ എതെങ്കിലും പുരോഗമന നടപടികളെ അവർ എതിർക്കാത്തതായുണ്ടോ എന്നുള്ളത് മഷിയിട്ടുനോക്കണം, ഭൂതക്കണ്ണാടി വച്ചുനോക്കണം. അങ്ങനെ കാണാൻ സാധിക്കുകയില്ല. ഈ രാജ്യത്തിന് അപായകരമായ രീതിയിൽ യാതൊരു രാഷ്ട്രീയനയവുമില്ലാതെ, യാതൊരു രാഷ്ട്രീയ ചിന്താഗതിയുമില്ലാതെ ഒരു പരമാധികാരിയായ സംഘടനയെന്ന നിലയിൽ അവർ പ്രവർത്തിക്കുന്നു ഈ രാജ്യത്ത്. തികച്ചും കേന്ദ്രീകൃതമായി തിരഞ്ഞെടുപ്പുകളെല്ലാം ഉപേക്ഷിച്ച് അതിനോടെല്ലാം സലാം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ് പിരിഞ്ഞിരിക്കുകയാണ്. ഗുരുജി എല്ലാം താഴോട്ടു താഴോട്ട് നിർദ്ദേശിക്കപ്പെടുന്നു. സംസ്ഥാനത്തിലെ പ്രചാരകൻമാരെ നിർദ്ദേശിക്കുന്നു. ഒരു ഗുരുജിയുടെ സ്ഥാനത്ത് മറെറാരു ഗുരുജിയെ നിർദ്ദേശിക്കുന്നു. അങ്ങനെ തിരഞ്ഞെടുപ്പ് ഈ പ്രസ്ഥാനത്തിനകത്തില്ല. ഇതിനെല്ലാം അവർ മാതൃകയായി സ്വീകരിച്ചത് നാസി പാർട്ടിയുടെ സംഘടനയും മററു സമ്പ്രദായങ്ങളുമാണ്. ഇത്തരത്തിലുള്ള ഒരു പ്രസ്ഥാനത്തിലേക്ക് ചെറുപ്പക്കാർ ആകർഷിക്കപ്പെടുന്നു എന്നത് വൈരുദ്ധ്യം നിറഞ്ഞ നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ്. ഇൻഡ്യയിൽ അങ്ങനെയൊരു സ്ഥിതിവിശേഷം ഉണ്ടായതിന്റെ പശ്ചാത്തലത്തെപ്പററിയൊന്നും ഇപ്പോൾ ഞാൻ കൂടുതൽ പറയുന്നില്ല. പ്രത്യേകിച്ച് ഈ കഴിഞ്ഞ രണ്ടു വർഷക്കാലത്തിനുള്ളിൽ ഈ രാജ്യത്തുണ്ടായ സംഭവവികാസങ്ങളുടെ തണലിൽ പററിയാണ് ഇന്ന് ഈ ആപൽക്കരമായ പ്രവണത പത്തിവിടർത്താൻ ശ്രമിക്കുന്നത്. എനിക്കതിൽ യാതൊരു സംശയവുമില്ല. പക്ഷെ ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ നിയമസമാധാന പ്രശ്നം മാത്രമായി കാണാതെ ഈ രാജ്യത്തിന് ആപൽക്കരമായ ചിന്താഗതി ഉൾക്കൊള്ളുന്ന ഒരു പ്രസ്ഥാനമാണെന്നുള്ളതു മനസ്സിലാക്കി പ്രത്യയശാസ്ത്രപരമായി ഇതിനെ നേരിടണം. ഇതിനെ ആ നിലയിൽ കണ്ടുകൊണ്ടങ്ങനെ ചിന്തിക്കുന്നവർ ഒത്തുചേർന്നു ഈ ആശയത്തെ നഖശിഖാന്തം എതിർത്തു പരാജയപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടി ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. ഇതിന് പ്രായോഗികമായി കേരളത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർമാർക്ക് നിർദ്ദേശം കാണും. ആ നിർദ്ദേശം തീർച്ചയായും അവർ സമർപ്പിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അതേപ്പററി ചർച്ച ചെയ്യാനും തിരുമാനമെടുക്കാനും ഗവൺമെൻറ് സന്നദ്ധമായിരിക്കും. ഈ പ്രമേയത്തെ സംബന്ധിച്ചുള്ള ചർച്ച അത്തരത്തിലുള്ള ഒരുചർച്ചയായി, നമ്മുടെ മുൻപിലുള്ള ഭീഷണിയെ നേരിടുന്നതിനുള്ള ഒരുചർച്ചയായി നടക്കണമെന്നുമാത്രം ബഹുമാനപ്പെട്ട മെമ്പർമാരോടും സഭയോടും അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയം സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഈ പ്രമേയത്തെ പിൻതാങ്ങി ദീർഘമായി സംസാരിക്കേണ്ട കാര്യമില്ല. പ്രത്യേകിച്ച് എന്റെ വിശ്വാസം, ഈ സഭയിലെ എല്ലാ ഭാഗത്തുമുള്ള മെമ്പറൻമാരും പ്രമേയാവതാരകൻ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിപ്പ് പ്രകടിപ്പിക്കുമെന്നാണ്. അദ്ദേഹം പറഞ്ഞ പ്രശ്നങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. സർ, ഇൻഡ്യയെ സംബന്ധിച്ച് നാം പറയുന്നത് ഇൻഡ്യ ഒരു സെക്യുലർ സ്റേററാണെന്നാണ്. സെക്യുലർ സ്റേററ് എന്നുപറയുമ്പോൾ മതസ്വാതന്ത്ര്യം എല്ലാവർക്കും അനുവദിച്ചുകൊടുത്തിരിക്കുന്നു. എല്ലാ മതങ്ങൾക്കും സ്വാതന്ത്ര്യമുണ്ട്. ഇൻഡ്യയിലെ ദേശീയ സമരകാലഘട്ടത്തിൽത്തന്നെ ഇൻഡ്യ ഒരു സെക്യുലർ സ്റേററായിരിക്കണമെന്നും അതുപോലെതന്നെ......................

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സെക്യുലർ സ്റേററിനെ സംബന്ധിച്ച് കമ്മ്യൂണിസ്ററ് വിശകലനം എന്താണെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അതൊക്കെ മനസ്സിലാക്കണമെങ്കിൽ കമ്മ്യൂണിസ്ററു പാർട്ടിയുടെ പ്രത്യയശാസ്ത്രങ്ങളെ സംബന്ധിച്ചുള്ള പുസ്തകങ്ങൾ ചവറുപോലെ വായിക്കാൻ കിട്ടും. അതു വായിച്ചു

പഠിച്ചാൽ മതി. കമ്മ്യൂണിസ്ററ് പാർട്ടിയും കോൺഗ്രസ്സുകാരും ആർ.എസ്.പി.ക്കാരും എല്ലാം സെക്യുലർ സ്റേററ് എന്ന പദത്തിന് ഒരു അർത്ഥംതന്നെയാണ് കാണുന്നത്. അതു മനസ്സിലാക്കാത്തവരുണ്ടെങ്കിൽ കഷ്ടമാണ്. സെക്യുലർ സ്റേററിനേയും ഇൻഡ്യയുടെ അഖണ്ഡതയേയും ദേശീയതയേയും എല്ലാം കുറിച്ച് നാം സംസാരിക്കുന്നതിന്റെ പ്രധാനകാരണം ഒരു അവികസിത രാഷ്ട്രത്തിൽ, വളരെക്കാലത്തെ സമരത്തിനുശേഷം സ്വാതന്ത്ര്യം നേടിയെടുത്ത ഒരുരാജ്യത്ത് മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ആലോചിക്കുമ്പോൾ ചെറിയ നമ്പർ അല്ല, മതന്യൂനപക്ഷങ്ങൾ എന്നു പറയുമ്പോൾ ലോകത്തിൽ ഏററവും കൂടുതൽ മതങ്ങൾ ഉള്ള ഒരു രാജ്യമാണ് ഇൻഡ്യ, ഈ രാജ്യത്ത് മതത്തിന്റെ അടിസ്ഥാനത്തിലോ ഭാഷയുടെ അടിസ്ഥാനത്തിലോ അടിമുടി ഒരു വിഭജനം ഉണ്ടാകുകയാണെങ്കിൽ അല്ലെങ്കിൽ പ്രാദേശികതത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു വിഭജനമുണ്ടാകുകയാണെങ്കിൽ ഒരു വിഘടിത ഇൻഡ്യക്ക് പ്രത്യേകിച്ച് ഒരു അവികസിത രാഷ്ട്രത്തിന് മുന്നോട്ടു പോകാൻ സാധിക്കുകയില്ല. എന്നതാണ്. അതുകൊണ്ടുകൂടിയാണ് പ്രത്യേകിച്ച് ഇൻഡ്യയിലെ എല്ലാ ദേശീയ നേതാക്കൻമാരും ഇൻഡ്യയിൽ റീജിയണലിസം പാടില്ലെന്നും സെക്യുലറിസം മുന്നോട്ടുകൊണ്ടുപോകണമെന്നും പറയുന്നത്. മതസ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നുള്ളത് ഒരു പ്രധാന സംഗതിയാണ്. നേരേമറിച്ച് ഇൻഡ്യയുടെ ഐക്യം കാത്തുരക്ഷിക്കുന്നതിന് ഈ രണ്ടു പ്രവണതകൾക്കും എതിരായി പോരാടി അതിനെ പരാജയപ്പെടുത്തണമെന്ന അർത്ഥത്തിലാണ് പറഞ്ഞത്. അതല്ലെങ്കിൽ ഇൻഡ്യയിൽ ശിഥിലീകരണ പ്രവണത വളർന്നുവരികയാണെങ്കിൽ ഒരു രാഷ്ട്രമെന്ന നിലയിൽ ഇൻഡ്യക്ക് മുന്നോട്ടുപോകാൻ കഴിയുകയില്ല. അതിനെ ശക്തിപ്പെടുത്തുന്ന രീതിയിലാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ ദേശീയപ്രവർത്തനങ്ങളുമായി ഒരിക്കലും ബന്ധപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും തരത്തിൽ ബന്ധം ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അത് ലോകത്തിനാകെ വിപത്തുണ്ടാക്കിയിട്ടുള്ള നാസി പ്രസ്ഥാനവുമായി ബന്ധമുള്ള ഒരു പ്രസ്ഥാനമെന്ന നിലയിൽ ആർ.എസ്.എസ്. ഇവിടെ ശിഥിലീകരണ ശക്തികളെ വളർത്തുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നത് ആർ.എസ്.എസ്. ന്റെ പ്രവർത്തനം ദേശീയവിമോചന ഘട്ടത്തിൽ ഇല്ലായിരുന്നു. അത് ഇൻഡ്യയിൽ രംഗത്തുവന്നത് ഗാന്ധിജിയുടെ വധത്തോടുകൂടിയായിരുന്നു. ഗാന്ധിജിയുടെ വധത്തിൽ ആർ.എസ്.എസ്.ന് പങ്ക് ഉണ്ടായിരുന്നോ എന്നുള്ളതിനെ സംബന്ധിച്ച് പലർക്കും സംശയമുണ്ടായിരുന്നെങ്കിൽപോലും അതു പരിഹരിക്കത്തക്ക രീതിയിലാണ് ശിക്ഷിക്കപ്പെട്ട ആളുകൾ പുറത്തുവന്നതിനുശേഷം പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങൾകൊണ്ടു മനസ്സിലാകുന്നത്. സർ, അതുകഴിഞ്ഞ് അവരെ നിരോധിച്ചു. അവർക്ക് ബന്ധമുണ്ടെന്ന് അറിഞ്ഞതുകൊണ്ട് അവരെ നിരോധിക്കുകയുണ്ടായി. അതിനുശേഷം ആർ.എസ്.എസ്സിന്റെ പ്രവർത്തനം കൂടുതൽ ശക്തി ആർജ്ജിച്ചിരിക്കുന്നത്, ഒരു ചർച്ചാവിഷയമാക്കേണ്ടി വന്നിരിക്കുന്നത് ഈ അടുത്ത കാലത്തായിട്ടാണെന്ന് പ്രത്യേകം പ്രസ്താവിക്കേണ്ട ഒരു കാര്യമാണ്. സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ആർ.എസ്. എസ് എന്തിനുവേണ്ടി നിൽക്കുന്നു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ആർ.എസ്.എസ്സിനെ എതിർക്കേണ്ടത്, ആർ.എസ്.എസ്സിന്റെ പ്രവർത്തനം വളരുന്നതിനെ തടയേണ്ടത് ഒരു സാമുദായികാടിസ്ഥാനത്തിലോ ഒരു മതത്തിന്റെ അടിസ്ഥാനത്തിലോ അല്ല. തീർച്ചയായിട്ടും എത്രയോ കാലമായി മാററങ്ങൾക്കുവേണ്ടി ആഗ്രഹിച്ചുകൊണ്ടിരുന്ന ഹിന്ദുസമുദായത്തിന്റെതന്നെ അടിത്തട്ടിൽ കിടക്കുന്ന ആളുകൾതന്നെ

LIBRARY ARCHIVES Kerala Legislative Assembly

യാണ് ഇനി ബ്രാഹ്മണ മതത്തിന്റെ പുനരാവിർഭാവം ഉണ്ടാകാതിരിക്കാൻ ഈ ആർ.എസ്.എസ്സിന്റെ പ്രവർത്തനം തടയേണ്ടത്. ഞാൻ ആർ.എസ്.എസ്സിന്റെ ഫിലോസഫിയെക്കുറിച്ചോ തത്വസംഹിതയെക്കുറിച്ചോ ഒന്നും ദീർഘമായി സംസാരിക്കുന്നില്ല. എങ്കിലും വളരെക്കാലമായിട്ട് ഹൈന്ദവസംസ്ക്കാരത്തിനുവേണ്ടി പ്രവൃത്തിച്ച എത്രയോ മഹാൻമാരും ആചാര്യൻമാരുമുണ്ട്. കേരളത്തിൽതന്നെ ശ്രീനാരായണഗുരു ഹിന്ദു സമുദായം നന്നാക്കുന്നതിനുവേണ്ടി പരിശ്രമിച്ചിട്ടുണ്ട്. അവരാരും പിച്ചാത്തിയും ഇടികട്ടയുമായിട്ടുള്ള വാളൻറിയേഴ്സിനെ സംഘടിപ്പിച്ചല്ല ഇതു നടത്തിയിട്ടുള്ളത്. സമുദായത്തിൽ ഹിന്ദുമതത്തിലുണ്ടായിരുന്ന ദുരാചാരങ്ങളെ മാററുന്നതിനുവേണ്ടി അവർ പരിശ്രമിച്ചു. ഹിന്ദുമതത്തിലെ ബ്രാഹ്മണ മേധാവിത്വം അവസാനിപ്പിക്കുന്നതിനുവേണ്ടി എത്രയോ കാലം പരിശ്രമിച്ചതിനുശേഷമാണ് ഇന്ന് അതൊക്കെ കുറേ മാറിയത്. അതു വീണ്ടും സ്ഥാപിക്കുന്നതിനുവേണ്ടി, അത് ബലമുപയോഗിച്ച് സ്ഥാപിക്കുന്നതിനുവേണ്ടി ഹിന്ദുക്കളുടെ ഇടയിൽ അടിമത്വത്തിൽ ആണ്ടിരുന്നവരെ വീണ്ടും അടിമത്വത്തിൽ ആക്കുന്നതിനുവേണ്ടി അങ്ങനെ ഹിന്ദു സമുദായത്തിൽതന്നെ താഴെക്കിടയിൽകിടക്കുന്നവരെ അതേപടി നിലനിറുത്തുന്ന ആ ഉച്ചനീചത്വം പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു പരിശ്രമമാണ് ആർ.എസ്.എസ്. നടത്തുന്നതെന്നും. ആ ആശയത്തിനുവേണ്ടിയാണ് ആർ.എസ്.എസ്. നിലകൊള്ളുന്നതെന്നും വിസ്മരിച്ചിട്ട് ആർ.എസ്.എസ്സിനെതിരായ ഒരു പ്രക്ഷോഭത്തിന്റെയും കാര്യമില്ല. ആർ.എസ്.എസ്. ഹിന്ദു വർഗ്ഗീയവാദം നടത്തുന്നു. അതിന്റെ ഫലമായിട്ട് മുസ്ലീംങ്ങൾക്ക് അപകടം വരുന്നു ക്രിസ്താനികൾക്ക് അപകടം വരുന്നു, അതല്ല പ്രശ്നം. പണ്ട് ഹിററ്ലറും ചെയ്തത് അതാണ്. ഹിററ്ലർ ജൂതൻമാർക്കെതിരായിട്ട് നാസി പാർട്ടിയെ ഓർഗനൈസ് ചെയ്തു. ജൂതൻമാരെ നശിപ്പിക്കുന്നതിനും കമ്മ്യൂണിസത്തെ അപ്പാടെ കുഴിച്ചുമൂടുന്നതിനുംവേണ്ടി നാസി പാർട്ടി ഉണ്ടാക്കി. അവിടത്തെ കമ്മ്യൂണിസ്ററുകാരും ജൂതൻമാരും മാത്രമല്ല നശിച്ചത്, സോഷ്യലിസ്ററ് ഡെമോക്രസിയെ തകർത്തു, സകലതും തകർത്തു.

സർ, അതുപോലെതന്നെ ഹിന്ദുരാഷ്ട്രം എന്നുള്ള പേരു പറഞ്ഞിട്ട്, ഇതു കേൾക്കുമ്പോൾ പാവംപിടിച്ച ഹിന്ദുക്കളായിട്ടുള്ള പണ്ട് ബ്രാഹ്മണ മേധാവിത്വത്തിൽ അടിഞ്ഞുകിടന്ന താഴെക്കിടയിലുള്ള, ഹിന്ദുക്കളായ ആളുകൾക്ക്, പഴയകാലമൊന്നും ഓർക്കാത്തവർക്ക്, തെററിദ്ധാരണ കൊണ്ട് ഹിന്ദുവെന്നും നായരെന്നും ഈഴവനെന്നുമൊക്കെപറഞ്ഞാൽ അതിന്റെ പുറകെ പോകാമെന്നുണ്ടെങ്കിൽ ഗോൾവാൾക്കർ പറഞ്ഞതുപോലെ പണ്ടൊരു കാലത്ത് ബ്രാഹ്മണന് എല്ലാ സ്ത്രീകളേയും അനുഭവിക്കാനുള്ള സൗകര്യംവരെ ഉണ്ടായിരുന്നു; ആ ബ്രാഹ്മണ മേധാവിത്വം പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഇവർ നിൽക്കുന്നതെന്നുള്ളത് ഹിന്ദുസമുദായം മനസ്സിലാക്കണം. ഹിന്ദു മതവും ഹിന്ദു സംസ്ക്കാരവും ശരിയായി വളരണമെങ്കിൽ പണ്ട് ആർഷഭാരതത്തിൽ ഇല്ലാതിരുന്നതും ഇടക്കാലത്ത് ബ്രാഹ്മണ മേധാവിത്വം ഉണ്ടാക്കിയതുമായ ചില കാട്ടാള രീതികൾ നമ്മൾ മാററിയത് ഇനിയും പുനഃസ്ഥാപിക്കാനുള്ള പരിശ്രമത്തെ ഹിന്ദുസമുദായത്തിലെ അവർണ്ണരായിട്ടുള്ളവരാണ്, അവശത അനുഭവിക്കുന്നവരാണ് ശക്തിയായി എതിർക്കേണ്ടത്. അല്ലാതെ ഇത് ഹിന്ദുക്കളും കൃസ്ത്യാനികളും മുസ്ലീംങ്ങളും തമ്മിലുള്ള വൈരുദ്ധ്യമാക്കേണ്ട കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇടക്കാലത്ത് ഒന്നു കെട്ടടങ്ങിക്കിടന്ന ആർ.എസ്.എസ്. ഇന്ന് സജീവ പ്രശ്നമായിട്ടുണ്ട്, കേരളത്തിൽ സജീവ പ്രശ്നമായിട്ടുണ്ട്. കേരളത്തിൽതന്നെ അവരെടുക്കുന്ന നയം ഓരോ പ്രദേശത്തും ഓരോ പാർട്ടികളുടെ നേരെയാണ് ഇവിടെ ആക്രമണം നടന്നത്. കണ്ണൂരിൽ മാർക്സിസ്റ്റ് പാർട്ടിയുടെ നേരെ ആക്രമണം നടത്തി. വേറൊരിടത്ത് ഇന്ദിരാകോൺഗ്രസിന്റെ നേരെയായിരുന്നു ആക്രമണം. വേറൊരിടത്ത് ജനതാപാർട്ടിയിൽപ്പെട്ടവരുടെ നേരെയായിരുന്നു. കൊല്ലത്ത് എന്റെ നിയോജകമണ്ഡലത്തിൽ ഞങ്ങളുടെ പാർട്ടിയുടെ നേരെയായിരുന്നു ആക്രമണം. ഇങ്ങനെ പലയിടത്തും എവിടെയൊക്കെ പാർട്ടിക്കാർ കുറേ ഉണ്ടെന്നുവച്ചാൽ അവിടെ ഒരു ഭയം സൃഷ്ടിച്ചുകൊണ്ട് അവരുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള പരിശ്രമമാണ് നടക്കുന്നത്. ഇത്തരത്തിലുള്ള പ്രവർത്തനമാണ് ഇന്നുള്ളത് എന്ന് ഗവൺമെന്റും രാഷ്ട്രീയപ്പാർട്ടികളും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കാരണം ഒരിടത്ത് ഒരു പാർട്ടിയെ ആക്രമിക്കുമ്പോൾ മററു പാർട്ടികൾ തമ്മിലുള്ള ശത്രുത ഉപയോഗിച്ചുകൊണ്ട് അവരുടെ നേരെയല്ലേ എന്നു വിചാരിച്ച് ബാക്കിയുള്ളവർ ചിരിക്കും. മററുള്ളിടത്ത് വേറൊരു പാർട്ടിയുടെ നേരെ ആയിരിക്കും. ഈ രീതിയിലുള്ള ടാക്ററിക്സ് കേരളത്തിൽ അവർ ശ്രദ്ധാപൂർവ്വം കൊണ്ടുവരുന്നുണ്ട്. ഇപ്പോൾ ഈ ആർ.എസ്.എസ്സിന്റെ പ്രവർത്തനം കൂടുതൽ ശക്തമായി വന്നതിന് ഒരു കാരണമുണ്ട്. അതെന്താണെന്നുവച്ചാൽ ആർ.എസ്.എസ്സിനെപ്പോലുള്ള ഫാസിസ്ററ് പാർട്ടികൾ എപ്പോഴും ശ്രമിക്കുന്നത് ഏതെങ്കിലും രീതിയിൽ അധികാരവുമായി ബന്ധപ്പെട്ടിട്ട് അധികാരംകൂടി ഉപയോഗിച്ചുകൊണ്ട് ഒരു ഫാസിസ്ററ് ഭരണസംവിധാനം ഉണ്ടാക്കാനാണ്. നിർഭാഗ്യവശാൽ ഈ അടുത്തകാലത്തായിട്ട് ഇന്ന് കേന്ദ്രത്തിൽ ഭരിക്കുന്ന കക്ഷിയുടെ ഒരു പ്രധാന ഘടകകക്ഷി എന്നു പറയുന്ന ജനസംഘം ആർ.എസ്.എസ്സിന്റെ ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ് ആർ.എസ്.എസ്സിന്റെ ആറം ഇൻഡ്യാ റാലികളിൽ, മദ്ധ്യപ്രദേശ് മുഖ്യമന്ത്രി അഡ്രസ് ചെയ്തു. ഡെൽഹിയിൽ നടന്ന ആറം ഇൻഡ്യാ റാലികളിൽ വേഷമിട്ടില്ലെങ്കിൽപ്പോലും കേന്ദ്രത്തിലെ രണ്ടു മന്ത്രിമാർ ചെന്നിരുന്നു. ആർ.എസ്.എസ്സിന്റെ സ്വഭാവം ഇതാണെന്നുണ്ടെങ്കിൽ ആർ.എസ്.എസ്സിന്റെ പരിപാടിയെ സംബന്ധിച്ച് ഇത്തരത്തിലുള്ള വളരെ പഴഞ്ചനായ ഹിന്ദു മതത്തിലെ ബ്രാഹ്മണ മേധാവിത്വം പുനഃസ്ഥാപിച്ച് ഒരു ഏകാധിപത്യ സ്ഥാപനമാണെന്ന് അവർ സ്പഷ്ടമായി പറഞ്ഞിരിക്കുമ്പോൾ ഭരണാധികാരത്തിൽ ഇരിക്കുന്നവർക്കുതന്നെ ഭരണാധികാരവുമായി ബന്ധപ്പെടാൻ സാധിക്കുന്നു എന്നുള്ളതുകൊണ്ടാണ് ഈ അടുത്തകാലത്തായിട്ട് അവർക്കു വളരാനും വികസിക്കാനും പെട്ടെന്നുള്ള വഴിത്താര ഉണ്ടാക്കിയത്. അതുകൊണ്ട് തീർച്ചയായിട്ടും ഭരണസംവിധാനവുമായുള്ള അവരുടെ ബന്ധത്തിൽനിന്നും ആർ.എസ്.എസ്സിനേയും ആർ.എസ്.എസ്സിന്റെ രാഷ്ട്രീയ പ്രതിരൂപമായ ജനസംഘത്തേയും വിമുക്തമാക്കിയെങ്കിൽ മാത്രമേ ആർ.എസ്.എസ്സിന്റെ പെട്ടെന്നുള്ള വളർച്ചയെ തടയാനൊക്കൂ എന്നുള്ള രാഷ്ട്രീയ സത്യംകൂടി എല്ലാവരും കാണണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ശക്തിയുക്തം പിൻതാങ്ങുന്നു.

Mr. Speaker: The following amendments may be moved.

Shri P. Karunakaran: Sir, I move. പ്രമേയത്തിൽ മതന്യൂനപക്ഷങ്ങൾക്കെതിരായി'' എന്നതിനു പകരം ''പുരോഗമന പ്രസ്ഥാനങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കും'' എന്നു ചേർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Shri R. Sundaresan Nair: Sir, I move. പ്രമേയത്തിൽ മൂന്നാമത്തെ വരിയിൽ ''ആക്രമണങ്ങൾ'' എന്നതിനു മുന്നിൽ ''ക്രൂരമായ'' എന്നുകൂടി ചേർക്കണം.

ശ്രീ. പി. ആർ. കുറുപ്പ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. ''പ്രമേയത്തിൻെറ നാലാംവരിയിൽ'' ''മതേതര'' മെന്നും എന്ന വാക്ക് നീക്കം ചെയ്ത് പകരം ''മനുഷ്യജീവിതത്തിനും'' എന്നു ചേർക്കുക.

അതുപോലെ പ്രമേയത്തിൽ ''പരിപാടികളെ'' എന്നതിനു പകരം പരിപാടികളേയും അക്രമ രാഷ്ട്രീയത്തെ നേരിടുന്നതിനുള്ള ഔദ്യോഗിക ശക്തികളുടെ കഴിവുകേടുകളെയും'' എന്നുകൂടി ചേർക്കുക.

സർ, ഈ ചർച്ച ഇവിടെ വയ്ക്കാൻ കാരണമായ പശ്ചാത്തലം ഈ സഭയ്ക്കറിയാം. ചർച്ച ഉണ്ടാകുമെന്നു പ്രഖ്യാപിച്ചതോടുകൂടി ഈ സംസ്ഥാനത്തിലെ ആഭ്യന്തരപ്രശ്നം കൈകാര്യം ചെയ്യാൻ ബാദ്ധ്യതപ്പെട്ട ഒരു ഗവൺമെൻറ്, ആ ഗവൺമെൻറിൻെറ തലവനായ മുഖ്യമന്ത്രി ചർച്ചയ്ക്കുവേണ്ടി അവതരിപ്പിക്കുന്ന പ്രമേയം ഒരു ഓപ്പറേററീവ് ക്ലാസുള്ളതായിരിക്കുകയില്ല എന്നു ഞാൻ പ്രത്യാശിച്ചു. ഒരു തീരുമാനം അതിൽ പ്രഖ്യാപിക്കുകയില്ല എന്നും എന്തു പ്രവർത്തനം നടത്തണമെന്ന് അവസാനം പറയാനുള്ള ചർച്ചയിൽ 'ചെയ്യപ്പെടുന്ന' എന്നൊരു പ്രമേയം മാത്രമായിരിക്കും അവതരിപ്പിക്കുക എന്നും ഞാൻ പ്രതീക്ഷിച്ചു, ഊഹിച്ചു, കീഴ്വഴക്കം അങ്ങനെയാണ് ഇവിടെ അതല്ല. ഒരു പ്രമേയം അവതരിപ്പിച്ച് അപലപിക്കുന്നു എന്നും മാത്രം പറഞ്ഞ് അവിടെ ക്ലോസു ചെയ്യുകയാണ് ആ ചർച്ച. ഇതൊരു ഉരുണ്ടു കളിയാണ്. ഈ ഉരുണ്ടുകളി ആശാസ്യമല്ല. പ്രമേയം കണ്ടപ്പോൾ ഓലപ്പാമ്പാണെന്നു മനസിലായി. വെറും ഒലപ്പാമ്പിൻെറ പ്രകടനം മാത്രമാണെന്ന് മനസ്സിലായി. മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ ഒരു ചരിത്രകാരൻ ഫാക്ട്സ് ശേഖരിക്കാൻ നോക്കുന്ന ഒരു തൂലികാ കർത്താവിൻെറ ഒരു ബാദ്ധ്യത നിർവ്വഹിക്കുന്നതായും തോന്നി. അതിലപ്പുറമൊന്നും പ്രമേയത്തിൽ കണ്ടില്ല. അതുകൊണ്ട് ഈ പ്രമേയം അവതരിപ്പിച്ചതിൻെറ പിന്നിലുള്ള ആത്മാർത്ഥതയെ സംബന്ധിച്ച് സംശയം തോന്നുന്നില്ലെങ്കിലും നമ്മെ സംബന്ധിച്ചിടത്തോളം അതു വ്യക്തമാണ്. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ച് ആർ.എസ്.എസ്സിനോട് ഒരു പ്രഖ്യാപിത നയമുണ്ട്. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ആർ.എസ്.എസ്സിനെ ആദ്യം മുതൽ എതിർത്തുവന്ന ഒരു ചരിത്രമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസിനുള്ളത്. അത് വെറുമൊരു ശാരീരികമായ ആയുധപ്പയററിനെ കണ്ടു ഭയപ്പെട്ടുകൊണ്ടുള്ള എതിർപ്പായിരുന്നില്ല. അത് പ്രത്യയശാസ്ത്രപരമായ എതിർപ്പാണ്. സന്ധിയില്ലാത്ത ആശയസമരം കോൺഗ്രസ് തുടർന്നുകൊണ്ടേ ഇരിക്കുന്നുമുണ്ട്. അതിൻെറ ഫാസിസ്ററ് ചിന്താഗതിയെ എതിർത്തിട്ടുമുണ്ട്. അതിൻെറ സാമ്പത്തിക നയങ്ങളെ എതിർത്തിട്ടുണ്ട്. അതിൻെറ മതേതരത്വ വിധ്വംസകത്തേയും എതിർത്തിട്ടുണ്ട്. ആ എതിർപ്പ് ഇന്നും തുടരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാനം, അതിൻെറ സാമ്പത്തിക നയം പിൻതിരിപ്പൻ ആശയമാണെന്ന് പ്രഖ്യാപിക്കുന്നതു കേട്ടു. പക്ഷേ പ്രമേയത്തിൻെറ പുരോഗമനാശയത്തിൽ വിശ്വസിക്കുന്നവരുടെ നേരെ ആക്രമണം നടത്തുന്നു എന്ന വാദം ഉൾക്കൊള്ളുന്നതുപോലും മുഖ്യമന്ത്രി സമ്മതിച്ചിട്ടില്ല. എന്നാൽ പ്രമേയം മതേതരത്വം ഉൾക്കൊള്ളുകയാണ്. ഇത് രണ്ടുകുട്ടികൾ തമ്മിൽത്തല്ലു കൂടിയാൽ ഒരുകുട്ടിയെ ശകാരിച്ച് രണ്ടാളെയും

LIBRARY ARCHIVES Kerala Legislative Assembly

തൃപ്തിപ്പെടുത്താൻ നോക്കുന്ന രക്ഷിതാവിന്റെ ചുമതല ഏറ്റെടുത്ത് ഇവിടെ ചിലരെയൊക്കെ സന്തോഷിപ്പിക്കണമെന്നതിൽക്കവിഞ്ഞ് പ്രമേയം അവതരിപ്പിച്ചതിന്റെ പിന്നിൽ ഞാനൊന്നും കാണുന്നില്ല. ആർ.എസ്. എസ്സിനെ കുറേയധികം തലോടി വളർത്തി. ഇന്ന് അതൊരു പൊത്തിൽ ഒതുങ്ങി നിൽക്കുന്ന ഫണീന്ദ്രന്റെ ശക്തി ഉൾക്കൊണ്ടുകൊണ്ടിരിക്കുകയാണ്. അതിന് വളരെയേറെ ആളുകൾ ഉത്തരവാദികളാണ്. ആ ഉത്തരവാദിത്വം ആർക്കൊക്കെയുണ്ടെന്ന് നമുക്കറിയാം. തലശ്ശേരിയിലും പരിസരപ്രദേശങ്ങളിലും ഇന്നു കൊലപാതകങ്ങളുടെ മാറ്റൊലികൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ഞാൻ തിരുവനന്തപുരത്തേയ്ക്കു ഈയാഴ്ച വരുമ്പോൾ നല്ലൊരു പൊതുപ്രവർത്തകനായ ഒരു മാർക്സിസ്റ്റുകാരന്റെ ശവശരീരം ചുമന്നുകൊണ്ടു പോകുന്നതു കണ്ടുകൊണ്ടാണ് വന്നത്. ദൈനംദിനം കൊലപാതകങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആർ.എസ്.എസ്.നെ മാത്രം ഇക്കാര്യത്തിൽ ഞാൻ പറയുന്നില്ല. കൊലപാതകത്തിൽ ആരാണു മുൻപന്തിയിലെന്നുള്ള പരീക്ഷണത്തിലാണ് ഇവിടെ ഇന്നു മാർക്സിസ്റ്റുപാർട്ടിയും ആർ.എസ്.എസും. ആരു ജയിക്കുമെന്നു എനിക്കു അറിയുകയില്ല. ഇപ്പോൾ തുല്യമാണ്. സമാസമമാണ് മരണം. ദൈനംദിനം അതു നടക്കുമോ എന്ന ചിന്താഗതി നമ്മിൽ ഉൾക്കൊള്ളുന്നു. പക്ഷേ ആർ.എസ്.എസ്സിനു ഒരു വ്യത്യാസമുണ്ട്. അവർ പരിശീലനം സിദ്ധിച്ച ആയുധധാരികളായ ഭടൻമാരാണ്. അവർ പതിയിരുന്നു ആക്രമിക്കുവാൻ തയ്യാറുള്ളവരാണ്. ഇതു വസ്തുതകളാണ്. ഈ ഭീഷണിയെ നേരിടാൻ നമ്മുടെ ഭരണകൂടത്തിനു എത്രത്തോളം സാദ്ധ്യതയുണ്ടെന്നുള്ളതാണു ചർച്ച. അക്രമരാഷ്ട്രീയം മുൻപും ചർച്ചയ്ക്കു വിഷയമായിട്ടുണ്ട്. അതെല്ലാം പ്രൊവോക്കേഷൻ കൊണ്ട് രാഷ്ട്രീയകക്ഷികൾ തമ്മിൽ നടന്ന അക്രമത്തിന്റെ ഫലമായ മരണങ്ങളാണെന്നു കണ്ടിട്ടുണ്ട്. പതിയിരുന്നുകൊണ്ട് ആക്രമിക്കുന്ന ഒരു പരിത:സ്ഥിതി ആയിരുന്നില്ലെന്നുള്ളതു ശരിയാണ്. ഇന്നു എല്ലാ പാർട്ടിക്കാരും അതിനെ എതിർക്കുന്നു. അപ്പോൾ ആർ.എസ്.എസ്.ന്റെ നയപരിപാടികൾ പറഞ്ഞുകൊണ്ടുള്ള ഒരു ചർച്ചയുടെ ആവശ്യമുണ്ടോ? ഈ ചർച്ചയിൽനിന്നു ഉടലെടുത്തുകൊണ്ട് എന്തു നടപടിയെടുക്കുവാൻ ഈ ഭരണകൂടം തയ്യാറുണ്ട് എന്നുള്ളതാണു ചോദ്യം. ഇല്ലെങ്കിൽ ഈ ചർച്ച അസ്ഥാനത്താണ്. ഞങ്ങൾക്ക് ആർ.എസ്. എസ്സിന്റെ നയപരിപാടികൾ മുഖ്യമന്ത്രിയുടെ വായിൽക്കൂടി കേൾക്കേണ്ടതില്ല. ഞങ്ങൾ ആർ.എസ്.എസ്.ന്റെ ചരിത്രം എഴുതാൻവേണ്ടി മുഖ്യമന്ത്രിയിൽനിന്നും സാക്ഷിവിവരം ശേഖരിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങളാഗ്രഹിക്കുന്നത് ആർ.എസ്.എസ്. ന്റെ കൊലപാതക രാഷ്ട്രീയത്തിനെതിരായി ഈ ഗവൺമെൻറിനു എന്തുചെയ്യാൻ കഴിയുമെന്നു അറിയാനാണ്. അതിനെ സംബന്ധിച്ച ചർച്ചയാണ് ഇവിടെ ആവശ്യമുള്ളത്. സി.ആർ.പി.സി. പ്രകാരം നടപടിയെടുക്കാൻ സാധിക്കുകയില്ലേ? ഇൻഡ്യൻ പീനൽകോഡിൽ അതിനു വകുപ്പില്ലേ? സർ, ഇവിടെ അപലപിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഒഴിയുകയാണ്. ഇതൊരു പ്രതിഷേധ പ്രകടനം മാത്രമാണ്. റൂൾ 118 പ്രകാരമാണ് ഈ പ്രമേയം അവതരിപ്പിച്ചത്. അങ്ങനെ പ്രമേയം അവതരിപ്പിക്കുമ്പോൾ റൂൾ 119.ലെ ഉപവകുപ്പു (സി)—യിലെ പ്രശ്നങ്ങളെല്ലാം ഉൾക്കൊള്ളണം. ആ ഉപാധികൾക്കു വിരുദ്ധമായി അനുവാദം നൽകാൻ പാടില്ലെന്നു റൂൾ അനുശാസിക്കുന്നുണ്ട്. ഇവിടെ കാണുന്നതെല്ലാം ആക്ഷേപകരവും കുററപ്പെടുത്തലുമാണ്. അപലപിക്കുക എന്ന വാക്കിന്റെ അർത്ഥം കുററപ്പെടുത്തുക എന്നുള്ളതാണ്. കുററപ്പെടുത്തുന്ന വാക്കുകൾപോലും ഉണ്ടാകാൻ പാടില്ലെന്നു റൂൾ അനുശാസിക്കുന്നുണ്ട്. ഈ രീതിയിലുള്ള പ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കൊണ്ടുവന്നതു നിയമദൃഷ്ട്യാ സാധൂകരിക്കുവാൻപാടില്ലാത്തതാണ്. പരിപാടികൾക്കു രൂപം കൊടുത്തിട്ടില്ലാത്ത ഒളിച്ചുകളിയുടെ ലക്ഷണം ഉൾക്കൊള്ളുന്നതാണ്. ഇതു ആരെയോ സന്തോഷിപ്പിക്കുവാനാണ്. ഒരുപക്ഷേ ഭരണകക്ഷിയിലുള്ള ചിലരെ സന്തോഷിപ്പിക്കുവാനുണ്ട്. പ്രതിപക്ഷത്തുള്ള മാർക്സിസ്റ്റു പാർട്ടിയെ സന്തോഷിപ്പിക്കാനുണ്ട്. 'അറയ്ക്കൽ പെണ്ണു കെട്ടുമ്പോൾ പാതിസമ്മതം' വേണമല്ലോ? അതുപോലെ ഇവിടെ പാതിസമ്മതത്തിലാണ്, മൂന്നാംചേരിയുടെ കാര്യം. അപ്പുറം സമ്മതമാണ്, ഇപ്പുറം സമ്മതമായിട്ടില്ല. ആ നിലയിലിരിക്കുകയാണ്. അതുകൊണ്ട് അവരെയും തൃപ്തിപ്പെടുത്തണം ഇവരെയും തൃപ്തിപ്പെടുത്തണം എന്നുള്ളതിൽ കവിഞ്ഞ് ഇതിലൊന്നുമില്ല. സ്കൂളുകൾ അനുവദിക്കുകയില്ല. സ്കൂൾ വാങ്ങിച്ചില്ലേ ആർ.എസ്.എസ്.? കവാത്തുകൾ നിർത്തി എന്നുപറയുന്നു. നിറുത്തിയോ? നടന്നുസർ, ഞങ്ങളുടെ മുന്നിൽ നടന്നു. ഞങ്ങളുടെ കൺമുന്നിൽ നടന്നു. പോലീസ് നോക്കിനിൽക്കേ നടന്നു. നടപടികളൊന്നും എടുത്തിട്ടില്ല. ഇവിടെ അപലപിക്കുന്നു എന്നു പ്രമേയം പാസ്സാക്കുന്നു. ഞങ്ങളെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും ഈ പ്രമേയത്തെ അനുകൂലിക്കുന്നു. രണ്ടുകൈയും പൊക്കിക്കൊണ്ട് പാസ്സാക്കാൻ തയ്യാറാണ്. പക്ഷേ അപലപിക്കുന്നു എന്ന വാക്കിന് ഒരർത്ഥമുണ്ട്. ആ അർത്ഥത്തിന്റെ വ്യാപ്തിയോളമേ പോകാൻ നിവൃത്തിയുള്ളൂ. ഇതാണോ ഗവൺമെന്റിന്റെ സ്വഭാവം? ഇതു പരിശോധനാർഹമാണ്. ഈ അപലപിക്കുമ്പോൾതന്നെ പ്രതിപക്ഷങ്ങൾക്കു പറയാനുള്ള അവസരം നൽകണം. ആർ.എസ്.എസ്. നെ അപലപിക്കുന്നു എന്നു പറയുമ്പോൾ ഈ സഭയിൽ ആർ.എസ്.എസിന്റെ ഒരു പ്രതിനിധിയുണ്ടോ; ഒരു വക്താവുണ്ടോ? ഈ സഭയിൽ പ്രാതിനിധ്യമില്ലാത്ത ഒരു കക്ഷിയെ സംബന്ധിച്ച് നമ്മളെല്ലാം ഒപ്പം എതിർക്കുന്നു. നമ്മളെല്ലാം എതിർക്കുന്ന പാർട്ടിയാണ് ആർ.എസ്.എസ്. ആർ.എസ്.എസിന്റെ നയപരിപാടികളെ എതിർക്കുന്നു. അതിന്റെ ഫ്യൂഡൽ സിദ്ധാന്തത്തെ എതിർക്കുന്നു, അതിന്റെ ഫാസിസ്റ്റു നയത്തെ എതിർക്കുന്നു; അതിന്റെ സാമ്പത്തികാസൂത്രണ വ്യവസ്ഥിതിയെ എതിർക്കുന്നു. അപ്പോൾ നാം മാത്രമിരുന്നുകൊണ്ട് ഏകപക്ഷീയമായി തീരുമാനമെടുക്കുന്നതുകൊണ്ട് എന്താണർത്ഥം ആർ.എസ്.എസ്.നെക്കൂടി വിളിച്ചിരുത്തിക്കൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എല്ലാ രാഷ്ട്രീയകക്ഷി പ്രതിനിധികളെയും വിളിച്ചിരുത്തിക്കൊണ്ട് ഈ രാജ്യത്തെ അപകടത്തിലേയ്ക്കു നയിക്കുന്നുണ്ടെന്നു അവരെ ബോധ്യപ്പെടുത്തുന്ന രീതിയിൽ ഒരു ചർച്ച ചെയ്യാൻ മുഖ്യമന്ത്രി തയ്യാറായിട്ടുണ്ടോ? അല്ലെങ്കിൽ നിയമപരമായ നടപടിയെടുക്കുവാൻ തയ്യാറായിട്ടുണ്ടോ? അതൊന്നും ചെയ്യാതെയാണ് ഈ പ്രമേയം വന്നത്. ഞങ്ങൾ പ്രതിഷേധിക്കുന്നു എന്നുള്ളതിൽകവിഞ്ഞ് ഈ പ്രമേയത്തിന്റെ ഉള്ളിൽ ഒന്നുമില്ലെന്നുള്ളതല്ലേ ശരി? അപ്പുറത്തിരിക്കുന്ന കോൺഗ്രസ് സുഹൃത്തുക്കളുടെ നേതാവ് ശ്രീമാൻ വയലാർ രവി പത്രക്കാരോടു പറഞ്ഞ ഒരു വാക്ക് ഞാൻ ഉദ്ധരിക്കുകയാണ്. രാജ്നാരായണനെ സംബന്ധിച്ചാണു പറഞ്ഞത്. He is not a paper tiger like us- the Congress men or the magazine intellectuals of the C.P.I. and C.P.I. (M). സി.പി.എം.നെയും സി.പി.ഐ. യേയും പോലെ പത്രങ്ങളിൽമാത്രം പ്രകടിപ്പിക്കുന്ന ബുദ്ധിജീവിയായി നിൽക്കാനോ ഞങ്ങളെപ്പോലെ കടലാസുപുലിയായി നിൽക്കാനോ തയ്യാറുള്ളവരല്ല രാജ്നാരായണനും മററും എന്നും ശരിയായി ആർ.എസ്.എസ്. നെ എതിർക്കുന്ന ഒരു വ്യക്തി രാജ്നാരായൺ മാത്രമാണെന്നും അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പാർട്ടിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പുറത്തു നിൽക്കുന്ന ഒരു പാർട്ടിയെസംബന്ധിച്ച അദ്ദേഹത്തിന്റെ അഭിപ്രായം ആദരണീയമല്ല, പക്ഷേ അദ്ദേഹത്തിന്റെ തന്നെ പാർട്ടിയെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞ അഭിപ്രായം ശരിയാണെങ്കിൽ ആർ.എസ്.എസ്. നു നേരെ അദ്ദേഹത്തിന്റെ പാർട്ടി പ്രയോഗിക്കുന്ന എതിർപ്പുകൾ വെറും കടലാസ് പുലിയാണെന്നു വയലാർ രവി സമ്മതിച്ചു എന്നല്ലേ അർത്ഥം? ആർ.എസ്.എസ്.നോടുള്ള എതിർപ്പു ഏതോവിഭാഗത്തെ കൂട്ടുപിടിക്കാനുള്ള പ്രകടനതന്ത്രം മാത്രമാണെന്നും അതിന്റെ പിന്നിൽ യാതൊന്നുമില്ലെന്നുംതോന്നിപ്പോകുന്നു. സമഗ്രമായ നടപടികളെടുത്തുകൊണ്ട് അക്രമ രാഷ്ട്രീയത്തെ ആകമാനം അപലപിക്കാനും ഏതുകക്ഷി എവിടെനിന്നാലും അതിന്റെ പേരിൽ കർശനമായ നടപടിയെടുക്കാനുമുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനം മാത്രം മതി ഈ ചർച്ചയെസംബന്ധിച്ചുണ്ടാകാൻ എന്നാണ് എന്റെ അഭിപ്രായം. അതിനു ഈ പ്രമേയം ഉപോൽബലകമാകട്ടെയെന്നും അത്തരമൊരു പാതയിലേക്കു മുഖ്യമന്ത്രിയെ നയിക്കുവാൻ പ്രമേയാവതരണവും ചർച്ചയും പര്യാപ്തമാകട്ടെയെന്നും പ്രാർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, മഹാത്മജിയുടെ സ്മരണയ്ക്കു മുന്നിൽ ആദരാജ്ഞലികൾ അർപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. സർ, നമ്മുടെ ഭാരതം ഇന്നു കത്തിയെരിഞ്ഞുകൊണ്ടിരിക്കുകയാണ്. വടക്കേ ഇൻഡ്യയിൽ ആർ.എസ്.എസ്. കാരുടെ അഴിഞ്ഞാട്ടം മൂലം ജനജീവിതം അസഹ്യമായിത്തീർന്നിരിക്കുന്നു എന്നു പത്രങ്ങളിൽ നിന്നും വായിച്ചു മനസ്സിലാക്കാൻകഴിയുന്നുണ്ട്. അപ്പുറത്തിരിക്കുന്ന ജനതാപാർട്ടിയിലെ നേതാക്കൻമാർ യാഥാർത്ഥ്യങ്ങളിലേയ്ക്കു ഒന്നു കണ്ണോടിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. യു.പി.യിൽ ഈയിടെയുണ്ടായ സംഭവവികാസങ്ങൾ ഇൻഡ്യയിലെ രാഷ്ട്രീയ ചരിത്രത്തെ ലജ്ജിപ്പിക്കുന്നവയാണ്. അവിടെ മുഖ്യമന്ത്രിയായിരിക്കുമ്പോൾതന്നെ രാംനരേഷ്യാദവിനെ ഗജേന്ദ്രനാഥ്മിശ്ര എന്ന ആർ.എസ്.എസ്. കാരൻ കുത്തി മുറിവേൽപ്പിക്കുകയുണ്ടായി. ഇതു വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. മുഖ്യമന്ത്രി ആർ.എസ്.എസി.നെ എതിർക്കുന്നു എന്ന ഒരൊററ കാരണംകൊണ്ട് കുത്തിമുറിവേൽപ്പിക്കുവാൻ ആർ.എസ്.എസ്. കാർ മുന്നോട്ടു വന്നിരിക്കുന്ന ഒരു കാലഘട്ടമാണിത്. ആർ.എസ്.എസ്. നെ യാദവ് എതിർത്തു എന്നുള്ളതുകൊണ്ട് യാദവിനെ മുഖ്യമന്ത്രി സ്ഥാനത്തുനിന്നും പുറത്താക്കാൻ ജനസംഘം ഗൂഢമായ ശ്രമം നടത്തുകയുണ്ടായി. ഞാൻ ആരെയും പഴിചാരാൻ പറയുകയല്ല. വടക്കേ ഇൻഡ്യയിൽ നടക്കുന്ന സംഭവവികാസങ്ങൾ നമ്മുടെ കണ്ണു തുറപ്പിക്കണം. യാദവിനെ മുഖ്യമന്ത്രിസ്ഥാനത്തുനിന്നും നീക്കംചെയ്യാൻ ജനസംഘം ശ്രമിച്ചു. അവിടെ ഈയിടെയുണ്ടായ സംഭവവികാസങ്ങൾ നാം പരിശോധിക്കണം. യു.പി.യുടെ രാഷ്ട്രീയ ചരിത്രത്തിൽ ഇന്നേവരെയുണ്ടായിട്ടില്ലാത്ത ചില സംഭവവികാസങ്ങൾ അവിടെയുണ്ടായി. മൂന്നു മണിക്കൂറിനുള്ളിൽ മന്ത്രിസഭാ മാററമുണ്ടായി. യാദവിനെ മുഖ്യമന്ത്രിസ്ഥാനത്തുനിന്നും നീക്കി ബനാർസിദാസ് ഗുപ്ത മുഖ്യമന്ത്രിയായി. ഇത് എന്തുകൊണ്ടു സംഭവിച്ചു എന്നു നാം പരിശോധിക്കണം. ആർ.എസ്.എസ്.നോടുള്ള വിരോധംമൂലം ബീഹാറിലെ കർപ്പൂരിതാക്കൂർ മന്ത്രിസഭയെ മറിച്ചിടാൻ ജനസംഘം ശ്രമിക്കുകയുണ്ടായി; ആർ.എസ്.എസ്. ശ്രമിക്കുകയുണ്ടായി. എന്താണു കാരണം. കർപ്പൂരിതാക്കൂർ അവിടെയുള്ള പിന്നോക്ക സമുദായക്കാർക്കും ഹരിജനങ്ങൾക്കും സംവരണം നൽകാൻ തീരുമാനിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്ന ഒരൊററ കാരണംകൊണ്ടാണ് ആർ.എസ്.എസ്.കാർ കർപ്പൂരിതാക്കൂറിൻെറ മന്ത്രിസഭയ്ക്കെതിരായി വാളോങ്ങിയത്. എന്നിട്ട് അതു ഫലിച്ചില്ല. പിന്നോക്കസമുദായങ്ങൾക്കും ഹരിജനങ്ങൾക്കും എതിരായി ജനസംഘം മുന്നോട്ടുനീങ്ങിയാൽ അപകടമാണെന്നു ബോദ്ധ്യപ്പെട്ടിട്ടുള്ളതിൻെറ അടിസ്ഥാനത്തിൽ അവർ പിന്തിരിയുകയുണ്ടായി. സർ, അതുപോലെ ഹരിയാനയിൽ എന്തുണ്ടായി? ഹര്യാന മുഖ്യമന്ത്രി ദേവിലാലിനെ പുറത്താക്കാൻ ആർ.എസ്.എസ്.കാർ ശ്രമിക്കുകയുണ്ടായി. അവിടെയും ഫലിച്ചില്ല. ഞാൻ ഈയവസരത്തിൽ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യം ഓർമ്മിപ്പിച്ചുകൊണ്ട് ഒരു കാര്യം പറയാനാഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തു സവർണ്ണമേധാവിത്വം ഈ രാജ്യത്തെ പാവപ്പെട്ട ജനങ്ങളെ വളരെയേറെ കഷ്ടപ്പെടുത്തിയിട്ടുണ്ട്. ഇൻഡ്യയിൽ 15 കോടിയോളം വരുന്ന ഹരിജനങ്ങൾ അയിത്തക്കാർ ആയി മാറിയത് സവർണ്ണമേധാവിത്വത്തിൻെറ ജുഗുപ്സാവഹമായ നടപടി മൂലമാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. വടക്കേ ഇൻഡ്യയിൽ അയിത്തജാതിക്കാരായ ഹരിജനങ്ങളെ സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ വളരെ പിന്നോക്കം നീക്കിയിട്ടുള്ളതിൻെറ ഉത്തരവാദിത്വം അവിടത്തെ സവർണ്ണ മേധാവിത്വമാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. സർ, ഞാൻ ആരെയും കുററപ്പെടുത്തുന്നില്ല. അവരുടെ പ്രത്യയശാസ്ത്രം അതാണ്. അവർ പഠിച്ചതും അതുതന്നെയാണ്. അവരല്ലാതെ വേറെ ആരും ഈ രാജ്യത്തു പാടില്ലെന്നുള്ള തത്വസംഹിതയിൽ ഉറച്ചുനിൽക്കുകയാണവർ. അലിഗാറിൽ എന്തുണ്ടായി? അവിടെ അനേകം വരുന്ന മുസ്ലീങ്ങളെ, അനേകം മുസ്ലീം കുടുംബങ്ങളെ വഴിയാധാരമാക്കിയ സംഭവം എന്താണെന്നു നമുക്കറിയാം. അവിടെയുണ്ടായ കൈയേററങ്ങളും കൊലപാതകങ്ങളും എല്ലാം കുപ്രസിദ്ധമാണ്. ഈ സംഭവത്തെ സംബന്ധിച്ച് അന്വേഷിക്കുവാൻ നിയുക്തമായ കമ്മീഷൻെറ റിപ്പോർട്ടിൽതന്നെ ആർ.എസ്.എസ്.ൻെറ താണ്ഡവം മൂലം അവിടത്തെ പാവപ്പെട്ട ന്യൂനപക്ഷസമുദായങ്ങൾക്ക്, മുസ്ലീംങ്ങൾക്കും ഹരിജനങ്ങൾക്കും ജീവിക്കുവാൻ നിവൃത്തിയില്ലാതായിത്തീർന്നിരിക്കുന്നു എന്നാണു പറഞ്ഞിരിക്കുന്നത്. സർ, ഞാൻ ആർ.എസ്.എസ്.ൻെറ പഴയ ചരിത്രം ഒന്നു പരിശോധിക്കുവാൻ അഭ്യർത്ഥിക്കുകയാണ്. സ്വാതന്ത്ര്യലബ്ധിക്കുമുൻപു ഈ രാജ്യത്തെ ഹിന്ദുക്കളിൽ മതവിദ്വേഷം കുത്തിച്ചെലുത്തി മതന്യൂനപക്ഷങ്ങൾക്കു എതിരായി കുരിശുയുദ്ധം നടത്താൻ പ്രേരിപ്പിച്ചത് ആർ.എസ്.എസ്. ആണെന്നുള്ളത് ഒരു സത്യമാണ്. അനേകായിരം ആളുകളുടെ കൊലപാതകത്തിനു വഴി തെളിച്ച ആർ.എസ്.എസ്.ൻെറ പഴയ ചരിത്രം ഇന്നും നമുക്കു മറക്കാൻ കഴിയുന്നില്ല.

മഹാത്മാഗാന്ധിയെ ബോംബെറിഞ്ഞു കൊല്ലുന്നതിന് ആർ.എസ്.എസ്.-കാർ പരിപാടി ഇട്ടിരുന്നെങ്കിലും ഭാഗ്യവശാൽ ബോംബിന് അദ്ദേഹം വിധേയനായില്ല. അതിനുശേഷം ആർ.എസ്.എസ്.-കാരനായ ഗോഡ്സേയുടെ വെടിയുണ്ടയേററ് മരണമടഞ്ഞ കാര്യം നമുക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല. അങ്ങനെ ഈ രാജ്യത്തെ രാഷ്ട്രനേതാക്കൻമാരും ന്യൂനപക്ഷങ്ങളും ഹിന്ദുവിശ്വാസത്തിനും ഹിന്ദുക്കൾക്കും എതിരാണെന്നു വ്യാഖ്യാനിച്ചുകൊണ്ട് ന്യൂനപക്ഷസമുദായങ്ങൾക്കെതിരായി ആർ.എസ്.എസ്.-കാർ നടത്തുന്ന അക്രമപ്രവർത്തനങ്ങൾക്ക് വിരാമമിടേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്. അപകടമാണ്, ഇൻഡ്യയുടെ സ്ഥിതി അപകടമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ അവസരത്തിൽ ഒരുകാര്യം ബഹുമാനപ്പെട്ട പി.ആർ. കുറുപ്പിനെ ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കുറുപ്പ് ആവശ്യമില്ലാത്ത ഒരു ശരം മുഖ്യമന്ത്രിയുടെ നേരെ തൊടുത്തുവിട്ടു. ഈ പ്രമേയത്തിൽ ഒന്നുമില്ലെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഈ നിയമസഭയുടെ എല്ലാ ഭാഗത്തുനിന്നുമുണ്ടായ അഭിപ്രായ പ്രകടനങ്ങളുടെ അടിസ്ഥാനത്തിലാണ് സഭയുടെ അനുമതിയോടുകൂടി ഒരു ദിവസം ഇതിനുവേണ്ടി ചർച്ചചെയ്യാമെന്ന് ഉറപ്പ് നൽകിയത്. ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും അഭിപ്രായം ആദരിച്ചുകൊണ്ട് പ്രായോഗികമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണെന്ന പ്രഖ്യാപനത്തോടു കൂടിയാണ് ഇങ്ങനെ ഒരു ചർച്ചയ്ക്കു കളമൊരുക്കാമെന്ന് അന്ന് മുഖ്യമന്ത്രി സമ്മതിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രമേയം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം ഇവിടെ പറഞ്ഞത്, ഈ സഭയിലെ പ്രതിപക്ഷാംഗങ്ങളോടും മററ് ഏത് അംഗങ്ങളോടും ക്രിയാത്മകമായ നിർദ്ദേശം ഈ രാജ്യത്ത് ആർ.എസ്.എസ്.-കാർ അഴിച്ചുവിടുന്ന അരാജകത്വം അവസാനിപ്പിക്കാൻ നൽകിയാൽ അത് ഉരംക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ ഈ ഗവൺമെന്റ് തയ്യാറാണെന്ന്. അതും ബഹുമാനപ്പെട്ട കുറുപ്പ് വിമർശനബുദ്ധ്യാ നോക്കിക്കൊണ്ട് സംസാരിക്കുകയുണ്ടായി. സർ, ആർക്കും ഈ കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. ഈ രാജ്യത്തെ ജനങ്ങൾക്ക് പ്രത്യേകിച്ച് ന്യൂനപക്ഷങ്ങൾക്ക് സമാധാനത്തോടുകൂടി ജീവിക്കാൻ കഴിയണം. നാം മതേതരത്വത്തിനുവേണ്ടി നിലകൊള്ളുന്നു. സർ, ഞാൻ ഒരുകാര്യം പറയാനാഗ്രഹിക്കുകയാണ്. ഈ രാജ്യത്ത് ആർ.എസ്.എസ്.-കാർ എന്ത് അക്രമം അഴിച്ചുവിട്ടാലും ഇൻഡ്യയുടെ സംസ്ക്കാരം, ഇൻഡ്യയുടെ പാരമ്പര്യം, ഇൻഡ്യൻ ജനതയുടെ സംസ്ക്കാരം ഇൻഡ്യൻ ജനങ്ങളുടെ പാരമ്പര്യം, ഈ രാജ്യത്ത് അക്രമത്തിന് വഴി തെളിക്കുകയില്ലെന്ന് നമുക്കു പരിപൂർണ്ണമായി വിശ്വസിക്കാം. ഞാൻ ഒന്നുകൂടി കൂട്ടിച്ചേർക്കട്ടെ, ആർ.എസ്.എസ്.-കാരുടെ ശക്തി ചെറുതല്ല സർ. 1978 മാർച്ച് 12-ാം തീയതിയിലെ ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ ഒരു ലേഖനമുണ്ട്. രമേഷ്ചന്ദ്രൻ എഴുതിയ ഒരു ലേഖനമുണ്ട്. അതിൽ പറഞ്ഞിരിക്കുന്നു. "Lathi training is one of the exercises imparted Hindu youths in the Shakhas throughout the country. It is estimated that nearly 20 lakhs attend the morning classes." 20 ലക്ഷം ആളുകൾ രാവിലെ നടത്തുന്ന ഈ ലാത്തി ട്രെയിനിംഗിൽ പങ്കെടുക്കുന്നുവെന്ന് വ്യക്തമായി പ്രതിപാദിച്ചിരിക്കുകയാണ്. സർ, ഇതൊരു ചെറിയകാര്യമാണെന്ന് ആരും ധരിച്ചുപോകരുത്. നമ്മുടെ ഈ രാജ്യത്ത് വളർന്നുവരുന്ന തലമുറയിൽ മതവിദ്വേഷത്തിന്റെ വിഷം കുത്തിച്ചെലുത്തി അന്യോന്യം ജനങ്ങൾ വെട്ടിക്കൊല്ലുന്നരീതിയിൽ അവരെ വളർത്തിയെടുക്കുന്ന ഇത്തരം പരിപാടികൾ അവസാനിപ്പിക്കേണ്ടത് നമ്മുടെ ആവശ്യമാണ്; ഈ രാജ്യത്തിന്റെ ആവശ്യമാണ്; ഈ രാജ്യത്തെ ജനങ്ങളുടെ ആവശ്യമാണ്. വളർന്നുവരുന്ന ഈ പ്രവണതയെ അവസാനിപ്പിക്കാൻ രാഷ്ട്രനേതാക്കൻമാരും സാമൂഹ്യ പ്രവർത്തകൻമാരും ഒന്നിച്ചിറങ്ങി ആത്മാർത്ഥമായി പ്രവർത്തിക്കണമെന്നാണ് പറയാനുള്ളത്.

സർ, മറെറാരുകാര്യം ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ മറെറാരു പ്രസിദ്ധീകരണത്തിൽ, ഇൻഡ്യ ടു ഡേ എന്ന പ്രസിദ്ധീകരണത്തിൽ അതിന്റെ കവർപേജിൽതന്നെ ഒരു ചിത്രമുണ്ട്. ആ കവർപേജിൽ ആയിരക്കണക്കിന് യുവാക്കൾ ലാത്തിധരിച്ചുകൊണ്ട് ട്രെയിനിംഗ് എടുക്കുന്ന പടമാണ് എന്റെ കയ്യിലുള്ളത്. ഇതൊന്നും രഹസ്യമായ കാര്യമല്ല, പരസ്യമായ കാര്യമാണ്. ലാത്തിയും മററ് ആയുധ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും ഉപയോഗിച്ച് ഈ രാജ്യത്ത് എന്തും ചെയ്യാൻ ആവശ്യമായ ട്രെയിനിംഗ് നൽകുന്ന ഒരു പ്രസ്ഥാനം ഇവിടെ വളർന്നുവരുന്നത് ഈ രാജ്യത്തിൻെറ ഭാവിക്ക് ആപത്താണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, ഒരുഭാഗ്യമുള്ളത്—ജനതാപാർട്ടിയെ ഞാൻ കുററം പറയുന്നില്ല. ജനതാപാർട്ടിയിൽത്തന്നെ ആർ.എസ്.എസ്.-നെ തള്ളിപറയുന്ന നേതാക്കൻമാർ മുന്നോട്ടു വന്നിരിക്കുന്നു. യു.പി.-യിൽ ജനതയുടെ അക്രമം സഹിക്കവെയ്യാതായപ്പോഠം അവിടെത്ത ജനങ്ങളുടെ നേരെ ആർ.എസ്.എസ്.കാർ കാര പ്രയോഗിക്കാൻ തുടങ്ങിയപ്പോഠം പണ്ട് അഭിപ്രായവ്യത്യാസത്തിൻെറ പേരിൽ മാറിനിന്നിരുന്ന ശക്തൻമാരായ രണ്ടുനേതാക്കൻമാർ ഒന്നിച്ച്ചേരുകയുണ്ടായി. ബഹുഗുണയും ഇൻഡ്യയുടെ ഡപ്യൂട്ടി പ്രധാനമന്ത്രിയായ ചരൺസിംഗും കയ്യോടുകൈ കോർത്തുപിടിച്ചുകൊണ്ട് ഉത്തരപ്രദേശിൽ നടക്കുന്ന നരനായാട്ടിനെതിരായി രംഗത്ത് ഇറങ്ങി പ്രവർത്തിക്കാൻ തയ്യാറായത് ആശ്വാസകരമാണ്. പ്രഗൽഭൻമാരായ നേതാക്കൻമാർ, ജനതയിലുള്ള നേതാക്കൻമാർതന്നെ ഈ പ്രവണതയ്ക്കെതിരായി രംഗത്തിറങ്ങിയിരിക്കുന്നു. ബീഹാർ, ഹരിയാന, കർണ്ണാടകം ഇതുപോലുള്ള സംസ്ഥാനങ്ങളിലൊക്കെ ആർ.എസ്.എസ്.-ൻെറ ഭീഷണിക്കെതിരായി ന്യൂനപക്ഷസമുദായങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ജനനേതാക്കൻമാർ രംഗത്തിറങ്ങിയിരിക്കുന്നു എന്നുള്ളത് ആശ്വാസകരമാണ്.

സർ, എൻെറ പാർട്ടി, ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എന്നും ആർ.എസ്.എസ്.-ന് എതിരായി നിലകൊണ്ടിട്ടുള്ള ഒരു പാർട്ടിയാണ്. എല്ലാ വർഗ്ഗീയകക്ഷികഠംക്കുമെതിരായി, വർഗ്ഗീയപാർട്ടികഠംക്കുമെതിരായി നിലകൊണ്ടിട്ടുള്ള, ധീരമായി പടപൊരുതിയിട്ടുള്ള പ്രബുദ്ധതയുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്. അതനുസരിച്ച് ധീരമായിതന്നെ എൻെറ സംഘടന മുന്നോട്ടു നീങ്ങും. മതേതരത്വത്തിനുവേണ്ടി നിലകൊള്ളുന്ന ഈ സംഘടന, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്, ഒരിക്കലും ഈ പ്രവണതയ്ക്കനുകൂലമായി ഒരു അക്ഷരംപോലും പറയുകയില്ലെന്നു മാത്രമല്ല അവസാനം വരെ ഈ പ്രവണതയ്ക്കെതിരായി നിലകൊള്ളുമെന്ന് ഈ അവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു സർ.

മി. സ്പീക്കർ: ചായ കുടിക്കാൻവേണ്ടി സഭ അൽപ്പനേരത്തേയ്ക്ക് നിറുത്തി വയ്ക്കുന്നതാണ്. പത്രപ്രതിനിധികളെക്കൂടി ചായക്കു ക്ഷണിക്കുന്നു.

(സഭ ചായക്കുവേണ്ടി 5 മണിക്ക് പിരിയുകയും ബഹു. ഡെ. സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും 5.15-ന് സമ്മേളിക്കുകയും ചെയ്തു.)

ശ്രീ. എം.വി. രാഘവൻ: സർ, ഞാൻ ഈ പ്രമേയത്തെ പൊതുവായി അനുകൂലിക്കുകയാണ്. ആർ.എസ്.എസ്.-ൻെറ അക്രമരാഷ്ട്രീയത്തെക്കുറിച്ചാണ് നമ്മഠം ഇവിടെ ചർച്ചചെയ്യാൻ പോകുന്നത്. രാഷ്ട്രീയം എന്ന് അതിനു പറഞ്ഞുകൂടല്ലോ. അവർ പറയുന്നത് അവർ രാഷ്ട്രീയമില്ലാത്തവരാണ്, ഹിന്ദുക്കളെ നന്നാക്കാൻ പുറപ്പെട്ടവരാണ്, ഹിന്ദുസംസ്കാരത്തെ രക്ഷിക്കാൻ പുറപ്പെട്ടവരാണ് എന്നാണ്. എന്തുപേരിൽ അറിയപ്പെട്ടാലും ശരി ഈ രാജ്യത്തെ ജൻമി-മുതലാളി വർഗ്ഗത്തേയും സ്ഥാപിതതാൽപ്പര്യക്കാരേയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പടയാണ് ഇതെന്നാണ് എൻെറ പാർട്ടിയുടെ അഭിപ്രായം. ജൻമി-മുതലാളിവർഗ്ഗമാണ് ഇൻഡ്യയിൽ അതിനു സംരക്ഷണം നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

അതിനു വളം നൽകുന്നത്; അതിനെ എല്ലാവിധത്തിലും സഹായിക്കുന്നത്. അവരാണ് ഈ ആർ.എസ്.എസ്.-നെ തീററിപ്പോററുന്നത്. ആർ.എസ്.എസ്.-ൻെറ ലക്ഷ്യം ഹിന്ദുക്കളെ രക്ഷിക്കലല്ല. കോൺഗ്രസ് ഭരണാധികാരികൾ ഈ രാജ്യത്തെ കുത്തകമുതലാളിമാർക്കും ഭൂപ്രഭുക്കൻമാർക്കും ഉണ്ടാക്കിക്കൊടുത്ത സമ്പദ്ഘടനയെ സംരക്ഷിക്കലാണ്, അവരുടെ ലക്ഷ്യം. അതു സാധിക്കണമെങ്കിൽ തൊഴിലാളികളെ തമ്മിലടിപ്പിക്കണം, കൃഷിക്കാരെ തമ്മിലടിപ്പിക്കണം, സാധാരണ ജനങ്ങളെ തമ്മിലടിപ്പിക്കണം. എങ്കിൽമാത്രമേ സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഇവിടത്തെ ഭൂപ്രഭുക്കൻമാരും കുത്തകമുതലാളിമാരും നേടിവച്ചിട്ടുള്ള സമ്പദ്ഘടന സംരക്ഷിക്കാൻ കഴിയൂ.

ശ്രീ. കെ. ശങ്കരനാരായണൻ: കഴിഞ്ഞ തിരഞ്ഞെടുപ്പിൽ മാർക്സിസ്ററ് പാർട്ടി ഈ അടിസ്ഥാനത്തിലാണോ മൽസരിച്ചത്?

ശ്രീ. എം.വി. രാഘവൻ: അതു പറയാം, വളരെ കാര്യമായിത്തന്നെ പറയാം. സർ, അവർ ഹിന്ദു സവർണ്ണമേധാവിത്വത്തിനാണ് ശ്രമിക്കുന്നത്. പാവപ്പെട്ട ഹരിജനങ്ങളെയും പിന്നോക്കം നിൽക്കുന്ന ആളുകളെയും അടിമപ്പെടുത്താനാണ് അവർ ആഗ്രഹിക്കുന്നത്. അതിൻെറ രാഷ്ട്രീയമായ സിദ്ധാന്തം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതിനോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. 'നാസികളുമായി അല്ലാതെ വേറെ ആരുമായും ഈ ലോകത്ത് ആർ.എസ്.എസ്.-നെ ബന്ധപ്പെടുത്താൻ സാധിക്കുകയില്ല. മാർക്സിസ്ററ് കമ്മ്യൂണിസ്ററുകാർ ജനതാ പാർട്ടിയുമായി യോജിച്ചതുകൊണ്ടാണ് അപകടമുണ്ടായതെന്ന് ചിലർ ഇവിടെ പറഞ്ഞു. ഞങ്ങൾ ജനതയുമായി യോജിച്ചു, യാതൊരു നാണവുമില്ലായിരുന്നു. ജയിലിൽ കിടക്കാൻ കഴിയുകയില്ല എന്നു പറഞ്ഞ് മാപ്പെഴുതിയിട്ട്—കോൺഗ്രസ്സായതുപോലെയൊന്നും ഞങ്ങൾ ആയില്ല. അഭിമാനമുള്ള പാർട്ടിയാണ് എൻെറ പാർട്ടി എന്ന് ചോദിച്ച ആളോടു ഞാൻ പറയുകയാണ്. നിങ്ങൾപോയ പോലെയൊന്നും ഞങ്ങളാരും പോയിട്ടില്ല. ഇന്ദിരാഗാന്ധിയുടെ സ്വേച്ഛാധിപത്യത്തെ ചവിട്ടിപ്പുറത്താക്കുന്നതിനുവേണ്ടി ഞങ്ങൾ ജനതാപാർട്ടിയുമായി കൂട്ടുകൂടി. അതിൻെറ പല ഘടകങ്ങളുമായും യോജിച്ചു. ആ കാര്യത്തിൽ ഇന്നും അവരുമായി യോജിപ്പാണ്. മേലിലും ഇന്ദിരാഗാന്ധിയുടെതിരിച്ചുവരവിനെ ചെറുക്കുന്നതിൽ ജനതാ പാർട്ടിയുമായി യോജിക്കും; ആർ.എസ്.എസ്.-നെ ചെറുക്കുകയും ചെയ്യും. രണ്ടും ഒപ്പം നടക്കും. ജയിലിൽപോകാൻ പേടിച്ചിട്ട് മാപ്പൊന്നും എഴുതിക്കൊടുക്കുകയില്ല. അതാണ് ഞങ്ങളുടെ പാർട്ടിയുടെ നിലപാടെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ഞാൻ ഈ പ്രമേയത്തോടു യോജിക്കുന്നത് മുഖ്യമന്ത്രി പറഞ്ഞതുപോലെ, ഇത് ഫാസിസ്ററ് രീതിയിലുള്ള ഒരു സംഘടനയാണ്, ഇതിനെ ചെറുക്കണം എന്നതു കൊണ്ടാണ്. കോൺഗ്രസ് (ഐ) യുടെ നേതാവ് പി.ആർ. കുറുപ്പ് പറയുന്നത് മാർക്സിസ്ററുകാരെ പ്രീണിപ്പിക്കാൻ വേണ്ടിയാണ് ഈ പ്രമേയം കൊണ്ടുവന്നതെന്നാണ്. അതിൻെറ അർത്ഥം അതാണ്. എന്തായാലും ഞാൻ കുറുപ്പിനോടു കൃതജ്ഞതപറയുകയാണ്. കാരണം എന്താണെന്ന് പറഞ്ഞാൽ മാർക്സിസ്ററുകാർ എന്തായാലും ഈ ആർ.എസ്.എസ്.-ന് എതിരായി ശക്തിയായ നിലപാടെടുക്കുന്ന ആളായതുകൊണ്ടല്ലേ അവരെ പ്രീണിപ്പിക്കാൻ വേണ്ടിമുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചത്. കുറുപ്പിൻെറ പാർട്ടി എവിടെ നിൽക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് എനിക്കറിയേണ്ടത്. അതേപ്പററി പറയാതെ വേറെ വർത്തമാനം പറഞ്ഞതുകൊണ്ടൊന്നും വലിയ കാര്യമില്ല. ഈ രാജ്യത്ത് മാർക്സിസ്ററു കാരും, കമ്മ്യൂണിസ്ററുകാരും അക്രമം ചെയ്യുന്നുവെന്ന് കുറുപ്പ് പറഞ്ഞു. ഞങ്ങൾ ആരേയും ആക്രമിക്കാൻ വേണ്ടി പുറപ്പെട്ടിട്ടില്ല. ഒരു രാജ്യത്തെ നിയമസമാധാനത്തെ വെല്ലുവിളിച്ചുകൊണ്ടു വടിയും, കത്തിയും, ബോംബു മായിട്ട് ഒരു തരം ഗുണ്ടാ സംഘങ്ങൾ തെരുവിൽ ഇറങ്ങുമ്പോൾ കഴുത്തു കാണിച്ചുകൊടുക്കണമെന്ന് കുറുപ്പ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ കുറുപ്പി നോട് ഞാൻ പറയാം— കുറുപ്പ് ഈ പണിയെടുത്തപ്പോൾ ഞങ്ങൾ കഴുത്തു കാണിച്ചുതന്നിട്ടില്ലെന്ന് കുറുപ്പു മനസ്സിലാക്കുന്നത് നല്ലതാണ്. അതു മാത്രമേ എനിക്കു പറയാനുള്ളു. അല്ലാതെ ഞങ്ങൾ ആരോടും അക്രമം കാണിച്ചിട്ടില്ല. ഒരു കാര്യം തീർച്ചയാണ്, ആർ.എസ്.എസ്.-നെപ്പററി ഇവിടെ ചർച്ച ചെയ്തതുകൊണ്ടു അവർ ഒരു മഹാമേരുവാണെന്ന ധാരണ യൊന്നും എൻെറ പാർട്ടിക്കില്ല. ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഇൻഡ്യൻ സമൂഹത്തിൽ ഏററവും ഒററപ്പെട്ട സംഘടനയാണ് ഈ ആർ.എസ്.എസ്. എന്നു പറഞ്ഞാൽ നിഷേധിക്കാൻ സാധിക്കുകയില്ല. മഹാത്മാ ഗാന്ധിയെ 1948-ൽ വെടിവച്ചു കൊന്നപ്പോഴാണ് ഇൻഡ്യൻ രാഷ്ട്രീയ ത്തിലും ഇൻഡ്യൻ സമൂഹത്തിലും ആർ.എസ്.എസ്. ഒററപ്പെട്ട ഒരു ഘട്ടം ഉണ്ടായത്. അതിലും ഒററപ്പെട്ട ഒരു ഘട്ടത്തിലാണ് ആർ.എസ്.എസ്. ഇന്ന്. അതുകൊണ്ട് ആർ.എസ്.എസ്. ഇന്ന് ഒരു പ്രബല ശക്തിയാണ്. എല്ലാപേരും ഇപ്പോൾ അതിനെ ഭയപ്പെട്ടി ട്ടാണ് നടക്കുന്നതെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ അത് തെററാ ണെന്നാണ് ആർ.എസ്.എസ്.-ൻെറ അനുയായികളോട് എനിക്ക് പറയാ നുള്ളത്. ഇന്ന് ഇൻഡ്യയിലെ ഏററവും ഒററപ്പെട്ട ഒരു കാലഘട്ടത്തി ലാണ് ആർ.എസ്.എസ്. നെ സംബന്ധിച്ചിടത്തോളം. നമുക്കറിയാ വുന്നതുപോലെ ഇൻഡ്യയിൽ ഒരു രാഷ്ട്രീയ പാർട്ടിയും പ്രത്യക്ഷത്തിൽ അതു പറയുന്നില്ല; കുറുപ്പിനെപ്പോലെ ചിലർ പറയുമ്പോൾ ഒന്നു കൂടി ക്കൊടുക്കുകയല്ലാതെ. എന്നാലും കുറുപ്പിൻെറ പാർട്ടി ഇപ്പോൾ ആർ.എസ്.എസ്.-നെ അനുകൂലിക്കുന്നു എന്നു പറയുകയില്ല. കരുണാകരൻെറ പാർട്ടി പറയുമെന്നും തോന്നുന്നില്ല. ജനതാപാർട്ടി മൊത്ത ത്തിൽ ആർ.എസ്.എസ്.-ന് അനുകൂലമാണെന്ന് പറയുമെന്ന് തോന്നു ന്നില്ല. ജനതാപാർട്ടിയിലെ ബി.എൽ.ഡി. അടികൊണ്ടിട്ടാണെങ്കിലും.... ഇപ്പോൾ മുഖ്യമന്ത്രിക്ക് ഒരു കുത്തുകൊണ്ടു. ഇപ്പോൾ യു.പി.-യെ സംബന്ധിച്ചു പറഞ്ഞാൽ, അവിടെ അവർ ശക്തമായ നടപടിയെടുത്തി ട്ടുണ്ട്. മുൻപ് യു.പി.-യിലെ മന്ത്രിമാർ അലിഗഢിലെ ലഹള നടന്ന പ്പോൾ എന്താണ് ചെയ്തത്? അവിടെ ലഹള നടന്നപ്പോൾ ആർ.എസ്. എസ്. കാരായിട്ടുള്ള പഴയ ജനസംഘം മന്ത്രിമാർ അവിടെ പോയിട്ട് ആ ലഹളയിൽ ന്യൂനപക്ഷ സമുദായത്തിനെതിരായി ആക്രമണം നടത്തുന്ന ആളുകൾക്ക് പിന്തുണനൽകി. ആ പിന്തുണ നൽകുന്ന മുഖ്യമന്ത്രിയുടെ ആൾക്കാരെ തന്നെ ആർ.എസ്.എസ്.-കാർ കുത്തി. ഇപ്പോൾ ഏതായാലും ബി.എൽ.ഡി.-യും ജനതാപാർട്ടിയിലെ യു.പി. ഗവൺമെൻറും, ആർ.എസ്.എസ്.-ന് എതിരായി ശക്തിയായ നടപടികൾ എടുക്കാൻ തയ്യാറായിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഞാൻ ചോദിക്കട്ടെ ജനതാ പാർട്ടിയിലെ ചരൺസിംഗിൻെറ ബി.എൽ.ഡി.യും (ജഗജീവൻ റാമിൻെറ) ജനതാപാർട്ടിയിൽത്തന്നെയുള്ള സോഷ്യലിസ്ററുകാരിൽ ഭൂരിപക്ഷവും മധുലിമായെപ്പോലെ ധീരമായി ഈ വർഗ്ഗീയതയെ ചെറുക്കുന്ന മാന്യൻ മാരായ സോഷ്യലിസ്ററുകളെ നമുക്ക് സ്മരിക്കാതെവേണ്ടി സാധിക്കും. ചിലസോഷ്യലിസ്ററുകൾ തെരഞ്ഞെടുപ്പിൽ ജയിക്കണമെന്ന് വച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്സ്.എസ്സ്.-നെ കൂട്ടുപിടിച്ചെങ്കിൽ അത് വേറെ കിടക്കട്ടെ സർ. പക്ഷേ ഈ രാജ്യത്ത് മധുലിമായെപ്പോലുള്ളസോഷ്യലിസ്റ്റുകാരും അതുപോലെതന്നെ ജഗജീവൻറാമിന്റെ സി.എഫ്.ഡി.-യും—അതുപോലെതന്നെ ചരൺസിംഗിന്റെ ബി.എൽ.ഡി.യും സംഘടനാ കോൺഗ്രസിന്റെ ഒരു പ്രബല വിഭാഗവും അതെല്ലാം ജനതാപാർട്ടിയിൽപ്പെട്ട വരാണ്. അവരും ജനതാപാർട്ടിയിലെ ബഹുഭൂരിപക്ഷവും ഈ ആർ.എസ്സ്.എസ്സ്.-ന്റെ അക്രമങ്ങളെ ചെറുക്കുന്നതിന് ഒരു പൊതുദേശീയ മുന്നണിയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കാതെ പോയതുകൊണ്ടു യാതൊരു കാര്യവുമില്ല. അത് ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിൽ ആർ.എസ്സ്.എസ്സ്. എന്ന സംഘടനയെകുഴിച്ചു മൂടാനുള്ള പുറപ്പാടിന്റെ തുടക്കമാണ് എന്ന യാഥാർത്ഥ്യം ആരും വിസ്മരിച്ചിട്ടു കാര്യമില്ല. ജനതാപാർട്ടിയിലെ ജനസംഘവും ചില വ്യക്തികളും ആർ.എസ്സ്.എസ്സ്.-നെ സഹായിക്കുന്നുണ്ടാകാം. അതൊഴിവാക്കിയാൽ ജനതാപ്പാർട്ടിയിലെ മുഴുവൻ പേരും മറ്റെല്ലാ പാർട്ടികളും ആർ.എസ്സ്.എസ്സ്.-നെ ചെറുക്കുന്നിടത്ത് എത്തിയിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ആർ.എസ്സ്.എസ്സ്. ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഏററവും ഒററപ്പെട്ട ഒരു ഘട്ടത്തിൽ ആണെന്ന്. അതുകൊണ്ടാണ് അവർ സായുധ സംഘട്ടനത്തിനു വേണ്ടി പുറപ്പെട്ടിട്ടുള്ളത്.

സർ, ഈ രാജ്യത്ത് മതേതര ജനാധിപത്യം പോലുള്ള പല വാക്കുകളും ഉപയോഗിക്കുന്നുണ്ട്. ഇൻഡ്യാഗവൺമെന്റ് ഈ രാജ്യത്തെ ഭരണഘടനയോടു കൂറു പ്രഖ്യാപിച്ചിട്ടുള്ള ഒരു ഗവൺമെൻറാണ്. ഭരണഘടന അംഗീകരിച്ചു സത്യപ്രതിജ്ഞ ചെയ്തിട്ടുള്ള ഒരു ഗവൺമെൻറാണ്. ജനസംഘത്തിന്റെ രണ്ടു മന്ത്രിമാർ ഈയിടെ ദേവരശ് പ്രസംഗിക്കുന്ന ആർ.എസ്സ്.എസ്സ്.-ന്റെ റാലിയിൽ പോയത് നമുക്കെല്ലാം അപമാനകരമായിപ്പോയി. അത് ജനതാ നേതൃത്വം മനസ്സിലാക്കേണ്ടതാണ്. മഴയുംകൊണ്ട് കുത്തിയിരുന്ന് സുബ്രഹ്മണ്യ സ്വാമിയെപ്പോലെ ചില ജനസംഘം എം.പി.മാർ അവിടെ ഇരുന്ന് ഈ പ്രസംഗം കേട്ടു. അത് നമ്മുടെ രാജ്യത്തിന് അപമാനകരമാണ്. അത് തിരുത്തേണ്ടതാണ് എന്ന് ജനതാപ്പാർട്ടിയിലെ ഭൂരിപക്ഷം മനസ്സിലാക്കുന്നുണ്ടെങ്കിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. അതുകൊണ്ട് ഈ രാജ്യത്തിലെ ജനതാപാർട്ടിയിലെ ബഹുഭൂരിപക്ഷം ആളുകളും മറെറല്ലാകക്ഷികളും ചേർന്നുകൊണ്ടു തന്നെ ജനസംഘത്തിന്റെയും അതിന്റെ പിൻപന്തിയിലുള്ള ഈ ആർ.എസ്സ്.എസ്സ്. എന്ന അക്രമ ശക്തിയേയും നിലയ്ക്കു നിർത്താനുള്ള ഒരു പ്രസ്ഥാനം ഇൻഡ്യയിൽ ഉണ്ടാക്കി വരികയാണ്. ആ പ്രസ്ഥാനത്തോടൊപ്പം കേരളവും ഉണ്ടെന്ന് കാണിക്കുന്നതിന് ഉപയുക്തമാകും ഈ പ്രമേയവും എന്നതുകൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നത്; എന്റെ പാർട്ടി ഈ പ്രമേയത്തെ അനുകൂലിക്കുന്നത്. അതേ അവസരത്തിൽ ഞാൻ മുഖ്യമന്ത്രിയോടു ചോദിക്കട്ടെ നമുക്ക് പൊതുവായി ഈ പ്രമേയത്തോടു വിയോജിപ്പില്ല. പൊതുവായി പ്രമേയം പാസ്സാക്കണം. ഗവൺമെൻറ് ഈ ആർ.എസ്സ്.എസ്സ്. നെ നേരിടുന്നതിന് ഈ ഗുണ്ടാസംഘത്തെ നേരിടുന്നതിന് (ഗുണ്ടാസംഘങ്ങരം എന്ന് ഞാൻ പറഞ്ഞാൽ വേദനയുണ്ട്, അങ്ങനെ പറയേണ്ടിവന്നതിൽ-പക്ഷെ അതല്ലാതെ വേറെ വാക്കില്ല) ഈ ആർ.എസ്സ്.എസ്സ്.-നെ നേരിടുന്നതിന് ഈ ഗവൺമെൻറ് ശക്തിയായ നടപടികരം സ്വീകരിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതല്ലെന്നു പറയാൻ സാധിക്കുമോ? കണ്ണൂർ ജില്ലയിൽ ആർ.എസ്സ്.എസ്സ്.-കാർ കഴിഞ്ഞ കുറെ മാസങ്ങളായി മാർക്സിസ്റ്റ്കാർ

LIBRARY ARCHIVES Kerala Legislative Assembly

ക്കെതിരായി ആക്രമണം നടത്തുകയാണ്. അത് മാർക്സിസ്ററ് കമ്മ്യൂണിസ്ററുകാരും അതുപോലെതന്നെ ആർ.എസ്.എസ്. കാരും തമ്മിലുള്ള സംഘട്ടനമായി ചിലർ ചിത്രീകരിക്കുന്നുണ്ട്. അതാണ് ശ്രീമാൻ കുറുപ്പും ഇവിടെ പറഞ്ഞത്. ഞങ്ങളും ആർ.എസ്.എസ്.-കാരുമായി യാതൊരു വൈരവുമില്ല. പക്ഷെ ഈ രാജ്യത്തെ ന്യൂനപക്ഷ സമുദായങ്ങൾക്കെതിരായി ആക്രമണം നടത്തുന്ന ഈ ആർ.എസ്.എസ്.-നെ ചെറുക്കുന്ന ഏക പാർട്ടിയെന്ന് പറയുന്നില്ല; ചെറുക്കുന്ന പാർട്ടികളിൽ മുന്നണിയിൽ നിൽക്കുന്ന പാർട്ടി മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയാണ്. ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടിയായതുകൊണ്ടാണ് ഞങ്ങൾക്കെതിരായി ഈ ആക്രമണം നടത്തുന്നത്. അത് മനസ്സിലാക്കാതെ ഇത് മാർക്സിസ്ററ് ആർ.എസ്.എസ്. സംഘട്ടനമെന്ന് ചിത്രീകരിച്ച് ആർ.എസ്.എസ്.-നെ ആരുതന്നെ രക്ഷിക്കാൻ വേണ്ടി നടന്നാലും യു.പി.-യിലെ യാദവിനു കിട്ടിയതുപോലെയുള്ള അനുഭവമായിരിക്കും പിന്നീട് കിട്ടുക, എന്നുമാത്രമേ എനിക്ക് അവരെ ഓർമ്മപ്പെടുത്താനുള്ളു. അതുകൊണ്ടു ആർ.എസ്.എസ്. കാർ ഞങ്ങൾക്കെതിരായി എന്തുകൊണ്ടു വരുന്നുവെന്ന് എനിക്കറിയാം. ഞങ്ങൾ ഈ രാജ്യത്തെ ന്യൂനപക്ഷത്തിൻെറ രക്ഷയ്ക്കുവേണ്ടി നിലകൊള്ളുന്നു. ഞങ്ങൾ ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടിയാണ്. ഞങ്ങൾ ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന വർഗ്ഗത്തിൻെറ പാർട്ടിയാണ്. ഞങ്ങൾക്ക്, ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാർസി എന്ന രീതിയിൽ ചിന്തിക്കേണ്ട ആവശ്യമില്ല. ഒരാൾ തൊഴിലാളിയാണോ, കൃഷിക്കാരനാണോ, കർഷകത്തൊഴിലാളിയാണോ, എന്നുനോക്കി, അവൻെറ മോചനത്തിനുവേണ്ടിയാണ് ഞങ്ങൾ പൊരുതുന്നത്. ഏതുജാതിയാണെന്നും ഏതുമതമാണെന്നും ഞങ്ങൾ നോക്കാറില്ല. അതുകൊണ്ടാണ് ഞങ്ങൾ ഈ രാജ്യത്തെ മതവിദ്വേഷികളെ അതല്ലെങ്കിൽ മതം ഉപയോഗിച്ചുകൊണ്ടു ഈ രാജ്യത്തെ കശാപ്പ് നടത്താൻ പുറപ്പെടുന്നവരെ ചെറുക്കുന്നത്. അതു മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ആർ.എസ്.എസ്.കാർ ഞങ്ങൾക്കെതിരായി ആക്രമണങ്ങൾ നടത്തുന്നത് എന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു കാര്യം വ്യക്തമാണ്. ആരുതന്നെ ഞങ്ങളെ എതിർക്കാൻ പുറപ്പെട്ടാലും ഞങ്ങൾ ആ വഴിയിൽ നിന്നും പിന്തിരിയുകയില്ല എന്നു ഞാൻ അവരെ ഓർമ്മപ്പെടുത്തുന്നു. ഈ കേരളത്തിലുണ്ടായ തലശ്ശേരി സംഭവം. ഞാൻ ആ പഴയ കഥകളിലേക്കൊന്നും പോകുന്നില്ല. അന്ന് മാർക്സിസ്ററ് ആക്രമണത്തിൻെറ കെട്ടുകഥകൾ പലരും ചമച്ചിട്ടുണ്ട്. പക്ഷെ സർവ്വരും എതിർത്തിട്ടും അന്ന് തലശ്ശേരി തെരുവിൽ ന്യൂനപക്ഷത്തിൻെറ രക്ഷയ്ക്കുവേണ്ടി ജീവൻ കൊടുത്തത് കമ്മ്യൂണിസ്ററുകാരനാണെന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. ന്യൂനപക്ഷത്തിൻെറ രക്ഷയ്ക്കുവേണ്ടി നടക്കേണ്ടിവന്നിട്ടുള്ള ഒരാൾക്കും ജീവൻ കൊടുക്കേണ്ടിവന്നിട്ടില്ല ന്യൂനപക്ഷത്തിൻെറ രക്ഷയ്ക്ക് ജീവൻ കൊടുക്കേണ്ടിവന്നത് സഖാവ് യു.കെ. കുഞ്ഞുരാമനെപ്പോലുള്ളവരാണ്. കമ്മ്യൂണിസ്ററ്കാരനാണെന്നുള്ളതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. അന്നും ഞങ്ങൾ തല നിവർത്തിത്തന്നെ നടന്നിട്ടുണ്ട്. ഈ റൗഡിസത്തെ അന്നും ഞങ്ങൾ എതിർത്തുതോൽപ്പിച്ചിട്ടുണ്ട്. അത് കൊണ്ടു മേലിൽ അതിനെതിരായ എതിർത്തുനിൽപ്പ് ഞങ്ങൾ തുടരും. ഞങ്ങളുടെ 4 ആളുകൾ തലശ്ശേരിക്കു ചുററുപാടിലുമായി മരിച്ചു. അതു ഈ നിയമസഭയിൽ തന്നെ രണ്ടുവട്ടം അടിയന്തിരപ്രമേയമായികൊണ്ട് വന്നിട്ടുള്ളതാണ്. ഞങ്ങളുടെ ആളുകളെ വെട്ടിക്കൊല്ലുന്നത് നോക്കിയിരിക്കണമെന്നാണോ മുഖ്യമന്ത്രി ഉദ്ദേശിക്കുന്നത്? അതാണ് എനിക്കു ഈ സ്റേറററിനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ പറയാനുള്ളത്. എന്താണ് തലശ്ശേരിക്കു ചുററുപാടും പോലീസ് എടുക്കുന്ന നടപടികൾ?

LIBRARY ARCHIVES Kerala Legislative Assembly

സാമുദായ ലഹള മുമ്പുണ്ടായത് തലശ്ശേരിയിലാണ്. എങ്ങനെയാണ് ലഹളയുണ്ടായത്? തലശ്ശേരി നൂർജിഹാൻ ഹോട്ടലിന്റെ പിൻഭാഗത്ത് 10 ആർ.എസ്.എസ്. കാർ കല്ലും വടിയും എടുത്തുനിന്നു. എന്നിട്ട് ഒരു കലശഘോഷയാത്രയായി കുറെ ആർ.എസ്.എസ്.-കാർ വന്നു. കലശഘോഷയാത്ര നൂർജിഹാൻഹോട്ടലിന്റെ മുന്നിൽ എത്തിയപ്പോൾ അവിടെയുണ്ടായിരുന്ന ആർ.എസ്.എസ്.-കാർ പിന്നിൽനിന്നും കല്ലെറിഞ്ഞു. അങ്ങനെ ആർ.എസ്.എസ്. കാർ മുസ്ലീംങ്ങളെ കല്ലെറിഞ്ഞു എന്നുപറഞ്ഞിട്ടാണ് അവർ ആക്രമണം അഴിച്ചുവിട്ടത്. ആ രീതിയിലാണ് ആർ.എസ്.എസ്. കാർ തലശ്ശേരി നഗരം മുഴുവനും കൊള്ളയടിക്കുന്ന ഒരു സ്ഥിതിവരെ എത്തിയത്. അതിന്റെ മറെറാരു പതിപ്പാണ് തലശ്ശേരിയിലെ ജഗന്നാഥ ക്ഷേത്രത്തിൽ നടന്നത്.

ശ്രീനാരായണഗുരു സ്ഥാപിച്ചതാണ് ആ ക്ഷേത്രം. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നതാണ് അദ്ദേഹത്തിന്റെ തത്വം. അതു പയോഗിച്ച് പലരും വേറെ തകരാറുകൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ കുററമാണോ? പക്ഷേ ശ്രീനാരായണൻ സ്ഥാപിച്ച ആ ക്ഷേത്രത്തിന്റെ മുമ്പിൽ ഒരു ബോർഡ് വയ്ക്കണം. ആർ.എസ്.എസ്സിന്. എന്താണ് ആ ബോർഡ്, മുഹമ്മദീയർക്ക് പ്രവേശനം ഇല്ല. ആ ബോർഡ് വയ്ക്കാൻ പാടില്ലെന്ന് ക്ഷേത്രം നടത്തുന്നവർ പറഞ്ഞു. പക്ഷേ പോലീസുകാർ ആർ.എസ്.എസ്സിനെ നിയന്ത്രിക്കാൻ ശ്രമിച്ചില്ല. മുഹമ്മദീയർക്ക് പ്രവേശനമില്ലെന്നുള്ള ബോർഡ് വയ്ക്കേണ്ടതില്ലെന്ന് പറഞ്ഞ ക്ഷേത്രക്കമ്മിററിക്കാരുടെ പേരിൽ കേസ് എടുത്തു. ആ കേസ് പിൻവലിക്കാമെന്ന് അന്ന് ഈ നിയമസഭയുടെ മുമ്പിൽ വാഗ്ദാനം നൽകിയിട്ട് ഇതുവരെയും ആ കേസ് പിൻവലിച്ചിട്ടില്ല. ആർ.എസ്.എസ്. എന്തിനാണ് ആ ബോർഡ് വച്ചത്? മുഹമ്മദീയർക്ക് പ്രവേശനം ഇല്ലെന്ന ബോർഡ് വയ്ക്കുക, ചിലപ്പോൾ എം.വി. രാഘവൻ തന്നെ അതിലെ പോകുന്നു, ക്ഷേത്രത്തിൽ ഉൽസവം നടക്കുന്നു, പത്തു പതിനായിരം ആളുകൾ ഉണ്ട്, ഒരു മമ്മദ് അതിലേ പോകുന്നുണ്ട് എന്നു പറഞ്ഞ് എന്നെയും അടിക്കാം. എന്നിട്ട് കുഴപ്പം ഉണ്ടാക്കാം. മുസ്ലീംങ്ങൾ തന്നെ പോകണമെന്നില്ല. ഹിന്ദു മുസ്ലീം കലാപം ഉണ്ടാക്കുന്നതിനുവേണ്ടി കരുതിക്കൂട്ടിയാണ് ആ ബോർഡ് വയ്ക്കുന്നത്. അതല്ലാതെ മുസ്ലീംങ്ങൾ എന്തിന് അവിടെ പോകണം? അങ്ങനെ വല്ലവരും പോയാൽ എന്താണ് അവിടെ വരാൻ പോകുന്നത്? പണ്ടും പലരും ആ ക്ഷേത്രത്തിന്റെ അതിലെ പോയിട്ടുണ്ട്. ഈ കേരളത്തിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഒരു പോലെ ആരാധന നടത്തുന്ന പല സ്ഥലങ്ങളും ഉണ്ട്. എന്റെ നിയോജക മണ്ഡലത്തിൽത്തന്നെ കാട്ടിനപ്പള്ളി എന്നു പറയുന്നിടത്ത് ഹിന്ദുക്കളാണ് അധികം നേർച്ച കൊടുക്കുന്നത്. മുസ്ലീങ്ങളും പോകാറുണ്ട്. ഇതുപോലെ മതസൗഹാർദ്ദത്തിന്റെ എത്രയോ കേന്ദ്രങ്ങളുണ്ട്. അതുകൊണ്ട് അതിന്റെ ഉദ്ദേശം മുസ്ലീങ്ങൾ അതിന്റെ അടുത്തുകൂടെ പോകേണ്ട എന്നല്ല. മുസ്ലീമിന്റെ പേര് ഇട്ട് ലഹള ഉണ്ടാക്കാനാണ് ആ ബോർഡ് വയ്ക്കാൻ ശ്രമിക്കുന്നത്. അവർ അതിന് ശ്രമിച്ചപ്പോൾ അതു തടയുന്നതിനു പകരം, അത് തടയണമെന്ന് പോലീസിനോട് ആവശ്യപ്പെട്ടപ്പോൾ, ആവശ്യപ്പെട്ടവരുടെ പേരിൽകേസെടുത്ത നാണംകെട്ട പണി ഈ ഗവൺമെൻറ് എടുത്തു എന്ന് മുഖ്യമന്ത്രി മനസ്സിലാക്കണം. ഇന്നും ആ കേസ് പിൻവലിച്ചിട്ടില്ലായെന്നുള്ളത്, വളരെ വളരെ ലജ്ജാകരമായി ഈ പ്രമേയം അവതരിപ്പിക്കുന്ന അവസരത്തിലും, നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. കഴിഞ്ഞ കൊല്ലം മുസ്ലീങ്ങൾക്ക് പ്രവേശനം ഇല്ല എന്ന ബോർഡു വച്ചു. കുഴപ്പം ഉണ്ടായി. അന്ന് ഈ ഗവൺമെൻറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സബ് കളക്ടർ വിളിച്ചുകൂട്ടിയിരുന്ന മീററിംഗിൽപോലും പറഞ്ഞത്, ക്ഷേത്രക്കമ്മിററിക്കാർ എതിർത്തപ്പോൾ ബോർഡ് വയ്ക്കാൻ അനുവദിക്കണം എന്നാണ്.

അതുപോലെതന്നെ ശബരിമല അയ്യപ്പൻെറ ഉൽസവം നടക്കുമ്പോൾ അയ്യപ്പൻെറ പടം ആ ക്ഷേത്രത്തിൽ വയ്ക്കാൻ ആർ.എസ്.എസ്.കാർക്ക് താൽപ്പര്യം. അയ്യപ്പൻ എന്താ സർ, ഈ ജഗന്നാഥ ക്ഷേത്രത്തിനെക്കാളും താണ ഒരു ദൈവം ആണോ? അയ്യപ്പൻെറ പടം അവിടെ വയ്ക്കണം എന്നാണ്. പടം വച്ചു. വയ്ക്കാൻ പാടില്ലെന്ന് ക്ഷേത്രക്കാർ പറഞ്ഞു. പോലീസിന് റിപ്പോർട്ട് ചെയ്തു. പോലീസ് അനങ്ങിയിട്ടില്ല. അവസാനം ക്ഷേത്രക്കമ്മിററിക്കാർ കോടതിയിൽപ്പോയി, ആ പടം നീക്കുന്നതിന് സെർച്ച് വാറണ്ട് കൊണ്ടുവന്നു. ആ സെർച്ച്‌വാറണ്ട് അനുസരിച്ച് തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിൽ പോലീസുകാർ പോയി പരതിയപ്പോൾ അവൻെറ കണ്ണു മഞ്ഞളിച്ചുപോയി, ആ പടം കാണുന്നില്ല. രണ്ടേക്കർ സ്ഥലം ഉണ്ടോ എന്നു സംശയമാണ്. സർ, ജഗന്നാഥ ക്ഷേത്രത്തിനകത്ത് ഒട്ടാകെ പരതിയിട്ടും അയ്യപ്പൻെറ പടം കാണുന്നില്ല. ഇന്ന സ്പോട്ടിൽ ആണെന്നു പറഞ്ഞപ്പോൾ മാത്രമേ പോലീസ് ആ പടം എടുക്കാൻ തയ്യാറായുള്ളു. അതിനെ ന്യായീകരിച്ച പോലീസ് ഉദ്യോഗസ്ഥൻമാരാണ് അവിടെ ഉള്ളത്. അവിടെ ഈ രീതിയിൽ പോലീസും അതുപോലുള്ള ഉദ്യോഗസ്ഥൻമാരും ആർ.എസ്.എസ്സിനെ സഹായിക്കുന്നതുകൊണ്ടാണ് ആർ.എസ്.എസ്. സംഘടിതമായ ആക്രമണം നടത്തുന്നത്. കണ്ണൂർ പോലീസ് സ്റേറഷൻെറ തൊട്ടടുത്ത പറമ്പിൽ ആർ.എസ്.എസ്സിൻെറ ട്രെയിനിംഗ് നടക്കുകയാണ്. വടിയും കത്തിയും ആയുധങ്ങളുമായി പരസ്യമായി അവർ വരുന്നു. ട്രെയിനിംഗ് കഴിഞ്ഞു പരസ്യമായി അവർ തിരിച്ചുപോകുന്നു. മുഖ്യമന്ത്രി ഇവിടെ പറയുന്നു, ആയുധപരിശീലനം നമ്മൾ തടയുമെന്ന്. എന്തു തടയലാണ് സർ? കണ്ണൂരിൽ ഇപ്പോൾ വന്ന ഡി.എസ്.പിയും പറയുന്നത് അതു തടയാൻ നിയമം ഒന്നും ഇല്ലെന്നാണ്. പിന്നെ എന്തു ചെയ്യാൻ പോകുന്നു എന്നാണ് ഈ ഗവൺമെൻറ് വ്യക്തമാക്കേണ്ടത്. തലശ്ശേരിയിൽ ആയുധ പരിശീലനം നടത്തിയപ്പോൾ നിരോധനാജ്ഞമൂലം തടഞ്ഞു. നല്ല കാര്യം. പക്ഷേ തലശ്ശേരിയുടെ ചുററുപാടും ആയുധ പരിശീലനം നടന്നത് ഞങ്ങൾ പോലീസിന് റിപ്പോർട്ടു ചെയ്തിട്ട് അതു തടയാൻ സാധിക്കുന്നില്ല. ഞങ്ങളുടെ നാലു ജീവൻ അപകടപ്പെടുത്തിയിട്ടുണ്ട്. അടുത്ത ദിവസമാണ് ജനതാപ്പാർട്ടിയിലെ ഭാസ്കരൻ അടിയന്തിരപ്രമേയംകൊണ്ടു വന്നത്. ഞങ്ങളുടെ പാർട്ടിയിലെ പ്രകാശൻ എന്നു പറയുന്ന ഒരു ബീഡിത്തൊഴിലാളിയെ ബോംബെറിഞ്ഞു. അങ്ങനെ കാല് നഷ്ടപ്പെട്ട പ്രകാശൻ മെഡിക്കൽകോളേജ് ആശുപത്രിയിൽവച്ച് മിനിഞ്ഞാന്ന് മരിച്ചിരിക്കുകയാണ്. കുറച്ചു ആഴ്ചകൾക്കു മുമ്പാണ് രാധാകൃഷ്ണൻ എന്നു പറയുന്ന ഞങ്ങളുടെ ഒരു സഖാവ് ഉൽസവം കണ്ട് തിരിച്ചുവരുമ്പോൾ വെട്ടിക്കൊന്നത്. രാജ്മാസ്ററർ എന്നു പറയുന്ന ഒരു സഖാവ് സ്കൂൾ വിട്ട് ഇരുപതു മിനിട്ടു നടന്നതേയുള്ളു. പട്ടാപ്പകൽ ആണ് വെട്ടിക്കൊന്നത്. പവിത്രൻ എന്നു പറയുന്ന ഒരു ടി.ബി. രോഗി, മാർക്സിസ്ററു അനുഭാവി ആയിരുന്നു എന്ന ഒററക്കാരണത്താലാണ് ബസ്സിറങ്ങിയ ഉടനെ വെട്ടിക്കൊന്നത്. ഒരു കൊലപാതക സംഘം അവിടെ സൃഷ്ടിച്ചുകൊണ്ട് ആളുകളെ ഭീഷണിപ്പെടുത്തുന്നു. ഭീഷണിപ്പെടുത്തുകയും കൊല നടത്തുകയും ചെയ്യുമ്പോൾ ശ്രീ. പി.ആർ. കുറുപ്പ് പറയുന്നതുപോലെ മാർക്സിസ്ററുകാർ കഴുത്തു കാണിച്ചുകൊടുക്കണമെന്നാണ് വിചാരമെങ്കിൽ ഈ ഗുണ്ടാസംഘത്തെ നേരിടുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്ത് നീതിബോധമുള്ളവരെല്ലാം ഒന്നിച്ചണിനിരക്കുമെന്നാണ് ഞങ്ങൾക്ക് അതേപ്പററി പറയാനുള്ളത്. ഞങ്ങൾക്ക് ഇന്നു കിട്ടിയത് ഞങ്ങൾക്ക് മാത്രമായിട്ട് കണക്കാക്കുകയാണെങ്കിൽ, ഞാൻ ഈ സഭയിൽ മുമ്പും വ്യക്തമാക്കിയിട്ടുള്ളതാണ് ഞങ്ങൾക്കു മരിച്ചുകൊണ്ടിരിക്കാൻ സാദ്ധ്യമല്ല; ഞങ്ങൾ മരിക്കാൻവേണ്ടി മാത്രം ജനിച്ചവരല്ല; ഈ രാജ്യത്ത് ഈ ഗുണ്ടായിസത്തെ ഗവൺമെൻറു നിലയ്ക്കു നിറുത്തിയില്ലെങ്കിൽ, സ്വന്തം ശക്തികൊണ്ടു ചെറുത്തു തോൽപ്പിക്കാൻ ഞങ്ങൾക്ക് തീർച്ചയായും അവകാശം ഉണ്ട് എന്ന് അധികാരികൾ മനസ്സിലാക്കുന്നത് നന്ന്. അതു ഗവൺമെൻറു മനസ്സിലാക്കണം. അല്ലാതെ പ്രമേയം പാസ്സാക്കിയതുകൊണ്ടു കാര്യമില്ല. ആർ.എസ്.എസ്സിൻെറ വർഗ്ഗീയതയും കുഴപ്പങ്ങളും അവസാനിപ്പിക്കാൻ വേണ്ടി നമ്മൾ ഒന്നുചേരുമ്പോൾ വാജ്പെയും അദ്വാനിയും പോയി ആർ.എസ്.എസ്സിൻെറ പ്രസംഗം കേൾക്കാൻ ഇരിക്കുന്നത് ലജ്ജാകരമാണ്. മുഖ്യമന്ത്രിയോടു ചോദിക്കട്ടെ, നമ്മുടെ മന്ത്രിസഭയിലെ ഒരു മന്ത്രി ഇന്നലെ സാമുദായിക പ്രകടനത്തിന് പോയിരുന്നില്ലേ? നമ്മുടെ ഗവൺമെൻറ് ഇടതുപക്ഷ ഗവൺമെൻറ് എന്നല്ലേ പറയുന്നത്? ഇന്നലെ വൈകുന്നേരത്ത് ക്രിസ്ത്യാനികൾ ഇവിടെ പ്രകടനം നടത്തുകയുണ്ടായി. ഇത്തരം പ്രകടനം നടത്തുന്നതിന് എതിരല്ല. മതാദ്ധ്യക്ഷൻമാർ പ്രസംഗിക്കട്ടെ, അവർക്കു എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ പറയട്ടെ. പക്ഷേ അതിൽ ഈ രാജ്യത്ത് അദ്വാനിയും വാജ്പെയും പങ്കെടുക്കുന്നതുപോലെ ശ്രീ. മാണിയും പോയി. മാണിയെപ്പററി സ്വാഗത പ്രാസംഗികൻ വിശേഷിപ്പിച്ചത്, കേരള മഹാരാഷ്ട്രത്തിൻെറ ഉപ പ്രധാനമന്ത്രി എന്നാണ്. എന്തെല്ലാമാണ് കേൾക്കുന്നത്? എന്താണ് ഇവിടെ നടക്കുന്നത്? മുഖ്യമന്ത്രിയോടു ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ ഗവൺമെൻറിന് ഈ പ്രമേയം കൊണ്ടുവരുന്നതിൽ ആത്മാർത്ഥതയുണ്ടോ? ഇവിടെ വിവാഹപ്രായം ഉയർത്തിയതിനെ സംബന്ധിച്ച് മുസ്ലീങ്ങളുടെ പ്രകടനം നടന്നു. അതും ഈ രാജ്യത്തിന് നല്ലതല്ല.

ശ്രീ. കെ.എം. മാണി: മതന്യൂനപക്ഷങ്ങളുടെ യോഗങ്ങൾ ഈ രാജ്യത്ത് നടക്കരുത് എന്നാണോ? ഇതിന് എതിരെ മതന്യൂനപക്ഷങ്ങളുടെ യോഗം നടന്നാൽ അതിൽ സഹകരിക്കരുത്. സഹകരിക്കുന്നത് തെററാണ് എന്നതാണോ മാർക്സിസ്ററു പാർട്ടിയുടെ അഭിപ്രായം?

ശ്രീ. എം.വി. രാഘവൻ: മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ അഭിപ്രായമാണ് പറഞ്ഞത്. മതന്യൂനപക്ഷങ്ങളുടെ യോഗങ്ങൾ നടക്കട്ടെ, മതേതര ഭൗതിക രാഷ്ട്രം എന്നു പറഞ്ഞിട്ട് മന്ത്രിമാരായി, ഭരണഘടനയോടു കൂറ് പ്രഖ്യാപിക്കുകയും മതങ്ങളുടെ യോഗങ്ങളിൽ അദ്വാനിയും വാജ്പെയും മാണിയും പോയിഇരിക്കുകയും ചെയ്യുന്നത് നാടിന് ലജ്ജാകരമാണെന്നാണ് ഞാൻ പറഞ്ഞതിൻെറ അർത്ഥം.

ശ്രീ. കെ.എം. മാണി: മതേതരത്വം എന്നു പറയുന്നതുകൊണ്ട് മന്ത്രിസഭയിലെ ഒരംഗത്തിന് സമുദായസംഘടനയുടെ യോഗത്തിൽ പങ്കെടുക്കാൻ പററുകയില്ല എന്നുള്ളതാണോ?

ശ്രീ. എം.വി. രാഘവൻ: അതെല്ലാം ഉപയോഗിച്ചാണ് ആർ.എസ്.എസ്സും ഈ രാജ്യത്ത് പ്രചാരവേല ചെയ്യുന്നത്. ആർ.എസ്.എസ്. ഹിന്ദുവർഗ്ഗീയതയാണ്. ഹിന്ദുഭൂരിപക്ഷമായതുകൊണ്ടാണ് പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

വിപത്ത്. അതുകൊണ്ടു ന്യൂനപക്ഷ വർഗ്ഗീയതയെയും ഞങ്ങൾ എതിർക്കുന്നു. മുസ്ലീം വർഗ്ഗീയതയായാലും ഹിന്ദുവർഗ്ഗീയതയായാലും അംഗീകരിക്കുന്നില്ല. ഒരു ഗവൺമെൻറിൽ ഇരിക്കുന്ന മന്ത്രി ഇത്തരം മീററിംഗുകളിൽ പങ്കെടുക്കുമ്പോൾ വളരെയേറെ ശ്രദ്ധിക്കേണ്ടതായിരുന്നു. അദ്വാനിയും വാജ്പൈയും ചെയ്തതിനെറവിമർശിച്ചാൽ പോര, സ്വന്തം തൊലി നന്നാക്കാൻവേണ്ടി ശ്രമിക്കണം.

ശ്രീ. കെ.എം. മാണി: അദ്വാനിയും വാജ്പൈയും ആർ.എസ്.എസ്സിൻെറ യോഗങ്ങളിൽ പോയതുപോലെയാണോ ഈ രാജ്യത്ത് മത ന്യൂനപക്ഷങ്ങളുടെ യോഗങ്ങളിൽ പോകുന്നത്? ആർ.എസ്.എസ്സിൻെറ യോഗങ്ങളെ കാണുന്നതുപോലെയാണോ മതന്യൂനപക്ഷങ്ങളുടെ യോഗങ്ങളെ കാണുന്നത്?

ശ്രീ. എം.വി. രാഘവൻ: ആർ.എസ്.എസ്സിൻെറ യോഗങ്ങളെ പ്പോലെയല്ല. ആർ.എസ്.എസ്. പ്രധാന വിപത്താണ്. പക്ഷേ ന്യൂനപക്ഷങ്ങളുടെ വർഗ്ഗീയതയെ നിങ്ങൾ ഇളക്കിവിട്ടാൽ ആർ.എസ്.എസ്. കാരൻ അതു ചൂണ്ടിയിട്ടാണ് ഭൂരിപക്ഷവർഗ്ഗീയത ഇളക്കിവിടുന്നത്. അതു വിപത്താണ്. അത് നമ്മുടെ മന്ത്രി മാണി കാണാത്തത് ഇന്നല്ലെങ്കിൽ നാളെ അപകടകരമാണ്. ആ സത്യം കാണാൻ തയ്യാറില്ലെങ്കിൽ ഖേദിക്കുകയല്ലാതെ വേറെ കാര്യമില്ല. ഭൂരിപക്ഷ വർഗ്ഗീയത പ്രധാന വിപത്താണ്. ആ ഭൂരിപക്ഷ വർഗ്ഗീയതയെ ന്യൂനപക്ഷ വർഗ്ഗീയത ഇളക്കിവിട്ടുകൊണ്ടു ചെറുക്കാൻ കഴിയുകയില്ലെന്നു ഭൂരിപക്ഷ സമുദായത്തിൽപ്പെട്ടവരും മനസ്സിലാക്കണം. ഈ രാജ്യത്തെ ജനങ്ങൾക്കു സൈ്വര ജീവിതം ഉറപ്പു വരുത്തുന്നതിന്, ജനസംഖ്യയിൽ വളരെനിസ്സാരരായ ആളുകൾ വടിയും കത്തിയും എടുത്ത് ആളുകളെ ഭീഷണിപ്പെടുത്താൻ നടക്കുന്നുവെങ്കിൽ, അവരെ പിടിച്ചുകെട്ടാൻ ശക്തമായ നടപടി ഈ ഗവൺമെൻറു സ്വീകരിക്കണം. അതിന് ഞങ്ങളുടെ പാർട്ടിയുടെ പിന്തുണ ഉണ്ടാകും. ഒരു നടപടിയും എടുക്കാതെയിരുന്നാൽ ഏററവും ശക്തമായി എതിർക്കുകയും ചെയ്യേണ്ടിവരും. അതാണ് പൊതുവായി ഈ രാജ്യത്ത് ഇന്ന് നടക്കുന്നത് എന്നു പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി.ടി. സെബാസ്ററ്യൻ: സർ, ഇൻഡ്യയുടെ മതേതരത്വത്തെ ചോദ്യം ചെയ്യുന്നതും മനുഷ്യ ജീവിതത്തെ വില കൽപിക്കാത്തതും സാമൂഹ്യ-മാനുഷിക മൂല്യങ്ങളെ അംഗീകരിക്കാത്തതുമായ വളർന്നു വരുന്ന ദുഷിച്ച പ്രവണതയെ നമുക്ക് എങ്ങനെ നേരിടാൻ കഴിയുമെന്നുള്ളതിനെപ്പററി ഒരുമിച്ചിരുന്നു ആലോചിക്കുന്നതിനുവേണ്ടി കൂടിയിരിക്കുന്ന ഒരു സമ്മേളനമാണ് ഇത്. ഈ സമ്മേളനത്തിൽ ഈ വിപത്തിനെ നേരിടണമെന്ന് എല്ലാവരും ഒററവാക്കിൽ പറയുന്നു എങ്കിലും ഓരോരുത്തരുടേയും കാഴ്ചപ്പാട് വിഭിന്ന രീതിയിലാണ് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. നിയമങ്ങൾ കൊണ്ട് ഇതിനെ നേരിടണം എന്നൊരു അഭിപ്രായം ബഹുമാനപ്പെട്ട പി.ആർ. കുറുപ്പും അതുപോലെതന്നെ എം.വി. രാഘവനും ഇവിടെ സംസാരിക്കുന്നത് കേൾക്കാൻ ഇടവന്നു. ആർ.എസ്.എസ്. മായുള്ള അഭിപ്രായ വ്യത്യാസം ഒരു തൊഴിൽ തർക്കത്തിൻെറ രീതിയിൽ ശ്രീ. പി.ആർ. കുറുപ്പ് നിസ്സാരമായി കണ്ടതിൽ എനിക്ക് ഭയമുണ്ട്. അദ്ദേഹം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആർ.എസ്.എസ്.-നെക്കൂടി വിളിച്ചിരുത്തി ഒരു മേശയ്ക്കുചുററും ഇരുന്ന് പ്രശ്നങ്ങൾ പറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

തീർക്കാനുള്ള ശ്രമം എന്തുകൊണ്ട് നടത്തിയില്ല എന്ന്, കുററപ്പെടുത്തുന്നത് കേരംക്കാൻ ഇടയായി. ഞാൻ ചോദിക്കുന്നത് നിയമംമൂലം ഈ ആർ.എസ്.എസ്.-ൻെറ പ്രവർത്തനങ്ങരം തടയാൻ കഴിയുമെങ്കിൽ ചരിത്രത്തിലേക്കൊന്ന് കണ്ണോടിക്കാൻ കഴിഞ്ഞാൽ നമുക്ക് അറിയാൻ കഴിയും, നിയമം മൂലവും മർദ്ദനം മൂലവും ഒന്നിനേയും പരാജയപ്പെടുത്താൻ നമ്മുടെ രാജ്യത്തിനു കഴിഞ്ഞിട്ടില്ല എന്ന്. ഇൻഡ്യ സ്വാതന്ത്ര്യമാകുന്നതിനുവേണ്ടി നടത്തിയ സമരത്തെ അന്ന് അധികാരത്തിൽ ഇരുന്ന ആളുകരം അടിച്ചമർത്താൻ ശ്രമിച്ചു. പക്ഷേ ആ അടിച്ചമർത്തൽ ഇൻഡ്യയിലെ ജനങ്ങളുടെ മനഃസാക്ഷിയെ പിടിച്ചു കുലുക്കുകയും ജനങ്ങരം അതിനെതിരായി ഒത്തൊരുമിച്ച് അണിനിരക്കുകയും ചെയ്തതുകൊണ്ടാണ് ഇൻഡ്യ സ്വാതന്ത്ര്യം നേടിയത് എന്നുള്ള വസ്തുത വിസ്മരിക്കേണ്ട കാര്യമില്ല. അതുപോലെതന്നെ ഈ രാജ്യത്തെ കമ്മ്യൂണിസ്ററ് പാർട്ടിയുടെ പ്രവർത്തനങ്ങളെ ഒരു കാലഘട്ടത്തിൽ നിരോധിച്ചിരുന്നു. ആ നിരോധിച്ചിരുന്ന കാലഘട്ടത്തിലും വളരെ ക്രൂരമായ മർദ്ദനങ്ങരംഅവർക്കെതിരായി അഴിച്ചുവിട്ടിരുന്ന കാലഘട്ടത്തിലും രഹസ്യമായി പ്രവർത്തനങ്ങരം നടത്തുകയും ആ പ്രസ്ഥാനം വളരുകയും ചെയ്തതല്ലാതെ മർദ്ദനം കൊണ്ട് ആ പ്രസ്ഥാനത്തെ അമർത്തുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ള വസ്തുത നമ്മരം ഓർത്തുകൊണ്ടുവേണം പോലീസിൻെറ പ്രവർത്തനങ്ങരം കൊണ്ട് ഈ ആർ.എസ്.എസ്സിൻെറ പ്രവർത്തനങ്ങളെ തടയാൻകഴിയുമെന്ന് പ്രസംഗങ്ങളും പ്രചരണവും നടത്തുന്നത്. ഇൻഡ്യ മതേതര രാഷ്ട്രം ഇവിടെ നാം മത സൗഹാർദ്ദത്തോടുകൂടി കഴിയണമെന്നും ഏതു മതത്തിൽ ജനിച്ചവനാകട്ടെ സവർണ്ണനാകട്ടെ, അവർണ്ണനാകട്ടെ മത പരിവർത്തനം ചെയ്തവനാകട്ടെ എല്ലാവരും മനുഷ്യർ ആണെന്നും അവരുടെ വിശ്വാസത്തിനനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഈ രാജ്യത്ത് ഉണ്ടെന്നും അതിനെതിരായി പ്രവർത്തിക്കുന്ന ആളുകളെ ഒററപ്പെടുത്താനുള്ള ചുമതല നമുക്കുണ്ട് എന്നും മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കാൻ നമ്മരം തയ്യാറാകണം. ഇന്നലെ നടന്ന സമ്മേളനത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രി പ്രസംഗിച്ചത് മഹാ പാതകമായിപ്പോയി എന്ന് ശ്രീ. എം.വി. രാഘവൻ സംസാരിച്ചത് എന്തടിസ്ഥാനത്തിലാണ് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഈ രാജ്യത്ത് ക്രൈസ്തവർ വിദേശത്തുനിന്നു വന്നവരാണ്; അതുപോലെതന്നെ മുസ്ലീംസ് വിദേശത്തുനിന്നു വന്നവരാണ്. സവർണ്ണമേധാവിത്വത്തെ ചോദ്യം ചെയ്യത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളുമായി പോകുന്നത് ഈ വിദേശക്കാരാണെന്നുള്ള പ്രചരണവുമായി അവർ നടക്കുമ്പോരം മതത്തിൽ വിശ്വസിക്കുന്ന ഞങ്ങരം മതം ഉപേക്ഷിച്ചുകൊണ്ട് ആർ.എസ്.എസ്സിൻെറ പ്രവർത്തനം ഉണ്ടാകുമെന്ന ഭയപ്പാടിൻെറ പേരിൽ ആ ഉമ്മാക്കിയെ പേടിച്ച് കയ്യും കെട്ടി മാറിനിൽക്കണമെന്നാണ് ശ്രീ. എം.വി.രാഘവൻ പറയുന്നതെങ്കിൽ തീർച്ചയായും അത് അംഗീകരിക്കാൻ തയ്യാറല്ലെന്ന് അസന്നിഗ്ദ്ധമായി പറയാൻ അശേഷവും മടിക്കുന്നില്ല. ഈ രാജ്യത്ത് മത ന്യൂനപക്ഷങ്ങരംക്ക് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഇൻഡ്യൻ ഭരണഘടന നൽകുന്നുണ്ട്. അതിനെ ചോദ്യം ചെയ്യത്തക്ക രീതിയിൽ പ്രവർത്തനം ഏതു ഭാഗത്തുനിന്നു വന്നാലും ഞങ്ങളുടെ സകല കഴിവുകളും ഉപയോഗിച്ചുകൊണ്ട് എതിർക്കാനുള്ള ധാർമ്മികമായ ബാദ്ധ്യതയും കടമയും ഉണ്ടെന്നുള്ള ബോധത്തോടുകൂടിത്തന്നെ പ്രവർത്തിക്കും. അവിടെ മന്ത്രിസ്ഥാനം ഞങ്ങരംക്ക് പ്രശ്നമല്ല എന്നു മാത്രമേ ഈ സന്ദർഭത്തിൽ അതിനു മറുപടിയായി ഞാൻ പറയുന്നുള്ളു. ഈ രീതിയിലുള്ളചിന്താഗതികരം വളർത്തുന്നതുകൊണ്ട് തീർച്ചയായും ആർ.എസ്.എസ്സിൻെറ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളെ അമർച്ച ചെയ്യാൻ കഴിയുകയില്ല എന്നാണ് ബഹുമാനപ്പെട്ട രാഘവനോട് പറയാനുള്ളത്. മതേതരത്വം അംഗീകരിച്ചിരിക്കുന്ന നമ്മുടെ രാജ്യത്ത് അദ്ധ്വാനിക്കുന്ന വർഗ്ഗത്തിനുവേണ്ടി നമ്മൾ നിലകൊള്ളുന്നു. അതിനകത്ത് മർദ്ദനമോ ജാതിയോ മററു വിവേചന ചിന്താഗതികളോ ഇല്ല എന്നു പറയുന്ന ആളുകൾ എന്തിനു മതത്തിൽ വിശ്വസിക്കുന്നതിന്റെ പേരിൽ വെപ്രാളം കൊള്ളുന്നതെന്ന് ഒന്നുകൂടി ആത്മപരിശോധന നടത്തണം എന്നാണ് എനിക്ക് പറയാനുള്ളത്. ഈ രാജ്യത്ത് ക്രിസ്ത്യാനികളുടെ പ്രവർത്തനം ആണ്, മുസ്ലീങ്ങളുടെ പ്രവർത്തനമാണ്, ഹരിജനങ്ങളുടെ പ്രവർത്തനമാണ്, ആർ.എസ്.എസ്.കാരെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നത് എന്ന് ആർ.എസ്.എസ്.-കാർ പറയുമ്പോൾ ക്രിസ്ത്യാനിയും മുസ്ലീങ്ങളും ഹരിജനങ്ങളും അവരുടെ മർദ്ദനം ഏററുകൊണ്ട് അനങ്ങാതെ ഇരുന്നുകൊള്ളണമെന്ന ആ അഭിപ്രായത്തിന് ആക്കം കൊടുക്കാനുള്ള രീതിയിൽ അഭിപ്രായ പ്രകടനങ്ങൾ നടത്തരുത് എന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, അതുകൊണ്ട് നിയമപരമായ നടപടികൾകൊണ്ട്, പോലീസിന്റെ മർദ്ദനമുറകൾകൊണ്ട് ആർ.എസ്.എസ്സിന്റെ പ്രവർത്തനങ്ങളെ ഇല്ലാതാക്കാൻ കഴിയുകയില്ല എന്ന് മനസ്സിലാക്കിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചതുപോലെ സവർണ്ണ മേധാവിത്വം നമ്മുടെ രാജ്യത്ത് നിലനിന്നിരുന്ന കാലഘട്ടത്തിൽ നമ്മുടെ ഇൻഡ്യയിൽ നിലനിന്നിരുന്ന സാഹചര്യങ്ങൾ എന്ത് എന്നുള്ളതിനെപ്പററി വ്യക്തമായി മനസ്സിലാക്കാൻ ഇന്നത്തെ വ്യവസ്ഥിതികളുടെ വ്യത്യാസങ്ങളെപ്പററി മനസ്സിലാക്കുവാനുള്ള ആ ധാർമ്മിക ബോധത്തോടുകൂടിയുള്ള പ്രവർത്തനം നമ്മുടെ എല്ലാപേരുടേയും ഭാഗത്തുനിന്നും ഉണ്ടാകണം എന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. മനുഷ്യജീവന് വില കൽപ്പിച്ചിരുന്നില്ല; പല സ്ഥലങ്ങളിലും നിസ്സാരമായി ഉണ്ടാകുന്ന സംഘട്ടനങ്ങളിൽ മനുഷ്യന്റെ ജീവനെ നഷ്ടപ്പെടുത്തുവാൻ ഒരു മടിയുമില്ലാതെ പ്രവർത്തിക്കുന്നത് എന്തിന്റെ പേരിൽ എന്നുള്ളതിനെപ്പററി നമ്മൾ മനസ്സിലാക്കണം.

നമ്മുടെ ചരിത്രം വായിച്ചുനോക്കുമ്പോൾ ചരിത്ര പുസ്തകത്തിൽ അധികവും രേഖപ്പെടുത്തിയിരിക്കുന്നത് പഴയകാലത്ത് സവർണ്ണനായ ഒരു മനുഷ്യൻ മരിച്ചുപോയാൽ അയാളുടെ ഭാര്യ ശവദേഹത്തോടൊപ്പം ജീവിതം അവസാനിപ്പിച്ചുകൊള്ളണം എന്നുള്ള വ്യവസ്ഥിതി അതായത് ''സതി'' ഈ രാജ്യത്ത് നിലനിന്നിരുന്നു എന്നുള്ള കാര്യമാണ്. അതുപോലെതന്നെ അവർ എന്തെങ്കിലും കാര്യസാധ്യത്തിനുവേണ്ടി മനുഷ്യന്റെ ജീവന് നിസ്സാരമായ വിലയേ കൽപ്പിച്ചിരുന്നുള്ളു. നരബലി നടന്നിരുന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. മനുഷ്യന്റെ ജീവന് വില കൊടുക്കാതിരുന്ന കാലഘട്ടമായിരുന്നു. ഈ രാജ്യത്ത് വഴി നടക്കാൻ അവകാശം ഇല്ലാത്ത, നഗ്നത മറയ്ക്കാൻ അവകാശം ഇല്ലാത്ത ഒരു ജനതതിയെ വാർത്തെടുത്ത രീതിയിലുള്ള ഭരണ സമ്പ്രദായം നിലനിന്നിരുന്നതിന്റെ പേരിൽ ആണ് പ്രക്ഷോഭണങ്ങൾ പൊട്ടിപ്പുറപ്പെട്ടത് എന്നുള്ളത് വിസ്മരിക്കാൻ പാടില്ല. ആ രീതിയിൽ ഇൻഡ്യയിൽ പൊതുവേ നടന്നിരുന്ന പഴയ വ്യവസ്ഥിതികളെപ്പററിയും അതിനുശേഷം ഉണ്ടായിരിക്കുന്ന പരിവർത്തനത്തെപ്പററിയും പറഞ്ഞു മനസ്സിലാക്കാൻ ഉള്ള ഉത്തരവാദിത്വം നമുക്കു ഓരോരുത്തർക്കും ഉണ്ട്. മഹാത്മജിയെ വെടിവച്ചു കൊന്നത് എന്തിന്റെ പേരിലാണെന്ന് പല ആളുകളും മനസ്സിലാക്കിയിരുന്നില്ല. അദ്ദേഹത്തെ വെടിവച്ചുകൊന്ന് ഏതാനും വർഷങ്ങൾ കഴിഞ്ഞതിനുശേഷമേ അതിന്റെ കാരണം എന്താണെന്ന് ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞുള്ളു. ഈ രാജ്യത്ത് എല്ലാ ജനങ്ങളേയും ഒരു

LIBRARY ARCHIVES Kerala Legislative Assembly

പോലെ കാണണം. മണ്ണിൽ അദ്ധ്വാനിക്കുന്ന കറുത്ത വർഗ്ഗക്കാരായ ജനങ്ങളോട് സവർണ്ണർ ചെയ്യുന്ന അനീതി ഒരിക്കലും വച്ചുപൊറുപ്പിക്കാൻ സാദ്ധ്യമല്ല; എന്നുള്ള നിലയിൽ ദൈവത്തിന്റെ മക്കളെന്ന് ഹരിജനങ്ങളെ വിശേഷിപ്പിച്ചുകൊണ്ട്, ഇൻഡ്യ ഒട്ടാകെ പ്രചരിപ്പിച്ചത് ഹൈന്ദവ മതത്തെ ചോദ്യം ചെയ്യൽ ആണെന്നുള്ളതിന്റെ പേരിൽ മഹാത്മജിയെ വെടിവച്ചു കൊന്നപ്പോൾ അന്ന് അതിന്റെ അപകടത്തെപ്പറ്റി ആരും മനസ്സിലാക്കിയിരുന്നില്ല. മഹാത്മജിയെ വെടിവച്ചു കൊന്ന ഉടനെ ആർ.എസ്.എസ്സിന്റെ പ്രവർത്തനങ്ങളെ ഗവൺമെന്റ് നിരോധിച്ചിരുന്നു. ഏതാണ്ട് ഒരു വർഷം കഴിഞ്ഞപ്പോൾ പ്രവർത്തനങ്ങൾക്ക് വീണ്ടും അംഗീകാരം കൊടുത്തു. ആയുധം എടുത്തു പ്രവർത്തനം നടത്തുകയില്ല; ട്രെയിനിംഗ് നടത്തുകയില്ല എന്നൊക്കെ അവർ പറഞ്ഞിരുന്നു എങ്കിലും പിന്നീടുള്ള പ്രവർത്തനങ്ങളും ആ രീതിയിൽ ആയിരുന്നു എന്നുള്ളതിന് ധാരാളം തെളിവുകൾ നമുക്ക് കാണാൻകഴിഞ്ഞിരുന്നു. അടിയന്തിരാവസ്ഥക്കാലത്ത് ആർ.എസ്.എസ്സിന്റെ പ്രവർത്തനങ്ങളെ ശക്തിയായി നമ്മൾ എതിർത്തവരാണ്; നിരോധിച്ചവരാണ്. പക്ഷേ അടിയന്തിരാവസ്ഥ കാലഘട്ടത്തിൽപ്പോലും വളരെ രഹസ്യമായി ആർ.എസ്.എസ്സിന്റെ പ്രവർത്തനങ്ങൾ നടന്നിരുന്നു എന്നുള്ളതിന് വ്യക്തമായ തെളിവുകളൊന്നും ഞാൻ ചൂണ്ടിക്കാണിക്കേണ്ടകാര്യമില്ല. ഇൻഡ്യയിലെ ആർ.എസ്.എസ്സിനുവേണ്ടി, ആർ.എസ്.എസ്സിന്റെ ചിന്താഗതികളുമായി യോജിക്കുന്ന ആളുകൾ ചേർന്ന ഒരു ഭരണം ഈ രാജ്യത്ത് ഉണ്ടാകാൻ ഇടയായി എങ്കിൽ ആ അടിയന്തിരാവസ്ഥകാലത്തെ പ്രവർത്തനങ്ങൾ രഹസ്യ പ്രവർത്തനങ്ങൾ ആയിരുന്നു എന്നുള്ളതിന് യാതൊരു സംശയവുമില്ല. അതുകൊണ്ട് എനിക്കു പറയാനുള്ളത്. ആർ.എസ്.എസ്സിന്റെ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കത്തക്ക രീതിയിലോ പരോക്ഷമായോ പ്രത്യക്ഷമായോ ഉള്ള അതിന്റെ പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കത്തക്ക രീതിയിലോ ഉള്ള നടപടികളുമായി നമ്മൾ മുന്നോട്ടുപോകുന്നത് ആത്മഹത്യാപരമായ പ്രവർത്തനം ആയിരിക്കും എന്നുള്ളതിന് യാതൊരു സംശയവുമില്ല. ഇന്ന് വടക്കേ ഇൻഡ്യയിൽ നടക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി, ഓരോ സംസ്ഥാനത്തിലും നടക്കുന്ന കാര്യങ്ങളെപ്പറ്റി ഞാൻ എടുത്തു പറയേണ്ട കാര്യമില്ല. ബീഹാറിലെ ഹരിജനങ്ങളുടെ സ്ഥിതി എന്താണെന്ന് നമുക്ക് ഓരോരുത്തർക്കും അറിയാം. അങ്ങനെ ജനതാ പാർട്ടി ഭരിക്കുന്ന ഓരോ സംസ്ഥാനത്തിലും ആർ.എസ്.എസ്സിന്റെ പ്രവർത്തനങ്ങളെ ഏതു വഴിയിൽനേരിടുന്നു എങ്ങനെ ചെറുക്കുന്നു എന്നുള്ളതിനെപ്പറ്റി നമ്മൾ ആലോചിക്കുമ്പോൾ കേരളത്തിൽ മാത്രം ഇതുപോലെ ഒരു നിയമസഭയിൽ ഒരുപ്രത്യേക സമ്മേളനം വിളിച്ചുകൂട്ടിക്കൊണ്ട് വലിയ അഭിപ്രായ വ്യത്യാസം ഇല്ലാതെ എങ്ങനെ നേരിടുന്നു എന്നുള്ള മാർഗ്ഗങ്ങളെപ്പറ്റിയുള്ള ചില അഭിപ്രായ വ്യത്യാസങ്ങളൊഴിച്ചാൽ ഇതിനെ തുടച്ചു നീക്കേണ്ടതാണെന്നുള്ള അഭിപ്രായഗതിയിൽ ഇത്തരം ഒരു പ്രമേയമെങ്കിലും അവതരിപ്പിച്ച് പാസ്സാക്കാൻ കഴിയുന്നു എന്നത് കേരള നിയമസഭയിൽ അല്ലാതെ ഇൻഡ്യയിൽ മറ്റെവിടെയെങ്കിലും കഴിയുമോ എന്ന കാര്യംതന്നെ വളരെയധികം സംശയിക്കേണ്ട ഒരു കാര്യമാണ്. അപ്പോൾ ഈ രീതിയിൽ ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലേക്ക് വേരൂന്നി പടർന്നു വന്നിരിക്കുന്ന പ്രസ്ഥാനത്തെ ശരിയായ രീതിയിൽ നേരിടണം. അല്ലാതെ അടിച്ചമർത്തിക്കൊണ്ട് ഇല്ലാതാക്കാം എന്ന ഒരു അഭിപ്രായത്തോടെ മുന്നോട്ടു നീങ്ങരുത്. ഞാൻ സൂചിപ്പിച്ചതുപോലെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെകഴിഞ്ഞ കാലങ്ങളിൽ സവർണ്ണ മേധാവിത്വം പ്രവർത്തിച്ചു വന്ന മനുഷ്യത്വ രഹിതമായ, സൻമാർഗ്ഗ മൂല്യങ്ങളെ അംഗീകരിക്കാത്ത പ്രവർത്തനങ്ങളെ ശരിക്കും

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കുവാൻ ഉള്ള നടപടികളുമായി മുന്നോട്ടു പോകണം. ഇന്ന് പല അമ്പലങ്ങളിലും രഹസ്യമായി ആയുധ പരിശീലനം നടത്തുന്നുണ്ട്. നിയമംമൂലം അതിനെ നിരോധിക്കണം എന്ന കാര്യത്തിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. അതുപോലെതന്നെ നീതിരഹിതമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് കർശനമായ നടപടികൾ ഉണ്ടാക്കണം എന്ന കാര്യത്തിൽ എനിക്ക് യാതൊരു തർക്കവുമില്ല. നമ്മൾ ഇന്ന് തെരുവു തെണ്ടികളായി മാറേണ്ട പരിതഃസ്ഥിതിയിൽ വന്നിരിക്കുന്നു. എവിടേയും ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളുമുണ്ട്. കഷ്ടപ്പാടുകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇത് ഇന്നത്തെ വ്യവസ്ഥിതിയുടെ കുഴപ്പമാണ് എന്ന് കൊച്ചുകുഞ്ഞുങ്ങളോട്, നേഴ്സറിയിൽ പഠിക്കുന്ന കൊച്ചു കുഞ്ഞുങ്ങളോട് പറഞ്ഞു മനസ്സിലാക്കിക്കൊണ്ട് അവർക്ക് ചെറുപ്പത്തിൽ ചില ട്രെയിനിംഗ് കൊടുത്തുകൊണ്ട് അവർ യുവാക്കൻമാരായി വരുമ്പോൾ ഏതു പ്രതിബന്ധത്തേയും നേരിടുന്നതിനുവേണ്ടി ജീവൻ പോലും ബലി കൊടുക്കേണ്ടി വന്നാലും ഞങ്ങൾ തയ്യാറാണ് എന്നുള്ള പ്രഖ്യാപനത്തോടുകൂടി രംഗത്തുവരുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുമ്പോൾ അതേ രീതിയിൽത്തന്നെ മതേതരത്വത്തിൽ വിശ്വസിക്കുന്ന നമ്മൾ ഓരോരുത്തരും എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും സാമൂഹ്യ സംഘടനകളിലും സമുദായ സംഘടനകളിലും വരാൻപോകുന്ന വിപത്തുകളെപ്പററി മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കാനുള്ള കടമയുണ്ട് എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. സർ, മത ന്യൂനപക്ഷങ്ങളുടെ ആയാലും മതത്തിൽ വിശ്വസിക്കുന്നവരുടെ ആയാലും ഇങ്ങനെയുള്ള ആളുകളുടെ വികാരങ്ങളെ വ്രണപ്പെടുത്തത്തക്കവിധത്തിലുള്ള പ്രവർത്തനങ്ങൾ എടുക്കുമ്പോൾ അതിനെ ന്യായീകരിക്കാൻ തയ്യാറാകുന്നില്ല. നിഷ്പക്ഷമായ രീതിയിൽ നീതിപൂർവകമായ രീതിയിൽ വിലയിരുത്തിക്കൊണ്ട് അതിലെ മററൊരു വിഭാഗത്തിന് മാനസികമായി വളരെയധികം വേദന തട്ടത്തക്കവിധത്തിലുള്ള പ്രവർത്തനങ്ങളുമായി പോകുന്നു എങ്കിൽ അതിനെ നിയന്ത്രിച്ചുകൊണ്ട് അതിന് പരിവർത്തനം വരുത്തത്തക്ക വിധത്തിലുള്ള ചിന്താഗതിയുമായി പോകാനുള്ള സാമർത്ഥ്യം ഈ സമൂഹത്തിന് ഉണ്ടെന്നുള്ള കാര്യം ഞാൻ ഈ സന്ദർഭത്തിൽ വിസ്മരിക്കുന്നില്ല. അങ്ങനെ വരാൻ പോകുന്ന അപകടത്തെ നേരിടാൻ നിഷ്പക്ഷമായി ചിന്തിച്ചുകൊണ്ട് മത ന്യൂനപക്ഷങ്ങളുടെ പ്രവർത്തനങ്ങളാണ് അതിന് വിഘാതമായി നിൽക്കുന്നത്, മററുള്ള വിഭാഗങ്ങളാണ് അതിന് വിഘാതമായി നിൽക്കുന്നത് എന്നുള്ള ചിന്താഗതി വളർത്താതെ യോജിപ്പോടുകൂടി ഈ വിപത്തിനെ നേരിടാൻ തയ്യാറാകുന്നില്ലെങ്കിൽ മഹാത്മാഗാന്ധിയെ കൊന്ന സന്ദർഭത്തിൽ നാം മനസ്സിലാക്കാതിരുന്നതുപോലെ തന്നെ നമ്മൾ എത്ര ശ്രമിച്ചാലും പരിഹരിക്കാൻ സാധിക്കാത്ത ഒരു സ്ഥിതിയിലേക്ക് നീങ്ങും. ആ വിപത്തിലേക്ക് നമ്മുടെ ഇൻഡ്യ പോകാതിരിക്കാൻ വേണ്ടി നമ്മളെല്ലാവരും ഒരുമിച്ച് പ്രവർത്തിക്കുകയും ഇളം തലമുറയെ മനസ്സിലാക്കിക്കുകയും ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് ഗവൺമെൻറും ജനങ്ങളും എല്ലാം ഒരുമിച്ചു നിന്നുകൊണ്ട് ഈ വിപത്തിനെ നേരിടാനും ഇല്ലാതാക്കാനും ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത് ഈ പ്രമേയത്തെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് എൻെറ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, പല ബഹുമാനപ്പെട്ട അംഗങ്ങളുടേയും പ്രസംഗത്തിൽ പറഞ്ഞ പല പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചും എനിക്കും എൻെറ പാർട്ടിക്കും അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ കൂടിയും അതി

LIBRARY ARCHIVES Kerala Legislative Assembly

നെയെല്ലാംപററി സംസാരിക്കാൻ എനിക്ക് സമയമില്ലാത്തതുകൊണ്ട്, നിവൃത്തിയില്ലാത്തതുകൊണ്ട് പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളെക്കുറിച്ചാണ് ഞാൻ സംസാരിക്കാൻ ഉദ്ദേശിക്കുന്നത്. സർ, ഗോറാംവാറംഫറിന്റെ ബഞ്ച് ഓഫ് തോട്ട്സിലും ശ്രീ. വാജ്പേയിയുടെ വളരെക്കൊല്ലങ്ങൾക്ക് മുമ്പ് മുതൽക്കുള്ള പര്യടന കാര്യങ്ങളിലും എല്ലാം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉള്ള അറിവിനെസംബന്ധിച്ച് അദ്ദേഹം പറഞ്ഞതായ വാക്കുകൾ ഞാൻ കൗതുകപൂർവം ശ്രദ്ധിക്കുകയുണ്ടായി. സർ, 1967-ൽ (1960 കഴിഞ്ഞ് 7 കൊല്ലമേ അന്ന് ആയിട്ടുള്ളു, ഇന്ന് 19 കൊല്ലമായി) ആർ.എസ്.എസ്. നിയന്ത്രണത്തിൽ ഉണ്ടെന്ന് പറയപ്പെടുന്ന ഇന്നത്തെ ജനസംഘത്തോടുകൂടി ബീഹാർ സംസ്ഥാനത്തിൽ ഒരുമിച്ച് ഭരിക്കാനുള്ള സുവർണ്ണാവസരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടി സ്വീകരിച്ചു കഴിഞ്ഞതിനു ശേഷം ഇന്നും ഈ കാര്യങ്ങൾ എല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഓർക്കാൻ സാധിച്ചതിൽ, ഞാൻ ഒരു വിധത്തിൽ പറഞ്ഞാൽ, സന്തോഷിക്കുന്നു. സർ, ഏതെങ്കിലും ഒരു കക്ഷി അതിക്രമങ്ങളോ അക്രമരാഷ്ട്രീയമോ നടത്തുന്നുണ്ടെങ്കിൽ അതിനെ എതിർക്കണമെന്ന കാര്യത്തിൽ എനിക്കോ എന്റെ പാർട്ടിക്കോ യാതൊരു സംശയവുമില്ല. അതിന് പാർട്ടിയെ പ്രത്യേകം എടുത്ത് പറയേണ്ടതില്ല. ആരുതന്നെ ചെയ്താലും എന്ത് തന്നെ ചെയ്താലും അത് അക്രമമാണെങ്കിൽ എതിർക്കണമെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

സർ, ആർ.എസ്. എസ്സിനെപ്പററി ആരുതന്നെ എന്തെല്ലാം പറഞ്ഞാലും, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതെല്ലാം തന്നെ പറഞ്ഞാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് കുറെ കൊല്ലങ്ങളായി വളരെയധികം സ്നേഹബന്ധം പുലർത്തുന്ന കോൺഗ്രസ്സും കോൺഗ്രസ്സിന്റെ നേതാക്കളും എന്താണ് ചെയ്തിരിക്കുന്നതെന്ന് ഓർക്കേണ്ടതുണ്ട്. 1962-ൽ ചൈനീസ് ആക്രമണം ഉണ്ടായി. ആ ആക്രമണ കാലത്ത് ആർ.എസ്.എസ്. ചെയ്ത കാര്യങ്ങളെ പണ്ഡിററ് ജവഹരിലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്ന കാലത്ത് അഭിനന്ദിച്ചിട്ടുണ്ട്. 1963-ൽ റിപ്പബ്ലിക്ക് ഡേയ്ക്ക് അവരുടെ പ്രതിനിധികളെ വിളിച്ചുകൂട്ടി പ്രധാനമന്ത്രി അഭിനന്ദിച്ചു. 65-ൽ പ്രധാനമന്ത്രി ലാൽബഹദൂർശാസ്ത്രി പാക്കിസ്ഥാൻ യുദ്ധം നടക്കുന്ന സമയത്ത് ആ കാര്യങ്ങളിൽ പോലിസ്സിനെ സഹായിക്കാൻ വേണ്ടി ആർ.എസ്.എസ്സിനെ നിയോഗിച്ചു. അദ്ദേഹവും അവരെ അഭിനന്ദിച്ചിട്ടുണ്ട്. കഴിഞ്ഞകൊല്ലം വെള്ളപ്പൊക്കവും മററും ഉണ്ടായ സമയത്ത് ആന്ധ്രാ പ്രദേശിലും മററും ആർ.എസ്.എസ്സുകാർ പോയിട്ടു ഗവൺമെൻറിന്റെ സഹായമൊന്നും കൂടാതെ സ്വയം പ്രവർത്തിച്ചു. അതിനെ അഭിനന്ദിച്ചത് ഞാൻ അല്ല, പ്രധാനമന്ത്രി മൊറാർജി ദേശായി അല്ല, ആ ഭാഗത്തേയ്ക്ക് രണ്ട് ദിവസത്തേയ്ക്ക് പര്യടനം പോയിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി ആയിരുന്നു. പക്ഷേ ഉദ്ദേശം വേറെ ആയിരുന്നു. ഉദ്ദേശം ജനതാ പാർട്ടി ഗവൺമെൻറിന്റെ പ്രവർത്തനങ്ങളൊന്നും അവിടെ കണ്ടില്ലെന്ന് ഉള്ള ഉദ്ദേശത്തോടുകൂടി ആണെന്നുള്ളത് വ്യക്തമാണ്. അത് പത്രങ്ങളിൽ വന്നിട്ടുള്ളതാണ്. ശ്രീമതി ഗാന്ധിയുടെ വാക്കുകളിൽ ഞാൻ ആ പ്രദേശങ്ങളിലെല്ലാം പോയപ്പോൾ ആർ.എസ്.എസ്. പ്രവർത്തകർ റിലീഫ് പ്രവർത്തനങ്ങൾ ചെയ്യുന്നതല്ലാതെ വേറൊരു ഗവൺമെൻറ് മെഷീനറിയും അവിടെ മൂവ് ചെയ്തതായി കണ്ടില്ലെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം സ്വാതന്ത്ര്യ സമരകാലത്ത് ഞങ്ങളുടെയെല്ലാംകൂടെ സെൻട്രൽ മററ് പല ജയിലുകളിലും ഇവർ ഉണ്ടായിരുന്നു.. ധാരാളം ആളുകൾ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിരുന്നു. രണ്ടാം സ്വാതന്ത്ര്യസമരത്തിൽ വളരെ നിർണ്ണായകമായ പങ്ക് ഇതിന്റെ വോളണ്ടിയർമാരും സുഹൃത്തുക്കളും വഹിക്കുകയുണ്ടായി. ഇതെല്ലാമാണ് ചരിത്രം, ഇതെല്ലാം ഒരു വസ്തുത എന്ന നിലയിൽ പറയുന്നതാണ്. എനിക്ക് ഒരു സംഘടനയേയും പ്രത്യേകമായി സപ്പോർട്ടു ചെയ്യേണ്ട ആവശ്യമില്ല. എനിക്ക് കാര്യവുമില്ല എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഉള്ള കാര്യം വ്യക്തമാക്കി കഴിഞ്ഞിട്ടുള്ളതാണ്. ആ സംഘടനയുമായി എന്റെ പാർട്ടിക്ക് ബന്ധമില്ല. ആ സംഘടനയുടെ വക്താക്കളും എന്റെ പാർട്ടിയുമായി ബന്ധമില്ലെന്നുള്ള കാര്യം വ്യക്തമാക്കിയിട്ടുണ്ട്. സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിക്കുമ്പോൾ പറഞ്ഞ ഒരു കാര്യം ഞാൻ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം മുഴുവനും ശ്രദ്ധിച്ചു കേട്ടു. അദ്ദേഹം ഒരു രാഷ്ട്രീയ കക്ഷിയേയും എടുത്ത് പറഞ്ഞില്ല. പക്ഷേ അദ്ദേഹം ബുദ്ധിപൂർവ്വം ഒന്നു ചെയ്തു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനഭാഗത്ത് കഴിഞ്ഞ രണ്ട് കൊല്ലക്കാലമായി അവരാണ് പിന്നോക്ക സമുദായങ്ങൾക്ക് അപകടം എന്നും ആ അപകടങ്ങൾ എല്ലാം ആർ.എസ്.എസ്. കാരെ കൊണ്ടാണ് ഉണ്ടാകുന്നതെന്നും ഉള്ള രീതിയിലുള്ള സൂചന നടത്തി. എന്താണ് ഈ രണ്ട് കൊല്ലക്കാലത്തിനകത്ത് വാസ്തവത്തിൽ നടന്നത്? ഇൻഡ്യൻ എയർ ലൈൻസിലും എയർ ഇൻഡ്യയിലും ഒരു ഷെഡ്യൂൾഡ് കാസ്ററ്സ് ആൻറ് ഷെഡ്യൂൾഡ് ട്രൈബിൽ, ഒരു വനിതയ്ക്ക് ഇദംപ്രഥമമായി എയർഹോസ്ററസായി നിയമനം ലഭിച്ചു. ഷെഡ്യൂൾഡ് കാസ്ററ്സ് ആൻറ് ഷെഡ്യൂൾഡ് ട്രൈബ്സിന് സർവ്വീസ്സിൽ പ്രമോഷൻ കാര്യത്തിൽ റിസർവേഷൻ കൊടുത്തുകൊണ്ട് ഇദംപ്രഥമമായി ഇൻഡ്യാ ഗവൺമെൻറ് ഓർഡർ പുറപ്പെടുവിച്ചു. അതും ഈ കഴിഞ്ഞ രണ്ട് കൊല്ലക്കാലത്തിനിടയിലാണ്.

(ബഹളം)

സർ, ഇൻഡ്യയുടെ കണ്ണുകളായിട്ടുള്ള ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിൽ കഴിഞ്ഞ 30 കൊല്ലക്കാലം പിന്നോക്ക സമുദായങ്ങൾക്ക് റിസർവേഷൻ ഉണ്ടായിരുന്നില്ല. കഴിഞ്ഞ രണ്ട് കൊല്ലക്കാലത്തിനിടയ്ക്ക് 26 ശതമാനം റിസർവേഷൻ ഇദംപ്രഥമമായി ബീഹാർ സംസ്ഥാനത്തിലാണ് കൊണ്ടുവന്നത്. ഒരു മൈനോറിററി കമ്മീഷൻ ഉണ്ടാക്കി. ഒരു ബാക്ക് വേഡ് ക്ലാസ്സസ് കമ്മീഷൻ ഉണ്ടാക്കി. സർ, അടിയന്തിരാവസ്ഥ കാലത്ത് ബിഷപ്പിനെ ഉണ്ടാക്കണമെങ്കിൽ കേന്ദ്ര ഗവൺമെൻറിന്റെ സമ്മതം വേണമായിരുന്നു. ആ സമ്മതം വേണ്ടാതെ വന്നത് കഴിഞ്ഞ രണ്ടു കൊല്ലക്കാലത്തിനിടയിലാണ്. ഈ കാര്യങ്ങളെല്ലാം ഈ കഴിഞ്ഞ രണ്ടു കൊല്ലക്കാലത്തിനിടയിൽ നടന്നിരിക്കെ ഈ രണ്ട് കൊല്ലക്കാലത്തിനകത്ത് എന്ത് ആപത്താണ് ഇൻഡ്യയിലെ സാധാരണക്കാരായ ആളുകൾക്ക്, ന്യൂനപക്ഷ സമുദായങ്ങൾക്ക് അല്ലെങ്കിൽ മതപരമായ ഏതെങ്കിലും സമുദായത്തിന് ഉണ്ടായിട്ടുള്ളത്? ആ നിലയ്ക്ക് ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത് ആത്മാർത്ഥതയോടുകൂടിയല്ല; ഈ പ്രമേയം രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടിയാണ് കൊണ്ടുവന്നിട്ടുള്ളത്. എന്താണ് സർ, ഈ പ്രമേയം കൊണ്ടുവരാൻ ഉണ്ടായ കാരണം? ഈ സഭയിൽ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

എം.വി. രാഘവനും വിജയനും തലശ്ശേരി ഭാഗങ്ങളിൽ നടന്നതായ ചില കാര്യങ്ങളെ സംബന്ധിച്ച് അടിയന്തിരപ്രമേയം ഉന്നയിക്കുകയുണ്ടായി. ആ കാര്യത്തെപ്പററി ചർച്ച ചെയ്യേണ്ടതായിരുന്നു. അത്തരത്തിലുള്ള അനുഭവങ്ങൾ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ ഗവൺമെൻറ് തീർച്ചയായും എടുക്കേണ്ടതാണ്. അതിലൊന്നും അഭിപ്രായവ്യത്യാസമില്ല. തലശ്ശേരിയെ എങ്ങനെ ഒതുക്കി തീർക്കാർ കഴിയും തലശ്ശേരിയിലെ അനിഷ്ടസംഭവങ്ങൾ എങ്ങനെ ഈ സംസ്ഥാനത്ത്പടരാതിരിക്കാൻ കഴിയും. ഈ സംസ്ഥാനത്ത് ഏതെങ്കിലും സംഘടന, അനാവശ്യമായി, അനധികൃതമായി ആയുധ പരിശീലനം നടത്തിയാൽ അത് എങ്ങനെ തടയാൻ കഴിയും. ഈ സംസ്ഥാനത്തിന് ഹാനികരമായി ഏതെങ്കിലും സംഘടന പ്രവർത്തിക്കുകയാണെങ്കിൽ ആ സംഘടനയുടെ പ്രവർത്തനം എങ്ങനെ ക്രമീകരിക്കാൻ കഴിയുമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. അതാണോ ഈ പ്രമേയത്തിൽ കണ്ടിട്ടുള്ളത്? ഈ പ്രമേയത്തിൽ കണ്ടിട്ടുള്ളതെല്ലാം തന്നെ ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഈ സംഘടനയെ പേരെടുത്തുകൊണ്ട് പറയുന്നത് തെററാണെന്ന് വസ്തുതകൾ തെളിയിക്കും. സർ, ഇവിടെ മതവിദ്വേഷം എവിടെയാണ് ഇളക്കി വിടുന്നത്?

ന്യൂനപക്ഷങ്ങൾക്കെതിരായിട്ടാണ് അന്ന് ആക്രമണം ഈ രാജ്യത്തു നടന്നത്. അതു നടക്കുകയില്ലായിരുന്നു സർ. ഏതു രാഷ്ട്രീയകക്ഷിയുടെ പേരിലായാലും ശരി മത ന്യൂനപക്ഷങ്ങളെ സംരക്ഷിക്കണമെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. ഞങ്ങളെല്ലാം കൈകോർത്തു പിടിച്ചുകൊണ്ട് മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ മുന്നോട്ടുനീങ്ങും എന്ന കാര്യത്തിൽ ഒന്നുംതന്നെ സംശയിക്കേണ്ടതില്ല. ഈ രാജ്യത്തിൻെറ ഐക്യത്തിനും ഭദ്രതയ്ക്കും ജനാധിപത്യത്തിനും ഭീഷണിവരുത്തി എന്നു പറയുന്നു. പക്ഷേ സർ, ഞാൻ വളരെ വിനയപൂർവ്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാസുദേവൻ നായരോടു പറയട്ടെ, ഇന്ന് ഈ പ്രമേയം അവതരിപ്പിക്കാൻ അദ്ദേഹത്തിന് അവസരം കിട്ടിയിട്ടുണ്ടെങ്കിൽ അത്, കുറച്ച് ആത്മാർത്ഥതയുള്ള പ്രവർത്തകർ രണ്ടാം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തുകൊണ്ട് ആ രണ്ടാം സ്വാതന്ത്ര്യസമരം വിജയിപ്പിച്ചതുകൊണ്ടും ഈ രാജ്യത്തു ജനാധിപത്യം നിലനിർത്തിയതുകൊണ്ടും മാത്രമാണ്. രണ്ടാം സ്വാതന്ത്ര്യ സമരം വിജയിക്കാതിരുന്നെങ്കിൽ ഈ രാജ്യം ഇന്നും ഏകാധിപതിയുടെ ചങ്ങലയിൽ ആയേനെ. ഏകാധിപത്യം നിലനിൽക്കുകയും ഏകാധിപതിയുടെ കൂലിവേലക്കാർ ഭരിക്കുകയും ചെയ്തേനെ. ഈ രാജ്യത്ത് ഏകാധിപതിയേയും ഏകാധിപതിയുടെ കൂലിവേലക്കാരേയും ഭരണരംഗത്തുനിന്നും രാഷ്ട്രീയരംഗത്തുനിന്നും നീക്കം ചെയ്യാൻ സാധിച്ചതുകൊണ്ടുമാത്രമാണ് ശ്രീ. വാസുദേവൻ നായർക്ക് ഇത്തരത്തിലുള്ള പ്രമേയമവതരിപ്പിക്കാൻ സൗകര്യം കിട്ടിയതെന്ന് ഓർത്തുകൊണ്ടെങ്കിലും ഇത്തരത്തിലുള്ള ഭീഷണിയും തൊററായ കാര്യങ്ങളും കൊണ്ടുവരാതിരിക്കണം. ഈ പ്രമേയം അക്രമം അവസാനിപ്പിക്കാൻ കൊണ്ടുവന്നിട്ടുള്ളതാണെന്നു സൂചനകളുണ്ട്. ആ സൂചനകളോടു സഹകരിക്കുകയാണ്. അത്തരത്തിലുള്ള സമാധാനഭംഗം ഈ സംസ്ഥാനത്ത് ഒരിക്കലും ഉണ്ടാകാൻ പാടില്ല. പക്ഷേ ഒരു സംഘടനയെ പേരെടുത്തു പറഞ്ഞുകൊണ്ട് അവാസ്തവമായ സംഗതികൾ വച്ചുകൊണ്ട് സദുദ്ദേശംകൂടാതെ, രാഷ്ട്രീയോദ്ദേശത്തോടുകൂടി, കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ ഈ നിലയിൽ ഞങ്ങൾക്ക് അനുകൂലിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഞങ്ങൾ ഇതിൻെറ വോട്ടിങ്ങിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നില്ല.

(ശ്രീ. കെ. ചന്ദ്രശേഖരനും ജനതാ പാർട്ടിയിലെ മററു മെമ്പർമാരും സഭ വിട്ടു പുറത്തുപോയി)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: മി. ഡെപ്യൂട്ടി സ്പീക്കർ സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചപ്പോൾ, കഴിഞ്ഞ മുപ്പതുവർഷക്കാലത്തെ അനുഭവങ്ങൾ വച്ചുനോക്കുമ്പോൾ, മതന്യൂനപക്ഷങ്ങളുടെ അഭിലാഷങ്ങളുടെ ഒരു പ്രതീകമായാണ് എനിക്ക് ഈ പ്രമേയത്തെ കാണാൻ കഴിയുന്നത്. ഇൻഡ്യാരാജ്യത്തെ മതന്യൂനപക്ഷങ്ങൾ അനുഭവിച്ചുവരുന്ന കഷ്ടതകളുടെയും യാതനകളുടെയും വേദനകളുടെയും നിഴലിൽ നിന്നുകൊണ്ട് ഈ പ്രമേയത്തെ വീക്ഷിക്കുമ്പോൾ ഇൻഡ്യൻ ജനാധിപത്യത്തിന് ഈ നിയമസഭ ഈ പ്രമേയത്തിലൂടെ ഒരു പുതിയ സുവർണ്ണാദ്ധ്യായം എഴുതിച്ചേർക്കുകയാണ് എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല..

എന്റെ ബഹുമാന്യ സ്നേഹിതൻ ജനതാ പാർട്ടിയുടെ നേതാവ് ശ്രീ. ചന്ദ്രശേഖരൻ ഇവിടെ പ്രസംഗിച്ചതു കേട്ടു. ഞാൻ ഒരു കാര്യത്തിൽ അദ്ദേഹത്തെ അഭിനന്ദിച്ചുകൊള്ളട്ടെ; ആർ. എസ്. എസ്സിനെ ഒരിക്കലും എതിർക്കുകയില്ലെന്നും എന്നും അനുകൂലിക്കും എന്നുമുള്ള കാര്യത്തിൽ അദ്ദേഹം ആത്മാർത്ഥത പുലർത്തിയിരിക്കുന്നു! ജനതാ പാർട്ടിയും അതിന്റെ നേതാവും ജനതാ പാർട്ടിയിൽ വിശ്വസിക്കുന്നവരും ആർ.എസ്.എസ്സിനെ എങ്ങനെ നോക്കിക്കാണുന്നുഎന്നുള്ളതിന്റെ വ്യക്തമായ ഒരു ചിത്രമാണ് ശ്രീ. ചന്ദ്രശേഖരൻ ഈ സഭയിൽ കൊത്തിവച്ചിട്ടുള്ളത് എന്നതിന് സംശയമില്ല. അദ്ദേഹം, ആർ.എസ്.എസ്. ഇൻഡ്യൻ രാഷ്ട്രീയത്തിൽ ചെയ്തതായി അദ്ദേഹം കരുതുന്ന കുറെ നൻമകൾ ഊന്നിപ്പറഞ്ഞു. അതു കേട്ടപ്പോൾ എനിക്കുതോന്നിയത് ''പട്ടിണികിടക്കുന്ന ആളുകളോടു പല്ലുകുത്തിയുടെ മാഹാത്മ്യം'' പറയുന്നതായിട്ടാണ്. അദ്ദേഹം പറഞ്ഞു ഈ കേരളത്തിലെ മതന്യൂനപക്ഷങ്ങളെ ആക്രമിക്കാൻ അദ്ദേഹത്തിന്റെ പാർട്ടി അനുവദിക്കുകയില്ലെന്ന്! ആർക്കുവേണം ജനതാ പാർട്ടിയുടെ സഹായം. ആ കാര്യത്തിൽ ജനതാ പാർട്ടിക്ക് അങ്ങനെയുള്ള കാര്യങ്ങളിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ഞാൻ ചോദിക്കട്ടെ, ബീഹാറിൽ മുസ്ലീം ന്യൂനപക്ഷത്തെ മർദ്ദിക്കുകയും വധിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ അവിടെ കർപ്പൂരി താക്കൂറിന്റെ ഗവൺമെൻറിന് എന്തു ചെയ്യാൻ സാധിച്ചു? അലിഗറിലെ തെരുവീഥീകളിൽ അവിടത്തെ മതന്യൂനപക്ഷങ്ങളെ കശാപ്പു ചെയ്തുകൊണ്ടിരുന്നപ്പോൾ ജനതാ പാർട്ടിയുടെ ഗവൺമെൻറിന് അവിടെ എന്തുചെയ്യാൻ സാധിച്ചു? വാരാണസിയിലെ തെരുവീഥികളിൽ മുസ്ലീം ന്യൂനപക്ഷ സഹോദരിമാരെ മാനഭംഗപ്പെടുത്തുകയും മുസ്ലീങ്ങളുടെ കടകൾ ആക്രമിക്കുകയും അവരെ കൊല്ലുകയും ചെയ്തപ്പോൾ ജനതാപാർട്ടിയുടെ ഗവൺമെൻറിന് എന്തു ചെയ്യാൻ സാധിച്ചു? സാമ്പലിലെ പള്ളിയിൽ കയറി അവിടത്തെ മതനേതാവിനെ പിടിച്ചുകൊണ്ടുവന്നു ജീവനോടെ ചുട്ടെരിച്ചപ്പോൾ ജനതാ പാർട്ടിക്ക് അവിടെ എന്തുചെയ്യാൻ സാധിച്ചു? അവിടെയെങ്ങും ഒന്നും ചെയ്യാതെ കേരളത്തിൽവന്നു പ്രതിപക്ഷത്തിരുന്നുകൊണ്ടു ഇവിടെവച്ചു പറയുകയാണ് മതന്യൂനപക്ഷങ്ങളുടെ നേരെ ജനതാ പാർട്ടി അക്രമം അനുവദിക്കുകയില്ല എന്ന്! പറഞ്ഞതിനു നന്ദിയുണ്ടെങ്കിലും ഞാൻ ഒരുകാര്യം പറയാനാഗ്രഹിക്കുകയാണ്. ഇവിടെ സുസംഘടിതരായ മതന്യൂനപക്ഷങ്ങളും അതിനെക്കാളും സുശക്തമായ, രാജ്യത്തെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പാർട്ടികളും മററു പുരോഗമനശക്തികളും ഉള്ള കാലത്തോളം ഇവിടെ മതന്യൂനപക്ഷങ്ങൾക്കു രക്ഷയുണ്ട് എന്നുവിശ്വസിക്കാനുള്ള ബുദ്ധി ഞങ്ങൾക്കുണ്ട്. അക്കൂട്ടത്തിൽ ഒഴുകുന്ന തോണിക്ക് ഒരുന്ത് എന്ന നിലയിൽ ശ്രീ. ചന്ദ്രശേഖരൻ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ഞങ്ങളെ സഹായിക്കുമെങ്കിൽ അതിന് അദ്ദേഹത്തോടു കുറച്ചൊരു നന്ദിയുണ്ട് എന്നു പറയാൻ ഞാൻ മടിക്കുന്നില്ല. പക്ഷേ എനിക്ക് അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പാർട്ടിയിലെ നേതാക്കൻമാരെയും ഓർമ്മിപ്പിക്കാനുള്ളത് അദ്ദേഹത്തിന്റെ പാർട്ടിയിലെ പ്രമുഖനേതാക്കളിൽ ഒരാളും ഈ കഴിഞ്ഞ കാലംവരെയും ആ പാർട്ടി ഭരിക്കുന്ന കേന്ദ്രത്തിലെ ആരോഗ്യമന്ത്രിയായിരുന്ന ആളുമായ ശ്രീ. രാജ്നാരായണൻ പറഞ്ഞ കാര്യമാണ്. ഈ 1979 മാർച്ചുമാസം 25-ാം തീയതി പുറത്തു വന്ന 'സൺഡേ' വാരികയിൽ ഒരഭിമുഖസംഭാഷണത്തിൽ അദ്ദേഹം ജനതാ പാർട്ടിയെ തുറന്നുകാണിച്ചിരിക്കുകയാണ്. അദ്ദേഹം അലിഗർ സംഭവങ്ങളെപ്പറ്റി പറഞ്ഞത് ഞാനിവിടെ വായിക്കാനാഗ്രഹിക്കുന്നു സർ, "I am in the Janatha Party and the question is whether it would be possible for me to safeguard their interest, i.e. the interests of the minorities, from the Saklecha Governments clutches (in Madhya Pradesh). Take the instance of the Aligarh riots. The Central leadership sent a delegation to Aligarh. Krishna Kant was one of them. All the members wrote that RSS was behind these riots. But the Janatha Party leadership did not accept it. On the other hand they have been defending RSS." ഇതാണ് രാജ്നാരായണൻ പറഞ്ഞത്. ആർ. എസ്. എസ്. അലിഗറിൽ നടത്തിയ സംഭവങ്ങളെ അനുകൂലിക്കുന്നു എന്നുമാത്രമല്ല ആർ.എസ്. എസ്സിനെ ഡിഫെൻഡ് ചെയ്യുകയായിരുന്നു ജനത പാർട്ടി ചെയ്തത് എന്നാണ് അദ്ദേഹം പറഞ്ഞത്. എന്തിനേറെ പറയുന്നു, ജനതാ പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ ശ്രീ. മധു ലിമായേ ഈ അടുത്ത ദിവസം ഒരു പ്രസ്താവനയിൽ പറഞ്ഞത് ദൂരദർശനും ആൾ ഇൻഡ്യാ റേഡിയോവും ആർ.എസ്.എസ്. നേതാക്കൻമാരെ പുകഴ്ത്തി പാടുന്നു എന്നാണ്. സർ, ഇത് മുസ്ലീം ലീഗിൽപ്പെട്ട ഞങ്ങൾ പറഞ്ഞതല്ല, മധുലിമായേ പറഞ്ഞതാണ്. മഹാത്മാഗാന്ധിയുടെ സ്ഥാനത്ത് ദേവരശിനെയും ജവഹർലാൽ നെഹ്റുവിന്റെ സ്ഥാനത്ത് ദീനദയാൽ ഉപാദ്ധ്യായയേയും അവരോധിക്കുന്നു എന്നും അദ്ദേഹം പറയുകയുണ്ടായി. സർ, ശ്രീ. രാജ്നാരായണൻ പറഞ്ഞതെന്താണ് "All India Radio is nothing but All Advani Radio". എന്നാണ് അദ്ദേഹം പറഞ്ഞത്. ഗാന്ധിജിയുടെ സ്ഥാനം അവരിന്ന് അവരുടെ ആർ.എസ്.എസ്. നേതാക്കൻമാർക്കു നൽകുന്നു എന്നാണ്.

ഈ രാജ്യത്ത് ഇന്നു നടക്കുന്ന ഓരോ സംഭവത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് ആർ.എസ്.എസ്സുകാർ ഭരണത്തിൽ നുഴഞ്ഞു കടക്കുന്നുവെന്നാണ്. അങ്ങനെ നുഴഞ്ഞുകടക്കുന്നതിനെപ്പറ്റി സുഭദ്രാ ജോഷിയുടെ 'Is RSS behind the communal riots' എന്ന പുസ്തകത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ഇന്നു ജനത പാർട്ടിയെ അനുകൂലിക്കുന്ന ശ്രീ. കുൽദീപ് നയ്യാർ India - critical years എന്ന പുസ്തകത്തിൽ, ജനസംഘം എന്നത് ആർ.എസ്.എസ്സിന്റെ പൊളിറ്റിക്കൽ വിങ്ങാണെന്നു വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. "Jan Sangh's military wing is RSS. Jan Sangh does have the anti-Muslim bias. It does mouth to mouth propaganda that since the Muslims have a country of their own namely Pakistan, they have to quit India. ഇതു മുഴുവൻ പറയുന്നത് കുൽദീപ് നയ്യാറാണ്.

അങ്ങനെ ഈ രാജ്യത്തുള്ള എല്ലാ പുരോഗമന രാഷ്ട്രീയക്കാരും അതുപോലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഈ രാജ്യത്തെ ക്ഷേമത്തിനും

മതേതരത്വത്തിനും വേണ്ടി നിലകൊള്ളുന്നു. ഈ രാജ്യത്തെ രാഷ്ട്രീയ കക്ഷികളും ആർ.എസ്.എസ്.ന് എതിരായി നീങ്ങി കാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഈ കഴിഞ്ഞ 30 വർഷക്കാലമായി എന്തുകൊണ്ട് ആർ.എസ്.എസ്. ഇവിടെ നിലനിന്നുവെന്നുള്ളത് ഈ രാജ്യത്തെ സ്വതന്ത്രമായി ചിന്തിക്കുന്ന എല്ലാവിഭാഗം ആളുകളുടേയും മുമ്പിലുള്ള ഒരു പ്രശ്നമാണ്. 30 വർഷക്കാലം ആർ.എസ്.എസ്. ഈ രാജ്യത്ത് നടത്തിയ പ്രവർത്തനങ്ങളുടെ പേരിൽ ആ കാഷ്ഠിക. ആ പ്രസ്ഥാനത്തിന് ഈ രാജ്യത്ത് നിലനിൽക്കുവാനവകാശമില്ല. ഇത്രയൊക്കെ സർവ്വസാഹോദര്യത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു രാജ്യത്തു മത സഹിഷ്ണുത കാംക്ഷിക്കുന്ന ഒരു രാജ്യത്ത് ഈ പ്രത്യേക വിഭാഗത്തിനെതിരായി ആർ.എസ്.എസ്. പ്രചണ്ഡമായ പ്രചരണം നടത്തുകയാണ്. ഇത് ആർക്കും നിഷേധിക്കുവാൻ സാധ്യമല്ല. മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ആശാകേന്ദ്രമായിട്ടുള്ള മഹാത്മജിയുടേയും പണ്ഡിററ് ജവഹർലാൽ നെഹ്റുവിൻെറയും നേതൃത്വത്തിലുണ്ടായിരുന്ന ഇൻഡ്യൻ കോൺസ്ററിററ്യൂവൻറ് അസംബ്ലി അംഗീകരിച്ച ഇൻഡ്യൻ ഭരണഘടനയാണ്. എല്ലാ മതവിഭാഗങ്ങൾക്കും അവരവരുടെ മതം സ്വീകരിച്ച് ജീവിക്കുവാനും വളരുവാനും അനുവദിക്കുന്ന ഒരു സെക്കുലർ ഭരണഘടനയ്ക്കു രൂപം കൊടുത്ത രാഷ്ട്ര നേതാക്കൻമാരുടെ മുഖത്ത് കരിവാരി തേയ്ക്കുന്ന അനുഭവമാണ് ഇന്ന് നമുക്കു ഇവിടെയുണ്ടായിട്ടുള്ളത്. മഹാത്മജിയുടെ ഏററവും പ്രശസ്തനായ ഒരു അനുയായി പണ്ഡിററ് ജവഹർലാൽ നെഹ്റു ഇൻഡ്യൻ സംസ്കാരത്തെപ്പററി പറഞ്ഞത് ''നാനാത്വത്തിൽ ഏകത്വം കാണുന്നതാണ് ഇൻഡ്യൻ സംസ്കാരം എന്നാണ്. പക്ഷേ ആർ.എസ്.എസ്. ഇവിടെ വിഭാവനം ചെയ്യുന്നത് ഒരു പ്രത്യേക വർഗ്ഗത്തിൻെറ ഫാസിസ്ററ് രീതിയിലുള്ള ഒരു സമൂഹത്തെയാണ്. ഈ സമൂഹം ഇൻഡ്യയെ സംബന്ധിച്ചിടത്തോളം നിഷേധാത്മകമാണ്. ഇൻഡ്യയിലെ ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ഒരിക്കലും തന്നെ ഇവിടെ നിലനിറുത്തുവാൻ സാദ്ധ്യമല്ലാത്തതാണ്. 1948 ജനുവരി 30-ാം തീയതി ലോകത്തെ മുഴുവൻ കിടുകിടാ വിറപ്പിച്ച, ലോകത്തെ മുഴുവൻ ദുഖത്തിലാഴ്ത്തിയ ഒരു സംഭവമുണ്ടായി. മഹാത്മജിയെ വെടിവച്ചുകൊന്നു. ആരാണ് സർ, മഹാത്മജിയെ കൊന്നത്? നാഥുറാംഗോഡ്സേ. അദ്ദേഹത്തിൻെറ തോക്കിൽ നിന്നും വന്ന വെടിയുണ്ട ഇൻഡ്യൻ രാഷ്ട്രത്തിൻെറ എല്ലാം എല്ലാം ആയിരുന്ന മഹാത്മജിയുടെ നെഞ്ചിലൂടെ നുഴഞ്ഞുകയറുകയാണ് ചെയ്തത്. ബിർള്ളാ മന്ദിരത്തിന് പൊൻമുററത്ത് ആ മഹാനായ നേതാവ് ഏതൊരു ലക്ഷ്യത്തിനുവേണ്ടി തൻെറ ആത്മാവ് ആഹൂതി ചെയ്തുവോ, ആ ലക്ഷ്യം—സർവ്വസമുദായമൈത്രിയാണ്. അത് നമ്മുടെ മുമ്പിലുണ്ട്. അതാണ് നമ്മൾ പൊക്കിപ്പിടിക്കേണ്ടത്. ഗാന്ധിജി മരിച്ചുവീണപ്പോൾ പണ്ഡിററ് ജവഹർലാൽ നെഹ്റു ആണ് ആൾ ഇൻഡ്യാ റേഡിയോയിലൂടെ പറഞ്ഞു ''The light has gone out of our lives and there is darkness everywhere''. ആർ.എസ്.എസ്. ൻെറ പ്രവർത്തനം നടക്കുന്ന ഇൻഡ്യയിൽ നമ്മൾ ഇപ്പോഴും ഇരുട്ടിൽ തപ്പുകയാണോയെന്നു ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ഇരുട്ടിൽനിന്നും നമ്മുടെ രാജ്യത്തിന് വെളിച്ചമുണ്ടാകണമെങ്കിൽ ഈ നാട്ടിലെ പുരോഗമനശക്തികൾ, ഈ നാട്ടിലെ രാഷ്ട്രീയ ശക്തികൾ, ഈ നാട്ടിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ പ്രതിനിധാനം ചെയ്യുന്ന കക്ഷികൾ അതുപോലുള്ള മതന്യൂനപക്ഷങ്ങളുടെ ശക്തികൾ ഇതെല്ലാം കൈകോർത്ത് പിടിക്കണം. അങ്ങനെ കൈകോർത്തു പിടിച്ച് മുന്നേറിയാൽ ഈ രാജ്യത്തിൻെറ മുഖത്ത് കാർക്കിച്ച് തുപ്പാൻ വെമ്പുന്ന, അതിനുവേണ്ടി കാത്തുനിൽക്കുന്ന ഈ വർഗ്ഗ ശക്തിയെ

LIBRARY ARCHIVES Kerala Legislative Assembly

ഈ വിഭാഗീയ പ്രവണതയെ, ഈ രാജ്യത്തെ നാശത്തിലേക്കു മാത്രം നയിക്കുന്ന ദുശക്തിയെ നമുക്കു പിടിച്ചുകെട്ടാൻ സാധിക്കും. അതിനു വേണ്ടി നമ്മളെല്ലാവരും ഒത്തൊരുമിച്ച് മുമ്പോട്ടുപോകണമെന്നാണ് ഈ പ്രമേയം കൊണ്ടുദ്ദേശിക്കുന്നതെങ്കിൽ ഈ പ്രമേയത്തെ സർവ്വാത്മനാ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. എം. അബൂബേക്കർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന്റെ അന്തസ്സത്തയോട് ഞാൻ യോജിക്കുകയാണ്. പക്ഷേ ഈ പ്രമേയം പാസ്സാക്കിയതുകൊണ്ടു മാത്രം മതിയോയെന്നുള്ള കാര്യത്തെ കുറിച്ച് കൂടി ചിന്തിക്കേണ്ടതുണ്ട്. ഈ പ്രമേയത്തിന്റെ ഓപ്പറേറ്റീവ് പാർട്ട് എന്ന നിലയിൽ ആർ.എസ്.എസ്. ന്റെ പ്രവർത്തനങ്ങളിൽ ഈ സഭ അപലപിക്കുന്നുവെന്നു മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചാൽ മതിയോ? ആർ.എസ്.എസ്. ന്റെ ഭീഷണി രാജ്യവ്യാപകമാണെങ്കിലും സംസ്ഥാന തലത്തിൽ അതിനെ ഫലപ്രദമായി നേരിടുവാൻ വേണ്ടിയുള്ള നടപടികൾ ഈ പ്രമേയം അവതരിപ്പിച്ച പ്രമേയാവതാരകനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഗവൺമെന്റ് തന്നെ സ്വീകരിക്കേണ്ടതില്ലേ? അതിന് നിലവിലുള്ള നിയമപ്രകാരം എടുക്കേണ്ട നടപടികൾ എടുക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുവാനുള്ളത്.

സർ, ആർ.എസ്.എസ്. നെക്കുറിച്ച് ഇവിടെ പലരുംപലതും പറഞ്ഞു കേട്ടു. ആർ.എസ്.എസ്. കാർ ദേശീയ പ്രസ്ഥാനത്തിന്റെ ശത്രുക്കളാണെന്നു രേഖകളിൽ കാണുന്നുണ്ട്. ഗാന്ധിയൻതത്വശാസ്ത്രത്തിന്റെ എതിരാളിയായിരുന്നു ഇവർ എന്നും ചരിത്ര രേഖകളിൽ കാണുന്നുണ്ട്. ബ്രിട്ടീഷുകാർമുതൽ ഇന്ന് അധികാരത്തിലിരിക്കുന്ന ഏത് കക്ഷികൾ ആയാലും ഏതുവർഗ്ഗമായാലും അവരെ പ്രീണിപ്പിക്കുകയും അവർക്ക് ശിങ്കിടിപാടുകയും ജയജയ പാടുകയും ചെയ്യുന്ന നിലപാട് അല്ല ആർ.എസ്.എസ്.കാർ പുലർത്തിപ്പോന്നിരുന്നത് എന്ന് കഴിഞ്ഞ കാലഅനുഭവങ്ങളിൽനിന്നും മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്തിന് ഏറെ പറയുന്നു, ആർ. എസ്. എസിന്റെ പരമോന്നതനേതാവായി വിരാജിക്കുന്ന ശ്രീ. ദേവ്അരശ് അടിയന്തിരാവസ്ഥക്കാലത്ത് ശ്രീമതി ഇന്ദിരാഗാന്ധിയുടെ പാർട്ടിക്ക് പിൻതുണ പ്രഖ്യാപിച്ചു. അതായത് ജയിലിൽ നിന്നും വിമോചിപ്പിക്കുകയാണെങ്കിൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ പരിപാടികൾ വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരാകാമെന്ന് ശ്രീ. വിനോബാഭാവേ മുഖേന ഒരു ഉറപ്പ് എന്ന നിലയിൽ ശ്രീമതി ഗാന്ധിക്ക് കത്ത് എഴുതിയെന്ന് രേഖകളിൽ കാണുന്നുണ്ട്. അതിൽ യാഥാർത്ഥ്യമെത്രത്തോളമുണ്ടെന്ന് എനിക്ക് അറിയുകയില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഗുരുജിയുടെ ചില സൂക്തങ്ങൾ ഉന്നയിക്കുകയുണ്ടായി. from the 'Bunch of Thoughts' of Guruji Golwalker. വിചാരധാരയുടെ സൂക്തങ്ങൾ. അതിൽ ചിലത് കൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ ഉന്നയിക്കേണ്ടതായിരുന്നു; ഉദ്ധരിക്കേണ്ടതായിരുന്നു. ആർ. എസ്.എസ്. കാരുടെ പ്രത്യയ ശാസ്ത്രം എന്നുള്ള നിലയിൽ പ്രധാനമായും മൂന്നു ശത്രുക്കളെ ആണ് ഇൻഡ്യാരാജ്യത്ത് കാണുന്നത്. ആ മൂന്നു ശത്രുക്കളേയും പരാജയപ്പെടുത്തുന്നതിനുള്ള ശ്രമമാണ് ആർ.എസ്.എസ്.ന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളും അനുയായികളും ചെയ്യേണ്ടതു് എന്നു് പറയുന്നുണ്ടു്. ശ്രീ. പി. കെ. വാസുദേവൻ നായർ അതു് കണ്ടുകാണുമെന്നാണു് എൻെറ വിശ്വാസം. അതിൽ ആദ്യത്തേതു് ജനാധിപത്യം ആണു്. രണ്ടാമത്തേതു് കൃസ്ത്യാനികൾ, മൂന്നാമത്തേതു് ഇസ്ലാംമതക്കാർ. ജനാധിപത്യത്തോടും കൃസ്ത്യാനികളോടും മുസ്ലീംങ്ങളോടും ഉള്ള വൈരാഗ്യം തീർക്കുന്നതിനു വേണ്ടിയുള്ള പരിശ്രമത്തിലേർപ്പെടുകയാണു് ആർ.എസ്.എസ്. ൽ വിശ്വസിക്കുന്ന ആളുകൾ ചെയ്യേണ്ടതു് എന്നു ഗുരുജിയുടെ മററൊരു സൂക്തത്തിൽ പറയുന്നുണ്ടു്. ഇതുപോലെയുള്ള ഗുരുജിയുടെ സൂക്തങ്ങൾ പലതുമുണ്ടു്. അതു് നിഷേധിക്കപ്പെടണം. ഒരു മാവിൻതൈ നാം നട്ടു കഴിഞ്ഞാൽ ആ മാവിൻതൈ വളരുന്നതിനുവേണ്ടി അതിൻെറ ചുവട്ടിൽ പാലും തേനും ആരും ഒഴിക്കാറില്ല. അതിൻെറ വളർച്ചയ്ക്കു വേണ്ടി ചാണകവും മററു വളങ്ങളുമാണു് ഉപയോഗിക്കുന്നതു്. ആർ.എസ്.എസ് ആകുന്ന മഹാവൃക്ഷം വളർത്തുന്നതിനു് വേണ്ടി ചില അക്രമങ്ങളും കൊലയും ചെയ്യേണ്ടതായിവരികയാണെങ്കിൽ, അതെല്ലാം അനുവദനീയമാണെന്ന ചിന്താഗതിയിൽ വിശ്വസിക്കുന്ന ഒരു പ്രസ്ഥാനം, ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഫാസിസ്ററ് ചിന്താഗതിയിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനം വളർന്നുകൂടാൻ പാടില്ലാത്തതാണെന്ന അഭിപ്രായത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമുണ്ടാകുമെന്നു എനിക്കു് തോന്നുന്നില്ല.

ഗാന്ധിജിയുടെ വധത്തിനു് ഉത്തരവാദികളായ ആർ.എസ്.എസ്. കാർ ഇന്നും വളരെ ശക്തിയായി ഇവിടെ വളരുന്നുണ്ടു്. അവരുടെ പ്രവർത്തനങ്ങൾക്കു് അറുതിവരുത്തുവാൻ നമുക്കു് നിഷ്പക്ഷമായി ചിന്തിക്കാം. സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷം 1940 കാലഘട്ടത്തിലാണു് ആർ.എസ്. എസ്സിൻെറ പ്രവർത്തനം തുടങ്ങിയതു്. ഗാന്ധിജിയുടെ വധത്തിനു ശേഷം ആർ.എസ്.എസ്. നെ നിരോധിക്കപ്പെട്ടുവെങ്കിലും തുടർന്ന കാലഘട്ടത്തിൽ ആർ.എസ്.എസ്. ൻെറ പ്രവർത്തനം ഇവിടെ ശക്തി പ്രാപിക്കുകയല്ലേ ചെയ്തതു്. ഇൻഡ്യൻ പ്രധാനമന്ത്രി ആയിരുന്ന പണ്ഡിററ് ജവഹർലാൽ നെഹ്റു മുതൽ ഇന്നത്തെ പ്രധാനമന്ത്രി ശ്രീ. മൊറാർജി ദേശായി വരെയുള്ളവർ ഇൻഡ്യാരാജ്യത്തു് ആർ.എസ്.എസ്. ൻെറ നേതാക്കൻമാരായ ഗുരുജിയും ഗോൾവാൾക്കറും വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങളെ ഏറെക്കുറെ പ്രാവർത്തികമാക്കുന്ന കാര്യത്തിൽ—അറിഞ്ഞോ അറിയാതെയോ ഒളിഞ്ഞോ തെളിഞ്ഞോ പ്രത്യക്ഷമായോ പരോക്ഷമായോ—ഉത്തരവാദിത്വം എടുത്തിരുന്നുവെന്ന സംഗതി ഈ സന്ദർഭത്തിൽ കാഴ്ചവയ്ക്കുന്നതു് ന്യായമാണെന്നു തോന്നുകയാണു്. അതു് മറച്ചുവച്ചിട്ടു് കാര്യമില്ല. ഇതിൻെറ പ്രതിവിധി എന്താണു്? ആർ.എസ്.എസ്.നെ നിരോധിച്ചതുകൊണ്ടു മാത്രം ഈ പ്രശ്നത്തിനു് പരിഹാരം ആകുമോ എന്ന അഭിപ്രായം എനിക്കില്ല. ഇതിനു് മാനസികമായ പരിവർത്തനം തന്നെ ഉണ്ടാകേണ്ടതുണ്ടു്. മാനസികമായ പരിവർത്തനത്തെക്കുറിച്ചു് പറയുമ്പോൾ പട്ടാപ്പകൽ നിരപരാധികളായ ആളുകളെ പരസ്യമായി കൊലയും കൊള്ളയും കൊള്ളിവയ്പ്പും എല്ലാം നടത്തിയിട്ടുള്ള നക്സലൈററുകൾക്കു കൂടി മാനസികമായ പരിവർത്തനം വേണ്ടേയെന്നുള്ള അഭിപ്രായഗതി കൂടിയുള്ള ഒരു കാലഘട്ടമാണിതു്.

ശ്രീ. അഹമ്മദ് ഇവിടെ സംസാരിച്ചപ്പോൾ സർവ്വസമുദായ മൈത്രിയെക്കുറിച്ചു് പറഞ്ഞു. അതിനോടു് ഞാനും യോജിക്കുകയാണു്. അല്ലാതെ ഈ പ്രസ്ഥാനം ഇവിടെനിന്നും അവസാനിക്കുവാൻ പോകുന്നില്ല. ഈ സന്ദർഭത്തിൽ മതന്യൂനപക്ഷങ്ങൾക്കിടയിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുന്നതിനു് നിലവിലുള്ള നിയമം അനുസരിച്ചോ അതല്ല പുതിയ

2/468—19

LIBRARY ARCHIVES Kerala Legislative Assembly

നിയമം ആവശ്യമാണെങ്കിൽ അപ്രകാരം പുതിയ നിയമം ഉണ്ടാക്കിയോ ആവശ്യമായിട്ടുള്ള എല്ലാ പരിരക്ഷകളും ചെയ്യുന്ന കാര്യത്തിൽ നമ്മുടെ ഗവൺമെൻറ് പിന്നിൽ ഉണ്ടാകരുതേയെന്നപേക്ഷിച്ചുകൊണ്ടും ഈ പ്രമേയത്തിന്റെ അന്തസ്സത്തയോട് യോജിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എ.വി. താമരാക്ഷൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. ഗുരുജി ഗോൾവാൾക്കറുടെ ഒരു വാചകം ഞാൻ ഉദ്ധരിക്കുകയാണ്. "ഞാൻ ഇൻഡ്യയുടെ തെരുവീഥികളിൽകൂടി നടന്നുപോകുമ്പോൾ എനിക്കെതിരായി വരുന്നത് ഒരു മുസ്ലീമാണെങ്കിൽ ഞാൻ അവനെ കാർക്കിച്ചു തുപ്പും. കാരണം അവൻ ഇൻഡ്യാക്കാരനല്ല. മറിച്ച് ഒരു പട്ടിയാണ് വരുന്നതെങ്കിൽ ഞാൻ അവനെ എടുത്ത് ഉമ്മ വയ്ക്കും. അത് ഇൻഡ്യാക്കാരനാണ്." ഇത്തരത്തിൽ ഇൻഡ്യയുടെ മതേതര ജനാധിപത്യ മൂല്യങ്ങളെ തുരങ്കംവയ്ക്കുന്ന നിലയിൽ ഇൻഡ്യയുടെ നിലനിൽപ്പുപോലും ചോദ്യം ചെയ്യുന്ന നിലയിൽ ഇന്ന് ഒരു ദേശീയ വിപത്തായി ആർ.എസ്.എസ്. വളർന്നുവന്നിരിക്കുന്നുവെന്ന വസ്തുത നാം കാണാതിരിക്കുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. വിവിധ ജനവിഭാഗങ്ങൾ അധിവസിക്കുന്ന ഇൻഡ്യയിലെപോലെ പിന്നോക്കം നിൽക്കുന്ന ഈ രാജ്യത്ത് ആർ.എസ്.എസ്. പോലെയുള്ള ഇത്തരം പിന്തിരിപ്പൻ കക്ഷികൾ വർഗ്ഗീയമായ വികാരം ഇളക്കിവിടുന്നത്.ഈ രാജ്യത്തെ ഫ്യൂഡൽ വർഗ്ഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിലാണ് എന്നുള്ളതിൽ എന്നെ സംബന്ധിച്ചിടത്തോളം അൽപ്പംപോലും സംശയമില്ല. നമ്മുടെ രാജ്യത്ത് ഇന്ന് തൊഴിലാളികളെയും അതുപോലെതന്നെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെയും കർഷകരെയും എല്ലാം പലതട്ടുകളിലാക്കി മാററി ഈ രാജ്യത്തെ സമ്പന്നവർഗ്ഗത്തിന്റേയും കുത്തക മുതലാളിത്തത്തിന്റേയും താൽപ്പര്യം സംരക്ഷിക്കുന്നവിധത്തിൽ രൂപംകൊണ്ടതാണ് ആർ.എസ്.എസ്. എന്ന കാര്യത്തിൽ എന്നെ സംബന്ധിച്ചിടത്തോളം അൽപ്പംപോലും സംശയമില്ല. 53 വർഷക്കാലത്തെ ചരിത്രമെടുത്തു പരിശോധിക്കുകയാണെങ്കിൽ ഈ രാജ്യത്ത് വർഗ്ഗീയത ഇളക്കിവിടുന്നതിനും അതുവഴി ഈ രാജ്യത്തെ സമ്പന്ന വർഗ്ഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുമുള്ള ശ്രമമാണ് നടന്നുവന്നിരിക്കുന്നതെന്ന് കാണാൻ കഴിയും. ആർ.എസ്.എസ്സിന്റെ പ്രവർത്തനം വളരെ ഭയാനകമായിരിക്കുകയാണ്. ഇന്ന് ഇൻഡ്യയിൽ മുപ്പതിനായിരം യൂണിററുകളിലായി ഇരുപതുലക്ഷത്തിൽപരം സൈനികപരിശീലനം നേടിയ ആളുകൾ ആർ.എസ്.എസ്സിൽ പ്രവർത്തിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പ്രത്യേകിച്ച് പുരോഗമന പ്രസ്ഥാനത്തിന് സ്വാധീനമുള്ള നമ്മുടെ സംസ്ഥാനത്തുപോലും 1500 യൂണിററുകളിലായി ഏതാണ്ടു മുപ്പതിനായിരത്തിൽപരം പരിശീലനം നടത്തിയ ആർ.എസ്.എസ്. പ്രവർത്തകർ ഉണ്ടെന്ന് പറയുന്നു. അത് വളരെ ലാഘവബുദ്ധിയോടുകൂടി കാണേണ്ട ഒരു പ്രശ്നമല്ല. കേരളത്തിൽപോലും തൊഴിലാളികളുടെ ഇടയിൽ ന്യൂനപക്ഷസമുദായങ്ങളുടെ ഇടയിലൊക്കെ അതിന്റെ സ്വാധീനം ഉപയോഗിച്ച് സ്വതന്ത്രമായി മുന്നോട്ടു വരുന്നുവെന്ന് കാണാൻ കഴിയും. വളരെ ഗൗരവമായി കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നമാണ്. രാഷ്ട്രീയമായും ആശയപരമായും നാം നേരിടേണ്ടിയിരിക്കുന്നു. ഇത്തരം ഹൈന്ദവ വികാരത്തെ അടിച്ചേൽപ്പിക്കുന്ന ആർ. എസ്. എസ്. പോലെയുള്ള വർഗ്ഗീയ കക്ഷികളെ നേരിടാൻ രാഷ്ട്രീയ പ്രസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു മാത്രമേ കഴിയു. ഇത്തരം വർഗ്ഗീയ കക്ഷികളെ ആർ.എസ്സ്. പോലെയുള്ള പ്രസ്ഥാനത്തെ നേരിടുന്നതിന് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തയ്യാറാകണം. മറിച്ച് മതന്യൂനപക്ഷങ്ങൾ മതപരവും ജാതിയുടേതുമായ മാർഗ്ഗങ്ങളിലൂടെ നേരിടാൻ ശ്രമിക്കുന്നത് കൂടുതൽ ആപൽക്കരമാണെന്നതാണ് എന്റെ അഭിപ്രായം. മതന്യൂനപക്ഷങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാനുള്ള ബാദ്ധ്യത ഇൻഡ്യയിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനത്തിനും ഉണ്ടെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് ഇൻഡ്യയിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും മററ് പുരോഗമന ശക്തികളും ഈ രാജ്യത്തിലെ ഏററവും ആപൽക്കരമായ ഈ വർഗ്ഗീയ സൈനികശക്തിയെ പരാജയപ്പെടുത്തുന്നതിനുവേണ്ടി രാഷ്ട്രീയമായും ആശയപരമായും ഒരുമിച്ചുനിൽക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മതന്യൂനപക്ഷങ്ങളുടെ താൽപ്പര്യം ഇൻഡ്യയിലെ പുരോഗമന പ്രസ്ഥാനത്തിന്റെ കയ്യിൽ അർപ്പിതമാണെന്ന് മനസ്സിലാക്കിക്കൊണ്ട് മതന്യൂനപക്ഷങ്ങൾ കുറേകൂടി സംയമനം പാലിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ഈ പ്രമേയത്തെ അനുകൂലിക്കുമെന്ന് വിചാരിച്ചു. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഈ പ്രമേയത്തെ എതിർത്തുകൊണ്ട് ഇറങ്ങിപ്പോയത് വളരെ ഖേദകരമായിപ്പോയി. ഈ പ്രമേയത്തെ എല്ലാഭാഗത്തുനിന്നും പിന്താങ്ങണമെന്ന് പറഞ്ഞുകൊണ്ട് ഒന്നുകൂടി പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആർ. സുന്ദരേശൻ നായർ:</u> സംഘടന ഏതുതന്നെ ആയാലും സംഘടിതമായി ആയുധപരിശീലനം നടത്തുകയും ആ ശക്തി നമ്മുടെ സാംസ്കാരിക ജീവിതത്തിൽ വളരെ മഹത്തായതെന്ന് കരുതപ്പെടുന്ന സത്തയ്ക്കു ഭീഷണിയായിവരുന്ന രീതിയിൽ പ്രവർത്തിക്കുകയും ചെയ്താൽ അതിനെ ചെറുക്കണമെന്ന് സംസ്ഥാന ഗവൺമെൻറിന് ഉണ്ടാകുന്ന ആഗ്രഹം പ്രകടിപ്പിക്കുന്ന ഒരു പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അതേസമയത്ത് മുഖ്യമന്ത്രിയുടെ ഈ പ്രമേയത്തിന്റെ അവസാനം വായിച്ചപ്പോൾ മല എലിയെ പ്രസവിച്ച പ്രതീതിയാണുള്ളത്. ഇത്തരം പ്രവണത ചെറുക്കാൻ നിയമം ഉണ്ടായിരിക്കുന്ന ഒരു സംസ്ഥാനത്തിന് ആ നിയമം നടപ്പാക്കാനുള്ള ബാദ്ധ്യതയുള്ള ഒരു ഗവൺമെൻറിന്റെ നേതാവ് പ്രമേയം അവതരിപ്പിച്ച് ഇത്തരം കാര്യങ്ങൾ അപലപിച്ചുകൊണ്ട് അവസാനിപ്പിച്ചത് ശരിയായില്ല. അതു മാത്രവുമല്ല ഇങ്ങനെയുള്ള അപകടങ്ങൾ ഉണ്ടാക്കുന്നത് ഈ രാജ്യത്തെ ആർ.എസ്സ്.എസ്സ്. മാത്രമാണെന്ന് ഞങ്ങൾ കരുതുന്നില്ല. മിക്കവാറും പല രാഷ്ട്രീയകക്ഷികൾക്കും ഇത്രയൊന്നും സംഘടിതമല്ലെങ്കിൽ തന്നെയും ഇത്രയൊന്നും പ്രകടമായ ആയുധപരിശീലനമില്ലെങ്കിൽ തന്നെയും ഒരുതരം ഗുണ്ടാസംഘത്തെ പരിശീലിപ്പിക്കുന്നുണ്ട്. അതിന്റെ ഫലമായി സാമൂഹ്യ ജീവിതം പലപ്പോഴും അപകടപ്പെടുന്നുണ്ട്. കഴിഞ്ഞ കുറെനാളായി ചാല തെരുവിൽ കാണുന്നത് അതാണ്. തൊഴിലാളിപ്രസ്ഥാനത്തിന്റെ സാമൂഹ്യജീവിതത്തെ അപകടപ്പെടുത്തുന്ന പ്രവണതയാണ് അവിടെ കാണുന്നത്. അത് ചെറുക്കാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആത്മാർത്ഥതയുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ കണ്ടുപിടിച്ച് ഇല്ലാതാക്കാൻ ശ്രമിക്കണം. ആർ. എസ്സ്. എസ്സ്. ഇവിടെ വളരുന്നതിന് പ്രധാനപ്പെട്ട മൂന്ന് കാരണങ്ങളുണ്ട്. ബഹുമാനപ്പെട്ട സഭാനേതാവിനോടും പ്രതിപക്ഷനേതാവിനോടും മററു പാർട്ടിയിലെ നേതാക്കൻമാരോടും എനിക്കൊരു അഭിപ്രായമുണ്ട് മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ പറഞ്ഞു തീർക്കാനുള്ള സമയം അനുവദിക്കാൻ സഭാദ്ധ്യക്ഷനോട് ഉപദേശിക്കേണമെന്ന അഭ്യർത്ഥനയുണ്ട്. ആർ.എസ്. എസ്സിനെ ഇവിടെ വളർത്തുന്ന ഏററവും പ്രധാനപ്പെട്ട ശക്തി കമ്മ്യൂണിസ്ററു പാർട്ടിയാണെന്ന് പറയുന്നതിന് എനിക്കുവേദനയുണ്ട്. കമ്മ്യൂണിസ്ററുപാർട്ടിയുടെ ചരിത്രം പരിശോധിച്ചാൽ അവരുടെ മാർഗ്ഗങ്ങളെ കുറിച്ചുള്ള വികലമായ സങ്കൽപ്പത്തിന്റെ ഫലമായി ഫ്യൂഡലിസ്ററു ശക്തിയെ.................................

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. ആർ. സുന്ദരേശൻ നായർ: വളരെ പ്രധാനപ്പെട്ട ഒരു ആശയമാണ് പറയാനുള്ളത്. സെക്യൂലറിസത്തിനെകുറിച്ച് ശ്രീ. നമ്പൂതിരിപ്പാട് പറഞ്ഞത് ഇങ്ങനെയാണ്. "Secularism, however, is not toleration of one religious group to other but determination of all the religious groups to make religion merely a matter of personal belief, and not to allow it to penetrate the State and politics". ഇതിനെ പോളിററിക്സിലേക്ക് കേന്ദ്രഗവൺമെൻറിന്റെ ഭരണസംവിധാനത്തിലേക്ക്.......................

മി. ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ മൂന്നുകാര്യം പറയണമെന്ന് പറഞ്ഞിട്ട് അതെക്കുറിച്ച് വ്യാഖ്യാനിക്കാൻ പോയാൽ സമയമില്ല. മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. ആർ. സുന്ദരേശൻ നായർ: ഈ ശക്തിയെ വളർത്തുന്നത് ഗവൺമെൻറാണ്. ന്യൂനപക്ഷവും ഭൂരിപക്ഷവും ഏതാണെന്നുള്ള സങ്കൽപ്പം പലപ്പോഴും തെററിലേക്കു എത്തിക്കാറുണ്ട്. അത് ഗവൺമെൻറിന് മാത്രമല്ല പ്രതിപക്ഷത്തിലെ ആളുകൾക്കും അതുണ്ട്. നമ്പൂതിരിപ്പാട് പറഞ്ഞിട്ടുണ്ട്. Is there anything resembling an oppression against the majority community? ഈ അടുത്തകാലത്ത് ചെറിയ ന്യൂനപക്ഷമായ ധീവരുടെ നേർക്കു ക്രൂരമായ ആക്രമണമുണ്ടായി. അവിടെ ആരാണ് ഭൂരിപക്ഷം, ആരാണ് ന്യൂനപക്ഷം എന്ന സങ്കൽപ്പത്തിൽ തെററുണ്ടായി. അതുപോലെതന്നെ മറെറാരു പ്രധാനപ്പെട്ട കാര്യം ഹൈന്ദവക്ഷേത്രങ്ങളുടെ നേർക്കുള്ള ഗവൺമെൻറിന്റെ സമീപനമാണ്. എല്ലാ മതങ്ങൾക്കും സ്വാതന്ത്ര്യമായി പ്രവർത്തിക്കാനുള്ള അവസരം ഭരണഘടന തരുമ്പോൾ നമ്മുടെ സംസ്ഥാനത്തിൽ മറെറല്ലാ സമുദായങ്ങളിലേയും സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യമായി പ്രവർത്തിക്കാൻ അവകാശമുള്ളപ്പോൾ ഹൈന്ദവ മതസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഞെരിച്ച് കൊല്ലുന്ന സമീപനത്തിൽ അതിനെതിരായ റിയാക്ഷനാണ് പലപ്പോഴും ഉണ്ടാകുന്നത്. ബഹുമാനപ്പെട്ട രാഘവൻ ഒരുകാര്യം ചൂണ്ടിക്കാണിച്ചു. അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട ആശയം സംഘടിതമായ ന്യൂനപക്ഷത്തിന്റെ ശക്തി വർദ്ധിക്കുന്നതിനെതിരായി പലപ്പോഴും അസംഘടിതമായ ഭൂരിപക്ഷത്തിന്റെ റിയാക്ഷൻ ഉണ്ടാകുന്നു എന്നാണ്. അതും ഇതിന്റെ ശക്തിക്ക് ഇതിന്റെ വളർച്ചയ്ക്ക് ഒരു കാരണമാണ്. ആത്മാർത്ഥമായും ഈ വിഷയം ചർച്ചചെയ്യുകയാണ് ചെയ്യുന്നതെങ്കിൽ ഈ കാര്യങ്ങൾ പരിഗണിക്കേണ്ടതാണെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, ആർ.എസ്.എസ്. വിപത്ത് ഇന്നും ഇന്നലെയും ഉണ്ടായ ഒരു വിപത്തല്ല. വർഷങ്ങൾക്കു മുൻപ് നവഖാലി തെരുവീഥിയിൽ നമ്മുടെ സഹോദരങ്ങളും സഹോദരികളുമായ മുസ്ലീംങ്ങളുടെ രക്തം തളംകെട്ടിയ അവസരത്തിൽ ഏകാകിയായി

LIBRARY ARCHIVES Kerala Legislative Assembly

അർദ്ധ നഗ്നനായി നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശം വച്ചുകൊണ്ട് അവിടം സന്ദർശിച്ച് അവിടെ സമാധാനം പാലിക്കാൻവേണ്ടി ശ്രമിച്ചു. അങ്ങനെ മതസൗഹാർദ്ദത്തിനുവേണ്ടിയും ഹിന്ദുമുസ്ലീം മൈത്രിക്കുവേണ്ടിയും തന്റെ ജീവിതം ഉഴിഞ്ഞുവച്ച മഹാത്മാഗാന്ധി ബിർലാ മന്ദിരത്തിൽ പ്രാർത്ഥനാ യോഗത്തിന് പോയ അവസരത്തിൽ ആ മഹാനെ, നമ്മെയെല്ലാം മനുഷ്യരാക്കിയ ആ രാഷ്ട്രപിതാവിനെ വെടിവച്ചുകൊന്ന നാഥുറാം ഗോഡ്സേയെ പ്രതിനിധീകരിക്കുന്ന ആർ.എസ്.എസ്. സംഘടന ഒരു വർഗ്ഗീയ സംഘടനയല്ല എന്ന് ഒരുകാലത്ത് ആർ.എസ്.എസ്.ന് എതിരായി ഘോഷിച്ചുകൊണ്ട് ശക്തിയായി പൊരുതിയ, ശക്തിയായി അതിനെതിരായി പ്രവർത്തിച്ച എന്റെ സുഹൃത്ത് ശ്രീ. ചന്ദ്രശേഖരൻ ഇന്നു ഈ സഭയിൽ പ്രസ്താവിച്ചത് വളരെ ഖേദത്തോടുകൂടിയാണ് ഞാൻ കേട്ടുകൊണ്ടിരുന്നത്. ഈ അഭിപ്രായം നിശ്ചയമായും സോഷ്യലിസ്റ്റ് ചിന്താഗതിയുള്ള ഈ രാജ്യത്തിലെ ഒരു നേതാവിനും ഉചിതമായിട്ടുള്ളതല്ലെന്ന കാര്യം വളരെ വേദനയോടുകൂടി എടുത്തുപറയാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ രാജ്യം ജനാധിപത്യത്തിലും സോഷ്യലിസത്തിലും വിശ്വസിക്കുന്നുണ്ടെങ്കിൽ അതിനെതിരായി നിൽക്കുന്ന ഈ വർഗ്ഗീയ ശക്തികളെ, ഹിന്ദുവർഗ്ഗീയ സിദ്ധാന്തം ഇവിടെ അരക്കിട്ടു ഉറപ്പിക്കാൻവേണ്ടി നിലകൊള്ളുന്ന ആർ.എസ്.എസ്.-നെ അനുകൂലിച്ചുകൊണ്ടുള്ള ഇന്നത്തെ ജനതാപാർട്ടിയുടെ ഈ നയത്തോട് തീർച്ചയായും ഇൻഡ്യയിൽ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ജനങ്ങൾ ഒരു കാലത്തും അനുകൂലിക്കുകയില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്. സർ, ഈ വിപത്തിനെ തടയാനുള്ള അടിയന്തിരമായ നടപടികൾ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം എടുക്കേണ്ടത് ആവശ്യമാണ്. അതേ സംബന്ധിച്ചിടത്തോളം ഈ പ്രമേയം പാസ്സാക്കിയതുകൊണ്ടുമാത്രം ഈ സംസ്ഥാനത്തിൽ ആർ.എസ്.എസ്.ന്റെ അക്രമങ്ങൾ അവസാനിപ്പിക്കാൻ സാധിക്കുമെന്നുള്ള വിശ്വാസം എനിക്കില്ല. അതിനെതിരായി അതിശക്തമായ ജനങ്ങളുടെ വികാരങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് ഇതിനെ അതേ ഭാഷയിൽത്തന്നെ അമർത്താൻ സാധിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്. ആർ.എസ്.എസ്.ന്റെ കൊലപാതകം നിത്യേനയെന്നോണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായ മലബാർ പ്രദേശത്തെ സംബന്ധിച്ചിടത്തോളം നിഷ്പക്ഷവും നീതിപൂർവ്വകവുമായ ഒരു അന്വേഷണം നടത്തുന്നതിന് ഈ നിയമസഭയിലെ വിവിധ കക്ഷികൾ അടങ്ങുന്നതായ ഒരു നിയമസഭാ സമിതിയെ നിശ്ചയിച്ച് അവരെക്കൊണ്ട് അന്വേഷിപ്പിച്ച് ആ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭാവി പ്രവർത്തനങ്ങൾ രൂപീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. സി.എ. കുര്യൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. നമ്മുടെ ഇന്നത്തെ ഇൻഡ്യൻ രാഷ്ട്രീയ സാഹചര്യത്തിൽ ആർ.എസ്.എസ്.ന് എതിരായി ഇൻഡ്യയിലെ ജനാധിപത്യ വാദികളും പുരോഗമനവാദികളും ഒന്നിച്ചണിനിരക്കണമെന്ന് ആഹ്വാനം ചെയ്ത ഈ കാലഘട്ടത്തിൽ ഭാരതത്തിന് പല കാര്യങ്ങളിലും മാതൃകയായി പ്രവർത്തിച്ച കേരളം ആ കേരളത്തിൽനിന്നുതന്നെ ആർ.എസ്.എസ്.ന് എതിരായുള്ള ഈ പ്രമേയം പാസ്സാക്കുക എന്നു പറയുന്നത് വളരെ പ്രാധാന്യമേറിയ സംഗതിയാണ്. ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വിവിധ കക്ഷികളുടെ നേതാക്കന്മാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളെക്കുറിച്ച് എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ട്. പക്ഷേ അതു പറയുന്നതിനുമുൻപ് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വിവിധ കക്ഷി നേതാക്കൻമാരോട് എനിക്ക് ഒരു കാര്യം പറയുവാനുള്ളത്, മൂന്നു ആഴ്ചക്കു മുൻപു ഡൽഹിയിൽ വിവിധ രാഷ്ട്രീയകക്ഷി നേതാക്കൻമാരുടെ ഒരു സമ്മേളനം ചേർന്നതിനെ കുറിച്ചാണ്. ആ സമ്മേളനത്തിൽ ജനതാപാർട്ടി ജനറൽ സെക്രട്ടറി മധുലിമായേ പങ്കെടുത്തിരുന്നു, യു.പി.യിലെ ബനാറസിദാസ് പങ്കെടുത്തിരുന്നു, കാൺഗ്രസ്സ് (ഐ) യിലെ അഹമ്മദ സേട്ട് പങ്കെടുത്തിരുന്നു, ഇന്ത്യൻ നാഷണൽ കാൺഗ്രസിലെ ചന്ദ്രജിത്ത് യാതവ് പങ്കെടുത്തിരുന്നു, സി.പി.എം.ലെ ഹരേ കൃഷ്ണ സുർജിത്സിംഗ് പങ്കെടുത്തിരുന്നു, ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിയിൽനിന്ന് എൻ.കെ. കൃഷ്ണൻ പങ്കെടുത്തിരുന്നു. അങ്ങനെ ഇൻഡ്യയിലെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ ഒന്നിച്ച് ഡൽഹിയിൽ ചേർന്നുകൊണ്ട് എടുത്ത തീരുമാനം സഖാവ് എം.വി. രാഘവൻ മനസ്സിലാക്കിയിരുന്നെങ്കിൽ കേരളത്തിലെ ഗവൺമെൻറ് ആർ.എസ്.എസ്.നു എതിരായി കാര്യമായി ഒന്നും ചെയ്യുന്നില്ലെന്ന പരാതി പറയുകയില്ലായിരുന്നു. ആ പ്രമേയം ശ്രീമാൻ പി.ആർ. കുറുപ്പ് വായിച്ചിരുന്നെങ്കിൽ ഈ ചർച്ച അനവസരത്തിലുള്ളതാണ്, ആവശ്യമില്ലാത്തതാണ് എന്നു ഇവിടെ പറയുകയില്ലായിരുന്നു. ഈ പ്രമേയത്തിൽ അവർ ആവശ്യപ്പെട്ടത്, ഇൻഡ്യയിലെ എല്ലാ രാഷ്ട്രീയപാർട്ടികളും ബഹുജന സംഘടനകളും ആർ.എസ്.എസ്.ൻെറ ഈ വെല്ലുവിളിക്കെതിരായി യോജിച്ച് പ്രവർത്തനത്തിൽ ഇടപെടണമെന്നാണ്. അങ്ങനെ അവർ ആഹ്വാനം ചെയ്തു. നമ്മുടെ ഇൻഡ്യൻ സൈന്യത്തിൽ ആർ.എസ്.എസ്. കാർ നുഴഞ്ഞുകയറുന്നു, പോലീസിൽ നുഴഞ്ഞു കയറുന്നു. കേന്ദ്രവിദ്യാഭ്യാസ വകുപ്പിൻെറ സ്വാധീനം ഉപയോഗിച്ചുകൊണ്ട് ചരിത്രത്തിൻെറ വസ്തുതകൾ തിരിച്ചൊടിക്കാൻ ശ്രമിക്കുന്നു, വർഗ്ഗീയത കുത്തിച്ചെലുത്തുന്നു, പാഠപുസ്തകങ്ങളിൽ അതിനാവശ്യമായ മാററം വരുത്തുന്നു, റേഡിയോയും അതിനനുസരണമായി ഉപയോഗിക്കുന്നു, പത്രങ്ങൾ അതിനനുസൃതമായി ചമയ്ക്കുന്നു ഇങ്ങനെ ആർ.എസ്.എസ്.ന് അനുകൂലമായ ഒരു അന്തരീക്ഷം നമ്മുടെ ഇൻഡ്യാ രാജ്യത്ത് വിവിധ തുറകളിൽ കടന്നുകൂടി ഇൻഡ്യാരാജ്യത്തെയാകെ വെല്ലുവിളിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഈ സമ്മേളനം ഏകകണ്ഠമായി ഇങ്ങനെയൊരു പ്രമേയം പാസ്സാക്കിയത്. ആ പ്രമേയത്തിൽ മറെറാരു കാര്യംകൂടി എടുത്തുപറഞ്ഞിട്ടുണ്ട്. ഇൻഡ്യയിൽ ആർ.എസ്.എസ്. നെതിരായി ശബ്ദമുയർത്തിയ കേരളത്തിലെ ഐക്യമുന്നണി ഗവൺമെൻറിനെ അഭിവാദനം ചെയ്യുന്നു എന്നുകൂടി പറഞ്ഞിട്ടുണ്ട്. ഇൻഡ്യയിലെ വിവിധ രാഷ്ട്രീയപാർട്ടികളുടെ നേതാക്കൻമാർ ഒന്നിച്ച് ഡൽഹിയിൽ സമ്മേളിച്ചാണ് കേരളത്തിലെ ഐക്യമുന്നണി ഗവൺമെൻറിനെ അഭിവാദനം ചെയ്തത്. യു.പി. ഗവൺമെൻറിനേയും അഭിവാദനം ചെയ്തു, കർണ്ണാടക ഗവൺമെൻറിനേയും അഭിവാദനം ചെയ്തു. പരിമിതമായ അധികാരമാണുള്ളതെങ്കിൽപോലും ആ അധികാരത്തിനുള്ളിൽനിന്നുകൊണ്ട് എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ആർ.എസ്.എസ്.നെതിരായി ചെയ്ത കേരളം ഇൻഡ്യയിലെ മററു സംസ്ഥാനങ്ങൾക്ക് ഒരു മാതൃക കാണിച്ചുകൊടുത്തിട്ടുണ്ട്. അതു ഏററവും പ്രധാനപ്പെട്ട സംഗതിയാണ്. അതോടൊപ്പം ആ പ്രമേയത്തിൽ മറെറാരു കാര്യംകൂടി ആവശ്യപ്പെട്ടു. ആർ.എസ്.എസ്.ന് എതിരായ സമരങ്ങൾ നാം നടത്തുന്ന അവസരത്തിൽ യോജിച്ചസമരം ഈ കാലഘട്ടത്തിൽ ആവശ്യമാണെന്ന്. സർ, ഇവിടെ അതിനെതിരായി ഒന്നും ചെയ്തില്ലെന്ന് ശ്രീ. രാഘവൻ പറയുമ്പോൾ പിന്നെ എവിടെയാണ് ചെയ്തത് എന്നുള്ള കാര്യം ശ്രീ. രാഘവനോട് ചോദിച്ചാൽ അതിന് എന്നെ കുററപ്പെടുത്തരുത്. ചെയ്തത് കേരളത്തിലാണ്. ഇൻഡ്യയിൽ

LIBRARY ARCHIVES Kerala Legislative Assembly

മററു പല സംസ്ഥാനങ്ങളിലും ഈ ഭീഷണിയുണ്ട്. ഞാൻ ആരേയും കുററപ്പെടുത്താൻ പറയുകയല്ല. തനി ഇടതുപക്ഷ ഗവൺമെന്റുകൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ രണ്ടേ ഉള്ളൂ എന്നു പറയുന്നുണ്ട്. അവിടെ യൊന്നും ആർ.എസ്.എസ്. നെതിരായി നീങ്ങിയിട്ടില്ല. അവിടെ യെല്ലാം ആർ.എസ്.എസ്. ന്റെ ഭീഷണിയുണ്ട്. ആർ.എസ്.എസി ന്റെ ഒരു അഖിലേന്ത്യാ സമ്മേളനം ഈ അടുത്തകാലത്ത് നാഗ്പൂരിൽകൂടി ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. കേരളാ ഗവൺമെന്റിനോട് വെല്ലു വിളി നടത്തിയിരിക്കുകയാണ്, കേരളാഗവൺമെന്റിനെതിരായി ഭീഷണി പുറപ്പെടുവിച്ചിരിക്കുകയാണ്. കേരള ഗവൺമെന്റ് ആർ.എസ്.എസ്. ന് എതിരായി എടുക്കുന്ന നടപടികൾ പിൻവലിച്ചില്ലെങ്കിൽ ആ ഗവൺ മെന്റിനെതിരായി സമരം നടത്തുമെന്നു ഭീഷണിപ്പെടുത്തിയിരിക്കുക യാണ്. സമാധാനപരമായി സമരം നടത്തുമെന്നു പറഞ്ഞിരിക്കുക യാണ്. ആർ.എസ്.എസ്. ന്റെ സമാധാനം എല്ലാവർക്കും അറിയാം. ഒരു കയ്യിൽ കത്തിയും മറുകയ്യിൽ വടിയുമായി നിൽക്കുന്ന ആർ.എസ്. എസ്. കേരളത്തിൽ സമാധാനപരമായി ഈ ഗവൺമെന്റിനെതിരായി ആർ.എസ്.എസ്.നെതിരായി നടപടി സ്വീകരിച്ചതിന് സമരം നടത്തു മെന്നു പ്രഖ്യാപിച്ചിരിക്കുകയാണ്. ആ സമരത്തിനെതിരായി ഈ രാജ്യ ത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒന്നിച്ചണിനിരക്കുമെന്നു എനിക്ക് വിശ്വാസമുണ്ട്. ബഹുമാനപ്പെട്ട കെ. ചന്ദ്രശേഖരന്റെ പ്രസംഗം ഞാൻ കേട്ടു. ഞാൻ വേദനിച്ചു. അദ്ദേഹം ഇങ്ങനെ പ്രസംഗിക്കുകയില്ല എന്നായിരുന്നു എന്റെ വിശ്വാസം. കാരണം എന്താണ്? ജനതാപാർട്ടി ജനറൽ സെക്രട്ടറി മധുലിമായെ പങ്കെടുത്ത ഒരു സമ്മേളനത്തിന്റെ തീരു മാനം രാജ്യവ്യാപകമായി നടപ്പാക്കാനുള്ള ചുമതല അദ്ദേഹത്തിനുണ്ട്.

ഇന്ന് എന്റെ അഭിപ്രായത്തിൽ ആർ.എസ്.എസ്സിന് എതിരായി ആരു സംസാരിച്ചാലും ശരി അവരെ തേജോവധം ചെയ്യുന്ന നടപടി സ്വീക രിച്ചിട്ടുണ്ട്; അവരെ സ്വഭാവഹത്യ നടത്തുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. 'ഓർഗനൈസർ' എന്നു പറയുന്ന അവരുടെ ഒരു പ്രസിദ്ധീകരണത്തിൽ, ആർ.എസ്.എസ്സിന് എതിരായി സംസാരിച്ച രാജ്നാരായണനെക്കു റിച്ച് എന്താണ് എഴുതിയിരിക്കുന്നത്. കോൺഗ്രസ് (ഐ) നേതാവായ യശ്പാൽ കപൂറിൽനിന്നും ലക്ഷക്കണക്കിനുരൂപ കൈക്കൂലി വാങ്ങിച്ചു കൊണ്ട് ആർ.എസ്.എസ്സിനെതിരായി പ്രചരണം നടത്തുകയാണെ ന്നാണ് പറഞ്ഞിരിക്കുന്നത്. ജനതാപാർട്ടിയുടെ പത്രമായിരിക്കുന്ന ഓർഗനൈസറിനകത്ത് ആർ.എസ്.എസ്സിന്റെ ഒരു പ്രസിദ്ധീകര ണത്തിൽ ജനതാ പാർട്ടിയുടെ സമുന്നതനായ ഒരു നേതാവിനെക്കുറിച്ച് എഴുതിവിട്ടതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ആർ.എസ്.എസ്സിനെതിരായി സംസാരിച്ചുകഴിഞ്ഞാൽ ആർ.എസ് എസ്. അപവാദ പ്രചരണം നടത്തുമെന്നു ഭയപ്പെട്ടിട്ടായിരിക്കാം അദ്ദേഹം അങ്ങനെ ചെയ്യാത്തത്. പക്ഷേ ഇങ്ങനെ ചെയ്യുന്നത് നമ്മുടെ രാജ്യത്തിന് ഭീഷണിയാണ്. നമ്മുടെ രാജ്യത്തെ എപ്പോഴും വെട്ടിമു റിക്കാൻ ആഗ്രഹിക്കുന്ന ഒരു ശക്തിയാണ്.

അതുപോലെതന്നെ ആർ.എസ്.എസ്സിന്റെ പാരമ്പര്യത്തെക്കുറി ച്ചൊന്നും ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. എങ്കിലും നാസി ജർമ്മനിയെക്കുറിച്ചു പറഞ്ഞയവസരത്തിൽ അതിൽ ആവേശംകൊണ്ട അദ്ദേഹത്തിന്റെ നേതാവ് അവസാനം ഒരു കാര്യംകൂടി പറഞ്ഞു. ഞാൻ അതു വായിക്കാം. സർ. "Germany has also shown that it is very difficult for fundamentally different races to bring

together. This is a lesson which India could learn and profit by''. സർ, വിവിധ വംശത്തിൽ ജനിച്ചവർ, വിവിധ ജാതിക്കാർ അവർക്ക് ഒന്നിച്ചു ജീവിക്കാൻ കഴിയുകയില്ല എന്ന് ജർമ്മനി ചൂണ്ടിക്കാട്ടി എന്നു പറഞ്ഞു കൊണ്ട് നാസി ജർമ്മനിയിൽനിന്ന് ആവേശംകൊണ്ട ആർ. എസ്. എസ്സിന്റെ നേതാവ് ഇൻഡ്യയിൽ വന്ന്, ഇൻഡ്യയിൽ ഇത് പ്രായോഗികമായി നടപ്പിലാക്കാം. ഇൻഡ്യയ്ക്ക് ഇതു പററിയതാണോ എന്നു പരിശോധിച്ചുനോക്കാമെന്നു പറഞ്ഞു. ഇതിന്റെ അർത്ഥമെന്താണ്. ഇവിടത്തെ മതന്യൂനപക്ഷങ്ങളെ, ന്യൂനപക്ഷസമുദായങ്ങളെ ഇൻഡ്യനൈസു ചെയ്യാനാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഇൻഡ്യനൈസ് ചെയ്യുകയെന്നു പറഞ്ഞാൽ കൊല്ലാനാണെന്ന് എനിക്കു തോന്നുന്നില്ല. അതു തെററാണ്. അതുപോലെതന്നെ ഇവിടത്തെ മുസ്ലീങ്ങളെക്കുറിച്ച് അദ്ദേഹം, ഗുരുജി ഗോൾവാൾക്കർ പറഞ്ഞത് എന്താണ്? ''It was suicidal to delude overselves into believing that they have turned patriots overnight after the creation of Pakistan''. നമ്മുടെ ഇൻഡ്യാ രാജ്യത്തെ ഇൻഡ്യയോടു കൂറുള്ള, ഇൻഡ്യയിലെ ന്യൂനപക്ഷ സമുദായമായ മുസ്ലീം സമുദായത്തെക്കുറിച്ച് എന്താണ് പറയുന്നത്. അവരുടെ ദേശാഭിമാനത്തെ ചോദ്യം ചെയ്തിരിക്കുന്നു. കൃസ്ത്യാനികളെക്കുറിച്ച് എന്താണ് പറഞ്ഞത്. ''So far as Christians are concerned to a superficial observer they appear quite harmless. They are not only irreligious but anti-national''. ഇങ്ങനെ കൃസ്ത്യാനികൾ ആൻറി നാഷണൽ ആണെന്നു പറഞ്ഞു. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ആർ.എസ്.എസ്സിന് പണ്ഡിററ് ജവഹർലാൽ നെഹ്റു സർട്ടിഫിക്കററ് കൊടുത്ത കാര്യത്തെക്കുറിച്ചു പറഞ്ഞു. അതു തെററാണ്. ഇങ്ങനെ കൊടുത്തിട്ടില്ല. 1972-ൽ തെക്കൻ വിയററ്നാമിലെ ദേശീയവിമോചന മുന്നണിയുടെ അന്നത്തെ വിദേശ കാര്യമന്ത്രി മാഡംബിൻ ഇൻഡ്യ സന്ദർശിച്ച അവസരത്തിൽ ആർ.എസ്.എസ്. എന്താണു ചെയ്തത്. ബോംബേയിലും ഡെൽഹിയിലും അവർക്കെതിരായി പ്രകടനം നടത്തി. അതുമാത്രമല്ല ഇൻഡ്യയും ചൈനയും തമ്മിലുള്ള ബന്ധം പുനഃസ്ഥാപിക്കുന്നതിനെതിരായി ഇൻഡ്യയിൽ ഒരു സോവ്യററ് ലോബി ഉണ്ടെന്ന് വിളിച്ചാക്ഷേപിക്കുന്നു. 1960-ൽ ജനസംഘത്തിന്റെ എട്ടാം അഖിലേന്ത്യാ സമ്മേളനത്തിൽ പാസാക്കിയത് എന്താണ്. ചൈനയുമായി കൂടിയാലോചിക്കാൻ നെഹ്റു ശ്രമിച്ചാൽ അതും മറെറാരു കുഴിയിലായിരിക്കും ചെന്നുചാടുകയെന്ന് ഭീഷണിപ്പെടുത്തി. ഇപ്പോൾ ചൈനയുമായി സൗഹൃദം പുനഃസ്ഥാപിക്കുന്നതിനെതിരായി ഒരു സോവ്യററ് രീതി ഇൻഡ്യയിൽ പറയുന്നുണ്ട്. 1962 മേയിൽ കൊട്ടായ്ക്കുടിയിൽ കൂടിയ ജനസംഘത്തിന്റെ നാഷണൽ കൗൺസിൽ ആവശ്യപ്പെട്ടത് എന്താണ്? ചൈനയുമായുള്ളനയതന്ത്രബന്ധം വിച്ഛേദിക്കുവാൻ അവർ ആവശ്യപ്പെട്ടു. പാർട്ടിയുടെ അഹമ്മദാബാദിൽകൂടിയ പതിനൊന്നാമതു ദേശീയസമ്മേളനവും അതിനുശേഷം വിജയവാഡായിൽ കൂടിയ സമ്മേളനവും ആവശ്യപ്പെട്ടത്എന്താണ്? തയ്‌വാനെ വൻകരയിലെ ചൈനയുടെ മേധാവിയായി അംഗീകരിക്കണമെന്നു പറഞ്ഞ ദലൈലാമായെ ടിബററിന്റെ ഏകാധിപതിയായി അംഗീകരിക്കണമെന്നു പറഞ്ഞു. അതുപോലെ അറബികളെ ശപിച്ചുകൊണ്ട് ഇൻഡ്യാഗവൺമെൻറിനോടു പറഞ്ഞു, ഇസ്രായേലുമായിട്ട് നിങ്ങൾ നയതന്ത്രബന്ധം ഉണ്ടാക്കണമെന്ന്. ഇതൊക്കെ പരിശോധിച്ചാൽ ആർ.എസ്.എസ്. ദേശദ്രോഹ സംഘടനയാണ്, മതേതരത്വത്തിന് എതിരാണ്, തൊഴിലാളിവർഗ്ഗത്തിന് എതിരാണ്, ജനാധിപത്യ പ്രസ്ഥാനത്തിന് എതിരാണ്, വർഗ്ഗീയവാദിയാണ്. ആ സംഘടനയെ

LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്.എസ്. എന്നു പറയുന്ന വാക്കു കേട്ടുകൊണ്ട് അതിനെ പിൻ താങ്ങാൻ ആരെങ്കിലും കേരളത്തിലുണ്ടെങ്കിൽ അത് കേരളത്തിലെ പുണ്യ ഭൂമിക്ക് അപമാനകരമാണ്. ശ്രീമാൻ ചന്ദ്രശേഖരൻ അത് പുനഃപരി ശോധിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തൊഴിലാളി പ്രസ്ഥാനത്തിന്, തൊഴിലാളി വർഗ്ഗത്തിനറിയാം അവരുടെ ശത്രു ആരാണെന്ന്. മദ്ധ്യപ്രദേശിൽ സമീപകാലത്ത് തൊഴിലാളികൾ ക്കെതിരായി ഒരു ബില്ലുകൊണ്ടുവന്നു. പണിമുടക്കുന്നവരെ മൂന്നുമാസം തടവിലാക്കാൻ ബില്ലുകൊണ്ടുവന്നു. അവിടെ ബില്ലുകൊണ്ടുവന്ന അവ സരത്തിൽ ജനതാപാർട്ടിയിലെ സോഷ്യലിസ്ററുകാരായവർ എതിർത്തു. ജനതാപാർട്ടിയിൽ പുരോഗമനവാദികളുണ്ടോ എന്നെനിക്കറിയില്ല. എങ്കിൽ തന്നെയും ആർ.എസ്.എസ്സിനെ സംബന്ധിച്ചിടത്തോളം ബില്ല് പാസാക്കാൻ അവർ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ആർ.എസ്.എസ്. തൊഴിലാളി പ്രസ്ഥാനത്തിന് എതിരാണ്. ഇവിടെ എറണാകുളത്ത് ബാങ്കു തൊഴിലാളികൾ സമരം നടത്തിയ അവ സരത്തിൽ അതിനെ അടിച്ചമർത്തി. കേന്ദ്രഗവൺമെൻറ് ബാങ്കു തൊഴി ലാളികളുടെ പണിമുടക്കം പിൻവലിക്കണമെന്നു പറഞ്ഞപ്പോൾ ആ തൊഴിലാളികളോടൊപ്പം ധീരമായി പ്രഖ്യാപിച്ചത് കേരളത്തിലെ മുഖ്യ മന്ത്രിയല്ലേ സർ? ഈ ഗവൺമെൻറാണ് ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിനുവേണ്ടി നിൽക്കുന്നത്. ആർ.എസ്.എസ്സിനെതിരായി ധീരമായ നടപടികൾ സ്വീകരിക്കണം. ഇക്കൂട്ടത്തിൽ ന്യൂനപക്ഷ വർഗ്ഗീയതയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട എം.വി. രാഘവൻ പറഞ്ഞു. ന്യൂനപക്ഷ സമുദായത്തിലും വർഗ്ഗീയതയുടെ വർദ്ധനവു ണ്ടായി. കേരളത്തെ സംബന്ധിച്ചിടത്തോളം ന്യൂനപക്ഷങ്ങളെ അടക്കി യൊതുക്കിക്കൊണ്ട് വർഗ്ഗീയതവളർത്താൻ വർഗ്ഗീയവാദികൾക്ക് അവസരം കൊടുക്കരുത്. എല്ലാ കാര്യങ്ങളിലും യോജിച്ചു പ്രവർത്തി ക്കുന്ന ഈ കേരളത്തിൽ ഈ സഭയിലുള്ള എല്ലാ ആളുകളും ഒന്നിച്ച് അണി നിരന്നുകൊണ്ട് ഭാരതത്തിന് മാതൃക കാണിക്കത്തക്കവിധത്തിൽ ജനാധി പത്യ പ്രസ്ഥാനത്തിൻെറ ശ്രീകോവിൽ എന്നു പറയുന്ന കേരളത്തിൽ നിന്ന് ഈ പ്രമേയം പാസാക്കട്ടെ, അതിനുവേണ്ടി എല്ലാ കയ്യും ഉയരട്ടെ എന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വട്ടിയൂർക്കാവ് രവി: സർ, ഈ സംസ്ഥാനത്ത് മുമ്പത്തെ ക്കാൾ കൂടുതൽ രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുന്ന ഒരു കാലഘട്ട മാണിത്. മുമ്പുകാലങ്ങളിലും രാഷ്ട്രീയകൊലപാതകങ്ങളും മററക്രമ ങ്ങളും നടന്നിട്ടുണ്ട്. ഈ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആർ.എസ്.എസ്സിൻെറ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നുണ്ട്. കണ്ണൂർജില്ലയിൽ അടിയന്തിരാവസ്ഥയ്ക്കുശേഷം മുപ്പത്തോളം കൊല പാതകങ്ങൾ നടന്നിട്ടുണ്ട്. മററു ജില്ലകളിലൊക്കെ ആർ.എസ്.എസ്സി ൻെറ പ്രവർത്തനങ്ങളുണ്ടെങ്കിലും ഏററവും കൂടുതൽ കൊലപാതകങ്ങൾ നടന്നിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ്. കണ്ണൂർ ജില്ലയിൽ ഇത്രയധികം കൊലപാതകങ്ങൾ നടക്കാനുള്ള കാരണമെന്താണെന്നുകൂടി അന്വേഷിക്കാൻ ഈ ചർച്ച ഉപകരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ ഭാഗത്തേ ക്കൊന്നും കടക്കാതെ അങ്ങോട്ടുമിങ്ങോട്ടും മാൽസര്യബുദ്ധിയോടുകൂടി വീമ്പിളക്കുന്ന സംസാരങ്ങൾ മാത്രമേ കേൾക്കാൻ കഴിയുന്നുള്ളു. അതിന് ഒരറുതി വരണം. ഈ സംസ്ഥാനത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള കടമ ഇന്നത്തെ ഈ സർക്കാരിനുണ്ട്. ആ കടമ മറന്ന് ഒരു നിസ്സാരമായ ചർച്ചകൊണ്ട് ആ കടമയിൽനിന്ന് ഒഴിയാ മെന്നാണ് വിചാരിക്കുന്നതെങ്കിൽ ജനങ്ങൾ വെറുതെ വിടുകയില്ല എന്നു

2/468—20

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഈ സന്ദർഭത്തിൽ ഞാൻ പറയുന്നുള്ളു. സർ, ഈ സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുമെന്ന് ഉറക്കെ പ്രഖ്യാപിക്കാൻ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇനിയെങ്കിലും തയ്യാറാകണമെന്നു മാത്രമേ ഈ സന്ദർഭത്തിൽ ഞാൻ പറയുന്നുള്ളു. സർ, അക്രമങ്ങൾക്ക് ഇതുപോലൊരു ചർച്ചകൊണ്ട് പരിഹാരം കാണാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അക്രമങ്ങൾ ഉണ്ടായാൽ ശക്തമായി ധീരമായി അതിനെ നേരിടുകയാണെങ്കിൽ ആ അക്രമങ്ങൾ തുടർന്നു നടത്താതിരിക്കാൻ പലരും ശ്രമിക്കും. അതല്ലാതെ പരോക്ഷമായി അവരെ സഹായിക്കുന്നതിനുവേണ്ടിമാത്രമാണ് ഇതുപോലുള്ളചർച്ചകൊണ്ടുപകരിക്കുന്നത്. തീർച്ചയായും അക്രമങ്ങൾ ആരു നടത്തിയാലും ഇവിടെ ആർ.എസ്.എസ്. ആണെന്നാണ് പറയുന്നത്. അക്രമങ്ങൾ ആരു നടത്തിയാലും ഏതൊരു കക്ഷിയുടെ ഭാഗത്തുനിന്നായാലും അത് അക്രമമാണ്. സർ, പല രീതിയിലും അങ്ങോട്ടുമിങ്ങോട്ടുമുള്ള വടംവലികൾ നടക്കുന്നുണ്ട്. ആർക്കാണു കൂടുതൽ ശക്തിയെന്നു കാണിക്കുവാനുള്ള പരീക്ഷണങ്ങളാണു ഇന്നു നടക്കുന്നത്. എനിക്ക് ഒരു നിർദ്ദേശം മാത്രമേ ഈയവസരത്തിൽ വയ്ക്കാനുള്ളു. സർ, നമ്മുടെ സംസ്ഥാനത്തു പ്രത്യേകിച്ചും കണ്ണൂർ ജില്ലയിൽ നടക്കുന്ന ഈ രാഷ്ട്രീയ കൊലപാതകങ്ങളുടെ ഉൽഭവസ്ഥാനം കണ്ടുപിടിക്കുവാൻ നിയമസഭാ സാമാജികൻമാർ അടങ്ങിയ ഒരു കമ്മിററിയെക്കൊണ്ട് അന്വേഷിപ്പിക്കണം. ഇതിൻെറ ഉൽഭവസ്ഥാനം കണ്ടുപിടിച്ച് എന്നന്നേയ്ക്കുമായി ഈ ആക്രമണം അവസാനിപ്പിക്കുവാനുള്ള സത്വര നടപടി കൈക്കൊള്ളാൻ ഈ ഗവൺമെൻറു തയ്യാറാകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അപേക്ഷിക്കുകയാണ്. സർ, നിയമംകൊണ്ടും പോലീസിനെക്കൊണ്ടും ഈ രീതിയിലുള്ള അക്രമങ്ങൾ അവസാനിപ്പിക്കുവാൻ കഴിയുമെന്നാണു ഞാൻ വിചാരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തു പലപല കൊലപാതങ്ങൾ നടന്നിട്ടുണ്ട്. നക്സലൈററു കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അതാതു കാലഘട്ടത്തിനനുസരിച്ച് അതവസാനിപ്പിക്കുവാൻ നമുക്കുകഴിഞ്ഞിട്ടുണ്ട്. തീർച്ചയായും ഈ അക്രമം ആരുതന്നെ നടത്തിയാലും ഏതുഭാഗത്തുനിന്നുണ്ടായാലും അത് അവസാനിപ്പിക്കണം. അതിന് എല്ലാവിധത്തിലുള്ള സഹകരണവും തരാൻ ഞാനും എൻെറ കക്ഷിയും തയ്യാറാണെന്നു മാത്രം അറിയിച്ചുകൊണ്ട് ഈ അക്രമം അവസാനിപ്പിക്കുവാൻ ഇനിയെങ്കിലും ഈ ഗവൺമെൻറു തയ്യാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എൻെറ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എസ്. ത്യാഗരാജൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. സർ, ഇതു പറയുമ്പോൾ ആർ.എസ്.എസ്.ൻെറ പ്രവർത്തനത്തെ സംബന്ധിച്ച് വില കുറച്ചു കണ്ടിട്ടു കാര്യമില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. ബഹുമാനപ്പെട്ട ശ്രീ. കെ. ചന്ദ്രശേഖരൻ സംസാരിച്ചപ്പോൾ സത്യത്തിൽ എനിക്കു വേദനതോന്നി. അദ്ദേഹം ഇവിടെ പറഞ്ഞു മതന്യൂനപക്ഷങ്ങൾക്കെതിരായി ആർ.എസ്.എസ്.ൻെറ ആക്രമണം ഉണ്ടാകുകയില്ലെന്ന്. അദ്ദേഹം അതിവിടെ തറപ്പിച്ചു പറഞ്ഞു. അദ്ദേഹത്തിൻെറ സംസാരം കേട്ടപ്പോൾ ബാലേസാഹിബ് ദേവരശ് ആണോ സംസാരിക്കുന്നതെന്നും എനിക്കും തോന്നിപ്പോയി. ജനസംഘത്തിൻെറ പ്രവർത്തനത്തെപ്പററി നമുക്ക് ഇന്നും ഇന്നലെയും ഉള്ള അറിവല്ല. 1925-ൽ ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരം അതിതീക്ഷ്ണമായിരുന്ന കാലത്താണ് ഒരു വിജയദശമിദിവസം

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ ഹേഡ്ഗേവാർ ഈ സംഘടന സ്ഥാപിച്ചത്. അദ്ദേഹമാണ് ഈ സംഘടന സ്ഥാപിച്ചതെന്നുണ്ടെങ്കിൽപോലും ഗുരുജി ഗോൾവൽക്കർ ആണ് അതിനു ആയുധമണിയിച്ചതെന്നു നമുക്കു കാണാൻ കഴിയും. ഈ രാജ്യത്തു മതന്യൂനപക്ഷങ്ങൾക്ക് എതിരായി ഉണ്ടായിട്ടുള്ള എല്ലാ സംഭവങ്ങളിലും ആർ.എസ്.എസ്. ൻെറ കൈകൾ കാണാൻ കഴിയും. ഇന്ന് അതിനെപ്പററി തുറന്നു സംസാരിക്കുവാൻ പല ആളുകൾക്കും ബുദ്ധിമുട്ടുണ്ട്. നമ്മുടെ പ്രധാനമന്ത്രി മൊറാർജിദേശായി തന്നെ നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയെ വെടിവച്ചുകൊന്ന ഗോഡ്സേയെപ്പററി എഴുതിയിരുന്നു. അടുത്തകാലത്തു പ്രധാനമന്ത്രി അതു തിരുത്തി. അദ്ദേഹത്തിൻെറ അന്നത്തെ അറിവുവച്ചിട്ടാണ് ആർ.എസ്.എസ്.കാരനാണ് ഗോഡ്സേ എന്നു തെററായി പറഞ്ഞതെന്നാണ് ഇപ്പോൾ തിരുത്തിയിരിക്കുന്നത്. ഇതു കേൾക്കുമ്പോൾ ശ്രീ. ചന്ദ്രശേഖരൻ ഇവിടെ പ്രസംഗിച്ചതിൽ എനിക്കു അൽഭുതമില്ല. എനിക്ക് ഒരു കാര്യമാണ് ഈ സന്ദർഭത്തിൽ പറയാനുള്ളത്. നമ്മുടെ രാജ്യത്തെ മതന്യൂനപക്ഷങ്ങളുടെ ഭയാശങ്കകൾ ദൂരീകരിക്കുവാനും അവർക്കു സമാധാനമായി ജീവിക്കുവാനും കഴിയുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകുന്നില്ലെന്നുണ്ടെങ്കിൽ ഈ രാജ്യത്തു ജനാധിപത്യം നിലനിൽക്കുമെന്നു പ്രതീക്ഷിച്ചിട്ടു കാര്യമില്ല. അതിനൊരു പ്രതിവിധിയായി മതന്യൂനപക്ഷങ്ങൾ ഇന്നു സ്വീകരിച്ചുവരുന്ന രീതി ശരിയാണോ എന്നു വളരെ ഗൗരവമായി ആലോചിക്കണം. അതു പലരീതിയിൽ അപകടങ്ങളുണ്ടാക്കുമെന്നാണ് എൻെറ അഭിപ്രായം. ശ്രീമാൻ എം.വി. രാഘവൻ ഇവിടെ അക്കാര്യം സൂചിപ്പിച്ചതിനോടു ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഈ രാജ്യത്ത് മതന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടത് ഈരാജ്യത്തെ ഇടതുപക്ഷ പുരോഗമന ശക്തികൾ തന്നെയാണെന്നു വിശ്വസിക്കുന്ന ആളാണ് ഞാൻ. തീർച്ചയായും ഈ രാജ്യത്തു ഇടതുപക്ഷ പുരോഗമനശക്തികൾ ഇവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള ബാധ്യത ഏറെറടുക്കണമെന്നു തന്നെയാണ് ഈ പ്രമേയം അവതരിപ്പിച്ചതിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. ഒരു കാര്യം കൂടി ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തു ഇന്നു ആർ.എസ്.എസ്.ൻെറ വേരുകൾ പല ഭാഗത്തും കടന്നിട്ടുണ്ട്. ചരിത്രം വളച്ചൊടിക്കാനും ഇന്നു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യാ ചരിത്രമെന്ന പേരിൽ നമ്മുടെ കുട്ടികളെ പഠിപ്പിക്കുന്ന പാഠപുസ്തകങ്ങളിൽ ഹിന്ദുവർഗ്ഗീയതയുടെ വികാരങ്ങൾ കുത്തിവയ്ക്കാൻ കഴിയുന്ന രീതിയിൽ ചരിത്രം വളച്ചൊടിക്കുകയാണ്, അതിനുള്ള ബോധപൂർവ്വമായ ഒരു ശ്രമമാണു ഇന്നു നടക്കുന്നതെന്നുള്ളതാണ് വസ്തുത. ആർ.എസ്.എസ്. നെ ശക്തികൊണ്ട് മാത്രം നേരിടാൻ കഴിയുമെന്നും അതാണു ശരിയായ മാർഗ്ഗമെന്നും എനിക്കു അഭിപ്രായമില്ല. ഇക്കാര്യത്തിൽ സംഘടിതമായ ആശയ പ്രചരണം കൊണ്ടുമാത്രമേ ഈ പ്രസ്ഥാനത്തെ തകർക്കാൻ കഴിയൂ എന്നു ഞാൻ ചിന്തിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്, ഈ രാജ്യത്തു സവർണ്ണമേധാവിത്വം നിലനിർത്താനാഗ്രഹിക്കുന്ന, ചാതുർവർണ്യം നിലനിർത്താനാഗ്രഹിക്കുന്ന, ഹിന്ദുക്കളും ക്രിസ്ത്യാനികളും ഈ രാജ്യത്തിലേയ്ക്കു കടന്നുവരുന്ന അതിഥികളാണെന്നുപറയുമ്പോൾ ചാതുർവർണ്ണ്യം സ്ഥാപിക്കാൻ ശ്രമിക്കുന്ന ആര്യൻമാരും, ഇൻഡ്യയിലേക്ക് കടന്നുവന്ന അതിഥികളല്ലേ? അതുകൊണ്ട് ആർ.എസ്.എസ്സിനെ ആശയപരമായി എതിർക്കണമെന്നും എതിർത്തു പരാജയപ്പെടുത്തുന്ന കാര്യത്തിൽ ഇടതുപക്ഷപുരോഗമന ശക്തികൾ ഒന്നിച്ചുനിൽക്കണമെന്നും ആണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്. പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, മുഖ്യമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ ആർ.എസ്.എസ്സിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുടർന്നു ശ്രീ. ഇ. ചന്ദ്രശേഖരൻ നായരും എല്ലാം വളരെ വിശദമായി പറഞ്ഞു. ഞാൻ അക്കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. ആർ.എസ്.എസ്. നെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ അതു ഈ രാജ്യത്തെ മുതലാളിത്തത്തിന്റെ താൽപ്പര്യങ്ങൾ ഉൾക്കൊള്ളുന്നതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിന്റെ സാമ്പത്തികനയം അംഗീകരിക്കുവാൻ ആർക്കും സാധിക്കുമെന്നു തോന്നുന്നില്ല. പിന്തിരിപ്പൻ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയെന്നുള്ളതാണ് അതിന്റെ നയം. അതേ അവസരത്തിൽ അതിന്റെ മതേതരത്വത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാടും വളരെ വ്യക്തമായി ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. ആർ.എസ്.എസ്. ന്റെ ജനാധിപത്യത്തോടുള്ള കാഴ്ചപ്പാടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചു. ആ സംഘടനയുടെ സംവിധാനംതന്നെ കാണിക്കുന്നത് അവർ ജനാധിപത്യ വിശ്വാസികളല്ല, ഫാസിസ്റ്റു സംഘടന ആണെന്നാണ്. അതേയവസരത്തിൽ ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. ആർ.എസ്.എസ്. ഈ രൂപത്തിലാണെങ്കിൽതന്നെ ഈ രൂപത്തിലുള്ള കാര്യങ്ങൾ ജനങ്ങളോടു പറഞ്ഞാൽ, ജനങ്ങളുടെയിടയിൽ പ്രചരിപ്പിച്ചാൽ അവർക്ക് ഈ രാജ്യത്തു വളരാൻ കഴിയുമെന്നുള്ള കാര്യം അവർക്കു നല്ലതുപോലെ അറിയാം. അതുകൊണ്ട് മതത്തിന്റെ പേരിലാണ് ആർ.എസ്.എസ്. പ്രവർത്തിക്കുന്നതെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വളരെ വ്യക്തമായി നാം ഓർക്കണം. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ ഈ രാജ്യത്തെ ഹിന്ദുക്കളെസംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ വളരെയധികം മതസഹിഷ്ണുതയുള്ള ഒരു മതവിഭാഗമാണ് ഇൻഡ്യയിലെ ഹിന്ദുക്കളെന്നുള്ള കാര്യം ചരിത്രം മുഴുവൻ പരിശോധിച്ചാൽ നമുക്കു കാണാൻ സാധിക്കുന്നതാണ്. ഹിന്ദുക്കൾ മാത്രമുണ്ടായിരുന്ന ഒരു രാജ്യത്ത് ക്രിസ്ത്യാനികളും മുസ്ലീങ്ങളും എല്ലാം എവിടെനിന്നുണ്ടായി എന്നകാര്യം നാം പരിശോധിക്കുകയാണെങ്കിൽ ഹിന്ദുക്കളുടെ മതസഹിഷ്ണുതകൊണ്ടാണ് എന്നു നമുക്കു മനസ്സിലാക്കുവാൻകഴിയും. എന്നാൽതന്നെ ആർ.എസ്.എസ്. ഈ സാമുദായിക വിരോധം വളർത്തിക്കൊണ്ട് ഈ സമുദായങ്ങൾ തമ്മിൽ അടിപ്പിച്ചുകൊണ്ട് ഈ രാജ്യത്തു ശക്തിയാർജ്ജിക്കുവാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുകയാണെന്ന കാര്യം നാം ഓർക്കണം. ഒരു കാര്യം ഞാൻ ഈയവസരത്തിൽ പറയാനാഗ്രഹിക്കുന്നു. അതിവിടെ പലരും പറഞ്ഞു. ഈ ആർ.എസ്.എസ്. ആരുടെ താൽപ്പര്യത്തിനു വേണ്ടിയാണ് നിൽക്കുന്നത്? ആർ.എസ്.എസ്. പറയുന്നതുകേട്ടാൽ തോന്നും ഈ രാജ്യത്തിലെ മുഴുവൻ ഹിന്ദുസമുദായങ്ങളുടെയും താൽപ്പര്യത്തിനുവേണ്ടിയാണെന്ന് ഒരിക്കലുമല്ല. അതിവിടെ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഹരിജനങ്ങളോടുള്ള അവരുടെ സമീപനമെന്താണെന്നുള്ളതു നോക്കണം. ബഹുമാനപ്പെട്ട ചന്ദ്രശേഖരന് വ്യത്യസ്തമായ അഭിപ്രായം കാണേക്കാം. എന്നാലും എനിക്കു പറയാൻകഴിയും ആർ.എസ്.എസ്. ന്റെ സമീപനം എന്താണെന്ന്. കഴിഞ്ഞവർഷം ആലിഗറിലും ആഗ്രയിലും എന്തുണ്ടായി? അവിടെ അംബദ്കറുടെ ജൻമദിനത്തിൽ ഒരു ആനയുടെ പുറത്തു അംബദ്കറുടെ ഫോട്ടോയും കൊണ്ട് ഒരു ഘോഷയാത്ര ഹരിജനങ്ങൾ നടത്തി. ആ സന്ദർഭത്തിൽ അവിടത്തെ ആർ.എസ്.എസ്. കാർക്ക് അതു സഹിക്കുവാൻ സാധിച്ചില്ല. അംബദ്കറുടെ ഫോട്ടോ ആനപ്പുറത്തു എഴുന്നുള്ളിച്ചുപോകുന്നത് ആർ.എസ്.എസ്. കാർക്ക് സഹിച്ചില്ല. അവർ അതിനെതിരെ ആക്രമണം നടത്തി. പതിനാലോള

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനങ്ങളെ അവർ കൊന്നു എന്നുള്ള കാര്യം നാം ഓർക്കണം. എന്നിട്ടും പോലീസ് ഇടപെട്ടിട്ടില്ല. ആ സമരം നീണ്ടുപോയി, തെരുവുയുദ്ധമായി. ഐ.ജി.യുടെയും പോലീസു ഉദ്യോഗസ്ഥന്മാരുടെയും കൺമുന്നിൽ വച്ചുകൊണ്ട് ജനതാ പാർട്ടി ഭരിക്കുന്ന, ആർ.എസ്.എസ്. ന് പ്രാതിനിധ്യമുള്ള സംസ്ഥാനഗവൺമെന്റു ഭരിക്കുന്ന ഒരു സംസ്ഥാനത്തു നടന്ന സംഭവമാണു ഞാൻ പറഞ്ഞത്. എന്നിട്ട് അവസാനം രക്ഷയില്ലാതെ വന്നപ്പോൾ ഹരിജനങ്ങൾ അവിടത്തെ ആർ.എസ്.എസ്.നെ തിരിച്ചടിച്ചതിനുശേഷമാണ് പോലീസ്
7 p.m.] ഇടപെട്ടതെന്ന കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നു.

ആർ.എസ്.എസ്.-നോടുള്ള പ്രേമമാണ്. എന്താണ് ബീഹാറിൽ നടന്നത്. അവിടത്തെ ഹരിജനങ്ങൾക്കു ഭൂമി കൊടുത്തു. ആ ഭൂമി അവിടത്തെ സവർണ്ണരുടെ ഭൂമിയായിരുന്നു. ആ ഭൂമി ഹരിജനങ്ങൾ കൈവശം വയ്ക്കുന്നത് അവിടത്തെ ആർ.എസ്.എസ്. കാർക്ക് സഹിച്ചില്ല. അവർ അവിടത്തെ ഹരിജനങ്ങളെ തീവെച്ച് കൊന്നു എന്നുമാത്രമല്ല കുടിയൊഴിപ്പിക്കൽ നിത്യസംഭവമായി മാറിയില്ലേ? യു.പി.യിലെ സംഭവം എന്താണ്? ഈ പറയുന്ന ജനതാപാർട്ടി ഭരിക്കുന്ന, ആർ.എസ്.എസ്.-ന് പ്രാതിനിധ്യം മന്ത്രിസഭയിലുള്ള സംസ്ഥാനങ്ങളിലെ മുഴുവൻ സംഭവമാണ് ഇതെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇതിൽനിന്നൊക്കെ വളരെ വ്യക്തമാണ് ആർ.എസ്.എസ്സിന്റെ ഹരിജനങ്ങളോടും അടിയിൽ കിടക്കുന്ന അടിസ്ഥാന വർഗ്ഗത്തോടും ഉള്ള സമീപനം എന്താണെന്ന്. സർ, ഒരുകാര്യം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. എന്താണു സർ യു.പി. മുഖ്യമന്ത്രി യാദവിനുള്ള കുഴപ്പം. യു.പി.-യിലെ മുഖ്യമന്ത്രി യാദവിനെ അവിടത്തെ ആർ.എസ്.എസ്.-കാർ എതിർക്കുന്നു. എന്താണ് കാരണം? കാരണം അദ്ദേഹം പിന്നോക്ക സമുദായക്കാരനാണ്. എന്താണു സർ കർപ്പൂരി താക്കൂറിന്റെ കുഴപ്പം. ബീഹാറിലെ കർപ്പൂരി താക്കൂറിന്റെ ഗവൺമെന്റിനെ എതിർക്കുന്നു. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞു, അവിടെ 26 ശതമാനം സംവരണം അനുവദിച്ചു എന്നുള്ളത്. ആ ബീഹാറിലെ കർപ്പൂരി താക്കൂറിന്റെ ഗവൺമെന്റിനെ അട്ടിമറിക്കാൻ ബഹുമാന്യനായ ചന്ദ്രശേഖരന്റെ പാർട്ടിക്കാർ ശ്രമിക്കുകയാണ്. ഇതല്ലേ സർ ബീഹാറിൽ നടക്കുന്നത്. സമരം നടന്നു. സമരത്തിന്റെ രണ്ടുഭാഗത്തും ഉള്ളതു ജനതാപാർട്ടിക്കാർ തന്നെയാണു സർ. അതുപോകട്ടെ. ആരാണു സർ കർപ്പൂരി താക്കൂർ? ബാർബറാണ്. അദ്ദേഹത്തിന്റെ അച്ഛൻ ഇന്നും ഒരു ബാർബറാണ് അതു സഹിക്കുന്നില്ല ജനതാപാർട്ടിയിലെ സമ്പന്ന വർഗ്ഗവിഭാഗത്തിന്. അതുകൊണ്ട് കർപ്പൂരി താക്കൂറിനെ ഇറക്കാൻ ശ്രമിക്കുന്നു. ഇതൊക്കെയാണ് ഈ ആർ.എസ്.എസ്.-ന്റെ സ്വഭാവം. ആർ.എസ്.എസ്.-ന് മുൻതൂക്കമുള്ള സംസ്ഥാനങ്ങളിലെ സ്ഥിതിയാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ആർ.എസ്.എസ്.-ൽ ഉള്ളവർ കഴിച്ച് ബാക്കിയുള്ള ഹിന്ദുക്കളോടുള്ള അവരുടെ സമീപനം എന്താണ്? ഒരുകാര്യം വ്യക്തമായി പറയാൻ സാധിക്കും. ഏതായാലും അതു ഞാൻ വിടുന്നു. എങ്കിലും ഒരുകാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. കഴിഞ്ഞ രണ്ടു കൊല്ലക്കാലമായി ആർ.എസ്.എസ്. ഇൻഡ്യയിൽ മറെറാരുകാലത്തും ഇല്ലാത്തവിധത്തിൽ ശക്തിയാർജ്ജിച്ചിട്ടുണ്ട്. എന്നുസമ്മതിക്കാതിരിക്കാൻ നിർവ്വാഹമില്ല.

ഇവിടെ എന്റെ സ്നേഹിതൻ ശ്രീമാൻ പി.എം. അബൂബക്കർ ഒരു പരാമർശനം നടത്തി. ജവഹരിലാൽ നെഹ്റുമുതൽ മൊറാർജി ദേശായിയുടെ കാലംവരെ ആർ. എസ്. എസ്. ശക്തിപ്പെട്ടു എന്നുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ എന്റെ സ്നേഹിതൻ അബൂബേക്കറോടു ചോദിക്കാൻ ആഗ്രഹിക്കുകയാണ്, ഒരു കാര്യം നിങ്ങൾ മനസിലാക്കേണ്ടതായിട്ടുണ്ട്. ഇൻഡ്യ വിഭജന കാലത്ത് അന്ന് 40 കോടി ജനങ്ങളെ രണ്ടു ഭാഗമായി തിരിച്ച് പത്തുകോടി മുസ്ലീങ്ങളുടെ അവകാശമാണ് പാക്കിസ്ഥാൻ എന്നവാദം ഉന്നയിച്ചുകൊണ്ട് ആ വാദത്തിന്റെ പേരിൽ രാഷ്ട്രം ഉണ്ടാക്കിയപ്പോൾ, ഈ രാഷ്ട്രം മാറിപ്പോയപ്പോൾ ലക്ഷക്കണക്കിന് അഭയാർത്ഥികൾ ഹിന്ദുക്കളായ അഭയാർത്ഥികൾ പാക്കിസ്ഥാനിൽ സർവ്വസ്വവും നഷ്ടപ്പെട്ട് വീടും പുരയുമില്ലാതെ, കാലും കണ്ണുമില്ലാതെ, കാതുമില്ലാതെ ഇൻഡ്യയിലേക്ക് ഓടിവന്നപ്പോൾ അവർക്ക് ഇവിടെ അഭയം നൽകിയ കാലഘട്ടത്തിൽ അന്നു ഈ രാജ്യത്ത് നവാലിയിലെ തെരുവീഥികളിൽ ഉണ്ടായ സംഭവം—അതിനെക്കുറിച്ച് ഇവിടെ ആരോ പരാമർശിച്ചു സർ, അന്ന് ഇൻഡ്യയിലെ ആർ.എസ്.എസ്.-കാർ ഇളകിവശായപ്പോൾ അവരെ തടഞ്ഞുനിറുത്താൻ മുന്നോട്ടുവന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും മഹാത്മജിയും ജവഹരിലാൽ നെഹ്റുവും ആണെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണു സർ. അത് ആർക്കും മറച്ചുപിടിക്കാൻ സാധിക്കുകയില്ല. മഹാത്മജി അതിന്റെ പേരിൽ ജീവൻ ബലിയർപ്പിച്ചു എന്നുള്ളകാര്യവും നാം മനസിലാക്കണം.

സർ, എനിക്ക് പ്രധാനമായി ഒരുകാര്യം മാത്രമേ പറയാനുള്ളു. ഇവിടെതന്നെ ഗുരുജി ഗോൾവാൾക്കർ പറഞ്ഞ ഒരുകാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ചെയ്ത ഏററവും വലിയ അപരാധം, ഈ രാജ്യത്ത് ഇൻഡ്യൻ തറവാട്ടിൽ ഈ രാജ്യത്തെ കൊള്ളയടിക്കാൻവന്ന ന്യൂനപക്ഷങ്ങൾക്ക് തുല്യത നൽകിയതാണെന്ന് അദ്ദേഹം പറയുന്നു സർ, ഈ രീതിയിലുള്ള ചിന്താഗതിയൊക്കെ ഈ രാജ്യത്തുണ്ടാക്കിയ ആർ.എസ്.എസ്. നെ എതിർത്തതും ന്യൂനപക്ഷങ്ങൾക്ക് ഭരണ ഘടന പ്രകാരമുള്ള പ്രാതിനിധ്യവും എല്ലാ സൗകര്യവും ഏർപ്പെടുത്തിക്കൊടുത്തതും ബഹുമാനപ്പെട്ട അബൂബേക്കർ പറഞ്ഞ ജവഹരിലാൽ നെഹ്റു ആണെന്നുള്ള കാര്യം ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സർ, ഞാൻ അതു വിടുകയാണ്.

അവസാനമായി ഒരൊററകാര്യംകൂടി പറഞ്ഞോട്ടെ. ഈ രാജ്യത്ത് ആർ.എസ്.എസ്.-നെ നേരിടേണ്ടതായിട്ടുണ്ട്. അതേയവസരത്തിൽ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇവിടെ പറഞ്ഞു ഞാൻ അതിലേയ്ക്കു കടക്കുന്നില്ലായെന്ന്. ആർ.എസ്.എസ്.-നെ കുറിച്ച് എന്റെ സ്നേഹിതൻ രാഘവനും പറഞ്ഞു. രണ്ടു സോഷ്യലിസ്ററുകാരെക്കുറിച്ച്, രണ്ടു വിഭാഗമുണ്ടെന്ന്. ശ്രീ. ചന്ദ്രശേഖരൻ ഏതുഭാഗത്താണെന്ന് വ്യക്തമായി സർ. രാഘവൻ ഉദ്ദേശിച്ചതിനേക്കാൾ എതിർഭാഗത്താണ് ബഹുമാന്യനായ ചന്ദ്രശേഖരൻ. യാതൊരു സംശയവും എനിക്കില്ല. പക്ഷെ ചന്ദ്രശേഖരൻ അത്രത്തോളം പോകുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല സർ. ജനതാപാർട്ടിയിലെ സംഘടനാ തെരഞ്ഞെടുപ്പുകൂടി ലക്ഷ്യംവച്ചുകൊണ്ടാണ് ചന്ദ്രശേഖരൻ ഇവിടെ സംസാരിച്ചത് എന്നുള്ളത് ഏററവും ഖേദകരമാണു സർ. പറയാതിരിക്കാൻ നിർവ്വാഹമില്ല.

ഏതായാലും ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇവിടെ ഒരുകാര്യം ചൂണ്ടിക്കാണിച്ചു സർ. ജനതാ പാർട്ടിയുടെ വലിയ ഒരു നേട്ടം. ഹരിജനങ്ങളെസംബന്ധിച്ച ഏററവും വലിയ കാര്യം. എയർ ഹോസ്ററസായിട്ട് ഒരു ഹരിജനെ വച്ചു. ഞാൻ മറെറാരു നേട്ടം പറഞ്ഞുതരാം സർ. ഈ തിരുവനന്തപുരം എയർപോർട്ടിൽ സ്വീപ്പറായിട്ട് ഒരു ഹരിജനെ

LIBRARY ARCHIVES Kerala Legislative Assembly

വച്ചിട്ടുണ്ട്. ആ കാര്യംകൂടി നിങ്ങളുടെ നേട്ടമായി പറയണമെന്ന് ഞാൻ പറയുകയാണ്. സർ, മനസിലാക്കണം ഈ രാജ്യത്ത് ഹരിജനങ്ങളെ മുഴുവൻ അംഗീകരിച്ച് പദവിയും ഉണ്ടാക്കിക്കൊടുത്ത ഒരു അവസ്ഥയിലാണ്, ഈ രാജ്യത്ത് അധികാരവും എല്ലാവിധത്തിലുള്ള സ്ഥാനങ്ങളും അനുവദിച്ചുകൊടുത്തിട്ടുള്ള ഒരു രാജ്യത്താണ്, നിങ്ങൾ പറയുന്നത് ഒരു എയർഫോഴ്സ്റ്ററസിനെ എടുത്തു എന്ന്.

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇവിടെ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞ ഒരുകാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല സർ. ജവഹരിലാൽ നെഹ്റുവും അതുപോലെതന്നെ ലാൽബഹദൂർ ശാസ്ത്രിയുമൊക്കെ ആർ.എസ്.എസ്._ന്റെ സേവനങ്ങളെക്കുറിച്ചു പറഞ്ഞുവെന്ന് അദ്ദേഹം പരാമർശിച്ചു. ഒരുകാര്യം വളരെ വ്യക്തമാണ്. ശ്രീമാൻ ചന്ദ്രശേഖരൻ ആർ.എസ്.എസ്._നെ ന്യായീകരിക്കാൻ വേണ്ടി ഉപയോഗിച്ച വാചകമായിരുന്നു അത്. ഒരു വസ്തുത നാം മനസ്സിലാക്കണം. ആ കാലത്ത്, ഈ രാജ്യത്തെ ഏതെങ്കിലും ഭാഗത്തുനിന്ന് ആക്രമിക്കുമ്പോൾ എല്ലാവരും കൂടി അതിനെ ചെറുക്കും. ആ രീതിയിൽ ആർ.എസ്.എസ്._കാർ ചെറിയ പങ്കുവഹിച്ചപ്പോൾ അതു പറഞ്ഞിട്ടുണ്ടെങ്കിൽ അത് ആർ.എസ്.എസ്.നുള്ള സർട്ടിഫിക്കററായി കണക്കാക്കി അത് ആർ.എസ്.എസ്._നെ ന്യായീകരിക്കാനുള്ള വാദഗതിയായി കൊണ്ടുവരുന്നത് വാസ്തവത്തിൽ ജനതാപാർട്ടി ഏതുഭാഗത്തുനിൽക്കുന്നു, ആർ.എസ്.എസ്._ന്റെ കാര്യത്തിൽ ഏതുഭാഗത്തു നിൽക്കുന്നു എന്നുള്ള കാര്യം ഇനിയെങ്കിലും ബഹുമാനപ്പെട്ട രാഘവൻ മനസ്സിലാക്കാൻ അവസരമായല്ലോയെന്ന് ഞാൻ കരുതുകയാണ്.

സർ, കേരളത്തെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെമതന്യൂനപക്ഷങ്ങളോട് ഒരുകാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവിടത്തെ മതന്യൂനപക്ഷങ്ങൾ ഒരുകാര്യം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഈ രാജ്യത്തെ ഭൂരിപക്ഷസമുദായങ്ങളുടെ ഇടയിൽ ആർ.എസ്.എസ്._ന് പ്രവർത്തിക്കാനുള്ള വളക്കൂർ ഉണ്ടാക്കിക്കൊടുക്കുന്ന പ്രവർത്തനത്തിൽ ഇവിടത്തെ മതന്യൂനപക്ഷങ്ങൾ ഏർപ്പെടുന്നത് ഈ സംസ്ഥാനത്തിനും ഈ രാജ്യത്തിനും ഈ സമുദായങ്ങൾക്കും ആപത്താണെന്നുള്ളകാര്യം ഞാൻ പറയാൻ മടിക്കുന്നില്ല സർ. ഞാൻ ഇത്രയും പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഇന്ന് രാജ്യത്തെ അഭിമുഖീകരിക്കുന്ന ഈ അതിഗൗരവമായ പ്രശ്നം ചർച്ച ചെയ്യപ്പെടാൻ ഇടയായതിൽ എനിക്ക് സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. സർ, ഞങ്ങളെസംബന്ധിച്ചിടത്തോളം ആർ.എസ്.എസ്._നോടുള്ള സമീപനം ഏതടിസ്ഥാനത്തിൽ നിന്നുള്ളതാണെന്ന് വ്യക്തമാണ്. ആർ.എസ്.എസ്._ന്റെ അക്രമരാഷ്ട്രീയം ആരംഭിക്കുന്നത് ഇൻഡ്യയിൽ മതന്യൂനപക്ഷങ്ങളുടെ ആരാധനാ സ്വാതന്ത്ര്യം നിഷേധിച്ച അവസരത്തിൽ ആരാധനാ സ്വാതന്ത്ര്യം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഭൂരിപക്ഷസമുദായങ്ങളിൽ മാനസാന്തരമുണ്ടാക്കാൻ മഹാത്മാഗാന്ധി നിരാഹാരവ്രതം തുടങ്ങുകയും മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ സ്വതന്ത്ര ഇൻഡ്യ ഒരു മതേതര രാഷ്ട്രമായിരിക്കുമെന്നും ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ആര്യൻമാരുടെ ആധിപത്യം സ്ഥാപിക്കാൻ ആഗ്രഹിച്ച ബ്രാഹ്മണ മേധാവിത്വത്തിന് ഗാന്ധിജിയുടെ നിലപാടു മുന്നോട്ടു കൊണ്ടുപോകാൻ അനുവദിച്ചാൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻ സാധിക്കുകയില്ലെന്നും ബോധ്യമായപ്പോൾ ഗാന്ധിജിയുടെ ജീവൻ അപഹരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പൂനയിൽവച്ച് ചുരുക്കം ചില ചെറുപ്പക്കാർ ഗൂഢാലോചന നടത്തിയ അന്നാണ്. അന്നു മുതൽ ഇന്നുവരെ ഈ പ്രസ്ഥാനത്തെ ശക്തിയായി എതിർത്ത ഒരു പാർട്ടിയിലെ അംഗമെന്നനിലയിൽ, കഴിഞ്ഞ രണ്ടുവർഷമായി ഈ ആപത്തിന്റെ ഗൗരവം മനസ്സിലാക്കി അതിനു മുൻതൂക്കം കൊടുത്ത് അതിനെതിരായ പ്രചരണവും പ്രസ്ഥാനവും ആരംഭിച്ച ഞങ്ങളെ സംബന്ധിച്ചിടത്തോളം അത് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടു കാണുന്നതിൽ ചാരിതാർത്ഥ്യവും സന്തോഷവും ഉണ്ട്. അൽപ്പം ചില ആളുകൾ ഇപ്പോഴും ഇതു മനസ്സിലാക്കിയിട്ടില്ലെന്നുള്ളത് നിർഭാഗ്യകരമാണെങ്കിൽപോലും ഈ ആപത്തേറിയ സ്ഥിതിവിശേഷം മനസ്സിലാക്കാൻ അതിനെ നേരിടാൻ മററുള്ളവരെങ്കിലും തയ്യാറാകുന്നതിൽ ഞങ്ങൾ അത്രത്തോളം ആശ്വാസം കൊള്ളുന്നു. അതിൽ അഭിമാനം കൊള്ളുന്നു. ആർ.എസ്.എസ്.-ന്റെ പ്രവർത്തനത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിച്ച കാര്യങ്ങളോടൊന്നും ഞങ്ങൾക്കെതിർപ്പില്ല. പക്ഷേ ആർ.എസ്.എസ്.-ന്റെ പ്രവർത്തനം നിയന്ത്രിക്കാൻ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുന്നുണ്ടോ? സംസ്ഥാന ഗവൺമെന്റിന്റെ നടപടിയിൽ ഊററം കൊള്ളുന്നതും അഭിമാനംകൊള്ളുന്നതുമൊക്കെ കണ്ടു. അവരുടെ പ്രവർത്തനത്തെ ഫലപ്രദമായി നേരിടാൻ ഈ ഗവൺമെന്റ് എന്തുനടപടി സ്വീകരിച്ചാലും എന്റെയും എന്റെ പാർട്ടിയുടെയും പൂർണ്ണമായ പിന്തുണയുണ്ടായിരിക്കുമെന്ന് വീണ്ടും ഞാൻ ആവർത്തിക്കുകയാണ്. മററ് എന്തെല്ലാം കാര്യത്തിൽ ഈ ഗവൺമെന്റുമായി അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ആ കാര്യത്തിൽ യോജിക്കാൻ ഞങ്ങൾ തയ്യാറാണ്. ആർ.എസ്.എസ്.-ന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ പരിശീലനം തടഞ്ഞിട്ടുണ്ടെന്നും ആയുധമേന്തിയ പരിശീലനം തടഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി ഇവിടെ പരാമർശിച്ചു. ആ തീരുമാനത്തിനുശേഷമാണ് ഈ തിരുവനന്തപുരത്ത് ഒരു സ്കൂളിൽവച്ച് ആർ.എസ്.എസ്.-ന്റെ ക്യാമ്പുനടന്ന കാര്യം ഞാനിവിടെ സൂചിപ്പിച്ചത്. അപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് ഞങ്ങൾപറഞ്ഞ കാര്യം അവർ മനസ്സിലാക്കാത്തതുകൊണ്ടാണങ്ങനെ സംഭവിച്ചത് എന്നാണ്. അവിടെയാണ് എനിക്കു പരാതിയുള്ളത്. ഇത്രയും ആപത്ക്കരമായ ഒരു പ്രസ്ഥാനത്തെ നിയന്ത്രിക്കുന്നതിനു സ്വീകരിച്ച നടപടിയുടെ പോരായ്മയും പരാതിയുമാണ് അതു കാണിക്കുന്നത്. ഈ തലസ്ഥാന നഗരിയിൽ ഒരു ക്യാമ്പു നടന്നത്, ഞാൻ മനസ്സിലാക്കിയിടത്തോളം പരിപാടികൾ അംഗീകരിച്ചു നടപ്പാക്കിയ ക്യാമ്പാണ്. സർ, ഇവിടത്തെ രഹസ്യപ്പോലീസ് ഈ മാതിരി വിവരങ്ങളെല്ലാം ശേഖരിക്കാൻ നല്ലകഴിവുള്ളവരാണ്, ഫലപ്രദമായി കൈകാര്യം ചെയ്യുന്നവരാണ്. അങ്ങനെയൊരു ക്യാമ്പു നടന്നിട്ട് ഇവർക്കതു തടയാൻ കഴിഞ്ഞില്ല. ഈ പ്രമേയം നാം പാസാക്കിയാലും അതു ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്നുള്ളതാണ് പ്രശ്നം. ഒരുകാര്യം വ്യക്തമാണ്. നമ്മൾ എത്രതന്നെ പറഞ്ഞാലും നമ്മുടെ സംസ്ഥാനത്തുള്ള പിന്നോക്കവിഭാഗങ്ങളിൽ നല്ല ഒരു ഭാഗം ആർ.എസ്.എസ്.-ൽ ഉണ്ട്. എന്നുള്ളതു നാം മറന്നിട്ടു കാര്യമില്ല. അത് ഏതേതുവിഭാഗമാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നില്ല. അവർക്കെതിരായി നിലകൊള്ളുന്ന ഒരു പ്രസ്ഥാനമാണിതെന്നു മനസ്സിലാക്കാത്തതുകൊണ്ടായിരിക്കും അങ്ങനെ നിൽക്കുന്നത്. എങ്കിലും മററുചില സാഹചര്യങ്ങളാണ് അവരെ അവിടെ കൊണ്ടെത്തിച്ചത് എന്ന കാര്യവും നാം വിസ്മരിച്ചുകൂടാ. അത്തരക്കാരെ പ്രചരണത്തിലൂടെ കാര്യം മനസ്സിലാക്കി മാനസാന്തരപ്പെടുത്താനുള്ള നടപടി വളരെ പ്രയോജനകരമാണ്, അഭിനന്ദനാർഹമാണ്. അക്രമത്തിൽകൂടി ഈ പ്രസ്ഥാനം കൈകാര്യം ചെയ്യാമെന്നതാണല്ലോ ആർ.എസ്.എസ്.-ന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

ഗാന്ധിജിയുടെ വിരിമാറിൽ ഉണ്ടപൊഴിച്ച അന്നുമുതലാണ് ഈ അക്രമ രാഷ്ട്രീയത്തിനു ആരംഭം കുറിച്ചത്. അത്തരത്തിലുള്ള ആളുകളെ നേരിടുന്നതിനു നാം സ്വീകരിക്കുന്ന നടപടി പൂർണ്ണമാണോ എന്നുള്ളതു നാം ആലോചിക്കേണ്ടതുണ്ട്. തീരെ അപര്യാപ്തമാണെന്നല്ല ഞാൻ പറയുന്നത്. നമ്മുടെ സംസ്ഥാനത്തെ സ്ഥിതിയെന്താണ്? സർ, ഞാൻ ഇവിടത്തെ എല്ലാ പഞ്ചായത്തുകളും സന്ദർശിച്ച ഒരാളാണ്. ജനങ്ങൾ ക്കൊക്കെ ഒരു ഭീതി ഉണ്ടായിരിക്കുകയാണ്. തങ്ങൾക്കാവശ്യമായ സംര ക്ഷണം കിട്ടുകയില്ല എന്നുള്ള ഭയപ്പാടാണ് മതന്യൂനപക്ഷങ്ങൾക്കും ഹരിജനങ്ങൾക്കും പിന്നോക്കവിഭാഗങ്ങൾക്കും ഉള്ളത്. ആലുവായിൽ നടന്ന ആർ.എസ്.എസ്.ന്റെ പ്രകടനം നമുക്കറിയാം. അതിനുശേഷം അവരുടെ നേതാവ് ദേവരശ് ചെയ്ത പ്രസംഗം ജനങ്ങളിൽ വളരെയധികം ഭീതിയും ഉൽകണ്ഠയും ഉണ്ടാക്കിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് ഇൻഡ്യയിൽ മതന്യൂനപക്ഷങ്ങൾക്കും ഹരിജനങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും സംവരണവും സംരക്ഷണവും ഏർപ്പെടുത്തിയിട്ടുള്ളത് അശാസ്ത്രീയ മാണ്, മനുഷ്യത്വപരമല്ല അതുകൊണ്ട് അതിനെ ഞങ്ങൾ എതിർക്കും എന്നാണ്. അവരുടെ സമീപനം.. എന്താണെന്നുള്ളത് അതിൽനിന്നു വ്യക്തമാകുന്നതാണ്. ആർ.എസ്.എസ്.ന് രണ്ടു മുഖ്യലക്ഷ്യങ്ങളാ ണുള്ളത്. ഒന്ന് സാമ്പത്തിക ലക്ഷ്യം. അതിനെ നമുക്കു പ്രചരണ പരമായി നേരിടാം. മറെറാന്ന് അക്രമത്തിന്റെ കാര്യമാണ്. അതിന് ചെറിയൊരുദാഹരണം പറയാം. ഞാൻ കാലടിയിൽ ചെന്നപ്പോൾ അവിടെ നിന്നും കിട്ടിയ ഒരു മെമ്മോറാണ്ടത്തിൽ പറയുന്ന കാര്യമാണ്. കാലടി യിൽ ജോണി എന്നുപറയുന്ന ഒരാളെ ആർ.എസ്.എസ്.കാർ കൊന്നു. എന്നിട്ട് ശവത്തിന്റെ മുൻപിൽ പതിനഞ്ചുമിനിട്ടുനേരം പ്രകടനം നടത്തി എന്നാണു പറയുന്നത്. ആ സംഭവം സംബന്ധിച്ച് പോലീസ് സ്റ്റേഷനിൽ പരാതികൊടുത്തു. പോലീസ് വരികയാകട്ടെ, അക്രമം കഴിഞ്ഞു പ്രകടനം നടത്തിയ ആളുകളെ അറസ്ററു ചെയ്യുകയാകട്ടെ ചെയ്തില്ല. ഇത്തരം സന്ദർഭങ്ങളിൽ, സാധാരണഗതിയിൽ കിട്ടേണ്ട നിയമസംരക്ഷണം പോലും കിട്ടാതെ വരികയും ആർ.എസ്.എസ്.ന്റെ അഴിഞ്ഞാട്ടം നടക്കുകയും ചെയ്യുമ്പോൾ ജനങ്ങൾക്കു ഭീതിയുണ്ടാവുക സ്വാഭാവികമാണ്. ആർ.എസ്.എസ്.നെ സംബന്ധിച്ചിടത്തോളമാ ണെങ്കിൽ അവരുടെ മനസ്സിലുള്ള ഔദ്ധത്യം കേന്ദ്രത്തിൽ ഭരണം നടത്തു ന്നവർ അവരാണെന്നതാണ്. അക്കാര്യത്തിൽ ശ്രീമാൻ ചന്ദ്രശേഖരന്റെ വ്യക്തിപരമായ അഭിപ്രായമെന്താണെന്നറിയില്ല. ജനതാപാർട്ടിയുടെ കേരള സംസ്ഥാന ചെയർമാൻ എന്നുള്ള നിലയിൽ അദ്ദേഹം പറഞ്ഞത് ആർ.എസ്.എസ്. ന്റെ ആധിപത്യത്തെ ചോദ്യം ചെയ്യുന്നതിൽ ഭയപ്പെ ടുന്നു എന്നാണ്. ഇൻഡ്യയിലെ പ്രധാനമന്ത്രിക്കറിയാം താൻ ഇരിക്കുന്ന കസേരയുടെ ഉറപ്പ് ആർ.എസ്.എസ്.ന്റെ പിന്തുണയെ അടിസ്ഥാന പ്പെടുത്തിയാണെന്ന്. ഞാനതിനെ ആക്ഷേപിക്കുകയല്ല സർ. ഞാനൊന്ന് ചോദിക്കട്ടെ, ബഹുമാനപ്പെട്ട ചന്ദ്രശേഖരന്റെ അഭിപ്രായമാണോ ശ്രീ. ജോർജ്ജിനുള്ളത്? ഈ അഭിപ്രായമാണോ എന്റെ സ്നേഹിതൻ ഇട്ടൂ പ്പിനുള്ളത്? ശ്രീ. നീലലോഹിദാസനുള്ളത്? ബഹുമാനപ്പെട്ട ബാല കൃഷ്ണപിള്ളയ്ക്കുള്ളത്? ന്യൂനപക്ഷത്തിന്റെയും പിന്നോക്കവിഭാ ഗത്തിന്റെയും ഒക്കെ പേരിൽ ജനതാ ഗവൺമെൻറ് സ്വീകരിക്കുന്ന നില പാട് നമുക്കറിയാം. സർ, ആർ.എസ്.എസ്. നെ നേരിടുന്നതിൽ നമുക്കു കൂട്ടായി പ്രവർത്തിക്കാൻ സാധിക്കുന്ന മേഖലകളുണ്ട്. ഇന്ദിരാ വിരോധമോ ഇന്ദിരാകോൺഗ്രസ്സ് വിരോധമോ അല്ല അവിടെ പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തെ പൊതുവായി ബാധിക്കുന്ന ഒരു പ്രശ്നത്തെ ഒരു പരിധി വരെയെങ്കിലും നേരിടുക എന്നതാണവിടത്തെ പ്രശ്നം. അതുകൊണ്ടാണ് ഈ ഗവൺമെൻറുമായി എന്തെല്ലാം അഭിപ്രായവ്യത്യാസമുണ്ടെങ്കിലും അക്കാര്യത്തിൽ യോജിക്കാമെന്നു ഞങ്ങൾ പറയുന്നത്. ഈ അഴിഞ്ഞാട്ടം തടയാൻ കുറെക്കൂടി കർശനമായ നടപടി സ്വീകരിക്കണം. ആയുധമേന്തിയ പരിശീലനം തടയുന്നതിനു നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നാണ് പറയുന്നത്. സർ, ഞാൻ ബഹുമാനപ്പെട്ട ... മന്ത്രിയുടെയും ആഭ്യന്തരമന്ത്രിയുടെയും അറിവിലേക്കായി പറ... ആയുധത്തിന്റെ മാതൃകയിൽ മരംകൊണ്ട് ആയുധമുണ്ടാക്... പരിശീലനം നടത്തുകയാണ്. അവ കണ്ടുപിടിച്ച് തടയുന്നതിനു ഗവൺമെൻറ് കർശനമായ നടപടി സ്വീകരിക്കണം. അപ്പോൾ ജനങ്ങൾക്കു അസൗകര്യമുണ്ടാക്കാതിരിക്കാൻ, നിരപരാധികൾ ദ്രോഹിക്കപ്പെടാതിരിക്കാൻ ഞങ്ങളുടെയെല്ലാം സഹകരണം തരാൻ തയ്യാറാണ്. ഏകപക്ഷീയമായി ചെയ്യണമെന്നല്ല പറയുന്നത്. പക്ഷേ ആപത്തുതടയാൻ ശക്തമായ നടപടി സ്വീകരിക്കണം. അതിനു തയ്യാറുണ്ടെങ്കിൽ ഈ പ്രമേയത്തിൽ പറയുന്ന പരാമർശം ദൗർഭാഗ്യകരമായിപ്പോയി എന്നുള്ള ചില അംഗങ്ങളുടെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. ക്രിയാത്മകമായ ഒരു സമീപനംതന്നെ ഈ കാര്യത്തിലുണ്ടാകണം. ആർ.എസ്.എസ്.ന് ചില സർട്ടിഫിക്കറ്റുകൾ ഇവിടെ ഹാജരാക്കി. ഞാൻ അവരോടു സഹത... കയാണ്. 1962-ൽ ചൈന ഇൻഡ്യയെ ആക്രമിച്ചപ്പോൾ ജവഹർ... നെഹ്റു പറഞ്ഞതിനെക്കുറിച്ചൊക്കെ ഇവിടെ പരാമർശിച്ചു. നല്ല... ഷ്യരായാലുംശരി ചെകുത്താനായാലും ശരി നല്ല കാര്യങ്ങൾ ചെയ്ത... അതംഗീകരിക്കുകയും ചീത്തകാര്യങ്ങളാണെങ്കിൽ അവയെ തിരസ്ക്ക... ക്കുകയും ചെയ്യുക എന്നുള്ളത് നമ്മുടെ സംസ്ക്കാരമാണ്. ഒ... ഒരു സ്ഥലത്തുവന്ന് തിരികെപ്പോകുമ്പോൾ അയാളുടെ ചെരിപ്പെടുക്കാൻ മറന്നുപോയാൽ നമ്മൾ ഓർമ്മപ്പെടുത്തുമ്പോൾ വളരെ നന്ദി എന്നുപറഞ്ഞ് എടുത്തുകൊണ്ടു പോകയല്ലേ ചെയ്യുന്നത്? അല്ലാതെ നമ്മോടു കയർക്കുകയാണോ ചെയ്യുന്നത്? ഇൻഡ്യാ-ചൈനാ യുദ്ധകാലത്ത് പ്രധാനമന്ത്രി നൽകിയ സർട്ടിഫിക്കറ്റുമായി നടക്കേണ്ട ഗതികേടിലാണ് ഈ പ്രസ്ഥാനം വന്നിട്ടുള്ളതെങ്കിൽ അതിൽ സഹതപിക്കുകയല്ലാതെ നിവൃത്തിയില്ല. അതെപ്പററിയൊന്നും ഞാൻ കൂടുതൽ പറയുന്നില്ല. സർ, അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും തമ്മിൽ വ്യത്യാസമുണ്ടാകും. പക്ഷേ ആപത്തിനെ നേരിടാൻ നാം കൂട്ടായി ശ്രമിക്കണം. അങ്ങനെ ചെയ്യുമ്പോൾ മററുചിലതു കണ്ടിട്ട് അവയെക്കുറിച്ചൊന്നും പറയേണ്ട കാര്യമില്ല. മാർക്സിസ്ററുപാർട്ടിയെ സംബന്ധിച്ചാണെങ്കിൽ അവർക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അക്രമരാഷ്ട്രീയത്തിൽ വിശ്വസിക്കുന്ന ഒരു പാർട്ടി അക്രമരാഷ്ട്രീയം തടയാൻ സജീവമായി പ്രവർത്തിക്കുമെന്നു പറഞ്ഞാൽ വിശ്വസിക്കാൻ നിവൃത്തിയില്ല. സ്വേച്ഛാധിപത്യം വരാതിരിക്കാൻ എപ്പോഴും ഞങ്ങൾ അവരുടെകൂടെയാണെന്നാണ് അവർ പറയുന്നത്. എന്നുവച്ചാൽ സഹപ്രവർത്തകന്റെ നെഞ്ചിൽ കഠാര കുത്തിയിറക്കിയാലും ശരി ഞങ്ങൾ അവരുടെകൂടെയാണ് എന്നാണോ? അക്രമരാഷ്ട്രീയം നടക്കുന്ന കേന്ദ്രങ്ങളിൽ അക്രമരാഷ്ട്രീയത്തെ നേരിടാൻ മററു മാർഗ്ഗങ്ങളില്ലാതെ വരുമ്പോൾ മാനസികമായി ആർ.എസ്.എസ്. മായി ചേരാൻ തയ്യാറല്ലാത്തവർപോലും ആർ.എസ്.എസ്. ന്റെ പാളയത്തിലേക്ക് പോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നതു അക്രമരാഷ്ട്രീയത്തിന്റെ സ്വഭാവമാണ്. ആർ.എസ്.എസ്. ന്റെ അക്രമപരമായ സമീപനത്തെ നിയന്ത്രിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്. ആ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ പിന്തുണ നൽകുന്നതിനുപകരം സർക്കാർ ചെയ്തില്ലെങ്കിൽ ഞങ്ങൾ ആയുധമെടുക്കും എന്നു പറയുന്നത് ഏതു പ്രസ്ഥാനത്തെ ഇല്ലായ്മ ചെയ്യാനാണോ ആഗ്രഹിക്കുന്നത് അതിനെതിരായ ഒരു സമീപനമാണ്. അതുകൊണ്ട് ആ സമീപനം ഉപേക്ഷിച്ച് ആർ.എസ്.എസ്. നയിക്കുന്ന ഉൾപ്പെടുന്ന ഒരു വിഭാഗത്തിന്റെ അഭിപ്രായം ... സ്സി ... ആപൽഘട്ടത്തിൽ ഒരുമിച്ചു പ്രവർത്തിക്കുകയാണു വേണ്ടത്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതവും രാജ്യത്തിന്റെ പൊതുവായ ... കണക്കിലെടുത്ത് അതിനുവേണ്ടി പ്രവർത്തിക്കുന്ന ... ഈ ഗവൺമെൻറിന് നാളിതുവരെ നൽകിയിട്ടില്ലാത്ത പിന്തുണ പ്രഖ്യാപിക്കാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്. ഈ പ്രമേയത്തിന്റെ കേവലം നാമമാത്രമായ സമീപനം വിട്ട് ഫലപ്രദമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): സർ, ഞാൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ സംബന്ധിച്ച് വളരെ പ്രയോജനകരമായ ഒരു ചർച്ച പൊതുവിൽ നടന്നുകഴിഞ്ഞിരിക്കുകയാണ്. സഭയുടെ എല്ലാ ഭാഗത്തുനിന്നും ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി അഭിപ്രായ പ്രകടനങ്ങൾ നടത്തുകയുണ്ടായി. ജനതാപ്പാർട്ടിയുടെ നേതാവ് ചന്ദ്ര ...ന്റെ ഭാഗത്തു നിന്നു മാത്രം വ്യത്യസ്തമായ ഒരു ശബ്ദം ഉയർന്നു. ... അതിനെപ്പററി ഒന്നും പറയുന്നില്ല. ബഹുമാനപ്പെട്ട പല മെമ്പർ ... പറഞ്ഞു. അദ്ദേഹത്തിന്റെ ബുദ്ധിമുട്ട് എനിക്കു മനസ്സി...ന്നുണ്ട്. എങ്കിൽപ്പോലും സർ, ഈ രാജ്യത്തെ, ഇവിടെ മററു ചില ...വർമാർ ചൂണ്ടിക്കാണിച്ചതുപോലെ പാർട്ടി അതിർത്തിവരമ്പുകൾക്കു ...യായി ജനാധിപത്യത്തിലും മതേതരത്വത്തിലും വിശ്വസിക്കുന്ന ...ഡ്യയിലെ ജനങ്ങൾ ഈ ആപത്തിനെതിരായി ശബ്ദമുയർത്തുന്നുണ്ടെന്നും ആ കൂട്ടത്തിൽ ശ്രീ. ചന്ദ്രശേഖരന്റെ പാർട്ടിയിൽപ്പെട്ട ആളുകൾ കൂടുതൽ കൂടുതലായി മുന്നോട്ടു വരുന്നു എന്നും കാണുന്നത് ഞങ്ങൾക്കെല്ലാവർക്കും സന്തോഷകരമാണ്. അദ്ദേഹത്തിന്റെ നിലപാടും ഇന്നല്ലെങ്കിൽ നാളെ മാറും എന്നുള്ള ശുഭപ്രതീക്ഷയാണ് എനിക്ക് ആ കാര്യത്തിൽ ഉള്ളത്.

ഞാൻ ഇവിടെ ചുരുങ്ങിയ സമയത്തിനുള്ളിൽ പറയാനാഗ്രഹിക്കുന്നത്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതും, മാർക്സിസ്ററു പാർട്ടിക്കുവേണ്ടി സംസാരിച്ച ശ്രീ. എം.വി. രാഘവൻ ഉന്നയിച്ചതുമായ ഒററക്കാര്യത്തെ സംബന്ധിച്ചാണ്. അതായത് ഗവൺമെൻറ് ഫലപ്രദമായ നടപടികൾ എടുക്കുന്നില്ല. ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ല. സർ, ഞാൻ ഈ ആരോപണങ്ങൾ നിഷേധിക്കുകയാണ്. അഥവാ ഈ ആക്ഷേപം സ്വീകരിക്കുന്നില്ല. ആർ.എസ്.എസ്സിന് എതിരായി ആദ്യ നടപടി ഉണ്ടായത് കേരളത്തിൽ ആണെന്ന് ഈ രാജ്യത്ത് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. ആർ.എസ്.എസ്. അക്രമത്തിനെതിരായി നടപടി എടുക്കുന്നതിൽ നിന്ന് പിൻവലിയേണ്ട യാതൊന്നുംതന്നെ ഈ ഗവൺമെൻറിനോ ഐക്യകക്ഷികൾക്കോ ഇല്ലായെന്നത് പകൽവെളിച്ചം പോലെ വ്യക്തമാണ്. പിന്നെ പ്രായോഗികമായി ഏതെങ്കിലും പ്രത്യേക സംഭവം ഉണ്ടെങ്കിൽ, അല്ലെങ്കിൽ പ്രത്യേക കേസ് ഉണ്ടെങ്കിൽ എടുത്തിട്ട് അതിനെ സംബന്ധിച്ച് അഭിപ്രായ പ്രകടനം നടത്താം. അതിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകാം. അങ്ങനെ ചെയ്യേണ്ടതായിരുന്നു, ഇങ്ങനെ ചെയ്യേണ്ടതായിരുന്നു. അതെല്ലാം ഓരോ പ്രത്യേക കേസിൽ ഉണ്ടാകാവുന്ന അഭിപ്രായ വ്യത്യാസങ്ങളാണ്. അതായത്, ഈ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പ്രവർത്തനമാകട്ടെ, വാദത്തിനുവേണ്ടി സാംസ്ക്കാരിക പ്രവർത്തനമാകട്ടെ, നടത്തിക്കൊണ്ടിരിക്കുന്ന ഒരു സംഘടന ചെയ്യാത്ത ഒരു കാര്യം ആർ.എസ്.എസ്. ചെയ്തു. ആയുധ പരിശീലനം, ആയുധ സംഭരണം. അക്രമികാം ആയുധങ്ങാം എടുത്തു പ്രയോഗിക്കുന്നു. ആയുധങ്ങാംകൊണ്ടു ഭീഷണമായ റൂട്ടുമാർച്ച് നടത്തുററു. അതു നടത്തുന്ന ഒരു സംഘടന ആർ.എസ്.എസ്. ആണ്. അതുകൊണ്ടാണ് ഈ നടപടി കളും ഗവൺമെൻറു നിരോധിച്ചത്. ആശയപരമായ, പ്രത്യയശാസ്ത്ര പരമായ രാഷ്ട്രീയമൊന്നും ഇല്ല എന്നു പറയുന്നത് പച്ചക്കള്ളമാണ്. മററുള്ളവർക്ക് എല്ലാം സ്വാതന്ത്ര്യം ഉണ്ട്. ആർ. എസ്. എസ്. എത്ര വിഷലിപ്തമായ ആശയങ്ങാം പ്രചരിപ്പിച്ചാലും അതിന് ഒക്കെ അവർക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ ആയുധമെടുത്തു പെരുമാറാനുള്ള ലൈസൻസ് അവർക്കു കൊടുക്കാൻ സാദ്ധ്യമല്ല. അത്തരം ഒരു ലൈസൻസ് അവർക്കു നൽകേണ്ട എന്നു തീരുമാനിച്ചത് ഈ ഗവൺമെൻറാണ്. ആയുധം എടുത്തു പെരുമാറാൻ ആരെയുംതന്നെ അനുവദിക്കുകയില്ല. സമാധാന പരമായി ജീവിക്കാൻ ആഗ്രഹിക്കുന്ന ജനതതിയുടെ സമാധാനം നശിപ്പിക്കുന്നതിന് ആരെയും അനുവദിക്കുകയില്ല. ഇൻഡ്യയിൽ ആദ്യ മായി ഇതിനെതിരെ ശബ്ദം ഉയർത്തിയ ഗവൺമെൻറ് കേരള ഗവൺമെൻറ് ആണ്.

ശ്രീ. കെ. കരുണാകരൻ: ആ നടപടി ഫലപ്രദമായില്ല എന്നു തോന്നിയതനുസരിച്ചാണ് പറഞ്ഞത്. ഫലപ്രദമാക്കിയാൽ മതി.

ശ്രീ. പി.കെ. വാസുദേവൻനായർ: അതു മററൊരു കാര്യം. ആയുധ പരിശീലനം നിരോധിച്ചതു സംബന്ധിച്ച് വിദഗ്ദ്ധൻമാർ പരിശോ ധിച്ചപ്പോാം, ഡിസ്ട്രിക്ട് കളക്ടർക്ക് ചില സംഭവങ്ങളുടെ വെളി ച്ചത്തിൽ ചില സന്ദർഭങ്ങളിൽ നിരോധിക്കാനുള്ള അധികാരം ഉണ്ട് എന്നു മനസ്സിലായി. അത് ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി കഴിഞ്ഞദിവസം അദ്ദേഹത്തിന്റെ വകുപ്പിന്റെ ചർച്ച നടത്തിയപ്പോാം പറയുകയുണ്ടായി. ഞാനും പലപ്പോഴും പറഞ്ഞിട്ടുണ്ട്. വളരെ കൂടുതൽ ഫലപ്രദമായി ഈ നിരോധനം നടപ്പിലാക്കുന്നതിന് ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിനെപ്പററി സത്വരമായ തീരുമാനം എടുക്കുന്നുണ്ട്. അത് ആവശ്യമാണെന്നും ആണ് നമുക്കു കിട്ടിയി ട്ടുള്ള നിയമോപദേശം. അതിന് കാലതാമസം ഉണ്ടാകുകയില്ല. രണ്ടു ദിവസം ഞാൻ കണ്ണൂർ ജില്ലയിൽ ഉണ്ടായിരുന്നു. കളക്ടറും എസ്.പി. യും മററ് അധികാരികളുമായി ഈ വിഷയത്തെപ്പററി വിശദമായ ചർച്ച നടത്തുകയുണ്ടായി. ഈ നിരോധനം ഏർപ്പെടുത്തിയതിനു ശേഷം കണ്ണൂർ ജില്ലയിൽ ഉാംപ്പെടെ മുമ്പുണ്ടായിരുന്നതിൽനിന്നും വ്യത്യാസം ഉണ്ടായി എന്ന് എനിക്ക് അവകാശപ്പെടാൻ കഴിയും. 95 ശതമാനം ആയുധ പരിശീലനം ഇന്നു നടക്കുന്നില്ല. അവസാനിച്ചിട്ടുണ്ട്. ഞാൻ പറയുന്നതിന്റെ അർത്ഥം ഒരിടത്തും ആയുധ പരിശീലനം................

(ശ്രീ.എം.വി.രാഘവൻ ഒരു ചോദ്യം ചോദിക്കുവാനായി എഴുന്നേററു.)

ശ്രീ. രാഘവന് ഞാൻ പറയുന്നത് മനസ്സിലാകും. കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന മെമ്പർമാർ പറയുന്നത് വിശ്വസിക്കാൻ തയ്യാ റാണ്. ഉദ്യോഗസ്ഥൻമാർ തരുന്ന റിപ്പോർട്ടിനെക്കാാം എം.എൽ.എ.മാർ പറയുന്നത് വിശ്വസിക്കാൻ തയ്യാറാണ്. തർക്കത്തിന് അല്ല. ചിലയി ടത്ത് ആയുധ പരിശീലനം നടക്കുന്നുണ്ട്. എവിടെയാണ്? ക്ഷേത്ര സങ്കേതങ്ങളിൽ. ഈ പ്രഖ്യാപനം വരികയും അതു നടപ്പിലാകുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തപ്പോഠം അവർ പിൻവാങ്ങിയത് പ്രധാനമായും സ്വകാര്യക്ഷേത്ര പരിസരങ്ങളിൽ ആയിരുന്നു. ദേവസ്വം ബോർഡിൻെറ ക്ഷേത്രങ്ങളിൽ പോലും അല്ല. തിരുവിതാംകൂർ-കൊച്ചി പ്രദേശത്തും ഉണ്ട് ക്ഷേത്ര പരിസരങ്ങളിൽ പരിശീലനം നടത്തുന്നതും പോലീസ് വീക്ഷി ക്കുന്നുണ്ട്. എവിടെയൊക്കെ അത് നടത്തുന്നു എന്ന കാര്യത്തെക്കുറിച്ച് കൃത്യമായ റിപ്പോർട്ടുകഠം ഉണ്ട്. ഈ ക്ഷേത്രങ്ങളിൽ സുരക്ഷിതത്വം ഉണ്ടെന്ന് ആർ.എസ്.എസ്. കാർ വിശ്വസിക്കുന്നുണ്ടെങ്കിൽ അവർക്ക് തെററു പററിയിരിക്കുന്നു എന്ന് ഈ സഭയോടു പറയാൻ ഞാനാഗ്രഹി ക്കുന്നു. പക്ഷേ ഒരു നടപടി സ്വീകരിക്കുന്നതിനു മുമ്പ് എനിക്ക് ഒരു അഭ്യർത്ഥന നടത്താൻ ഉണ്ട്. ഈ ക്ഷേത്രങ്ങഠം ഹൈന്ദവജനതയുടെ പൊതുസ്വത്താണ്. ആരാധന നടത്തേണ്ട ക്ഷേത്രങ്ങളിൽ നിന്ന് ഒരുകൂട്ടം അക്രമികളെ തുരത്തി ഓടിക്കാൻ ഹൈന്ദവ ജനതതന്നെ തയ്യാറാകണമെന്നും അവർ ഈ കാര്യത്തിൽ മുന്നോട്ടു വരണമെന്നും ആദ്യം അവരോടു പറ യേണ്ടത് നമ്മുടെ എല്ലാവരുടേയും കടമയാണ്. പ്രതിപക്ഷപാർട്ടികഠം തീർച്ചയായും എൻെറ അഭിപ്രായത്തോടു യോജിക്കുമെന്നുവിശ്വസി ക്കുന്നു. അങ്ങനെ അവർ മുന്നോട്ടുവരുമെന്നാണ് എൻെറ വിശ്വാസം. ഇത് ഒരു ചെറിയകൂട്ടം ആളുകളാണ്. ഞാൻ തീർച്ചയായും ഇവിടെ ശ്രീ. എം.വി. രാഘവനും മററും പറഞ്ഞ അഭിപ്രായങ്ങളോടു കുറച്ചൊക്കെ യോജിക്കുകയാണ്: ഈ കേരളത്തിൽ ഇത് ആകെയങ്ങോട്ടുപടർന്നു പിടിച്ചുപോയി എന്നോ അനിയന്ത്രിതമായി എന്നോ ഒന്നും ഉള്ള അഭിപ്രായം ഗവൺമെൻറിനില്ല. കുറച്ചൊക്കെ വളർന്നിട്ടുണ്ട്. കുറച്ചു ശക്തി വർദ്ധിച്ചിട്ടുണ്ട്. ഈ രണ്ടുകൊല്ലത്തിനുള്ളിൽ ശ്രീ. ചന്ദ്രശേഖരൻ ഞാൻ പറഞ്ഞതിൻെറ ഉദ്ദേശ്യം എന്തു മനസ്സിലാക്കിയാലും കൊള്ളാം. ഈ രണ്ടുകൊല്ലത്തിനുള്ളിൽ-കുറച്ചു കൂടുതൽ ആത്മധൈര്യം അവർക്കു കിട്ടി. അതിനുള്ള കാരണമൊക്കെ നമുക്കറിയാം. അതുകൊണ്ടു കുറച്ചു കൂടുതൽ തെമ്മാടിത്തം കാണിക്കുന്നു; കുറച്ച് അഹങ്കാരം കൂടുതൽ കാണിക്കുന്നു. അതൊക്കെ നമുക്കറിയാം. അല്ലാതെ, അനിയന്ത്രിത മായി എന്നൊന്നും ഞങ്ങഠംക്കും അഭിപ്രായമില്ല. കേരളത്തെസംബന്ധി ച്ചിടത്തോളം, എന്തുതന്നെ ആയാലുംശരി എൻെറ പൂർണ്ണമായ വിശ്വാസം, ആരെത്ര തലകുത്തിമറിഞ്ഞാലും ഈ കേരളത്തിൻെറ മണ്ണിൽ ആർ.എസ്.എസ്. ഒരു ബഹുജനപ്രസ്ഥാനമാവുകയില്ല എന്നാണ്. എനിക്കതിൽ പൂർണ്ണമായ വിശ്വാസമുണ്ട്. ഈ കേരളത്തിലെ ജനങ്ങളുടെ ജനാധിപത്യബോധത്തിലും പുരോഗമന ചിന്താഗതിയിലും എനിക്കു തികഞ്ഞ ബോദ്ധ്യമുള്ളതുകൊണ്ടാണ് ഞാനിതു പറയുന്നത്. എന്നു മാത്രമല്ല ഈ കേരളത്തിലെ ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം എനിക്ക് ഉറപ്പായിട്ടു പറയാൻ കഴിയും, ആ ന്യൂനപക്ഷങ്ങളെ രക്ഷിക്കാ നുള്ള കഴിവും കരുത്തും കേരളത്തിലെ ജനാധിപത്യത്തിനുണ്ട്; കേരളത്തിലെ മതേതരത്വത്തിൽ വിശ്വസിക്കുന്ന മുഴുവൻ ജനങ്ങഠംക്കുമുണ്ട്. ഈ കേരളത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള ഭയംകൊണ്ടൊ ന്നുമല്ല ഞങ്ങഠം ഈ കാര്യങ്ങഠം പറയുന്നത്. എന്നാൽ ഒരൊററ യുവാവാണെങ്കിൽപ്പോലും, അയാളെ ഇത്രയും അപകടംനിറഞ്ഞ, വിഷലിപ്തമായ, ഒരാശയത്തിൻെറ തടവുകാരനായിത്തീരുന്നതിൽ നിന്നു രക്ഷിക്കാൻ കഴിയുമോ; കഴിയുമെങ്കിൽ നമ്മളെല്ലാവരും ചേർന്നു രക്ഷിക്കണം, എന്നുള്ള ആഗ്രഹമാണു സർ, ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുവാൻ പ്രധാനമായും എന്നെ പ്രേരിപ്പിച്ചത്. അതു കൊണ്ടാണ് കേവലം നിയമസമാധാനപ്രശ്നങ്ങളെപ്പററിയും ഭരണപ്രശ്ന ങ്ങളെപ്പററിയും കൂടുതൽ പറയുന്നതിനുപകരം ആർ.എസ്.എസ്സിൻെറ ആശയങ്ങളെപ്പററി, അവരുടെ രാഷ്ട്രീയങ്ങളെപ്പററി, അൽപ്പം കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ ഞാൻ മുതിർന്നത്. ഇത്തരത്തിലുള്ള നിലപാടു സ്വീകരിക്കവേതന്നെ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്നതിനോടു ഞാൻ പരിപൂർണ്ണമായും യോജിക്കുന്നു. അതിന് ഇപ്പോൾ സ്വീകരിച്ച നടപടികൾ ഏറെ മുന്നോട്ടുപോയിട്ടുണ്ട്. എന്നാൽ ആവശ്യമെങ്കിൽ ഒരു നിയമനിർമ്മാണം ഉൾപ്പെടെയുള്ള മററു നടപടികളും സ്വീകരിക്കും. ക്ഷേത്രസങ്കേതങ്ങളിൽ അഭയം തേടാമെന്നു വിചാരിച്ചിട്ടുണ്ടെങ്കിൽ അവിടെ അവർക്ക് അങ്ങനെ സ്വൈരമായി കഴിയാമെന്ന് അവർ ധരിക്കേണ്ട. ദേവസ്വം ബോർഡിനോടും എനിക്ക് ഈ സന്ദർഭത്തിൽ അവരുടെ ഉത്തരവാദിത്വത്തെപ്പററി പ്രത്യേകിച്ച് ഓർമ്മിപ്പിക്കാനുണ്ട്. ഇക്കാര്യത്തിൽ അവർ തീർച്ചയായും അവരുടെ കടമ നിർവ്വഹിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്. ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. സർ, അതിൽക്കൂടുതലായി എനിക്ക് ഈ നടപടികളെപ്പററി പറയാനില്ല. പോലീസ് വളരെ ബുദ്ധിമുട്ടുള്ള, ക്ലേശകരമായ, ഒരു ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. 1978-ൽ ആർ.എസ്.എസ്സ്കാരുൾപ്പെട്ട 127 സംഭവങ്ങൾ കേരളത്തിലുണ്ടായി. 1979 മാർച്ച് 31-ാം തീയതിവരെ 37 സംഭവങ്ങൾ ഉണ്ടായി. അവർ എല്ലായിടത്തും ശ്രമിക്കുന്നത്, ഒരു വ്രണമുണ്ടാകുമ്പോൾ ഈച്ച പററുന്നതുപോലെ, വല്ല ചില്ലറ പ്രശ്നവും സമുദായത്തിന്റെ പേരിലോ ഒററപ്പെട്ടോ ഉണ്ടായാൽ അവിടെയൊക്കെ ചെന്ന് സമുദായപ്രശ്നമാക്കാനും ഊതിവീർപ്പിക്കാനുമാണ്. അത് അവരുടെ ഒരു സ്ഥിരം തൊഴിലാണ്. എന്നാൽ ഈ കേരളത്തിൽ നല്ല രാഷ്ട്രീയ പ്രബുദ്ധതയുള്ള, പുരോഗമന വീക്ഷണമുള്ള, രാഷ്ട്രീയപാർട്ടികൾ പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ട്, ആ പാർട്ടികൾ ഈ വർഗ്ഗീയ വൈരം വമിക്കുന്ന ശക്തിക്കെതിരായി മുൻപന്തിയിൽ വരുന്നു എന്നുള്ളതുകൊണ്ട്, സംഘട്ടനങ്ങൾ ഭൂരിപക്ഷവും രാഷ്ട്രീയപാർട്ടികളും ആർ.എസ്.എസ്സും തമ്മിലാണ് ഇവിടെ ഉണ്ടായത്. നേരെമറിച്ച് അത് ഒരു മതസംഘട്ടനമായോ സമുദായവൈരമായോ വളർത്തിയെടുക്കുന്നതിൽ അവർ വിജയിച്ചിട്ടില്ല. അവിടെ നമ്മുടെ രാഷ്ട്രീയപാർട്ടികളുടെ രാഷ്ട്രീയ ജാഗ്രതയാണ് കാണാൻ കഴിയുന്നത്. അതു വളരെ സ്വാഗതാർഹമായ ഒരു കാര്യമാണ്. തീർച്ചയായും അതിൽ മാർക്സിസ്ററുപാർട്ടിയും ഒരു പങ്കുവഹിക്കുന്നുണ്ട്; അതിൽ നമ്മുടെ മറെറല്ലാ പാർട്ടികളും ഒരു പങ്കുവഹിക്കുന്നുണ്ട്. സർ, ഈ പശ്ചാത്തലത്തിൽ നമ്മുടെയെല്ലാം യോജിച്ചുള്ള പ്രവർത്തനത്തിൽക്കൂടെയും അതേസമയം വളരെ ജാഗ്രതയോടുകൂടി ഫലപ്രദമായിട്ട് ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനത്തിൽകൂടെയും മാത്രമേ ഈ അക്രമപ്രവർത്തനങ്ങളെ തടയാനാവൂ, ഒതുക്കാനാവൂ, എന്നു ഗവൺമെൻറു പൂർണ്ണമായി വിശ്വസിക്കുന്നു. അക്കാര്യത്തിൽ പ്രതിപക്ഷപാർട്ടികളുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള സഹായവാഗ്ദാനത്തിന് എനിക്കു പ്രത്യേകമായ നന്ദിയുണ്ട്. എന്നാൽ ഇതെല്ലാം ഞാൻ പറയുമ്പോൾ, നമ്മുടെ ഈ ചർച്ച നമ്മുടെ രാജ്യത്ത് ജനങ്ങളുടെയിടയിൽ, പ്രത്യേകിച്ച് യുവജനങ്ങളുടെയിടയിൽ ആശയപരമായ ഒരു ചർച്ചയ്ക്ക് ആരംഭമിടണം. അതാണു സർ, ഇതിന്റെ ഉദ്ദേശ്യം. ശ്രീ. പി.ആർ. കുറുപ്പ് ഇവിടെ പറഞ്ഞു, ഗുരുജി ഗോൾവാൾക്കർ പറഞ്ഞതൊക്കെ ഇവിടെ ആർക്കാണറിഞ്ഞുകൂടാത്തത് എന്ന്. സർ, അദ്ദേഹത്തിനറിയാം; എനിക്കും അറിയാം, നമുക്കെല്ലാവർക്കും അറിയാം. പക്ഷേ ശ്രീ. പി.ആർ. കുറുപ്പോ ഞാനോ മററു ബഹുമാനപ്പെട്ട മെമ്പർമാരോ ഇവിടെ ഇങ്ങനെ ഒരു ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുന്നത് നമ്മൾ തമ്മിൽ അങ്ങോട്ടുമിങ്ങോട്ടും അറിവുകൾ കൈമാറാനല്ല സർ. നേരേമറിച്ച് ഈ രാജ്യം ഉണ്ട്; ജനങ്ങളുണ്ട്. അവരിതു നോക്കുന്നുണ്ട്. അവരിതു മനസ്സിലാക്കാനാഗ്രഹിക്കുന്നുണ്ടു സർ. ആ

വീക്ഷണത്തോടുകൂടിയാണ് ഈ ചർച്ച നടത്താൻ ഞങ്ങളാഗ്രഹിച്ചത്. അദ്ദേഹം ഉരുണ്ടുകളിയെപ്പററിയും ഒളിച്ചുകളിയെപ്പററിയും കൈ പറഞ്ഞത് അദ്ദേഹത്തിനു മാത്രമുള്ള കളികളാണ്. അതിൽക്കവിഞ്ഞ് ഒന്നും അതിൽ ഇല്ല. ഞാൻ കൂടുതൽ എന്തെങ്കിലും പറയാനാഗ്രഹിക്കുന്നില്ല. ഈ പ്രമേയം ഏകകണ്ഠമായിത്തന്നെ, ശ്രീ. ചന്ദ്രശേഖരൻ ഉൾപ്പെടെയുള്ളവർ അനുകൂലിച്ച് പാസാക്കിത്തരണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. സത്യംപറഞ്ഞാൽ ഇതിൽ എതിർക്കാൻ കാര്യമൊന്നുമില്ല; ഈ കേരളത്തിലെ ജനങ്ങളുടെ വികാരങ്ങളെയും ആശയങ്ങളെയും പ്രതിഫലിപ്പിക്കുന്ന ഒരു പ്രമേയമെന്ന നിലയ്ക്ക് ഏകകണ്ഠമായി ഈ സഭ ഈ പ്രമേയം പാസാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

The amendment moved by Shri P. Karunakaran was by leave withdrawn.

The amendments moved by Shri P.R. Kurup were, by leave withdrawn.

The question that the resolution moved by the Chief Minister namely; ''ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന മതേതര സിദ്ധാന്തങ്ങൾക്കു വിരുദ്ധമായി മത വിദ്വേഷം ഇളക്കി വിടുകയും മത ന്യൂനപക്ഷങ്ങൾക്കെതിരായി ആക്രമണങ്ങൾ സംഘടിപ്പിക്കുകയും രാജ്യത്തിന്റെ ഐക്യത്തിനും ഭദ്രതയ്ക്കും ജനാധിപത്യത്തിനും ഭീഷണി ഉയർത്തുകയും ചെയ്യുന്ന ആർ.എസ്.എസ്. പ്രവർത്തനങ്ങളിൽ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും അർദ്ധ സൈനിക മാതൃകയിലുള്ള ഡ്രില്ലുകളും ആയുധ പരിശീലനങ്ങളും ആയുധസംഭരണവും അവ പ്രകടിപ്പിച്ചുകൊണ്ടുള്ള റൂട്ടു മാർച്ചുകളും പ്രവർത്തന ശൈലിയായി സ്വീകരിച്ചിട്ടുള്ള ആർ.എസ്.എസിന്റെ പരിപാടികളെ സഭ ശക്തിയായി അപലപിക്കുകയും ചെയ്യുന്നു.'' be adopted was put and carried.

Shri N. I. Devassykutty: Sir, I demand a poll.

A poll was taken when the House divided as follows:

Ayes 82

1. ശ്രീ. പി.എം. അബൂബേക്കർ
2. ഡോക്ടർ കെ.ജി. അടിയോടി
3. ശ്രീ. ഇ. അഹമ്മദ്
4. ശ്രീ. ആര്യാടൻ മുഹമ്മദ്
5. ശ്രീ. ബേബി ജോൺ
6. ശ്രീ. എൻ.കെ. ബാലകൃഷ്ണൻ
7. ശ്രീ. പി. ബാലൻ
8. ശ്രീ. യു.എ. ബീരാൻ
9. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
10. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
11. ശ്രീ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. ചടയൻ ഗോവിന്ദൻ
13. ശ്രീ. പി.കെ. ചാത്തൻ മാസ്ററർ
14. ശ്രീ. ജെ. ചിത്തരഞ്ജൻ
15. ശ്രീ. സിറിയക് ജോൺ
16. ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. ഈപ്പൻ കണ്ടക്കുടി
18. ശ്രീ. ഈപ്പൻ വർഗ്ഗീസ്
19. ശ്രീ. പി.പി. എസ്തോസ്
20. ശ്രീ. പി.ആർ. ഫ്രാൻസിസ്
21. ശ്രീ. ഇ.പി. ഗോപാലൻ
22. ശ്രീ. എം.കെ. ഹേമചന്ദ്രൻ
23. ശ്രീ. എ.എൽ. ജേക്കബ്
24. ശ്രീ. ടി.എം. ജേക്കബ്
25. ശ്രീ. ടി.എസ്. ജോൺ
26. ശ്രീ. പി.സി. ജോസഫ്
27. ശ്രീ. വി.ജെ. ജോസഫ്
28. ശ്രീ. കെ. കരുണാകരൻ
29. ശ്രീ. പി. കരുണാകരൻ
30. ശ്രീ. ഇ.കെ. പിള്ള
31. ശ്രീ. എം.കെ. കൃഷ്ണൻ
32. ശ്രീ. കെ.ടി. കുമാരൻ
33. ശ്രീ. കാന്തലോട്ട് കുഞ്ഞമ്പു
34. ശ്രീ. പാണാറത്ത് കുഞ്ഞിമുഹമ്മദ്
35. ശ്രീ. എ.പി. കുര്യൻ
36. ശ്രീ. സി.എ. കുര്യൻ
37. ശ്രീ. കെ.വി. കുര്യൻ
38. ശ്രീ. ലോനപ്പൻ നമ്പാടൻ
39. ശ്രീ. ടി.എ. മജീദ്
40. ശ്രീ. ജി.പി. മംഗലത്തുമഠം
41. ശ്രീ. കെ.എം. മാണി
42. ശ്രീ. എം. വി. മാണി
43. ശ്രീ. കെ.എ. മാത്യു
44. ശ്രീ. എൻ.പി. മൊയ്തീൻ
45. ശ്രീ. സി.എച്ച്. മുഹമ്മദുകോയ
46. ശ്രീ. കെ. നാരായണക്കുറുപ്പ്
47. ശ്രീ. കല്പട നാരായണൻ
48. ശ്രീ. ഇ. നാരായണൻ നായർ
49. ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി
50. ശ്രീ. കെ.പി. നൂറുദ്ദീൻ
51. ശ്രീ. ഉമ്മൻ ചാണ്ടി
52. ശ്രീ. ടി.എ. പരമൻ
53. ശ്രീ. എം.വി. രാഘവൻ
54. ശ്രീ. കെ. രാഘവൻ മാസ്റ്റർ
55. ശ്രീ. എ.എ. റഹീം
56. ശ്രീ. വി.കെ. രാജൻ
57. ശ്രീ. ടി.കെ. രാമകൃഷ്ണൻ
58. ശ്രീ. കെ.പി. രാമൻ
59. ശ്രീ. എം. രാമപ്പ
60. ശ്രീ. പി. ആർ. കുറുപ്പ്
61. ശ്രീ. പി. ശങ്കർ
62. ശ്രീ. കെ. ശങ്കരനാരായണൻ
63. ശ്രീ. വി.ടി. സെബാസ്റ്റ്യൻ
64. ശ്രീ. ബി.എം. ഷെറീഫ്

LIBRARY ARCHIVES Kerala Legislative Assembly

65. ശ്രീ. പി.ആർ. ശിവൻ
66. ശ്രീ. പി.കെ. ശ്രീനിവാസൻ
67. ശ്രീ. പി.എസ്. ശ്രീനിവാസൻ
68. ശ്രീ. സുബ്രഹ്മണ്യ ഷേണായി
69. ശ്രീ. കെ. സുകുമാരനുണ്ണി
70. ശ്രീ. എ.വി. താമരാക്ഷൻ
71. ശ്രീ. പി.ജെ. തോമസ്
72. ശ്രീ. തോമസ് ജോസഫ്
73. ശ്രീ. ത്യാഗരാജൻ
74. ശ്രീ. കെ.സി. വാമദേവൻ
75. ശ്രീ. എസ്. വരദരാജൻ നായർ
76. ശ്രീ. സി. വാസുദേവമേനോൻ
77. ശ്രീ. പി.കെ. വാസുദേവൻ നായർ
78. ശ്രീ. പിണറായി വിജയൻ
79. ശ്രീ. കെ.പി. വിശ്വനാഥൻ
80. ശ്രീ. മസവ്വർ അറയ്ക്കൽ
81. ശ്രീ. എ.എൻ. യൂസഫ്
82. ശ്രീ. സ്ററീഫൻ പാദുവ

Noes Nil

Neutrals Nil

Mr. Deputy Speaker:

For the Resolution	82
Against the Resolution	Nil
Neutrals	Nil

The Resolution was declared adopted.

Chief Minister **(Shri P. K. Vasudevan Nair)**: Sir, I move that the Payment of Salaries and Allowances (Amendment) Bill, 1979 may also be taken up in the afternoon session on April 5th, 1979.

Minister for Public Health **(Shri K.P.Prabhakaran)**: Sir, I second it.

The question that the motion moved by the Chief Minister be adopted was put and carried.

The motion was adopted.

Mr. Deputy Speaker: Order............order............The House will now adjourn to meet again tomorrow at 8.30.a.m.

1979 ഏപ്രിൽ 4-ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 7.41ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly